## നിയമനിർമ്മാണകാര്യം

<u>മി. സ്പീക്കർ</u>: നിയമനിർമ്മാണ കാര്യത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് എല്ലാവരോടും അഭ്യർത്ഥിക്കാനുള്ളത്, ഇന്ന് മൂന്ന് ബില്ലുകളുണ്ട്, അതിലൊന്ന് ഒറിജിനൽ ബില്ലാണ്. നിയമനിർമ്മാണ സമയത്ത് പ്രസംഗത്തിന്റെ സമയപരിധിയെക്കുറിച്ചുള്ള ഒരു ഡിബേറ്റ് വേണ്ട. ഒരുപാട് വൈകാതെ തീരണമെന്നു മാത്രം. സഭയുടെ വികാരം എല്ലാവരെയും അറിയിക്കുന്നു.

## <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

### (1) <u>2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയത്തെ മന്ത്രിമാരല്ലാത്തവർക്കും പിന്താങ്ങാം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, പ്രമേയം പിന്താങ്ങാൻ ഇവിടെ ഒരു മന്ത്രിപോലുമില്ല. ....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്... ഇവിടെ മിനിസ്റ്റേഴ്സ് പലപ്പോഴുമില്ലാത്തപ്പോൾ സാധാരണ നിങ്ങൾ പറയുന്നതിനുമുമ്പുതന്നെ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്നൊരു പ്രത്യേകമായ സാഹചര്യത്തിൽ എല്ലാവരും ഒരു സ്ഥലത്ത് പോയിരിക്കുകയാണ്. ഉടനെ വരും. പ്ലീസ്.... ....(ബഹളം)..... ഇല്ല, പ്രമേയം പിന്താങ്ങുന്നത് മിനിസ്റ്റർ ആയിരിക്കണമെന്ന് നിർബന്ധമില്ല. പ്ലീസ്.... ബഹുമാനപ്പെട്ട മിനിസ്റ്റർ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, ഭാഷാപിതാവായ എഴുത്തച്ഛന്റെ പേരിൽ ഒരു മലയാള സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യവും ആഗ്രഹവും ഏറെ നാളായി മലയാളികൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഭാഷയിലും സംസ്കാരത്തിലുമുള്ള സാരവത്തായ പഠനത്തിനും ഗവേഷണത്തിനും കളമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് മലയാളം സർവ്വകലാശാല രൂപകല്പന ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട കേരള ഗവർണ്ണർ 2012-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ഓർഡിനൻസ് 2012 ഒക്ടോബർ 21-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് ....(ബഹളം).....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: മലയാളം സർവ്വകലാശാല ബില്ലാണ്, ഒരു കക്ഷി നേതാവുപോലും സീറ്റിലില്ല. ....(ബഹളം)......

മി. സ്പീക്കർ: യെസ്... യെസ്.... പ്ലീസ്... നിങ്ങൾ പരസ്പരം വടി കൊടുത്ത് അങ്ങോട്ടുമിങ്ങോട്ടും വെറുതെ അടി വാങ്ങിക്കണ്ട. പ്ലീസ്....

ശ്രീ. പി. കെ. അബ്ദുറബ്ബ്: 2012 ഒക്ടോബർ 22-ാം തീയതിയിലെ 983-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2012-ലെ 56-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതു പ്രകാരം 2012 നവംബർ 1-ാം തീയതി സർവ്വകലാശാല ആരംഭിക്കുകയും ചെയ്തു. ആധുനികമായ ഭരണ സംസ്കാരവും കാര്യക്ഷമതയും പുതിയ സർവ്വകലാശാലയ്ക്ക് അവകാശപ്പെടാൻ സാധിക്കും. തഞ്ചാവൂരിൽ തമിഴ് സർവ്വകലാശാലയും ഹംപിയിൽ കന്നഡ സർവ്വകലാശാലയും ഹൈദ്രാബാദിൽ തെലുങ്ക് സർവ്വകലാശാലയും നിലവിൽ വന്നുകഴിഞ്ഞു. ഈ സാഹചര്യം മലയാളം സർവ്വകലാശാല എന്ന ആവശ്യത്തിന്റെ നീതികരണത്തിനും അനിവാര്യതയ്ക്കും അടിവരയിടുന്നു. മലയാളത്തിന് ക്ലാസിക്കൽ പദവി ലഭിച്ചതും സ്കൂൾ വിദ്യാഭ്യാസത്തിന് രണ്ടാം ഭാഷ എന്ന സ്ഥാനത്തുനിന്ന് ഒന്നാം ഭാഷയാക്കി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് പുറത്തിറങ്ങിയതും അടുത്ത കാലത്താണ്. മലയാളം മാധ്യമത്തിൽ പഠിക്കുക, മലയാളത്തിൽ ഉച്ചാരണശുദ്ധി നിലനിറുത്തുക, ഏത് ആശയവും മലയാളത്തിൽ ആവിഷ്കരിക്കുവാൻ സാധിക്കുക എന്നിവയൊക്കെ ദുഷ്കരവും അസാധ്യവുമാണെന്ന് കരുതുന്ന ഒരു തലമുറ കേരളത്തിൽ വളർന്നുവരുന്നുണ്ട്. ഈ പ്രതിസന്ധിയും പശ്ചാത്തലവുമാണ് മലയാള സർവ്വകലാശാല എന്ന ആവശ്യത്തിന് അടിയന്തിര സ്വഭാവം നേടിത്തന്നിരിക്കുന്നത്. ഭാഷയ്ക്കും സംസ്കാരത്തിനും അഭിമാനകരവും ശ്രേയസ്കരവുമായ രീതിയിൽ മലയാള സർവ്വകലാശാല സ്ഥാപിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണ്. നമ്മുടെ ചരിത്രത്തിന്റെയും സംസ്കാര

ത്തിന്റെയും ജീവിതത്തിന്റെയും സൂക്ഷ്മമായ അംശങ്ങളിലേയ്ക്കും സവിശേഷതകളിലേയ്ക്കും ഇതുവരെ കാണാതിരുന്ന അർത്ഥതലങ്ങളി ലേയ്ക്കും വെളിച്ചം ചൊരിയാൻ ഉതകുന്ന ധൈഷണികമായ ഔന്നത്യം പുലർത്തുന്ന സ്ഥാപനമാണ് മലയാളം സർവ്വകലാശാലയിലൂടെ അന്വർത്ഥമാ കുന്നത്. പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 204-ാം നമ്പർ ബില്ലായി 2013-ലെ തുഞ്ചെഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

Dr. K. T. Jaleel: Sir, I move that – "This House resolves to disapprove The Thunchath Ezhuthachan Malayalam University Ordinance, 2013 (Ordinance No. 31 of 2013).

സംസ്ഥാന സർക്കാരിന് ഒരു മൈ്യ ഉള്ള പതിമൂന്നാമത്തെ സർവ്വകലാശാല യാണ് തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല. ഇനി പതിനാലാമ തായി സാങ്കേതിക സർവ്വകലാശാല വരാൻ പോകുന്നു. നല്ല കാര്യമാണ്, പക്ഷേ നിലവിലുള്ള സർവ്വകലാശാലകൾതന്നെ ചക്രശ്വാസം വലിക്കുന്ന അവസ്ഥയാണ് ഇന്നുണ്ടായിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർവ്വകലാശാലകൾക്ക്, ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് 2100 കോടി മുതൽ 2300 കോടി രൂപവരെ ബഡ്ജറ്റിൽ വിഹിതം നീക്കിവച്ചിരുന്നു. ദൗർഭാഗ്യവ ശാൽ 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 582 കോടി രൂപമാത്ര മാണ് നീക്കിവച്ചിരിക്കുന്നത്. 2100 കോടി മുതൽ 2300 കോടിവരെ വകയിരു ത്തിയിരുന്ന സ്ഥാനത്ത് 582 കോടി രൂപയാണ് സർവ്വകലാശാലകൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയുടെ അഭിവൃദ്ധിക്കായി ഇപ്പോൾ അവതരിപ്പിക്കപ്പെട്ട

ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഇത് നിലവിലുള്ള സർവ്വകലാശാലകളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ മാത്രമേ തികയൂ, പെൻഷൻ കൊടുക്കാൻ പോലും കഴിയില്ല. പല സർവ്വകലാശാലകളും വരും മാസങ്ങളിൽ പെൻഷൻ കൊടുക്കാനില്ലാതെ വലിയ ബുദ്ധിമുട്ടിനെ അഭിമുഖീകരിക്കുന്ന സ്ഥിതിയുണ്ടാകാൻ പോകുകയാണ്. ഇങ്ങനെയായാൽ എങ്ങനെയാണ് സർവ്വകലാശാലകളിൽ പുതിയ പദ്ധതികൾ കൊണ്ടുവരിക. അക്കാദമികവും ഭൗതികവുമായിട്ടുള്ള സർവ്വകലാശാലകളുടെ പുരോഗതിക്ക് ഈ ഗവൺമെന്റ് ഒരു മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് നമ്മുടെ യൂണിവേഴ്സിറ്റികളെ വളരെ പിന്നിലേയ്ക്ക് കൊണ്ടുപോകും.പിന്നീട് നമുക്ക് ഇൻഡ്യയിലെ മറ്റിതര യൂണിവേഴ്സിറ്റികളുടെ സ്റ്റാന്റേർഡിലേയ്ക്ക് വരാൻ പെടാപാട് പെടേണ്ടിവരും. കാലാനുസൃതമായി നമ്മുടെ സർവ്വകലാശാലകളെ, ഉന്നതവിദ്യാഭ്യാസ മേഖലയെ ചലിപ്പിക്കാൻ നമുക്കായില്ലെങ്കിൽ അതിന് വലിയ വില നമ്മൾ കൊടുക്കേണ്ടിവരും. വിദ്യാഭ്യാസ മേഖലയിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന വിഹിതം പോലും നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് 2000-ലാണ് എസ്.എസ്.എ. പദ്ധതി നടപ്പിലായത്. 2010-ലാണ് ആർ.എം.എസ്.എ. പദ്ധതി നടപ്പിലാക്കപ്പെട്ടത്. ആർ.എം.എസ്.എ. പദ്ധതിയനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 60 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു. ഈ വർഷം 51.6 കോടി രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചതുകൊണ്ട് 112 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സാധിക്കുമായിരുന്നു. പക്ഷേ, ഇതുവരെയും അത് നടന്നിട്ടില്ല. എന്തുകൊണ്ടാണ് നടക്കാത്തത്? എല്ലാ കേന്ദ്ര പദ്ധതികൾക്കും അനുസൃതമായിട്ടുള്ള മാച്ചിംഗ് ഗ്രാന്റ് സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ നീക്കിവയ്ക്കണമെന്നുണ്ട്. ഉന്നത

വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടിയുള്ള കേന്ദ്രസർക്കാരിന്റെ 'റൂസ' പദ്ധതിക്ക് 65 ശതമാനം തുക കേന്ദ്രഗവൺമെന്റ് തരും. ബാക്കി 35 ശതമാനം തുക സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായി കണ്ടെത്തേണ്ടതാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് 2013-14-ൽ സാമ്പത്തികവർഷത്തിലേയ്ക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കാൻ വേണ്ടി പോകുന്ന 'റൂസ' പദ്ധതിക്കനുസൃത മായ മാച്ചിംഗ് ഗ്രാന്റ് നമ്മുടെ ബഡ്ജറ്റിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നമ്മുടെ സർവ്വകലാശാലകളുടെ ഭൗതികസൗകര്യങ്ങളും അക്കാദമിക സൗകര്യങ്ങളും മെച്ചപ്പെടുത്താൻ സാധിക്കുമായിരുന്ന ഫണ്ട് നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയാതെപോകുന്ന സ്ഥിതിയാണ് ഇതുമൂലം ഉളവാകുന്നത്. ഈ സാഹച ര്യങ്ങൾ മറികടക്കാൻ സർവ്വകലാശാലകളെ സ്വയംപര്യാപ്തമാക്കുന്നതിനാണ് രവീന്ദ്രൻ കമ്മീഷനെ കഴിഞ്ഞ ഗവൺമെന്റ് നിയോഗിച്ചത്. ആ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ അത് അട്ടത്തുവച്ച് ആർക്കോവേണ്ടി കാത്തിരിക്കുകയാണ്. ഈ സർവ്വകലാശാലയുടെ നിയമവും സ്റ്റാറ്റ്യൂട്ടുകളും ഉണ്ടാക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള സർവ്വകലാശാലക ളുടെ ആക്ടുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും അപാകതകളെ സംബന്ധിച്ച് ആലോചിക്കുന്നത് നല്ലതായിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. 1993-ലാണ് കാലടി സംസ്കൃത സർവ്വകലാശാല സ്ഥാപിതമായത്. കാലികമല്ലാത്ത ആക്ടും സ്റ്റാറ്റ്യൂട്ടുമാണ് ഇതു സംബന്ധമായി അന്ന് സഭ പാസ്സാക്കിയത്. 20 വർഷത്തിനിടയിൽ ഒരു ഭേദഗതിയും ആ നിയമത്തിലോ സ്റ്റാറ്റ്യൂട്ടിലോ വരുത്തിയിട്ടില്ല. ഇതുകൊണ്ട് ഒരുപാട് ഭരണ പ്രായോഗിക ബുദ്ധിമുട്ടുകളാണ് കാലടി സംസ്കൃത സർവ്വകലാശാല അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. കണ്ണൂർ സർവ്വകലാശാലയുടെ ആക്ടും സ്റ്റാറ്റ്യൂട്ടും ഉണ്ടാക്കിയപ്പോൾ

അതിലുണ്ടായ ഒരു അപാകതയ്ക്ക് ഇപ്പോഴാണ് സർവ്വകലാശാല വില കൊടുക്കേണ്ടിവന്നത്. സാധാരണഗതിയിൽ കണ്ണൂർ സർവ്വകലാശാലയുടെ ആക്ടിൽ, സ്റ്റാറ്റ്യൂട്ടിൽ മറ്റു സർവ്വകലാശാലകളുടെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലുമുള്ള ഒരു ക്ലോസ് കടന്നുവന്നില്ല. കണ്ണൂർ സർവ്വകലാശാലയിൽ 55 വയസ്സ് കഴിഞ്ഞ ഒരു സംസ്ഥാന ജീവനക്കാരന് ഉദ്യോഗത്തിൽ തുടരാൻ കഴിയില്ല. മറ്റു സർവ്വകലാശാലകളുടെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും സംസ്ഥാന സർക്കാർ കൊണ്ടുവരുന്ന കാലോചിതമായിട്ടുള്ള നിയമത്തിനനുസൃതമായി ഇതിൽ മാറ്റം വരും എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ, അപ്രകാരമുള്ള ക്ലോസ്, കണ്ണൂർ സർവ്വകലാശാലയുടെ കാര്യത്തിൽ ഉണ്ടായില്ല എന്നുള്ളതുകൊണ്ട് അവിടത്തെ രജിസ്ട്രാർ അബ്ദുൾ റഷീദിന് 55 വയസ്സിൽ റിട്ടയർ ചെയ്യേണ്ടി വന്നു. സംസ്ഥാന സർക്കാർ പെൻഷൻ പ്രായം 56 വയസ്സ് ആക്കിയിട്ടും 56 വയസ്സുവരെ തുടരാൻ കഴിയാതെ പിരിഞ്ഞുപോരേണ്ടി വന്ന സ്ഥിതി അദ്ദേഹത്തിന് ഉണ്ടായി. ഇതൊക്കെ നമ്മുടെ ഒരു ജാഗ്രത കുറവാണ്. കാലാകാലങ്ങളിൽ ഇത്തരത്തിലുള്ള ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും ഭേദഗതി ചെയ്തിരുന്നു എങ്കിൽ ഇത്തരമൊരു സ്ഥിതി നമ്മുടെ നാട്ടിൽ ഉണ്ടാകുമായിരുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ എല്ലാ യൂണിവേഴ്സിറ്റികളിലും അധ്യാപക നിയമനങ്ങളൊഴികെ മറ്റു നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചു. പിന്നീട് യു.ഡി.എഫ്. സർക്കാർ വന്നു. ഇതിനനുസൃതമായി എല്ലാ യൂണിവേഴ്സിറ്റികളുടെയും ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും ഭേദഗതി വരുത്തുവാൻ ഈ ഗവൺമെന്റ് മുൻകൈ എടുക്കേണ്ടതായിരുന്നു. പക്ഷേ മുൻകൈ എടുത്തില്ല. അതുകൊണ്ട് നമ്മുടെ സർവ്വകലാശാലകളിലുണ്ടായിരിക്കുന്ന ഒരു പ്രത്യേക

സ്ഥിതിയെന്താണ്? പെർമനന്റായി ഒരു അധ്യാപകേതര നിയമനവും ഇപ്പോൾ സർവ്വകലാശാലകളിൽ നടക്കുന്നില്ല. കോൺട്രാക്ട് ബെയ്സിലോ ദിവസ ക്കൂലി അടിസ്ഥാനത്തിലോ ആണ് സർവ്വകലാശാലകളിൽ അധ്യപകേതര ജീവനക്കാരുടെ നിയമനങ്ങൾ നടക്കുന്നത്. എല്ലാ സർവ്വകലാശാലകളുടെയും സ്റ്റാറ്റ്യൂട്ടും ആക്ടും അമെന്റ് ചെയ്ത് ഈ തീരുമാനത്തിനനുസൃതമാക്കുന്ന തിനു പകരം ഒരു നിസ്സംഗതയാണ് പുലർത്തുന്നത്. ഈ നിസ്സംഗതയ്ക്ക് കൊടുക്കേണ്ടിവരുന്ന വിലയാണ് ഒരു സർവ്വകലാശാലയിലും ഇപ്പോൾ അനധ്യാപക ജീവനക്കാരെ പെർമെനന്റായി നിയമിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാക്കിയിരിക്കുന്നത്. ഇത് സർവ്വകലാശാലകളുടെ പ്രവർത്തന ത്തെ താളം തെറ്റിക്കുമെന്ന് പ്രത്യേകം പറയേണ്ട ആവശ്യമില്ല. എല്ലാ സർവ്വകലാശാലകളിലും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ തുടങ്ങാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചു. ഒരു നല്ല ആശയമായിരുന്നു അത്. ഇൻഡ്യയിലെ എല്ലാ സർവ്വകലാശാലകളിലും പഠിക്കുന്ന വിദ്യാർത്ഥി കൾക്കും ഗവേഷകർക്കും നമ്മുടെ സർവ്വകലാശാലയിലെ ഈ സെന്ററിൽ വന്ന് പഠിക്കാനും ഗവേഷണം ചെയ്യാനുമുള്ള സൗകര്യം ഇതുമൂലമുണ്ടാകു മായിരുന്നു. എന്നാൽ പിന്നീട് വന്ന സർക്കാർ എന്നുള്ള നിലയിൽ സ്വാഭാവി കമായും ഈ ഗവൺമെന്റായിരുന്നു എല്ലാ യൂണിവേഴ്സിറ്റികളുടെയും ആക്ടും സ്റ്റാറ്റ്യൂട്ടും ഇതിനനുസൃതമായി മാറ്റേണ്ടിയിരുന്നത്. അതുമാറ്റാൻ കഴിയാത്തതുകൊണ്ട് ആ മേഖലയിലും നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ഇപ്പോൾ മലയാളം സർവ്വകാലാശാല സ്ഥാപിക്കാൻവേണ്ടി പോകുകയാണ്. മലയാളം സർവ്വകലാശാല എന്നുള്ളത് മലയാളത്തിന് ഒരു സർവ്വകലാശാല എന്നുള്ള രൂപത്തിലേയ്ക്ക് പരിമിതപ്പെട്ടുപോകരുത്. ഇന്ന് ഇത്തരം ഒരു ബിൽ ഇവിടെ ചർച്ച ചെയ്യാൻ വേണ്ടി പോകുന്നു എന്നുള്ള

തിന്റെ അടിസ്ഥാനത്തിൽ മലയാളത്തിൽ ഒരു സർവ്വകലാശാല എന്ന വാക്കാണ് ഡോ. രാജൻ കുരുക്കൾ മാതൃഭൂമി പത്രത്തിൽ എഴുതിയിട്ടുള്ള ലേഖനത്തിൽ തന്റെ ഒരു അഭിപ്രായമായി രേഖപ്പെടുത്തിയിരിക്കുന്നത്. അത് ഗൗനിക്കേണ്ടതാണ്. മലയാളത്തിന് ഒരു സർവ്വകലാശാല എന്നുള്ളതിന് പകരം മലയാളത്തിൽ ഒരു സർവ്വകലാശാല എന്ന വിശാലമായ ക്യാൻവാസിൽനിന്നുകൊണ്ടാവണം ഇതിനെ കാണേണ്ടത്. മലയാളം സർവ്വകലാശാല എന്നുവേണോ മലയാള സർവ്വകലാശാല എന്നു വേണോ എന്ന് ഭാഷാ പണ്ഡിതൻമാരായിട്ടുള്ള ആളുകൾ പ്രത്യേകിച്ച് ശ്രീ. അബ്ദുസ്സമദ് സമദാനിയെ പോലെയുള്ള ആളുകൾ ഒന്നുകൂടി ആലോചിച്ച് അക്കാര്യത്തിൽ അവരുടെകൂടി ഒരു തീരുമാനം പറയുന്നത് നന്നാകും എന്നാണ് എനിക്ക് തോന്നുന്നത്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ ചില കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ പാർട്ടിക്കാരേയോ മതത്തിൽപ്പെട്ടവരെയോ ജാതിവിഭാഗത്തിൽപ്പെട്ടവരെയോ അക്കൊമൊഡേറ്റ് ചെയ്യാനുള്ള ഒരു കേന്ദ്രം എന്നുള്ള നിലയിലല്ല ഈ സർവ്വകലാശാലകളെ കാണേണ്ടത്. അങ്ങനെ ഒരു സർവ്വകലാശാലയുടെയും പരിമിതിയെയും വിശാലമായിട്ടുള്ള താല്പര്യത്തെയും പരിമിതപ്പെടുത്താൻവേണ്ടി പാടില്ല. കേരളത്തിൽ സർവ്വകലാശാലയ്ക്ക് ഒരു വലിയ ചരിത്രപാരമ്പര്യമുണ്ട്. കാലിക്കട്ട് സർവ്വകലാശാലയുടെ വൈസ്ചാൻസലറെ കാണാൻ അന്നത്തെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിലേയ്ക്ക് പോയത് നാം വായിച്ചു. പക്ഷേ, ഇപ്പോൾ എന്താണ് നടക്കുന്നത്? വൈസ്ചാൻസലറും സിൻഡിക്കേറ്റും തമ്മിലുള്ള തർക്കം തീർക്കാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വസതിയിലേയ്ക്കും ഔദ്യോഗിക വസതിയിലേയ്ക്കും പാർട്ടി ഓഫീസുകളിലേയ്ക്കുമൊക്കെ ഈ രണ്ട്

കൂട്ടരെയും വിളിച്ച് കൂട്ടുകയും തർക്കപരിഹാരം നടത്തുകയുമാണ് ചെയ്യുന്നത്. പ്രായോഗികമായി ചിന്തിക്കുന്ന ആളുകളെ സർവ്വകലാശാല യുടെ തലപ്പത്ത് ഇരുത്താത്തതുകൊണ്ട് സംഭവിച്ചിട്ടുള്ള വലിയ വീഴ്ചയാണ്. കാലിക്കട്ട് സർവ്വകലാശാലയുടെ ബില്ല് പ്രത്യേകമായി വരുന്നു എന്നുള്ളതു കൊണ്ട് ഞാൻ അതിനെക്കുറിച്ച് അധികമായിട്ടൊന്നും പറയുന്നില്ല. അക്കാ ദമികമായി ട്ടുള്ള കാര്യങ്ങളല്ല കാലിക്കട്ട് സർവ്വകലാശാലയിൽ നടക്കുന്നത്. വരാൻ പോകുന്ന മലയാളം സർവ്വകലാശാല അങ്ങ നെ ആകരുത്. ഭക്ഷ്യമേള, പക്ഷിമേള, മൃഗമേള ഇതൊക്കെയാണ് കാലിക്കട്ട് സർവ്വകലാശാലയിൽ നടക്കുന്നത്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ അല്ലെങ്കിൽ വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ വി.സി ആകാൻ യോഗ്യത യുള്ള, താത്പര്യമുള്ള ഒരാളെ മറ്റൊരു സർവ്വകലാശാലയുടെ വി.സി ആക്കി യാലുണ്ടാകുന്ന ഭവിഷ്യത്താണിതൊക്കെ. അദ്ദേഹം നല്ല, ഒല ്രമ മി മുേ ുല്യൌ ്േ യലരീാല വേല ഢശരല ഇവമിരലഹഹീൃ ീള മ ഢലല്യേശിമ്യൃ ഡിശ്ല്യൃശെ്യേ. അദ്ദേഹത്തെ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ വി.സി. ആക്കാമായിരുന്നു. കാലിക്കട്ട് സർവ്വകലാശാലയുടെ വി.സി. ആക്കാൻ അദ്ദേഹം കോംപീറ്റന്റ് അല്ലായെന്ന് ഇപ്പോഴാണ് സർക്കാരിനും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുമൊക്കെ ബോദ്ധ്യമാകുന്നത്. ഒരു ആർട്സ് & സയൻസ് കോളേജിൽ പഠിച്ച ആളിനെവേണ്ടേ ആർട്സ് & സയൻസ് കോളേജുകളുടെ അപ്പർ ബോഡിയായിട്ടുള്ള സർവ്വകലാശാലയുടെ വൈസ് ചാൻസലറായി നിയമിക്കേണ്ടത്. കാലിക്കട്ട് സർവ്വകലാശാലയുടെ വൈസ് ചാൻസലർ ഒരു കോളേജിലും പഠിച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. അദ്ദേഹം അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ ക്യാമ്പസ്സിലാണ് പഠിച്ചത്. ഒരു ആർട്സ് & സയൻസ് കോളേജിൽ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യാൻ അദ്ദേഹത്തിന് ഒരു

സന്ദർഭം കിട്ടിയിട്ടില്ല. അതുകൊണ്ടാണ് വിദ്യാർത്ഥിനികൾ നടത്തിയ സമര ത്തോട് ഇത്തരത്തിലുള്ള സമീപനം സ്വീകരിക്കുവാൻ അദ്ദേഹം നിർബന്ധി തനായത്. ഇങ്ങനെയൊരു ദുരന്തം മലയാള സർവ്വകലാശാലയ്ക്ക് ഉണ്ടാ കാതെ നോക്കണം. നാം പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കുന്നത് കേവലം ആരെയെങ്കിലും വിമർശിക്കാൻ വേണ്ടിയിട്ടല്ല. നാം പിന്നിലേയ്ക്ക് തിരിഞ്ഞു നോക്കുന്നതും വിമർശിക്കുന്നതും വരുന്ന വഴികളിൽ നമുക്ക് അപാകത സംഭവിക്കാതിരിക്കാൻ വേണ്ടിയാണ്. ഇത്തരമൊരു സാഹചര്യം മലയാളം സർവ്വകലാശാലയ്ക്ക് ഉണ്ടാകാതെ നോക്കണമെന്നാണ് എനിക്ക് അഭ്യർത്ഥി ക്കാനുള്ളത്. മലയാളം സർവ്വകലാശാലയുടെ ലക്ഷ്യങ്ങളെക്കുറിച്ച് നമ്മൾ പറ ഞ്ഞിട്ടുണ്ട്. സംസ്കൃത സർവ്വകലാശാല സ്ഥാപിച്ച് ഒരുപാട് കോഴ്സുകൾ നമ്മൾ തുടങ്ങി. പല കോഴ്സുകളും ഔട്ട്മോഡഡ് ആണ്. പുതിയ കാലഘട്ട ത്തിൽ അവിടെ പഠിക്കുന്ന ആളുകൾക്ക് പുതിയകാലഘട്ടത്തിനോട് സംവ ദിക്കാനുള്ള പ്രാപ്തിയും ശേഷിയും പല കോഴ്സുകളും നല്കുന്നില്ല. ഉദാഹ രണത്തിന് ഡിഗ്രി കോഴ്സുകൾ നമ്മുടെ സർവ്വകലാശാലയിൽവേണ്ട എന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഖചഡൽ ഉൾപ്പെടെ ഡിഗ്രി കോഴ്സുകൾ സർവ്വകലാശാലയുടെ ഭാഗമായിട്ടുണ്ട്. ലോകത്തിലെ വിവിധ ഭാഷകളെ സംബന്ധിക്കുന്ന കോഴ്സുകൾ ഡിഗ്രി കോഴ്സുകളായി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലുണ്ട്. അതിലേയ്ക്കുള്ള ആപ്ലിക്കേഷൻസ് രമഹഹ ളീൃ ചെയ്തിരിക്കുകയാണ്. ഇന്റഗ്രേറ്റഡ് പി.ജി എന്നുള്ള ആശയം പ്രാവർത്തികമാക്കുന്ന നമ്മുടെ സംസ്ഥാനത്തെ ആദ്യത്തെ കേന്ദ്രമാകണം മലയാളം സർവ്വകലാശാല. കേവലം രണ്ടുവർഷം കുട്ടികൾക്ക് പഠിക്കാനുള്ള ഒരു സർവ്വകലാശാല എന്നുള്ള തലത്തിൽ നിന്ന് തുടങ്ങുന്ന കോഴ്സുക

ളൊക്കെ ഇന്റഗ്രേറ്റഡ് പി.ജി കോഴ്സ്- degree with P.G എന്ന രീതിയിലായിരിക്കണം. അങ്ങനെ കുട്ടികൾക്ക് പഠിച്ചിറങ്ങാൻ കഴിയുന്ന ഒരു കേന്ദ്രമായി ഈ മലയാളം സർവ്വകലാശാലയെ നമുക്ക് മാറ്റണം. അതിന് സർക്കാർ മുൻകയ്യെടുക്കണം. നിലവിലുള്ള ആക്ടും സ്റ്റാറ്റ്യൂട്ടും ഇത്തരമൊരു പരിഷ്കാരം കൊണ്ടുവരുന്നതിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ട് ഒരു യൂണിവേഴ്സിറ്റിയിലും ഇതുവരെ ഇത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. സാജു പോൾ: സർ, കേരളത്തിനുവെളിയിൽ, അതുപോലെ ഇന്ത്യക്കുപുറത്ത് പല യൂണിവേഴ്സിറ്റികളിലും പോയാൽ അവരുടെ ഒരു ഡിപ്പാർട്ടുമെന്റിനോളം വലിപ്പമേ കെട്ടിട സമുച്ചയങ്ങളുടെ കാര്യത്തിലെങ്കിലും നമ്മുടെ പല യൂണിവേഴ്സിറ്റികൾക്കുമുള്ളൂ. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഉന്നതരായ ചിലരോട് ഞാൻ ആരാഞ്ഞിട്ടുണ്ട്, ഈ യൂണിവേഴ്സിറ്റി സ്ഥാപിതമായി ഇത്രയുംകാലം കഴിഞ്ഞിട്ട് സംസ്കൃതം എഴുതാനും വായിക്കാനും പറയാനും കഴിയുന്ന എത്രപേർ അവിടെ നിന്ന് പുറത്തിറങ്ങി എന്നുചോദിച്ചപ്പോൾ അവർക്ക് ഒരുത്തരവും ഇല്ല. അതേസമയം മറ്റ് നിരവധി കോഴ്സുകൾ അവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെ കേരളം മുഴുവൻ സെന്ററുകളാരംഭിച്ചിരിക്കുകയാണ്. ഇത്തരം അനാവശ്യ ബാധ്യതകൾ വലിച്ചുവയ്ക്കുന്ന, യൂണിവേഴ്സിറ്റി സ്ഥാപിക്കുമ്പോഴുണ്ടായിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്ന പ്രവണതകളെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ.കെ.ടി. ജലീൽ, ചെയർ ഒരു കാര്യം ശ്രദ്ധയിൽ കൊണ്ടുവരട്ടെ. ഇന്ന് മൂന്ന് ബില്ലുകൾ പരിഗണിക്കാനുണ്ട്. ഒരു ബില്ലിനെക്കുറിച്ച് ആറുപേർ വീതം സംസാരിക്കുന്നുണ്ട്. ബില്ലിന്റെ ചർച്ചയിൽ

പങ്കെടുത്ത് സംസാരിക്കുമ്പോൾ സമയ പരിധിയില്ല. എങ്കിൽപ്പോലും നമ്മൾ സ്വയം നിയന്ത്രിച്ച് സമയപരിധി പാലിച്ചില്ലെങ്കിൽ എത്ര മണിയായാൽ തീരുമെന്നുള്ള കാര്യം സ്വയം ചിന്തിക്കണം. അതുകൊണ്ട് സംസാരിക്കുന്ന ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും സമയപരിധി സ്വയം തീരുമാനിക്കുന്നത് നന്നായിരിക്കും. ഇപ്പോൾ 15 മിനിട്ട് കഴിഞ്ഞു.

ഡോ കെ.ടി. ജലീൽ: സർ, ശ്രീ. സാജു പോളിന്റെ അഭിപ്രായത്തോട് പൂർണ്ണമായും ഞാൻ യോജിക്കുന്നില്ല. സംസ്കൃതം സർവ്വകലാശാല സംസ്കൃതം മാത്രം പഠിപ്പിക്കപ്പെടുന്ന ഒരു സർവ്വകലാശാല ആകാൻ പാടില്ല. പക്ഷെ അദ്ദേഹം പറഞ്ഞ ഒരുകാര്യം നമ്മൾ ആലോചനയ്ക്ക് വിധേയമാക്കേണ്ടതാണ്. സംസ്കൃത സർവ്വകലാശാല തുടങ്ങിയിട്ട് എത്ര ആളുകൾക്ക് സംസ്കൃതത്തിൽ ശരിയാംവണ്ണം എഴുതാനും വായിക്കാനും കൃതികൾ രചിക്കാനും സാധിക്കുന്ന സ്ഥിതിയുണ്ടായി എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. ഒരു സർവ്വകലാശാല സ്ഥാപിക്കുന്നത് എന്തിനുവേണ്ടിയാണ്? ആ ഭാഷയുടെ അഭ്യുന്നതിക്കുവേണ്ടിയുംകൂടിയാണ്. ആ ഒരു പർപ്പസ് പൂർത്തിയാക്കിയിട്ടില്ലെന്നുള്ളത് നമ്മുടെ വിദ്യാഭ്യാസ കൺസെപ്റ്റിന്റെ ഒരു പരിമിതിയായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. മലയാളം സർവ്വകലാശാലയിൽ മലയാളംമാത്രം പഠിപ്പിക്കുന്ന ഒരു സ്ഥിതി ഉണ്ടാകരുത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മൾ ഉണ്ടാക്കുന്ന കോഴ്സുകൾക്ക് പ്രൊഫഷണൽ ടച്ച് വേണം. അല്ലെങ്കിൽ ആ സർവ്വകലാശാലകളിൽ പഠിക്കാൻ വിദ്യാർത്ഥികളെ കിട്ടില്ല. കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ ഇഗ്നോയുടെ സഹായത്തോടുകൂടി ഗാന്ധിയൻ സ്റ്റഡീസ് സെന്റർ തുടങ്ങിയിട്ടുണ്ട്. ആ സെന്ററിൽ പഠിക്കാൻ കുട്ടികളെ കിട്ടുന്നില്ല. സെന്ററിന്റെ ഡയറക്ടർ അടക്കമുള്ള

ആളുകൾ ഇപ്പോൾ സിലബസ്സിലും കോഴ്സുകളിലും സമൂലമായ മാറ്റങ്ങൾ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. ഗാന്ധിയൻ സ്റ്റഡീസിനെ എങ്ങനെ വർത്തമാനകാലവുമായി ബന്ധപ്പെടുത്താം; അങ്ങനെ ബന്ധപ്പെടുത്തിയാണ് നമ്മൾ ഏത് ഭാഷയേയും ഏത് വിജ്ഞാനശാഖയെയും പഠിപ്പിക്കേണ്ടത്. അതിനുതകുന്ന രീതിയിലുള്ള കരിക്കുലവും പാഠ്യപദ്ധതികളും കോഴ്സുകളും മലയാളം സർവ്വകലാശാലയിൽ തുടങ്ങാൻ നമുക്ക് സാധിക്കണം. ബില്ലിൽ മലയാളം സർവ്വകലാശാലയായതുകൊണ്ടാവണം സാഹിത്യഭാഷയ്ക്കാണ് വലിയ ഊന്നൽ നല്കിയിരിക്കുന്നത്. സാഹിത്യഭാഷകൊണ്ടു മാത്രം ഒരു സർവ്വകലാശാല നമുക്ക് നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. പ്രായോഗികമായി വരാൻ പോകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് അവധാനതയോടെ ബില്ലിൽ ഇനിയും പരാമർശിക്കപ്പെടേണ്ടതുണ്ട്. ലോകത്തെങ്ങുമുള്ള മലയാളികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധം ഈ സർവ്വകലാശാലയുടെ പ്രവർത്തനം ക്രമീകരിക്കേണ്ടതായിട്ടുണ്ട്. ഈ ബില്ല് നോക്കുമ്പോൾ, ബില്ലിലെ സർവ്വകലാശാലയുടെ ലക്ഷ്യങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ പിന്നിലേക്ക് തിരിഞ്ഞുനോക്കി ഒരു ബില്ല് കൊണ്ടുവന്നു, അല്ലെങ്കിൽ ലക്ഷ്യങ്ങൾക്ക് രൂപംകൊടുത്തു എന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഭാവിയെക്കുറിച്ച് ഒരുതരത്തിലുള്ള കാഴ്ചപ്പാടും ഈ ലക്ഷ്യങ്ങളിൽ വന്നിട്ടില്ല. അതേക്കുറിച്ച് ക്ലോസ് ബൈ ക്ലോസ് ചർച്ച നടക്കുമ്പോൾ വളരെ വിശദമായിട്ടുള്ള പഠനം നടക്കേണ്ടതായിട്ടുണ്ട്. ലക്ഷ്യങ്ങളിൽ, കഴിഞ്ഞ കുറെ കാലത്തെ താളിയോലഗ്രന്ഥങ്ങൾ പരിശോധിച്ച് നമുക്കുണ്ടാക്കിയെടുക്കാവുന്ന വലിയ മേഖലയെ കുറിച്ച് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുമാത്രമായില്ല. മുന്നോട്ട് എങ്ങനെയാണ് സുഗമമായി പോകേണ്ടത് എന്ന് പഠിക്കുന്നതിനുവേണ്ടിയാണ് നാം പിന്നിലോട്ട് നോക്കേണ്ടത്. അത്തരമൊരു പഠന സംബന്ധമായിട്ടുള്ള

മനസ്സ് ഈ ബില്ല് തയ്യാറാക്കിയപ്പോൾ ഉണ്ടായില്ലേ എന്ന് എനിക്ക് സംശയം തോന്നുകയാണ്. മലയാളം സർവ്വകലാശാല സ്ഥാപിക്കാൻ നമ്മൾ തീരുമാനമെടുത്തപ്പോൾ അതിന് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ല എന്നുള്ളത് ഒരു സത്യമാണ്. ഇപ്പോഴും ഈ സർവ്വകലാശാലയ്ക്കുവേണ്ടി ഒരിഞ്ച് ഭൂമി പോലും അക്വയർ ചെയ്തിട്ടില്ല. തുഞ്ചൻ ആർട്സ് & സയൻസ് കോളേജിന്റെ കോമ്പൗണ്ടിനോട് ചേർന്നുകിടക്കുന്ന 5 ഏക്കർ സ്ഥലം യൂണിവേഴ്സിറ്റിയുടെ ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിക്കാൻ വേണ്ടി അക്വയർ ചെയ്യുമെന്നാണ് പറഞ്ഞത്. 5 ഏക്കർ സ്ഥലത്ത് എങ്ങനെയാണ് ഒരു സർവ്വകലാശാല ആരംഭിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ കഴിയുന്നത്? അപ്പോൾ പറയും ക്ലസ്റ്റർ സമ്പ്രദായമനുസരിച്ചാണ് ഈ സർവ്വകലാശാല വികസിപ്പിച്ചെടുക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നതെന്ന്. ക്ലസ്റ്റർ സമ്പ്രദായത്തിലുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന കേന്ദ്രങ്ങളുൾപ്പെടെയുള്ള സർവ്വകലാശാലകളെ ലോകം തിരസ്കരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് നമ്മൾ അതിനെക്കുറിച്ച് ആലോചിക്കുന്നത്. എന്തായാലും ഇത് ക്ലസ്റ്റർ ആക്കേണ്ടിവരും. ഒരു സംശയവുമില്ല. 100 ഏക്കർ സ്ഥലം ഒരു സ്ഥലത്ത് കണ്ടെത്തിയാലല്ലേ ഏറ്റവും പ്രാഥമികമായിട്ടെങ്കിലും അവിടെ സ്ഥാപിക്കാൻ കഴിയൂ. ഏതായാലും തിരൂരിൽ 100 ഏക്കർ സ്ഥലം കണ്ടെത്താൻ കഴിയില്ല. എന്നാൽ തിരൂർ നിയോജകമണ്ഡലത്തിന്റെ അങ്ങേയറ്റത്ത്, ഞാൻ താമസിക്കുന്ന കോട്ടയ്ക്കൽ മണ്ഡലത്തിന്റെ തൊട്ടടുത്തുള്ള വളാഞ്ചേരിയുടെ സമീപത്തുള്ള ആദവനാട് പഞ്ചായത്തിലാണ് ഈ സർവ്വകലാശാലയ്ക്ക് സ്ഥലം കണ്ടെത്തുമെന്ന് പറഞ്ഞിരിക്കുന്നത്. അവിടെ ആളുകളെല്ലാംകൂടി രാഷ്ട്രീയം മറന്ന് വലിയ സമരമുഖത്താണ് എന്നുള്ള കാര്യവുംകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഈ

സർവ്വകലാശാല ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം, ഇത് എവിടെ തുടങ്ങും; ഏത് കെട്ടിടത്തി; താൽക്കാലികമായ ഒരു കെട്ടിടത്തിൽ തുടങ്ങുമെന്നാണ് പറയുന്നത്. സർവ്വകലാശാലയുടെ പദവി, സ്ഥാനം ഇതിനൊക്കെ അനുസൃതമായിട്ടുള്ള ഒരു പശ്ചാത്തലത്തിലാകണം ഈ സർവ്വകലാശാല ആരംഭിക്കേണ്ടത്. അതിന് പ്രത്യേകമായി ശ്രദ്ധിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ബില്ലിൽ 9-ാം പേജിൽ (ബി) നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളിൽ ഒരു കാര്യം പറയുന്നുണ്ട്. (i) വിവിധ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എഴുത്തുകാർ, പണ്ഡിതർ, അവതരണ കലാകാരന്മാർ തുടങ്ങി ശ്രേഷ്ഠരായ എട്ടുപേർ അവരിൽ ഒരാൾ പട്ടികജാതി അല്ലെങ്കിൽ പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ട ആൾ ആയിരിക്കേണ്ടതാണ്. ഈ ക്ലോസിൽ വളരെ കാര്യമായി ചെയ്യേണ്ട ഒരു കാര്യമുണ്ട്. ഈ എട്ടുപേരിൽ രണ്ടുപേർ സ്ത്രീകളായിരിക്കണമെന്നുള്ള നിബന്ധന ഈ ബില്ലിൽ കൊണ്ടുവരണം. സർവ്വകലാശാലകളുടെ ഭരണത്തിൽ സ്ത്രീകൾക്കുള്ള പ്രാതിനിധ്യം വളരെ കുറവാണ്. നിയമസഭാംഗങ്ങളുടെ കൂട്ടത്തിലും സ്ത്രീകളുടെ എണ്ണം പരിശോധിച്ചാൽ വളരെ കുറവാണെന്നറിയാം. അവർക്ക് സംവരണമേർപ്പെടുത്തണം. അവരെ പുരുഷമേധാവിത്വ സമൂഹം അംഗീകരിക്കാത്ത സ്ഥിതിയാണുള്ളത്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എട്ടുപേരിൽ ഒരാൾ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരാകണമെന്ന് നിബന്ധനയുണ്ട്. അതിൽ രണ്ടുപേർ സ്ത്രീകളായിരിക്കണമെന്നുള്ളത് നല്ല കാര്യമാണ്. അങ്ങനെ വരുമ്പോൾ അഞ്ചുപേർ ബാക്കിയുണ്ട്. മൂന്നുപേരാണ് റിസർവേഷനിൽ വരുന്നത്. അതുകൊണ്ട് അതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. ഈ ബില്ലിലെ 9-ാം പേജിൽ തന്നെ (ബി)(ii) - സർക്കാർ നാമ

നിർദ്ദേശം ചെയ്യുന്ന, സാഹിത്യത്തിലും സാംസ്ക്കാരിക കാര്യങ്ങളിലും തൽപ്പരരായ രണ്ട് പൊതു പ്രവർത്തകർ - ഈ ക്ലോസ് വ്യാപകമായി ദുരുപ യോഗം ചെയ്യപ്പെടാൻ ഏറെ സാധ്യതയുണ്ട്. അതുകൊണ്ട് എനിക്ക് നിർദ്ദേശി ക്കാനുള്ള ഒരു കാര്യം, കൺസേൺഡ് എം.പി./എം.എൽ.എ. ഇതിൽ അംഗങ്ങളാണ്. രണ്ടുപൊതുപ്രവർത്തകരെ നോമിനേറ്റ് ചെയ്യാൻ വേണ്ടി ഇതിൽ വകക്കൊള്ളിച്ചിരിക്കുന്നത് തങ്ങളുടെ താൽപ്പര്യക്കാരായുള്ള ആളുകളെ കൊണ്ടുവരാൻ വേണ്ടിയാണ്. അതിനുപകരം കൺസേൺഡ് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സർവ്വകലാശായുടെ ആസ്ഥാനം എവിടെ യാണോ സ്ഥിതി ചെയ്യുന്നത് അവിടത്തെ ഗ്രാമപഞ്ചായത്തിന്റെ അദ്ധ്യക്ഷൻ അവർ രണ്ടുംപേരും വരട്ടെ. അങ്ങനെ വന്നാൽ അത് കുറച്ചുകൂടി പ്രയോജ നപ്രധമാകും. സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം തദ്ദേശസ്വയം ഭര ണസ്ഥാപനങ്ങൾക്കും അതിലൊരു പങ്കാളിത്തമുണ്ടെന്നുള്ള ഒരു ഫീലിംഗ് ഉണ്ടാക്കിയെടുക്കാൻ കഴിയും. ഈ കാര്യങ്ങൾ സമഗ്രമായി ചർച്ചയ്ക്ക് വിഷ യമാക്കേണ്ടതുണ്ട്. വെറും നോമിനേറ്റഡ് ആയിട്ടുള്ള ഒരു ബോഡിയെ ക്കൊണ്ട് സർവ്വകലാശാലകൾ ഭരിപ്പിക്കുന്ന സാഹചര്യമുണ്ടാകാൻ പാടില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റ് എന്നുള ളത് ഇപ്പോഴും ഒരു സ്വപ്നമായി തുടരുകയാണ്. ഞങ്ങളിലെ രണ്ടുമൂന്നുപേർ എം.എൽ.എ.മാരെന്നുള്ള നിലയിൽ അതിന്റെ സെനറ്റിലേയ്ക്ക് തെരഞ്ഞെടു ക്കപ്പെട്ടിട്ടുണ്ട്. ഇതുവരെയും അതിന്റെ യോഗം വിളിച്ച് ചേർത്തിട്ടില്ല. തെര ഞ്ഞെടുപ്പ് നടത്താൻ സർക്കാർ തയ്യാറുമായിട്ടില്ല. മലയാള സർവ്വകലാശാല യേയും തങ്ങളുടെ അധികാരപരിധിയിൽ നിറുത്തികൊണ്ടുപോകാനാണ് ഉദ്ദേ ശമെങ്കിൽ ഈ പറയുന്ന ക്ലോസുകൾ ധാരാളം മതിയാകും. പക്ഷേ അങ്ങനെ ആകരുത് എന്നുള്ളതുകൊണ്ടാണ്, എല്ലാവരുടേയും ഏകാഭിപ്രായം അതിലു

ണ്ടാകണമെന്നുള്ളതുകൊണ്ടാണ് ഈ അഭിപ്രായങ്ങൾ പറയുന്നത്. സർക്കാരും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അതിനെ മുഖവിലക്കെടുക്കുമെന്നുള്ള വിശ്വാസത്തോടെ എന്റെ നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ശശിയ്ക്ക് പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ശശി: സർ, കേരളത്തിൽ നമ്മൾ മലയാളത്തെ ശ്രേഷ്ഠ ഭാഷയാക്കി മാറ്റാൻ തീവ്രമായി ശ്രമിച്ചുക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലാണ് വളരെയേറെ വർഷങ്ങളായി നാം കാത്തിരുന്ന മലയാള സർവ്വകലാശാല ബിൽ ഇന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ ഡോ. കെ.ടി. ജലീൽ ചൂണ്ടിക്കാണിച്ചതുപോലെ, ഈ ബില്ലിനു കൊടുത്തിരിക്കുന്ന ടൈറ്റിൽ 'മലയാളം സർവ്വകലാശാല ബിൽ' എന്നതിനുപകരം 'മലയാള സർവ്വകലാശാല ബിൽ' ആണ് ശരിയെന്നാണ് ഇതുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഈ ബില്ലിനകത്ത് 'മലയാള സർവ്വകലാശാല' എന്നാണ് പല ഖണ്ഡികകളിലും രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ ടൈറ്റിലിൽ മാത്രമാണ് 'മലയാളം സർവ്വകലാശാല ബിൽ' എന്നുള്ളത്. ബില്ലിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമായി പരിശോധിക്കേണ്ടതുണ്ട്. ഡോ. കെ.ടി. ജലീൽ സൂചിപ്പിച്ചതുപോലെ, മലയാള സർവ്വകലാശാലയുടെ പ്രവർത്തനലക്ഷ്യങ്ങൾ വാസ്തുവിദ്യ, ജോതിഷം, ഹസ്തരേഖാശാസ്ത്രം, കാലഹരണപ്പെട്ട വിഷയങ്ങളിൽ ഒതുക്കിനിറുത്തിയാൽ മലയാള ഭാഷയ്ക്ക് കാലോചിതമായി മുന്നേറാനാവില്ല എന്ന യാഥാർത്ഥ്യം

മനസ്സിലാക്കേണ്ടതുണ്ട്. ഇൻഫർമേഷൻ ടെക്നോളജി, നാനോ ടെക്നോളജി, ടെലികമ്മ്യൂണിക്കേഷൻ ടെക്നേളജി, മാസ് കമ്മ്യുണിക്കേഷൻ, ബഹിരാകാശ ശാസ്ത്രം തുടങ്ങിയ അത്യാധുനിക ശാസ്ത്ര സാങ്കേതിക മേഖലകളിലേയ്ക്ക് കുതിച്ചുയരാൻ മലയാള ഭാഷയെ പ്രാപ്തമാക്കണം. ഏതൊരു വിഷയവും എത്ര ഉയർന്ന തലം വരെയും മലയാളത്തിലൂടെ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരമൊരുക്കാൻ മലയാള സർവ്വകലാശാലയ്ക്ക് കഴിയണം. ഇന്ന് ശാസ്ത്ര രംഗത്ത് വളരെയേറെ വികാസം പ്രാപിച്ച റഷ്യ, ചൈന, ജപ്പാൻ, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ എത്ര ഉയർന്ന തലത്തിലുള്ള പഠനവും മാതൃഭാഷയിലൂടെയാണ് നടത്തുന്നതെന്ന് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രതിപാതിച്ചിട്ടുള്ളതിൽ ആധുനിക ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും സാമൂഹ്യമാനവിക വിഷയങ്ങളിലും തൊഴിലധിഷ്ഠിത വിഷയങ്ങളിലും മലയാള മാധ്യമത്തിൽ ബിരുദ -ബിരുദാന്തര കോഴ്സുകൾ നടത്തുന്നൊരു സ്ഥാപനം കൂടിയായി ഈ സർവ്വകലാശാല മാറണം. ഏതൊരു വിഷയത്തിലും പി.എച്ച്.ഡി. ഉൾപ്പെടെയുള്ള ഗവേഷണ പ്രബന്ധങ്ങൾ മലയാളത്തിലെഴുതി സമർപ്പിക്കുന്നതിനും അവ മൂല്യനിർണ്ണയം നടത്തി ബിരുദങ്ങൾ നൽകുന്നതിനുമുള്ള അവസരവും ഈ സർവ്വകലാശാലയിൽനിന്നുണ്ടാകണമെന്നാണ് എനിക്ക് ഈ ബില്ലുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ള പ്രധാന നിർദ്ദേശം. മലയാള സർവ്വകലാശാല എന്നാൽ മലയാള ഭാഷയുടെ ചരിത്രവും സാങ്കേതിക തലവും സാഹിത്യവും മാത്രം പഠിപ്പിക്കുന്നതിനുള്ള സ്ഥാപനമായി മാറരുത്. പണ്ട് നമ്മൾ കളിയാക്കിയിരുന്നതുപോലെ ശീലാവതി എം.എ. ബിരുദം നൽകാൻ മാത്രമുള്ളൊരു സ്ഥാപനമാക്കി ഈ സർവ്വകലാശാലയെ മാറ്റരുത്. നമുക്ക് മാതൃകയാക്കാൻ

സാധിക്കുന്നത് ഹിബ്രു സർവ്വകാലശാലയാണ്. ഇസ്രായേലിൽ മൃതപ്രായ മായി അവശേഷിച്ചിരുന്ന ഹിബ്രു ഭാഷയെ, വിജ്ഞാനശേഷി നഷ്ടപ്പെട്ട ഹിബ്രു ഭാഷയെ, ആധുനിക ലോകഭാഷയായി ഉയർത്തിയത് ഹിബ്രു സർവ്വ കലാശാലയാണ്. 1918-ൽ ആരംഭിച്ച ഈ സർവ്വകലാശാലയിലെ ആദ്യത്തെ ഭരണസമിതിയിൽ ആൽബർട്ട് ഐൻസ്റ്റീൻ തുടങ്ങിയ മഹാപ്രതിഭകൾ അംഗങ്ങളായിരുന്നു. ഇപ്പോൾ ഹിബ്രു പഠനം മാത്രമല്ല അവിടെയുള്ളത്. ഏതാണ്ട് എല്ലാ ശാസ്ത്ര സാങ്കേതിക വിഷയങ്ങളിലും പഠനവിഭാഗങ്ങളുള്ള, ഇന്ന് ലോകത്തിനുതന്നെ ഏറ്റവും വലിയ സർവ്വകലാശാലയായി ഹിബ്രു സർവ്വകലാശാല മാറിക്കഴിഞ്ഞു. മലയാള സർവ്വകലാശാല കേരള സമൂഹവുമായി ബന്ധപ്പെട്ട സമസ്ത വിജ്ഞാനങ്ങളുടേയും അദ്ധ്യയനവും ഗവേഷണവും മലയാളത്തിലൂടെ സാധ്യമാക്കുന്ന തരത്തിൽ ഭാഷയെ സജ്ജമാക്കുന്നതിനെയാണ് നാം ശ്രമിക്കേണ്ടത്. ബഹുധ്രുവലോകമാണ് ഏത് നാടിലേയും ജനങ്ങൾ അവയുടെ പുരോഗതിയ്ക്കുവേണ്ടി സങ്കൽപ്പിക്കുന്നത്. ബഹുധ്രുവലോകത്തേയ്ക്കുള്ള വഴി ബഹുഭാഷയിലൂടെയാണ്. മലയാള സർവ്വകലാശാലയിൽ വിവിധ ലോകഭാഷകൾ പഠിപ്പിക്കണം. മലയാളിയെ ബഹുധ്രുവലോകത്തിലേക്ക് പ്രവേശിപ്പിക്കുന്നതിനുള്ള കവാടമാകണം ഈ സർവ്വകാലശാല. അതുകൊണ്ട് വിദേശഭാഷകളുടെ പഠനവകുപ്പും തർജ്ജിമവിഭാഗവും ഇവിടെയുണ്ടാകണം. കേരളത്തിന്റെ സമഗ്ര വികസനമാകണം മലയാളം സർവ്വകലാശാലയുടെ ലക്ഷ്യം. 'വികസനം മാതൃഭാഷയിലൂടെ' എന്നതാകണം മലയാളം സർവ്വകലാശാലയുടെ മുഖ്യ വാക്യം. എല്ലാ വിജ്ഞാനശാഖകളുടെയും സമകാലീനമായ പുതിയ അറിവു കൾ നമ്മുടെ ഭാഷയിലൂടെ സമൂഹത്തിന് നൽകിയാൽ മാത്രമേ സമൂഹവും

ഭാഷയും വികസിക്കുകയുള്ളൂ. അതിനായി മലയാളത്തിന്റെ വൈജ്ഞാനികശേഷികൂടി വികസിപ്പിക്കേണ്ടതുണ്ട്. അതിനുള്ള മുൻകൈ പുതിയ നിയമത്തിൽ കാണുന്നില്ല. ജനാധിപത്യ സമൂഹത്തിൽ ഭരിക്കുന്നവരുടെ ഭാഷയല്ല ഭരിക്കപ്പെടുന്നവരുടെ ഭാഷയാണ് മേൽക്കൈ നേടേണ്ടത്, അത് ജനാധിപത്യത്തിന്റെ പ്രാഥമികമായ സദാചാരവും നീതിയുമാണ്. അതിന് ഭരണകൂടത്തിന്റെ ഭാഷ മാതൃകയാകണം. അതുപോലെ വൈജ്ഞാനിക സമൂഹത്തിന്റെ ഭാഷയും മാതൃഭാഷയാക്കുക എന്നത് സൂക്ഷ്മമായ ജനാധിപത്യ സംവിധാനത്തിൽ അനിവാര്യമായ ഒരു ഘടകമാണ്. അന്യഭാഷാ വിഷയങ്ങളൊഴികെ മറ്റെല്ലാ ഗവേഷണ പ്രബന്ധങ്ങളും മലയാളത്തിലാക്കുകയും ഈ സർവ്വകലാശാലയിൽ വിജ്ഞാനഭാഷയെന്ന നിലയിൽ മലയാളത്തിന് പ്രാധാന്യം കൊടുത്ത് നിലനിർത്തുകയും വേണം. ഇതോടൊപ്പം മറ്റൊരു വിഷയംകൂടി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ നിരവധി നിവേദനങ്ങൾ ഗവൺമെന്റിൽ സമർപ്പിച്ചിരുന്നു. 1973 മുതൽ മലയാള ഭാഷ പ്രഥമപഠന ഭാഷയാക്കി മാറ്റുന്നതിനുള്ള നിയമനിർമ്മാണം ഈ സഭയിൽ നടന്നിരുന്നു. 1953 ഡിസംബർ 23 -ന് കേരള സർക്കാർ നിയമിച്ച സംസ്ഥാന പുന:സംഘടനാ കമ്മീഷന്റെ ശുപാർശ പ്രകാരം പ്രഥമ പഠനഭാഷ മലയാളമാക്കാനുള്ള നിയമനിർമ്മാണം നടന്നു. അന്ന് മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോന്റെ കാലഘട്ടത്തിലാണ് അതുമായി ബന്ധപ്പെട്ട് ചില ഭേദഗതികൾ കൊണ്ടുവരികയും മലയാള ഭാഷ പഠന ഭാഷയായി പ്രഖ്യാപിക്കുകയും ചെയ്തത്. അതിനുശേഷം ഏകദേശം 500-ൽപ്പരം സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. നിർഭാഗ്യവശാൽ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് അർഹിക്കുന്ന ഗൗരവത്തോടെ ഇത് നടപ്പാ

ക്കുന്ന കാര്യത്തിൽ പരാജയപ്പെടുകയാണുണ്ടായത്. 14-09-2012-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം മലയാളം ഒന്നാം ഭാഷയായി നിർബന്ധപൂർവം പഠിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല. ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുന്നതിനും നമുക്ക് അമാന്തം സംഭവിച്ചു. ഡിസംബർ 5-ാം തീയതിയിലെ മന്ത്രിസഭാ യോഗത്തിൽ മാത്രമാണ് ഈ വിഷയം അവതരിപ്പിക്കുകയും അനുവാദം തേടുകയും ചെയ്തത്. ഡിസംബർ 11-ന് മാത്രമാണ് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലേക്ക് അപ്പീൽ നൽകാനുള്ള നടപടിക്കായി കത്തയച്ചത്. മലയാളം ക്ലാസിൽ പഠിപ്പിക്കാതെ ഇത്തരത്തിൽ തമസ്കരിച്ചിട്ട് ക്ലാസ്സിക്കൽ പദവിക്കുവേണ്ടി വാദിക്കുന്നത് മലയാളത്തോടുള്ള അനാദരവും മലയാളികളോടുള്ള അനീതിയുമാണ്. കോടതിവിധി മൂലമുണ്ടായ സാഹചര്യം മറികടക്കാൻ ഒരു മാർഗ്ഗമേയുള്ളൂ. കേരളത്തിൽ പത്താം ക്ലാസ്സുവരെ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കി നിയമനിർമ്മാണം നടത്തണം. തമിഴ്നാട്ടിലും ആന്ധ്രപ്രദേശിലും കർണ്ണാടകയിലുമൊക്കെ ഇപ്രകാരമുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. അവിടെയൊക്കെ മാതൃഭാഷ കൈകാര്യം ചെയ്യുന്നവർ ജനസംഖ്യയുടെ എഴുപതും അറുപതും എൺപതും ശതമാനമായിരിക്കെ കേരളത്തിൽ ഏകദേശം 97 ശതമാനം ജനങ്ങളും മാതൃഭാഷയിൽ സംസാരിക്കുമ്പോൾ പത്താം ക്ലാസ്സുവരെ മലയാളം ഒന്നാംഭാഷയാക്കിയുള്ള പഠനം നിർബന്ധിതമാക്കുന്നതിനുള്ള നിയമനിർമ്മാണംകൂടി മലയാളം സർവ്വകലാശാല രൂപീകരിക്കുന്ന വേളയിൽ ഗവൺമെന്റ് ഗൗരവപൂർവം പരിഗണിക്കേണ്ടതാണെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>മി. ചെയർമാൻ:</u> ശ്രീ. കെ. രാജു അങ്ങേയ്ക്ക് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. കെ. രാജു</u>: സർ, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയുടെ അധികാരപരിധി കേരളമൊട്ടാകെയാണ്. കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ ഭൂരിപക്ഷവും ഓരോ പ്രദേശത്തുമുള്ള അഫിലിയേറ്റഡ് കോളേജുകളെ ഉൾക്കൊള്ളുന്ന സർവ്വകലാശാലകളാണെങ്കിൽ അതിൽനിന്ന് വ്യത്യസ്തമായി കേരളമൊട്ടാകെയാണ് ഈ സർവ്വകലാശാലയുടെ അധികാരപരിധി. ഈ സർവ്വകലാശാലയുടെ ആസ്ഥാനം അഞ്ച് എക്കറിൽ താഴെയുള്ള സ്ഥലത്ത് ആരംഭിക്കുന്നതിനുള്ള പരിശ്രമം നടക്കുന്നതേയുള്ളൂ എന്നാണ് ശ്രീ. കെ.ടി. ജലീൽ ചൂണ്ടിക്കാണിച്ചത്. സ്വാഭാവികമായും അതാണ് സ്ഥിതിയെങ്കിൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല തിരൂർ ആസ്ഥാനമായിത്തന്നെ വേണമോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് ഒന്നുകൂടി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ ഭരണത്തിന്റെ സിരാകേന്ദ്രം തിരുവനന്തപുരമായിരിക്കെ കേരളമൊട്ടാകെ അധികാരപരിധി വരുന്ന ഈ സർവ്വകലാശാലയുടെ ആസ്ഥാനവും എന്തുകൊണ്ട് തിരുവനന്തപുരത്തായിക്കൂട. ഈ സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരമായാൽ സ്വാഭാവികമായും ഭരണപരമായ കാര്യങ്ങളും ഇടപെടലുമൊക്കെ നടത്തുന്നതിന്

സൗകര്യപ്രദമായിരിക്കില്ലേ എന്ന സന്ദേഹം ഞാനീ അവസരത്തിൽ പ്രകടിപ്പി ക്കുകയാണ്. മലയാള ഭാഷയെ ഒരു സ്വതന്ത്ര ഭാഷയാക്കുന്നതിൽ പേരിൽ സൂചിപ്പിക്കുന്നതുപോലെതന്നെ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ നൽകിയ സംഭാവന വളരെ അമൂല്യമാണ്. മലയാളത്തിൽ ഇത്രയും പ്രശസ്തനായ ഒരു രചയിതാവ് എഴുത്തച്ഛന് മുമ്പോ ശേഷമോ ഇതുവരെ ഉണ്ടായിട്ടില്ലെന്നാണ് പലരുടെയും അഭിപ്രായം. വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായിരിക്കാം. കിളി പ്പാട്ട് സാഹിത്യത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം കിളിയെക്കൊണ്ട് കഥ പറയിപ്പിക്കുന്ന രീതിയിലാണ് ആദ്ധ്യാത്മ രാമായണം, മഹാഭാരതം എന്നിവ രചിച്ചിട്ടുള്ളത്. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ പേരിലുള്ള മലയാളം സർവ്വകലാശാല കഴിഞ്ഞ നവംബർ 1-ാം തീയതി മലയാളികൾക്കായി സമർപ്പിക്കപ്പെട്ടുകഴിഞ്ഞതാണ്. അതിനെ സംബന്ധിച്ച് പറയുമ്പോൾ കേരള ത്തിലെ 3 കോടിയോളം വരുന്ന മലയാളികൾക്കും കേരളത്തിന് പുറത്തുള്ള മലയാളം സംസാരിക്കുന്നവർക്കും വളരെ സന്തോഷകരമായ കാര്യം തന്നെ യാണ്. പക്ഷേ കേരളത്തിൽ പത്തിലധികം സർവ്വകലാശാലകൾ ഇപ്പോൾത ന്നെയുണ്ട്. ആ സർവ്വകലാശാലകളുടെ കൂട്ടത്തിൽ പതിനൊന്നാമതായി ഒരു സർവ്വകലാശാലകൂടി രൂപം കൊള്ളുകയാണ്. സ്വാഭാവികമായും നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ഗുണനിലവാരം, വിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും ഗവേഷണത്തിന്റെ കാര്യത്തിലായാലും പരിശോധിക്കപ്പെ ടേണ്ടതാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ സർവ്വകലാശാലകളിൽ പലതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന ആക്ഷേപങ്ങൾ, ആരോപണങ്ങൾ പത്രമാധ്യമങ്ങളിലൂടെ അറിയുന്നത് പലതും ഞെട്ടിപ്പിക്കുന്ന സംഭവങ്ങളാണ്. സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് അവിടെ നിരന്തരമായുള്ള സാമ്പത്തിക

പ്രതിസന്ധികൾ, ആവശ്യത്തിന് സൗകര്യങ്ങളില്ലാത്ത കാര്യങ്ങൾ ഇവയെല്ലാം ഉയർന്നുവരുന്നുണ്ട്. ഈ ഗതി പുതിയതായി രൂപംകൊടുക്കുന്ന മലയാളം സർവ്വകലാശാലയ്ക്കും ഉണ്ടാകരുത്. ഭരിക്കുന്ന ആളുകൾക്ക് അക്കാര്യത്തിൽ ഇച്ഛാശക്തിയോടുകൂടി ഇടപെടാൻ കഴിയണം.

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് പറഞ്ഞത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ യൂണിവേഴ്സിറ്റികൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന അധഃപതനം ഉണ്ടാകരുത്. പക്ഷെ, ഈ ബിൽ അങ്ങ് പഠിച്ചിട്ടാണല്ലോ സംസാരിക്കുന്നത്. ഈ ബിൽ മറ്റ് സർവ്വകലാശാലകളുടെ നിയമം അതു പോലെ കോപ്പി ചെയ്തതാണ്. അതേ ഘടനയാണെന്നും ആകെ ഒരു വ്യത്യാസമുള്ളത് കൾച്ചറൽ സെക്രട്ടറി ആ കമ്മിറ്റിക്കകത്ത് വരുന്നുവെന്നുള്ളതാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ട സ്ഥിതിക്ക് ഈ ബിൽ കൊണ്ട് എങ്ങനെയാണ് മലയാളം സർവ്വകലാശാലയെ ഒരു നവീന സർവ്വകലാശാലയാക്കിമാറ്റാൻ കഴിയുന്നതെന്ന് പറയാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. കെ. രാജു: സർ, അതുകൊണ്ടുതന്നെയാണ് ഞാൻ സൂചിപ്പിച്ചത് മറ്റ് 10 സർവ്വകലാശാലകൾ കേരളത്തിലുള്ളതുപോലെതന്നെ വീണ്ടുമൊരു സർവ്വകലാശാല ഉണ്ടായിട്ട് കാര്യമില്ല. അതിനൊരുമാറ്റമുണ്ടാകണമെന്നുള്ള നിലയിൽ ഗവൺമെന്റിന് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിക്കാൻ കഴിയണം. ഭാഷയ്ക്കുവേണ്ടി മാത്രമൊരു സർവ്വകലാശാല, അതാണല്ലോ മലയാളം സർവ്വകലാശാലകൊണ്ട് ഉദ്ദേശിക്കുന്നത്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. വി. ശശി ചൂണ്ടിക്കാണിച്ചതുപോലെ കേരള ജനതയുടെ പുരോഗതിക്കും അവരുടെ വിജ്ഞാനത്തിന്റെ ഉയർച്ചയ്ക്കും ഉതകുന്ന തരത്തിലുള്ള ഒരു സർവ്വകലാശാല ആയിരിക്കണം വേണ്ടത്. മലയാള ഭാഷയെക്കുറിച്ചുള്ള ഒരു പഠനം

നടത്തുന്ന കേന്ദ്രം, അവിടെ ഗ്രന്ഥങ്ങൾ മലയാളത്തിലേയ്ക്ക് തർജ്ജിമചെയ്യുന്നു അല്ലെങ്കിൽ മലയാളത്തിലേത് മറ്റ് ഭാഷകളിലേയ്ക്ക് തർജ്ജിമചെയ്യുന്നു, അതുപോലെയിവിടെ കാലഹരണപ്പെട്ടുവെന്ന് നമ്മൾ പറയുന്ന നമ്മുടെ സംസ്കാരങ്ങളുമായി ബന്ധപ്പെട്ട പലകാര്യങ്ങളും പഠിപ്പിക്കുന്നതിനുവേണ്ടി മാത്രമുള്ള ഒരു കേന്ദ്രമെന്നുള്ള രീതിയിൽ ഒരു സർവ്വകലാശാല സ്ഥാപിച്ചിട്ട് കാര്യമില്ല. മലയാളം സർവ്വകലാശാല നമ്മൾ സ്ഥാപിക്കുമ്പോൾ ആ സർവ്വകലാശാലയിൽ ഇന്ന് ലോകത്തിലെ എല്ലാ വിജ്ഞാനവും മലയാളത്തിലൂടെ ലഭ്യമാക്കാൻ കഴിയണം. ആ സർവ്വകലാശാലയിൽ അതിന് ആവശ്യമായ എല്ലാവിധമായ പ്രവർത്തനങ്ങളും ഉണ്ടാകണം. കേരളത്തിന്റെ പൊതുമണ്ഡലം രൂപപ്പെട്ടതും നിലനിൽക്കുന്നതും മലയാള ഭാഷയിലൂടെയാണ്. മലയാളി അവന്റെ ജീവിതത്തെ ആവിഷ്കരിക്കുന്നതും ചിന്തിക്കുന്നതും സ്വപ്നം കാണുന്നതുപോലും മലയാളത്തിലൂടെയാണ്. അതാണ് മലയാളത്തിന്റെ അല്ലെങ്കിൽ മലയാളികളുടെ ഒരു പ്രത്യേകത. മാതൃഭാഷയെന്നുള്ള നിലയിലാണ് ആ പ്രത്യേകത വരുന്നത്. ഒരുപക്ഷെ എല്ലാപേരുടെയും രീതിയും അങ്ങനെതന്നെയായിരിക്കാം. മലയാളി അവന്റെ ജീവിതത്തെ ആവിഷ്കരിക്കുന്നതും ചിന്തിക്കുന്നതും സ്വപ്നം കാണുന്നതുപോലും മലയാളത്തിലൂടെയാണ്. കേരളത്തിന്റെ മണ്ണും പുഴയും വയലും സമുദ്രവും മാത്രമല്ല മനുഷ്യരും സൗന്ദര്യബോധവും കാലാവസ്ഥയുമെല്ലാമെല്ലാം ഈ ഭാഷയിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുകയാണ്. അതിനാൽ മലയാളത്തിന്റെ ഭാവിയെന്നാൽ കേരളീയ ഭൂപ്രകൃതിയുടെയും മനുഷ്യരുടെയും പൊതുമണ്ഡലത്തിന്റെയും സംസ്കാരത്തിന്റെയും ഭാവിയെന്നുകൂടി വിശാലമായ അർത്ഥമുണ്ട്. ഇത്തരത്തിൽ കേരള പൊതുമണ്ഡലത്തിന്റെ ഭൂത-വർത്തമാനങ്ങളെ ആവരണം ചെയ്തുനിൽക്കുന്ന കവചമാണ് മാതൃഭാഷ. അത്തര

മൊരു തലത്തിലേയ്ക്ക് ഉയരുവാൻ മാതൃഭാഷയ്ക്കല്ലാതെ മറ്റൊരു ഭാഷയ്ക്കും കഴിയില്ലതാനും. ഭാഷാ സംസാരിക്കുന്നവരുടെ എണ്ണത്തിൽ മല യാളത്തിന്റെ വളരെ പുറകിൽ നിൽക്കുന്ന ഭാഷകളാണ് നോർവെയിലെയും അതുപോലെതന്നെ ഐസ്ലാന്റിലെയുമൊക്കെയുള്ള അവരുടെ മാതൃഭാഷ. എന്നിട്ടും അവിടത്തെ പ്രാഥമിക വിദ്യാഭ്യാസം മുതൽ ഉന്നതവിദ്യാഭ്യാസം വരെ ഈ പറഞ്ഞ ഐസ്ലാന്റികിലും നോർവീജിയൻ ഭാഷയിലുമാണ് പഠി പ്പിക്കുന്നത്. നമ്മൾ 10-ാം ക്ലാസ്സുവരെ മലയാളത്തിൽ പഠിച്ചതിനുശേഷം പിന്നെ അതിനപ്പുറത്തേയ്ക്ക് ഉയർന്ന ക്ലാസ്സുകളിൽ ഇംഗ്ലീഷിൽ പഠിക്കുന്നു. ഞാൻ ഈ ചൂണ്ടിക്കാണിച്ച രാജ്യങ്ങളടക്കം ലോകത്തിലെ മറ്റ് പല ജീവിത നിലവാരം ഉയർന്ന രാജ്യങ്ങളിലും അവരുടെ മാതൃഭാഷയിലൂടെ അവരുടെ ഉന്നതവിദ്യാഭ്യാസവും അവർ നേടുകയാണ്. സ്വാഭാവികമായും അതു കൊണ്ട് ശാസ്ത്ര രംഗത്തും സാങ്കേതിക രംഗത്തുമൊക്കെ ഉണ്ടായിട്ടുള്ള വളർച്ച കുറച്ചുകൂടെ മെച്ചപ്പെട്ട നിലയിൽ അവർക്ക് ഗ്രഹിക്കാനും അത് ഉൾക്കൊള്ളാനും അവർക്ക് കഴിയും. അതുകൊണ്ട് മലയാള സർവ്വകലാ ശാല സ്ഥാപനത്തിലൂടെ ലക്ഷ്യം വയ്ക്കേണ്ടത് തീർച്ചയായിട്ടും താഴെയറ്റംമു തൽ മേലെ അറ്റം വരെയുള്ള എല്ലാ വിജ്ഞാനവും ഈ മലയാള സർവ്വകലാ ശാലയിലൂടെ ലഭിക്കാൻ കഴിയത്തക്ക രീതിയിലുള്ള പരിപാടിയായിരിക്കണം ഈ സർവ്വകലാശാലയിൽ ആവിഷ്കരിക്കപ്പെടേണ്ടത്.

<u>മി. ചെയർമാൻ:</u> സമയം പാലിക്കുന്നതിന്റെ കാര്യത്തിൽ നേരത്തെ സംസാരിച്ച ശ്രീ. വി. ശശിയുടെ പാത പിന്തുടർന്നാൽ നല്ലതാണ്.

<u>ശ്രീ. കെ. രാജു</u>: സർ, നമ്മുടെ കേരളത്തിലിപ്പോൾതന്നെയുള്ള നിലവി ലുള്ള സർവ്വകലാശാലകളുടെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. മല

യാളം സർവ്വകലാശാല എന്ന ആശയത്തെ നമ്മൾ നോക്കികാണുമ്പോൾ ഇവിടെ നേരത്തെ ശ്രീ. വി. ശശി സൂചിപ്പിച്ചതുപോലെ നമ്മുടെ പാഠ്യവിഷയത്തിൽ ഒന്നാം സ്ഥാനത്ത് മലയാള ഭാഷയ്ക്ക് സ്ഥാനം കൊടുക്കണം എന്നുള്ള കാര്യത്തിൽപ്പോലും ഇപ്പോഴാണ് ഗവൺമെന്റിന് ഒരു ഓർഡർ ഇറക്കാൻ ഇടവന്നിട്ടുള്ളത്. മലയാള ഭാഷ ശ്രേഷ്ഠഭാഷയാക്കണമെന്നുള്ള നമ്മുടെ നിവേദനത്തിന് പരിഗണന ലഭിച്ചുവരുന്നുവെന്നാണ് ഇപ്പോൾ കേട്ടുവരുന്നത്. സ്വാഭാവികമായും മലയാള ഭാഷ ശ്രേഷ്ഠഭാഷയായി പ്രഖ്യാപിക്കപ്പെടുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മലയാളംകൂടി നിർബന്ധമായും പഠിപ്പിക്കണമെന്നുള്ള ഉത്തരവ് ഉണ്ടാകുകയും ചെയ്ത ഒരു കാലഘട്ടമാണ് മലയാളം യൂണിവേഴ്സിറ്റിയെ സംബന്ധിച്ചുള്ള ബിൽ ഇവിടെ ചർച്ചചെയ്യുന്നത്. സ്വാഭാവികമായും ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഈ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഈ ആക്ട് പ്രകാരം രൂപീകരിക്കാൻ പോകുന്ന ജനറൽ കൗൺസിലിൽ നിർദ്ദേശിക്കപ്പെട്ടതനുസരിച്ച് ഏതാണ്ട് 48 അംഗങ്ങൾ ഉണ്ടാകും. ആ 48 അംഗങ്ങളിൽ വിവിധ മണ്ഡലങ്ങളിലുള്ളവർ ചേർന്ന് തെരെഞ്ഞെടുക്കപ്പെടുന്നവർ 10 പേരാണ് ഉള്ളത്. ബാക്കിയുള്ളവരെല്ലാം അവരുടെ സ്ഥാനത്തിന്റെ പ്രത്യേകതകൊണ്ട് അംഗമാക്കപ്പെടുന്നവർ, അതുപോലെതന്നെ സർക്കാർ നോമിനേറ്റ് ചെയ്യുന്നവർ എന്നിവരാണ്. എന്നു പറഞ്ഞാൽ അതിന്റെയർത്ഥം ഇന്ന് കേരളത്തിലെ പല യൂണിവേഴ്സിറ്റികളിലും നടക്കുന്നതുപോലെ സർക്കാരിന് താൽപ്പര്യമുള്ള ഒരു ഭരണസംവിധാനം അവിടെ കൊണ്ടുവരാനും ഗവൺമെന്റ് ഉദ്ദേശിക്കുന്ന രീതിയിൽത്തന്നെ കാര്യങ്ങൾ ഈ യൂണിവേഴ്സിറ്റിയെക്കൊണ്ട് നിർവ്വഹിപ്പിക്കാനും കഴിയുന്ന തരത്തിൽ ആളുകളെ നോമിനേറ്റ് ചെയ്യാനും തീരുമാന

ങ്ങൾ എടുക്കാനും കഴിയുന്ന ഒരു സംവിധാനമാണ് ഈ മലയാളം യൂണിവേഴ്സിറ്റിയുടെയും കാര്യത്തിൽ നിർദ്ദേശിക്കപ്പെടുന്നത്. അതിന് മാറ്റം വരണം. ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ പ്രധാനപ്പെട്ട പണ്ഡിതർ, എഴുത്തുകാർ, അവതരണകലാകാരന്മാർ തുടങ്ങി ശ്രേഷ്ടരായ 8 പേർ ഉണ്ടാകണം. ആ എട്ടുപേരെ തീരുമാനിച്ച് അവരെ നോമിനേറ്റ് ചെയ്യുന്നത് ഗവൺമെന്റാണ്. ഗവൺമെന്റ് അവരെ നോമിനേറ്റ് ചെയ്യുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ അതിൽ ഒരാൾ എസ്.സി. വിഭാഗത്തിൽപ്പെട്ടതായിരിക്കണമെന്നാണ് ഇതിൽ നിർദ്ദേശിക്കപ്പെടുന്നത്. ഒരാൾ എസ്.സി. വിഭാഗത്തിൽപ്പെട്ടയാൾ ആകുമ്പോൾ വനിതകൾക്ക് പ്രാതിനിധ്യം വേണ്ടേ? വനിതകൾക്കുകൂടി പ്രാതിനിധ്യം കൊടുക്കണം. ഈ നിലയിൽ എഴുത്തുകാരോ പണ്ഡിതരോ അവതരണ കലാകാരന്മാരോ ആ ശ്രേണിയിൽ വരുന്ന വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും വനിതകളെകൂടി ഇതിൽ ഉൾക്കൊള്ളിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കണം. ഈ നിലയിൽ നമ്മുടെ മലയാളം സർവ്വകലാശാലയെ സംബന്ധിച്ച് വളരെ താൽപ്പര്യത്തോടുകൂടിയാണ് കേരളത്തിലെ മലയാളം സംസാരിക്കുന്ന നമ്മുടെ ആളുകളെല്ലാം നോക്കികാണുന്നത്. തീർച്ചയായും കുറ്റമറ്റ നിലയിൽ ഈ സർവ്വകലാശാലയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാനും അതുവഴി മലയാള ഭാഷയ്ക്കും മലയാളം സംസാരിക്കുന്ന നമ്മുടെ കേരളത്തിലെ ജനങ്ങൾക്കും ഏറ്റവും പ്രയോജനംചെയ്യുന്ന തരത്തിലാക്കിത്തീർക്കാനും ഇടവരുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>മി. ചെയർമാൻ:</u> ശ്രീ. ബെന്നി ബെഹനാൻ അങ്ങേയ്ക്ക് ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സർ, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ മലയാള ഭാഷയ്ക്ക് ഒരു കാലഘട്ടത്തിലും ലഭിക്കാത്ത മാന്യതയും അംഗീകാരവും കൊടുത്ത ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. കെ. രാജു ഉൾപ്പെടെയുള്ള ആളുകൾ അത് അംഗീകരിച്ചതിനുള്ള സന്തോഷം ഞാൻ ആദ്യമെ രേഖപ്പെടുത്തുന്നു. കാരണം മലയാളം ഒന്നാം ഭാഷയാക്കി. മലയാളം സർക്കാർ ജോലിക്ക് നിർബന്ധമാക്കിയത് ഒരു വലിയ തീരുമാനമാണ്. സെക്രട്ടേറിയറ്റിലും അതുപോലെതന്നെ ഉന്നതതലങ്ങളിലുമുള്ള പല ഉദ്യോഗസ്ഥന്മാർക്കും മലയാളം അറിയില്ലെന്നത് നമ്മുടെ ഭരണത്തെയും സാധാരണക്കാർക്ക് ലഭിക്കേണ്ട, അവർക്ക് മനസ്സിലാക്കേണ്ട പല വിഷയങ്ങളെയും അതിന്റെ ആനുകൂല്യങ്ങളെയുമൊക്കെ ബാധിക്കുന്നുണ്ട്. മലയാളം സർക്കാർ ജോലിക്ക് നിർബന്ധമാക്കിയെന്നത് ഈ ഗവൺമെന്റ് എടുത്ത ഏറ്റവും നല്ല ഒരു തീരുമാനമാണ്. അതുപോലെ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു ശക്തമായ സമ്മർദ്ദം ബഹുമാനപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ആ സമ്മർദ്ദം കഴിഞ്ഞ ദിവസങ്ങളിലൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ ഡൽഹിയിൽപ്പോയപ്പോൾ അതിന് ശ്രമിച്ചു. പ്രതിപക്ഷവും അതിനോട് സഹകരിക്കുന്നുണ്ട്. പ്രതിപക്ഷത്തിന്റേയും അഭിപ്രായം അതുതന്നെ

യാണെന്നുള്ളതിൽ സന്തോഷമുണ്ട്. അതോടൊപ്പംതന്നെയാണ് മലയാള ഭാഷ ഒന്നാം ഭാഷയാക്കി മലയാളത്തിന് ശ്രേഷ്ഠ പദവിക്കുവേണ്ടി ശ്രമിക്കുന്നു മലയാളം സർക്കാർ ജോലിക്ക് നിർബന്ധമാക്കുന്നു. നമുക്കറിയാം ആദ്യമായിട്ടാണ് ഒരു വിശ്വമലയാള സമ്മേളനം നടന്നത്. മലയാള ഭാഷയുടെ മഹിമയും മലയാള ഭാഷയ്ക്കുലഭിക്കേണ്ട അംഗീകാരത്തെക്കുറിച്ചുമൊക്കെ കുറച്ചുകൂടി ഗൗരവമായ തലങ്ങളിൽ വളരെ ഉന്നതരായ ഒട്ടേറെ ആളുകളുടെ പങ്കാളിത്തത്തോടുകൂടി അത്തരം വിഷയങ്ങൾ പൊതു സമൂഹത്തിന്റെ മുന്നിൽ ശ്രദ്ധയർഹിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഈ ഗവൺമെന്റ് നടത്തി. അതിനുശേഷമാണ് നമ്മുടെയൊരു സ്വപ്നമായ മലയാളം സർവ്വകലാശാലയ്ക്ക് രൂപം നൽകുന്നതിനുവേണ്ടി ഗവൺമെന്റ് തീരുമാനിച്ചത്. അതിന്റെ ഉത്ഘാടനം നടത്തി അതൊരു നിയമമാക്കുന്നതിനുവേണ്ടിയുള്ള ഒരു ചർച്ചയാണ് ഇവിടെ നടക്കുന്നത്. അങ്ങനെ എഴുത്തച്ഛന്റെ പേരിൽ മലയാള സർവ്വകലാശാല ഒരു നിയമമാക്കി മാറ്റുന്ന ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞതുതന്നെ എനിക്ക് ഉണ്ടായ ഏറ്റവും വലിയ സന്തോഷവും അനുഭവവുമായി ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്. മഹാനായ എഴുത്തച്ഛന്റെ പേരിൽതന്നെ ഈ സർവ്വകലാശാല തുടങ്ങാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. കാരണം, മലയാളിയേയും മലയാളത്തേയും പൂർണ്ണ അനുഭവത്തിൽ നിമിത്തമാക്കിയത് തുഞ്ചത്ത് എഴുത്തച്ഛനാണ്. മലയാളിയുടെ ഭാഷ, മലയാളിയുടെ സംസ്കാരം, മലയാളിയുടെ ജീവിതം ഒക്കെ തുടങ്ങിയത് എഴുത്തച്ഛന്റെ കാലഘട്ടത്തിലൂടെയാണ്. കേരളത്തിന്റെ നവോത്ഥാനത്തിന് തുടക്കംകുറിച്ചത് എഴുത്തച്ഛനാണ്. ‘ജാതി മതാദികൾക്കല്ല ഗുണഗണഭേദം’ എന്ന് ആദ്യമായി എഴുതിയത് എഴുത്തച്ഛനാണ്. ജാതി വിവേചനത്തി

നെതിരെ, മതസ്പർദ്ധയ്ക്കെതിരെ ആദ്യമെഴുതിയത് എഴുത്തച്ഛനാണ്. അറിവിന്റെ തുല്യത എന്ന ആശയം മലയാളത്തിൽ അവതരിപ്പിച്ചത് എഴുത്തച്ഛനാണ്. ഹരിനാമ കീർത്തനത്തിൽ 'ഋതുവായ പെണ്ണിനുമിരപ്പനും ദാഹകനും പതിതന്നിലഗ്നിയജനം ചെയ്ത ഭൂസുരനും' ഇവർക്കെല്ലാവർക്കും അറിവ് ലഭിക്കണമെന്ന് ആദ്യമായി പറഞ്ഞ്, അറിവിന് ഒരു തുല്യതയുണ്ടാക്കികൊടുത്തത് മഹാനായ എഴുത്തച്ഛനാണ്. അതുപോലെ ലിംഗസമത്വത്തിനുവേണ്ടി ഏറ്റവും ശക്തമായി തൂലിക ചലിപ്പിച്ചത് എഴുത്തച്ഛനാണ്. കേരളത്തിന്റെ നവോത്ഥാനത്തിന്റെ തുടക്കം ഈ കാലഘട്ടത്തിലായതുകൊണ്ട് കേരളത്തിന്റെ നവോത്ഥാനപഠനംകൂടി ഈ സർവ്വകലാശാലയുടെ ആശയത്തിൽ ഉൾപ്പെടുത്തണമെന്ന ഒരു നിർദ്ദേശംകൂടി ഞാൻ ആദ്യമായി മുന്നോട്ടുവയ്ക്കുകയാണ്. ഈ സർവ്വകലാശാലയെക്കുറിച്ച് ആവശ്യമില്ലാത്ത കുറേ കാര്യങ്ങളുണ്ട്. അതൊക്കെ മാറ്റം ചെയ്യണം. ആർക്കിയോളജിയെക്കുറിച്ചും മ്യൂസിയോളജിയെക്കുറിച്ചും കളരിപ്പയറ്റിനെക്കുറിച്ചുമൊക്കെ ഈ സർവ്വകലാശയുടെ പഠനവിഷയത്തിൽ വരുത്തണമെന്നുപറഞ്ഞത് ആവശ്യമില്ലാത്തതാണ്. കളരിപ്പയറ്റൊക്കെ കലാമണ്ഡലം നടത്തേണ്ട കാര്യമാണ്. ആർക്കിയോളജിയും മ്യൂസിയോളജിയുമൊന്നുമല്ല, ആ തലത്തിലേയ്ക്കല്ല ഈ സർവ്വകലാശാലയെ കൊണ്ടുപോകേണ്ടത്. ഈ സർവ്വകലാശാലയുടെ ആദ്യത്തെ ഒരു കാഴ്ചപ്പാടിൽ നമ്മുടെ സംസ്ഥാനത്തിന്റെ നവോത്ഥാനത്തെക്കുറിച്ച് ഉൾപ്പെടുത്താൻ കഴിയണം. ആ നവോത്ഥാന പ്രക്രിയയിലൂടെ, ആ നവോത്ഥാന കാലഘട്ടത്തിലൂടെയാണ് കേരളത്തിന്റെ ഭാഷയ്ക്ക്, കേരളീയ പൊതുസമൂഹത്തിന്റെ ജീവിതക്രമത്തിന് ഒരു കെട്ടുംമട്ടും ഉണ്ടായത്. നവോത്ഥാന കാലഘട്ടത്തിലൂടെയാണ് നമുക്ക് വിദ്യാഭ്യാസമുണ്ടായത്. 1846-ൽ മാന്നാനത്ത് ചവ

റയിൽ ആദ്യമായി സംസ്കൃത വിദ്യാലയ സ്ഥാപനം കേരളത്തിലുണ്ടായി. 1864-ൽ പള്ളിക്കൊപ്പം പള്ളിക്കൂടം എന്ന ക്രിസ്ത്യൻ മിഷണറിമാരുടെ ഒരു പുതിയ ആശയം വന്നു. അത് നമ്മുടെ ഭാഷയ്ക്കും നമ്മുടെ വിദ്യാഭ്യാസ ത്തിനുമൊക്കെ വളരെ പ്രയോജനപ്പെട്ടു. 1888-ൽ ശിവഗിരിയിൽ ശിവ പ്രതിഷ്ഠ, 1888-ൽ മനോരമ, നസ്രാണി, ദീപിക തുടങ്ങിയ പത്രങ്ങൾ, അതി നുശേഷം ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി വന്ന മാതൃഭൂമി ഉൾപ്പെടെ യുള്ള മാധ്യമങ്ങൾ, അതെല്ലാം നമ്മുടെ ഭാഷയേയും സംസ്കാരത്തേയു മെല്ലാം ക്രമപ്പെടുത്തുന്നതിൽ വളരെയധികം പങ്കുവഹിച്ചിട്ടുണ്ട്. ജനങ്ങളുടെ ചരിത്രം നിർമ്മിച്ച കാലഘട്ടമാണ് നവോത്ഥാനകാലഘട്ടം. എല്ലാ ജാതിമത വിഭാഗം ജനങ്ങളും ഉണർവിലേക്കുവന്നത് ഈ കാലഘട്ടത്തിലാണ്. നമുക്ക റിയാം; എത്രയോ മഹാന്മാർ, ആ മഹാന്മാരുടെ പേരുകളൊക്കെ ഇവിടെ സൂചിപ്പിക്കുന്നത് അവരെക്കുറിച്ചുള്ള പഠനങ്ങൾ, അവരുടെ സംഭവാനകളെ ക്കുറിച്ചുള്ള പഠനങ്ങൾ...... അല്ലാതെ ഒരു യൂണിവേഴ്സിറ്റി എന്നുപറയു മ്പോൾ ആ യൂണിവേഴ്സിറ്റിയിൽ, ഇവിടെ മറ്റ് ചിലർ സൂചിപ്പിച്ചതുപോലെ അതിന്റെ ഭരണപരമായ കാര്യങ്ങളിലുണ്ടാകേണ്ട ഔചിത്യത്തെക്കുറിച്ച് മാത്ര മല്ല, നമ്മുടെ നവോത്ഥാന നായകന്മാരെക്കുറിച്ചുള്ള പഠനവും വേണം. തൈക്കാട്ട് അയ്യാ വൈകുണ്ഠം സ്വാമികൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണ ഗുരുദേവൻ, വാഗ്ഭടാനന്ദൻ, പൊയ്കയിൽ യോഹന്നാൻ, ക്രിസ്ത്യൻ മിഷണറിമാർ, വൈക്കം മൗലവി ഉൾപ്പെടെയുള്ള നവോത്ഥാന നായക ന്മാരെക്കുറിച്ചുള്ള പഠനവും വേണം. മലയാളി മനുഷ്യനായി മാറിയത് സ്വാത ന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ആശയങ്ങൾ പ്രചരിപ്പിച്ചത് ഈ നവോ ത്ഥാന കാലഘട്ടത്തിലാണ്. പിന്നീട് വന്ന കാലഘട്ടമുണ്ട് - കുമാരാനാ

ശാന്റെ കാലഘട്ടം, ഉള്ളൂരിന്റെ കാലഘട്ടം, വള്ളത്തോളിന്റെ കാലഘട്ടം, തകഴി, കേശവദേവ്, ബഷീർ തുടങ്ങിയ സാഹിത്യകാരന്മാരും മഹാന്മാരും - സാഹിത്യത്തിൽ മാത്രം മലയാള സർവ്വകലാശാല ഒതുക്കണം എന്നർത്ഥത്തിൽ ഞാൻ സൂചിപ്പിച്ചതല്ല. ഒരു കാലഘട്ടത്തിലെ നവോത്ഥാന നായകന്മാരും ആ കാലഘട്ടത്തിൽ നമുക്ക് ഭാഷയും വിദ്യാഭ്യാസവുമൊക്കെ പരിചയപ്പെടുത്തിത്തന്ന സംവിധാനങ്ങളും പിന്നീട് വന്ന സാഹിത്യ നായകന്മാരുമൊക്കെ നമ്മുടെ ഭാഷയ്ക്ക് നൽകിയ സംഭവാന, അതാണ് നമ്മുടെ ഭാഷയിൽ നവോത്ഥാനം പാഠ്യവിഷയമാക്കണമെന്ന് ഞാനിവിടെ സൂചിപ്പിച്ചത്. ഇവിടെ ചർച്ചയ്ക്ക് രൂപംകൊടുത്തുകൊണ്ട് ആദ്യം സംസാരിച്ച ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഇതിന്റെ സിൻഡിക്കേറ്റ് രൂപീകരണത്തേയും സെനറ്റ് രൂപീകരണത്തേയും കുറിച്ചാണ്. ഇതിന്റെ സിൻഡിക്കേറ്റും സെനറ്റുമൊക്കെ രൂപീകരിക്കുമ്പോൾ അതൊക്കെ നല്ലനിലയിൽ രൂപീകരിക്കണമെന്ന വാദത്തോടൊക്കെ ഞാൻ പൂർണ്ണമായും യോജിക്കുന്നുവെങ്കിലും മലയാള സർവ്വകലാശാലയെക്കുറിച്ചുള്ള ഈ ചർച്ചയിൽ എനിക്ക് സൂചിപ്പിക്കാനുള്ളത് അതൊന്നും ഒരു ചർച്ചാവിഷയമാക്കി വിവാദങ്ങളുണ്ടാക്കി ഈ നിയമത്തിന്റെ അന്തഃസത്ത കളയരുതെന്നാണ്. കാരണം ഇതെല്ലാം എല്ലാക്കാലത്തുമുണ്ടാകാറുണ്ട്. എന്റെ ബഹുമാന്യ സ്നേഹിതനായ ശ്രീ. എം.എ. ബേബി, വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫിനെ സംസ്കൃത സർവ്വകലാശാലയുടെ വൈസ്ചാൻസലറാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇതെല്ലാം ഒരു പുതുമയല്ല. അന്ന് വൈസ്ചാൻസലറായ ശ്രീ. പ്രസാദ് അദ്ധ്യാപക സംഘടനയുടെ നേതാവായിരുന്നുവെന്ന് വേണമെങ്കിൽ പറയാം. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. പൊളിറ്റിക്കൽ അപ്പോയിന്റ്മെന്റ്സ് പലപ്പോഴും നമ്മുടെ സർവ്വക

ലാശാല സിൻഡിക്കേറ്റിലൂടെ, അക്കാഡമിക് കൗൺസിലിലൂടെ നിലവാരത്തെ തരംതാഴ്ത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞ ആശയത്തോട് ഞാൻ യോജിക്കുന്നു. പക്ഷെ അതെല്ലാം ഒരു സർവ്വകലാശാല രൂപീകരിക്കുമ്പോൾ ആദ്യം തന്നെ വിവാദമാക്കി നിങ്ങൾ ഇങ്ങനെ ചെയ്യാൻ പോകുന്നു, അതുകൊണ്ട് ഈ സർവ്വകലാശാലയ്ക്ക് വലിയ പ്രയോജനമില്ലായെന്ന്....... തുഞ്ചത്ത് എഴുത്തച്ഛന്റെ പേരിൽ, നമ്മുടെയെല്ലാവരുടേയും സ്വപ്നമായ മലയാള സർവ്വകലാശാലയ്ക്ക് രൂപം കൊടുക്കുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളുടെ പരിധി എന്തായിരിക്കണം, അതിന്റെ ലക്ഷ്യങ്ങളെന്തായിരിക്കണം എന്നതിനെക്കുറിച്ചൊക്കെ നമുക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ടാകണം. മുൻ എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഇന്ന് മാതൃഭൂമി പത്രത്തിൽ വന്ന ഒരു ആർട്ടിക്കിളിനെക്കുറിച്ച് പറഞ്ഞു. അദ്ദേഹം അഭിപ്രായപ്പെട്ട കാര്യത്തോട് ഞാൻ യോജിക്കുകയാണ്. കാരണം നമുക്കാവശ്യം മലയാളത്തിനൊരു സർവ്വകലാശാലയല്ല.

ശ്രീ. ജി. സുധാകരൻ : സർ, ഒരു സംശയം. സംസ്കൃത സർവ്വകലാശാല വൈസ്ചാൻസലറായിരുന്ന ശ്രീ. പ്രസാദ്, ശ്രീ. എം.എ. ബേബിയുടെ പേഴ്സണൽ സ്റ്റാഫിൽ ഇല്ലായിരുന്നല്ലോ. അങ്ങ് പറഞ്ഞത് എന്താണെന്ന് എനിക്ക് വ്യക്തമായില്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, എന്റെ അറിവുവച്ച് ഞാൻ പറഞ്ഞതാണ്. ആ കാലഘട്ടത്തിൽ അദ്ദേഹത്തോടൊപ്പം ഒരു സഹമന്ത്രിയായിരുന്ന അങ്ങ് പറഞ്ഞത് ഞാൻ ഒന്നുകൂടി ചെക്ക് ചെയ്യാം. എനിക്ക് കിട്ടിയ അറിവാണ്. ആ അറിവ് തെറ്റാണെങ്കിൽ അത് പിൻവലിക്കണം. രേഖയിൽ നിന്ന് നീക്കം ചെയ്യണം. പക്ഷെ അത് പരിശോധിക്കണം. അന്ന് അങ്ങും മന്ത്രിയായിരുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, ഞാൻ കഴിഞ്ഞ മന്ത്രിസഭയിൽ ഈ ചോദ്യം ചോദിച്ചതാണ്. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം.എ. ബേബി അതിന് മറുപടി പറഞ്ഞിട്ടുണ്ട്. ഒരു വൈസ് ചാൻസലറാകാൻ പാകത്തിലുള്ള ഒരാൾ എന്റെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്നത് അദ്ദേഹത്തിന്റെ മഹത്വവും വലിപ്പവുമാണെന്നാണ് അദ്ദേഹം പറഞ്ഞത്. അത് വേണമെങ്കിൽ അങ്ങേയ്ക്ക് വെരിഫൈ ചെയ്യാം. അങ്ങനെയൊരാൾ അദ്ദേഹത്തിന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായിട്ട് ഉണ്ടായിരുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, എനിക്ക് കിട്ടിയൊരറിവാണ്. ഞാൻ വീണ്ടും പറയുന്നു, അദ്ദേഹത്തൊടൊപ്പം മന്ത്രിയായിരുന്ന......

ശ്രീ. ജി. സുധാകരൻ: ശ്രീ. എം.എ.ബേബിയും ഞാനും ശ്രീ. പ്രസാദും ഒരുമിച്ച് ജയിലിൽ കിടന്നിട്ടുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. ജി. സുധാകരൻ, അദ്ദേഹം ജയിലിൽ കിടന്നിട്ടുണ്ടാകും പക്ഷെ ഇവിടെ സൂചിപ്പിച്ചത് സർവ്വകലാശാലകളുടെ സിൻഡിക്കേറ്റിൽ വൈസ് ചാൻസലർമാരെ നിയമിക്കുമ്പോൾ, പി.വി.സി. മാരെ നിയമിക്കുമ്പോൾ, സിൻഡിക്കേറ്റ് അംഗങ്ങളെ തീരുമാനിക്കുമ്പോൾ ഉണ്ടാകേണ്ട അമിതമായ രാഷ്ട്രീയത്തെക്കുറിച്ചാണ് ബഹുമാന്യനായ ഡോ. കെ.ടി. ജലീൽ സൂചിപ്പിച്ചതെങ്കിൽ, ഞാൻ പറയുന്നു, അത് പുതുമയല്ല, നമ്മുടെ എല്ലാ കാലഘട്ടത്തിലും ഉണ്ടായിട്ടുണ്ട്. ശ്രീ. പ്രസാദിനെക്കുറിച്ച് ഞാൻ വ്യക്തിപരമായി ആക്ഷേപം ഉന്നയിച്ചില്ല. പക്ഷെ ഒരു മന്ത്രി, അദ്ദേഹം വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന അല്ലെങ്കിൽ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരു വ്യക്തിയെതന്നെ വേണമായിരുന്നോ വൈസ് ചാൻസലറാക്കാനെന്ന ഒരു സംശയം ഞാൻ പറഞ്ഞു എന്നേയുള്ളു.

ഡോ. കെ. ടി. ജലീൽ: സർ, കോമ്പിറ്റന്റായിട്ടുള്ള ആളുകളെ നിയമിക്കണം, അതിൽ തെറ്റില്ല. കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ്ചാൻസലറുടെ നിയമനവുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞത് അദ്ദേഹത്തിന്റെ പ്രൊഫൈൽ പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞത് പത്താംക്ലാസ് കഴിഞ്ഞ് പ്രീ-ഡിഗ്രി അദ്ദേഹം പ്രൈവറ്റായി എഴുതി, പിന്നെ ഡിഗ്രി എഴുതിയതിന് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഡിപ്പാർട്ട്മെന്റിൽ നിന്നാണ് അദ്ദേഹം പഠനം നടത്തിയത്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ അദ്ധ്യാപകനെന്ന നിലയിലുള്ള എക്സ്പീരിയൻസും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. നിലവിലുള്ള നിയമമനുസരിച്ച് അതിന് അദ്ദേഹം യോഗ്യനാണ്. പക്ഷെ അങ്ങനെയൊരു എക്സ്പീരിയൻസ് ഇല്ലാതിരുന്നതുകൊണ്ടാണ് പെൺകുട്ടികൾ നടത്തിയ ഒരു സമരത്തിന്റെ സമയത്തുപോലും ആ കുട്ടികളോട് ചർച്ചചെയ്യാനോ ആ കുട്ടികളുടെ അടുത്തുവരാനോ ഉള്ള സന്മനസ്സ് അദ്ദേഹം കാണിക്കാതിരുന്നത്. അത്തരം ഒരു സ്ഥിതി ഈ സർവ്വകലാശാലയ്ക്ക് ഉണ്ടാകാതെ നോക്കണം എന്നാണ് പറഞ്ഞത്.

ശ്രീ. ബെന്നി ബെഹനാൻ: സർ, എല്ലാ വിവാദങ്ങളും മാറ്റിവച്ചുകൊണ്ട്, മലയാള സർവ്വകലാശാലയ്ക്കെങ്കിലും പണ്ഡിതന്മാരുടെയുംമറ്റും ഒരു സദസ്സുണ്ടാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ഇന്നത്തെ നമ്മുടെ സമൂഹം മലയാള ഭാഷയെ അവജ്ഞയോടുകൂടിയാണ് കാണുന്നത്. എന്നുമാത്രമല്ല, മലയാളികളായ നമ്മൾപോലും ഇന്ന് മലയാളം സംസാരിക്കുന്നത് മലയാളത്തിലല്ല. നമ്മുടെ ചാനലുകളിലെല്ലാം വരുന്ന ചില കുട്ടികൾ സംസാരിക്കുന്നത് കേട്ടാൽ ഏത് ഭാഷയാണെന്ന് മനസ്സിലാകുകയില്ല. അതുകൊണ്ട് മലയാള ഭാഷയ്ക്കുവേണ്ടിയൊരു സർവ്വകലാശാലയെക്കുറിച്ച് ആലോചിക്കുമ്പോൾ

ആദ്യം ചിന്തിക്കേണ്ടത് ഈയൊരു സംസ്ക്കാരത്തെ, ഈയൊരു ഭാഷയെ അതിന്റെ എല്ലാ തലത്തിലും അതിന്റെ ഭംഗി.........., മലയാള ഭാഷയുടെ ഭംഗിയെക്കുറിച്ചെല്ലാം എത്രയോ കവികൾ പാടിയിട്ടുണ്ട്. സമയക്കുറവു കാരണം അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇംഗ്ലീഷ് അറിഞ്ഞാൽ മാത്രമേ മലയാളഭാഷ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ എന്നൊരു തോന്നൽ നമുക്കുണ്ട്. കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടുണ്ട്,

ജനിക്കും നിമിഷംതൊട്ടെൻ

മകനിംഗ്ലീഷ് പഠിക്കണം

അതിനാൽ ഭാര്യതൻ പേറ

ങ്ങിംഗ്ലണ്ടിൽ തന്നെയാക്കി ഞാൻ.

ഈയൊരു കാഴ്ച്ചപ്പാടിൽ മാറ്റമുണ്ടാകണം. നമ്മുടെ ചാനലുകളിൽ വരുന്നതാണ് പുതിയ തലമുറ കേട്ടുപഠിക്കുന്നത്. നമ്മുടെ ചാനൽ തുറന്നാൽ.........., ഞാൻ ഒരു ചാനലിനെയും കുറ്റം പറയുന്നതല്ല. മലയാള ഭാഷയുടെ ഭംഗി എന്താണ്? മലയാള ഭാഷയുടെ ഭംഗിയെക്കുറിച്ച് കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടുണ്ട്,

*ആറു മലയാളിക്കു നൂറു മലയാളം*
*അര മലയാളിക്കുമൊരു മലയാളം*

*ഒരു മലയാളിക്കും മലയാളമില്ല* എന്ന തലത്തിലേക്ക് മലയാള ഭാഷയുടെ ശുദ്ധിയെയും സൗന്ദര്യത്തെയും ഭംഗിയെയെല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മൾ ഒരു പുതിയ സർവ്വകലാശാലയെക്കുറിച്ച് ആലോചിക്കുമ്പോൾ...........

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, മലയാള ഭാഷ ഉപയോഗിക്കുന്നതിലുള്ള പ്രശ്നങ്ങളും അതിന്റെ സാധ്യതകളെക്കുറിച്ചുമെല്ലാമാണ് അങ്ങ്

പറയുന്നത്. 1959-ൽ മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചു. പക്ഷെ ഇപ്പോഴും ഗവൺമെന്റിന്റെ ഔദ്യോഗികമായ ആ പ്രഖ്യാപനത്തിന് തരിമ്പും വിലകൊടുക്കാത്ത കോടതികൾ നമ്മുടെ നാട്ടിലുണ്ട്. സംസ്ഥാന സെക്രട്ടേറിയറ്റിലും സർക്കാർ സർവ്വീസുകളിലുമെല്ലാം കുറേയേറെ മാറ്റങ്ങൾ വരുത്തിയെങ്കിൽപ്പോലും ഇന്നും പകുതിയിലേറെ, ഔദ്യോഗിക ഭാഷാ കമ്മിറ്റി പരിശോധിക്കുമ്പോൾ 50% ശതമാനംപോലും മലയാളം ഭാഷ ഉപയോഗിക്കാത്ത ഡിപ്പാർട്ടുമെന്റുകളുണ്ട്. അതിൽ ഏറ്റവും കൂടുതൽ, ഇപ്പോഴും സംസ്ഥാന ഗവൺമെന്റിന്റെ ഔദ്യോഗികഭാഷാ പ്രഖ്യാപനത്തോട് നീതി പുലർത്താത്തത് കോടതികളാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, 1959-ൽ നടത്തിയ പ്രഖ്യാപനം, കേരളത്തിൽ മാറിമാറി വന്ന പല ഭരണകൂടങ്ങൾക്കും ചെയ്യാൻ കഴിയാത്തത് ചെയ്യാനുള്ള പുറപ്പാടിലാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. മലയാള ഭാഷ നമ്മുടെ ഭരണഭാഷയാക്കി, ഗവൺമെന്റ് സർവ്വീസിൽ മലയാള ഭാഷ നിർബന്ധമാക്കി, കോടതിയിലെല്ലാം ഇത് വരണം, മലയാളത്തിന് ശ്രേഷ്ഠപദവി ലഭ്യമാക്കുന്ന കാര്യത്തെപ്പറ്റി നമ്മൾ ആലോചിക്കുന്നു, വിശ്വമലയാള സമ്മേളനം നമ്മൾ നടത്തുന്നു, നമ്മൾ മലയാള സർവ്വകലാശാലയുണ്ടാക്കുന്നു. അടുത്ത നടപടിയായി കോടതി ഭാഷയും മലയാളമാക്കുന്നതിനുവേണ്ടി.....,

ശ്രീ. ഇ. കെ. വിജയൻ: സർ, സ്വാതന്ത്ര്യത്തിനുമുമ്പ് തിരുക്കൊച്ചിയിൽ കീഴ്ക്കോടതിയിലെ ഭാഷ മലയാളമായിരുന്നു. സ്വാതന്ത്ര്യാനന്തരമാണ്

ഈയൊരു മാറ്റം സംഭവിച്ചതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ അതിലേക്ക് വരാം. എന്റെ പ്രസംഗത്തിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്. മെക്കാളെ പ്രഭു ആവിഷ്ക്കരിച്ച വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ദൂഷ്യഫലങ്ങൾ നമുക്കുണ്ട്, ഞാൻ അതിലേക്ക് വരുന്നുണ്ട്. എന്റെ പ്രസംഗത്തിൽ ഞാൻ അതിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.

മി. ചെയർമാൻ: അങ്ങ് 15 മിനിട്ട് എടുത്തു.

ശ്രീ. ബെന്നി ബെഹനാൻ: സർ, അങ്ങയെപ്പോലെയുള്ള ഒരാൾ ഒരു ബില്ലിന്റെ ചർച്ചയിൽ........., അങ്ങും ഒരു ഭാഷാപണ്ഡിതനാണ്. അങ്ങയെപ്പോലെയുള്ള ഒരാൾ ചെയറിൽ ഇരിക്കുമ്പോൾ, മലയാള ഭാഷയെക്കുറിച്ച് ഞാൻ സംസാരിക്കുമ്പോൾ മറ്റുള്ളവർ ഇടപെട്ടാലും അങ്ങ് ഇടപെടരുതെന്ന് വിനയപുരസരം അഭ്യർത്ഥിക്കുകയാണ്. ഞാൻ പറഞ്ഞുവന്നത് മലയാള സർവ്വകലാശാല എന്നത് കേവലം സാഹിത്യം പഠിക്കാനും ഭാഷയെക്കുറിച്ച് പഠിക്കാനും വേണ്ടിയുള്ളതല്ല. ഏതൊരു സർവ്വകലാശാലയേയുംപോലെ മലയാള സർവ്വകലാശാലയേയും അറിവ് തേടുന്നതിനുവേണ്ടിയുള്ള ഒന്നാക്കി മാറ്റുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. അറിവ് ഉൽപ്പാദിപ്പിക്കാൻ കഴിയണം, അറിവ് പ്രസരിപ്പിക്കാൻ കഴിയണം. അവിടെയാണ് സർവ്വകലാശാലയ്ക്ക് വളർച്ചയുണ്ടാകേണ്ടത്. അതിനുവേണ്ടിയുള്ള ഉപരിപഠനങ്ങളുണ്ടാകണം. അറിവ് ലഭിക്കത്തക്ക രീതിയിൽ, ഒരു രാജ്യത്തിന്റെ ഒരു പുനഃസൃഷ്ടിക്കുവേണ്ടി, നമ്മുടെ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയെല്ലാം അനുയോജ്യമായ അറിവിന്റെ അംശം,

ജ്ഞാനത്തിന്റെ അംശം ഉൾക്കൊള്ളാൻകഴിയുന്ന തലത്തിൽ നമ്മുടെ ഭാഷയെയും സംസ്ക്കാരത്തെയും വളർത്തിയെടുക്കാൻ കഴിയുന്ന ഒന്നാക്കി നമുക്ക് ഇതിനെ മാറ്റണം. കൂട്ടത്തിൽ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തണം, ഡിഗ്രികൾ കൊടുക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കണം. ഇതൊന്നും വേണ്ടെന്ന് ഞാൻ പറയുന്നില്ല. ഭാഷ ഉണ്ടായതെങ്ങനെയാണ്; പോച്ചുവഴക്കത്തിലൂടെയാണ് ഭാഷയുണ്ടായത്. ജ്ഞാനം അല്ലെങ്കിൽ അറിവ് അതിലേക്ക് പ്രവേശിച്ചപ്പോഴാണ് അത് ഭാഷയായി രൂപാന്തരപ്പെട്ടത്. അങ്ങനെ അറിവ് ആ പോച്ചുവഴക്കത്തിലേക്ക് പ്രവേശിച്ച് ഭാഷയായി രൂപാന്തരപ്പെട്ടതുമുതൽ.........., ഇന്നത്തെ സ്ഥിതിയെന്താണ്? ഇന്ത്യയിലെ ഇതര ഭാഷകളോട് താരതമ്യപ്പെടുത്തുമ്പോൾ അറിവുള്ള ഭാഷയെന്ന നിലയിൽ, ജ്ഞാന ഭാഷയെന്ന നിലയിൽ മലയാളം വളരെ പിന്നിലാണ്. ഈ യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. നമുക്കിന്ന് മലയാള ഭാഷയിൽ ആകെ രണ്ടുലക്ഷത്തിലധികം വാക്കുകളേയുള്ളൂ. ആധുനിക ലോക വിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പഠനത്തിനപ്പുറം മലയാളത്തിലേക്ക് പ്രവേശിക്കാൻ നമുക്ക് കഴിയാത്തത്, പ്രമുഖ സയൻസുകളിൽപ്പോലും........, നമുക്കറിയാം, സയൻസ് വിഷയങ്ങൾ പത്താം ക്ലാസുവരെയേ മലയാളത്തിലുള്ളൂ. ബി.എസ്.സി.-ക്കെല്ലാം പഠിക്കുന്നുണ്ടെങ്കിലും പാഠപുസ്തകത്തിന് അനുയോജ്യമായ രീതിയിൽ സയൻസിനെ മലയാള ഭാഷയിലേക്ക് കൊണ്ടുവരാൻ നമുക്ക് കഴിയുന്നില്ല. എന്റെ സ്നേഹിതൻ ശ്രീ. ഇ. കെ. വിജയൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, മെക്കാളെ പ്രഭുവിന്റെ വിദ്യാഭ്യാസ രീതിക്ക് ആമുഖമെഴുതിയപ്പോൾ അദ്ദേഹം പറഞ്ഞു, ഇന്ത്യക്ക് ശാസ്ത്രമില്ല, തത്വശാസ്ത്രമില്ല, ചരിത്രമില്ല, മതമില്ല, സാഹിത്യവും കലയുമില്ല. അങ്ങനെ ഒരു ആധുനിക ലോകത്തിനുവേണ്ട ഒന്നുമില്ലാത്ത ഒരു

രാജ്യമാണ് ഇന്ത്യ. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ അവർക്ക് എല്ലാം ലഭിക്കണം. അങ്ങനെ കിട്ടിക്കഴിഞ്ഞാൽ അവർ ഭേദപ്പെട്ടുപോകും എന്നു പറയുന്നതാണ് അന്നത്തെ കാഴ്ചപ്പാട്. ആ കാഴ്ച്ചപ്പാടിൽ നിന്നും പൂർണ്ണ മായി മാറാൻ പറ്റുന്ന മാനസികാവസ്ഥ മലയാളിക്കുപോലും ആർജ്ജിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് മലയാളിക്ക് പറ്റുന്ന ഏറ്റവും വലിയ കുഴപ്പം. നമ്മൾ ഇപ്പോഴും അതിന്റെ അനുകരണത്തിലൂടെ നടക്കുകയാണ്. അതിൽ നിന്നുംമാറണം. നമുക്ക് ഇതിൽനിന്നും മാറി നമ്മുടെ സയൻസിനെ....., ഇന്നത്തെ ഏറ്റവും വലിയ ഇൻഡസ്ട്രി എന്നുപറയുന്നത് നോളജ് ഇൻഡസ്ട്രിയാണ്. നോളജ് ഇൻഡസ്ട്രിയെന്നുപറയുന്ന ചരക്ക് വിറ്റാണ് ഇന്ന് ഏറ്റവും കൂടുതൽ ലോകരാഷ്ട്രങ്ങളും ഇവിടത്തെ കോർപ്പറേറ്റ് മാനേജ്മെന്റുമെല്ലാം പണമുണ്ടാക്കുന്നത്. നോളജ് ഇൻഡസ്ട്രിയെന്നു പറയുന്ന ആ ഒരു വിപുലമായ മേഖലയിലേക്ക് നമുക്ക് കടന്നു പോകണമെങ്കിൽ മലയാളത്തിൽ ഇന്നത്തെ ആധുനിക ശാസ്ത്ര-സാങ്കേതിക സയൻസ് ടെക്നോളജിയെക്കുറിച്ചുള്ള പരിഭാഷയുണ്ടാകണം. അതിനു വേണ്ടി നമ്മുടെ ഭാഷാഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തണം. ഇന്ന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം പോരാ എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഭാഷാഇൻസ്റ്റിറ്റ്യൂട്ടാണ് അത്തരം ട്രാൻസലേഷനുകൾ നടത്തുന്നത്. പക്ഷെ, അതിന് അനുയോജ്യമായ തരത്തിൽ മലയാളത്തിൽ നമുക്ക്......, മലയാള ത്തിൽ പറയാനും എഴുതാനും കഴിയുമെന്ന്.............., നമ്മുടെ പ്രൊഫസർമാ രുടെ സ്ഥിതിയെന്താണ്? നമ്മുടെ കോളേജുകളിൽ പഠിപ്പിക്കുന്ന പ്രൊഫസർമാർപോലും, സയൻസ് പഠിപ്പിക്കുന്ന അദ്ധ്യാപകർപോലും മലയാളത്തിൽ അതിനുപറ്റുന്ന - തത്തുല്യമായ വാക്കുകൾ എഴുതി ച്ചേർത്താൽ സയൻസ് പൂർത്തീകരിക്കാൻ കഴിയുകയില്ല എന്നാണ്

പറയുന്നത്. ഇതെല്ലാം തെറ്റായ കാഴ്ച്ചപ്പാടാണ്. ഇംഗ്ലീഷ് ഭാഷയുണ്ടെങ്കിൽ മാത്രമാണോ സയൻസ് വളരുന്നത്? ജപ്പാന്റെ ശാസ്ത്രം വളർന്നില്ലേ; ഇംഗ്ലീഷ് ഭാഷയെന്ന സൂതികർമ്മിണി സമീപത്തില്ലാത്തതുകൊണ്ട് ജപ്പാന്റെ ശാസ്ത്രം ചാപിള്ളയെ പ്രസവിച്ചിട്ടില്ല. ഇംഗ്ലീഷ് ഭാഷയെന്ന സൂതികർമ്മിണി സമീപത്തില്ലാത്തതുകൊണ്ട് ചൈനയുടെ ശാസ്ത്രം ചാപിള്ളയെ പ്രസവിച്ചി ട്ടില്ല. ഞങ്ങൾ ഈ അടുത്ത കാലത്ത് ചൈനയിൽ പോയതാണ്. അവിടെ യെല്ലാം അവരുടേതായ മാതൃഭാഷയിൽ അവരുടെ സയൻസ് ആന്റ് ടെക്നോളജി വളർത്തിയെടുക്കാൻ കഴിയുന്നു. അപ്പോൾ ഇതിനെന്താണ് വേണ്ടത്? മലയാള ഭാഷയ്ക്ക് അനുയോജ്യമായ തരത്തിലുള്ള പദപ്രയോഗ ങ്ങൾ നമുക്കുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നമുക്കറിയാം, മലയാള ഭാഷയിലെ ഏറ്റവും ശക്തമായ ഗദ്യം സത്യവേദ പുസ്തകമാണ്. അന്ന് വിദേശ മലയാളി കൾ ചെയ്തതെന്താണ്? ബൈബിൾ പഠിച്ച് ആത്മീയ പാരമ്പര്യം മലയാള ത്തിൽ അവതരിപ്പിക്കുന്നതിനുവേണ്ടി അവർപോലും അന്ന് ശ്രമിച്ചു. ഏത് ഭാഷയിലെയും വാക്ക് മലയാളത്തിൽ വിവർത്തനം ചെയ്തത് ആ പുസ്തക ത്തിലുണ്ട്. ഉദാഹരണം ഞാൻ പറയാം, ഇന്ന് ക്രിസ്തീയ സഭയിൽ ഏറ്റവും കൂടുതൽ കേൾക്കുന്ന വെള്ളിക്കാസ എന്നുപറയുന്നതിന് സിൽവർ ചാലീസ് എന്നായിരുന്നു വേദപുസ്തകത്തിൽ എഴുതിവച്ചിരുന്നത്. പക്ഷെ അന്ന് നമ്മൾ അതിന് ട്രാൻസലേഷൻ കണ്ടെത്തി.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇവിടെ മലയാള ഭാഷയെ സംബന്ധിച്ച് പറഞ്ഞപ്പോൾ..........., ചൈനയെക്കുറിച്ച് പറഞ്ഞു. ചൈനയാ യാലും നേരത്തേയുണ്ടായിരുന്ന erstwhile സോവിയറ്റ് യൂണിയനായാലും അവിടത്തെ പ്രധാനമന്ത്രിമാരും പ്രസിഡന്റുമാരും ഭരണാധികാരികളുമെല്ലാം

വേറെ ഏത് രാജ്യത്തുപോകുമ്പോഴും അവരുടെ ഭാഷ മാത്രമേ സംസാരിക്കാറുള്ളൂ. അവർക്ക് ഇംഗ്ലീഷ് അറിയാമെങ്കിലും ഇംഗ്ലീഷ് പറയുകയില്ല. നാട്ടിൽപ്പോയാലും അവരുടെ ഭാഷ മാത്രമേ സംസാരിക്കാറുള്ളൂ. അത് പരിഭാഷപ്പെടുത്താൻ വേറൊരാളെ കൊണ്ടുനടക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള മാതൃഭാഷാ സ്നേഹമെല്ലാം അവിടെ നിലവിലുണ്ട്. അതുപോലെതന്നെ ഇവിടെ ബഹുമാനപ്പെട്ട കെ. ടി. ജലീൽ കോഴിക്കോട് സർവ്വകലാശാലാ വൈസ്ചാൻസലർ ഡോ. അബ്ദുൾ സലാം ആർട്സ് ആന്റ് സയൻസ് കോളേജിൽ പഠിച്ചിട്ടില്ലാത്തതിനാൽ അദ്ദേഹത്തിന് എന്തോ ഒരു അയോഗ്യതയുള്ളതുപോലെ പറഞ്ഞു. അദ്ദേഹം പ്ലസ്ടു കഴിഞ്ഞശേഷം അഗ്രിക്കൾച്ചറൽ ബി.എസ്.സി.-ക്ക് ചേർന്നു, അവിടെ പഠിച്ചു. അതുകഴിഞ്ഞ് അതിന്റെ പോസ്റ്റ് ഗ്രാജുവേഷൻ കഴിഞ്ഞ് അഗ്രിക്കൾച്ചറൽ കോളേജിൽത്തന്നെ പ്രൊഫസറായി സേവനം അനുഷ്ഠിച്ചു. അപ്പോൾ അദ്ധ്യാപകവൃത്തി ചെയ്തിട്ടുണ്ട്, പ്രൊഫഷണൽ കോളേജിൽ പഠിച്ചിട്ടുണ്ട്. അതിൽനിന്നും ഈ ആർട്സ് ആന്റ് സയൻസ് കോളേജിൽ പഠിക്കാത്തതിന്റെ വ്യത്യാസം എന്താണെന്ന് അങ്ങ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: ബഹുമാനപ്പെട്ട ശ്രീ. കെ.എൻ.എ ഖാദർ പറഞ്ഞതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. പല വിദേശ രാജ്യത്തലവൻമാരും ഇന്ത്യയിൽവരുമ്പോൾ അല്ലെങ്കിൽ ഇന്ത്യയിലുള്ള പലയാളുകളും പുറത്ത് പോകുമ്പോൾ സ്വന്തം മാതൃഭാഷ സംസാരിക്കുകയും അതിന് ഇന്റർപെർട്ടറെ വയ്ക്കുകയും ചെയ്യുന്നു. അതിന് കാരണം സ്വന്തം ഭാഷയിൽ ആശയവിനിമയം നടത്താത്തവർക്ക് മറ്റേതെങ്കിലുമൊരു ഭാഷയിൽ ആത്മവിശ്വാസത്തോടുകൂടി ആശയ വിനിമയം നടത്താൻ കഴിയില്ല എന്ന സത്യമാണ്. സ്വന്തം ഭാഷയല്ലാതെ മറ്റേതൊരു ഭാഷ ഉപയോ

ഗിച്ചാലും അപകർഷതാബോധം ഉണ്ടാകും. സായിപ്പിന്റെ മുന്നിൽചെന്ന് ഇംഗ്ലീഷ് പറയുമ്പോൾ ഏത് ഐ.എ.എസ്സുകാരനും ഏത് ഇംഗ്ലീഷ് ലിറ്ററേച്ചർ പഠിച്ചയാളിനും അപകർഷതാബോധം ഉണ്ടാകും. ഞാൻ പഠിച്ചവരെ കുറ്റ പ്പെടുത്തുന്നതല്ല. സ്വന്തം ഭാഷയിൽ ആശയമവിനിമയം നടത്താൻ കഴിയുന്ന തലത്തിലേക്ക് വ്യക്തികളുടെ ആത്മവിശ്വാസം വളർത്തുകയെന്നതാണ് പുരോഗതി പ്രാപിക്കേണ്ട ഒരു സമൂഹത്തിന് അത്യാവശ്യമായി വേണ്ടത്. നമ്മൾ വിദേശ രാജ്യങ്ങളിൽ പോകുമ്പോൾ അവിടുത്തെയാളുകൾ അവരുടെ ഭാഷയിൽ സംസാരിക്കുന്നത് ഇംഗ്ലീഷ് അറിയാത്തതുകൊണ്ടല്ല. യൂറോപ്പിൽ മുഴുവനും ഇംഗ്ലീഷ് മാത്രമല്ല സംസാരിക്കുന്നത്. ഫ്രഞ്ചുകാരൻ ഫ്രഞ്ച് ഭാഷയിലും ജർമ്മനിക്കാരൻ ജർമ്മൻ ഭാഷയിലും സംസാരിക്കുന്നു. യൂറോപ്പിൽ, ഇംഗ്ലണ്ടിൽ അല്ലെങ്കിൽ അതിന് തൊട്ടടുത്ത രാജ്യങ്ങളിൽ മാത്രമേയുള്ളൂ ഇംഗ്ലീഷ് സംസാരിക്കുന്നത്. മറ്റ് രാജ്യങ്ങളിൽ അവർ അവരവ രുടെ ഭാഷയിൽ സംസാരിക്കുന്നതിന് കാരണം അവർക്ക് ഇംഗ്ലീഷ് സംസാരി ക്കുന്നതിനുള്ള സാങ്കേതികമായ സാഹചര്യങ്ങൾ ഇല്ലാത്തതുകൊണ്ടോ അവന് അറിവ് കുറവുള്ളതുകൊണ്ടോ അവന് ബുദ്ധിയില്ലാത്തതുകൊണ്ടോ അല്ല. സ്വന്തം ഭാഷയിൽ ആശയ വിനിമയം നടത്തുന്ന ആത്മവിശ്വാസ ത്തിന്റെ അടിസ്ഥാനത്തിൽ അത് പറയാൻ കഴിയണമെന്നുള്ളതുകൊണ്ടാണ്. ഇന്ന് ലോകം മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ഏറ്റവും പ്രാധാന്യം അർഹി ക്കുന്നത് ഞാൻ നേരത്തെ പറഞ്ഞതുപോലെ നോളജ് ടെക്നോളജിയാണ്. ആ നോളജ് ടെക്നോളജിയാണ് ഇന്ന് കോർപ്പറേറ്റ് മാനേജ്മെന്റ് അവരുടെ വ്യവസായ ലാഭത്തിനുവേണ്ടി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. മൊത്തം വ്യാവസായിക ലാഭത്തിന്റെ അഞ്ചിൽ നാല് ഭാഗവും ഇന്ന് സമാഹരിക്കുന്നത് ജ്ഞാനം എന്നതിനെ ചരക്കാക്കി മാറ്റിക്കൊണ്ടാണ്.

ടെക്നോളജിയിലും സയൻസിലുമുള്ള ക്രിയേറ്റിവിറ്റി ഇന്നവർ വിലയ്ക്ക് വാങ്ങുകയും പിടിച്ചുവാങ്ങുകയും ചെയ്യുന്നു. അതുകൊണ്ട് ഇത് ചൂഷണം ചെയ്യുന്നതുവഴി കമ്പോളത്തിൽ പുതിയ ഉത്പന്നങ്ങളിറക്കുന്നു. കേരളത്തിന് ഒരു വലിയ സസ്യസമ്പത്തുണ്ട്. നമ്മുടെ പല സസ്യങ്ങളുടെയും, കുറുന്തോട്ടിപോലെയുള്ള ഒറ്റമൂലികളുടെയും പേറ്റന്റ് വിദേശരാജ്യങ്ങൾ കൊണ്ടുപോവുകയാണ്. അതിനെപ്പറ്റി പഠിക്കണമെങ്കിൽ, അതിനെക്കുറിച്ചുള്ള സാങ്കേതികമായ അറിവ് ഉണ്ടാക്കണമെങ്കിൽ അതിന് സാധിക്കുന്നരീതിയിൽ നമ്മുടെ ഭാഷയെ നമുക്ക് വളർത്തിയെടുക്കാൻ കഴിയണം. അതല്ലെങ്കിൽ നമുക്ക് പുറകോട്ട് പോകേണ്ടിവരും. മലയാള സർവ്വകലാശാല ആദ്യം ചെയ്യേണ്ടത് മലയാളത്തെ ജ്ഞാനഭാഷയാക്കി ശക്തിപ്പെടുത്തുകയെന്നതാണ്. നാനാമേഖലകളിൽ കേരളത്തിന്റെ പരമ്പരാഗത ജ്ഞാനമുണ്ട്, അതി വിശിഷ്ടമാണ് ആ പരമ്പരാഗത ജ്ഞാനം. അവയിന്ന് നമുക്ക് ശാസ്ത്ര രൂപത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. അനേകം സസ്യജാലങ്ങളുണ്ട്, അവയുടെ ഔഷധഗുണങ്ങൾ നമുക്കറിയാം. പക്ഷെ അതിന്റെ തൻമാത്രാ ജൈവശാസ്ത്രമോ ജൈവരസതന്ത്രമോ നമുക്കറിയില്ല. അതറിഞ്ഞാലേ പുതിയ ഔഷധ നിർമ്മാണത്തിന് സാധ്യമാവുകയുള്ളൂ. അതിന് ബയോകെമിസ്ട്രിയും മോളിക്യുലാർ ബയോളജിയും മനസ്സിലാക്കത്തക്കരീതിയിൽ നമ്മുടെ ബൗദ്ധികസമ്പത്ത് നമ്മൾ വർദ്ധിപ്പിക്കണം. ആ ബൗദ്ധികസമ്പത്ത് വിറ്റ് കാശാക്കുന്നതാണ് ഇന്നത്തെ സമൂഹത്തിൽ കാണുന്നത്. യൂറോപ്പിൽ നൂറോളം പേറ്റന്റ് അവകാശികളുണ്ട്. ഇതിൽ പലതിന്റെയും ബൗദ്ധിക സമ്പത്ത് അവർ വളർത്തിയെടുത്തിരിക്കുന്നത് നമ്മുടെ സസ്യങ്ങളെ അവർ പ്രയോജനപ്പെടുത്തിക്കൊണ്ടാണ്.

മി. ചെയർമാൻ: 25 മിനിട്ടായി. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ അവസാനിപ്പിക്കുകയാണ്. ഇപ്പോൾ കമ്പ്യൂട്ടർയുഗമാണ്. സൂപ്പർ കമ്പ്യൂട്ടറുകളുണ്ട്, അതിന്റെ സോഫ്റ്റ് വെയർ, അത് വിനിമയം ചെയ്യാനുള്ള ജ്ഞാനഭാഷ മലയാളത്തിലുണ്ടാകണം. അടുത്ത കാലത്ത് ഞങ്ങൾ ചൈനയിൽപോയി, അവിടുത്തെ ഐ.ടി മേഖല കണ്ടു. ലോകത്തെ വൻകിട ഐ.ടി. മേഖലകളെ, ആപ്പിളിനെപ്പോലും പിന്തള്ളിക്കൊണ്ട് ചൈനയിൽ വളർന്നുവരുന്ന ഇലക്ട്രോണിക്ക് കമ്പനികളെ അങ്ങും ഞാനും കണ്ടു. അവിടെ ഒരാൾപോലും ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നില്ല. കമ്പ്യൂട്ടർവത്ക്കരണം ഉൾപ്പെടെ മനുഷ്യന് ഇന്ന് പ്രയോജനപ്പെടുത്തേണ്ട അവന്റെ ആശയങ്ങളെ സ്വന്തം ഭാഷയിൽ രൂപപ്പെടുത്താൻ കഴിയുന്ന തരത്തിലായിരിക്കണം ഇവിടെ യൂണിവേഴ്സിറ്റികളെ വളർത്തേണ്ടത്. അതല്ലാതെ യൂണിവേഴ്സിറ്റി എന്നുപറയുന്നത്......

ശ്രീ. വി. റ്റി. ബൽറാം: അങ്ങ് ഈ സാങ്കേതിക വിദ്യയെക്കുറിച്ച് പറഞ്ഞപ്പോൾ യൂണിവേഴ്സിറ്റിയുടെ പവേഴ്സ് ആന്റ് ഫങ്ഷൻസിൽ പ്രധാനമായും മലയാളം സ്ക്രിപ്റ്റ് കമ്പ്യൂട്ടർ യൂസിന് അഡാപ്റ്റബിളാക്കുകയെന്നത് ഇതിന്റെ ഒരു മാൻഡേറ്ററായി പറയുകയാണ്. മലയാള ഭാഷയുടെ നാശത്തിന് വഴിതെളിച്ച കാരണങ്ങളിൽ ഒന്ന്, മുമ്പ് നമ്മൾ നടത്തിയ ലിപി പരിഷ്ക്കരണമാണ് എന്നുള്ള വിലയിരുത്തലുണ്ടായിട്ടുണ്ട്. ലിപി കമ്പ്യൂട്ടറിനനുസരിച്ച് പരിഷ്ക്കരിക്കുക എന്ന തലതിരിഞ്ഞ സമീപനത്തിന് വ്യത്യസ്തമായി പുതിയ സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തി ഭാഷയുടെ സൗന്ദര്യം വീണ്ടെടുക്കുന്ന തരത്തിലാവണം പുതിയകാലത്തെ കൊണ്ടുപോകേണ്ടത്. അല്ലാതെ മെഷീനുവേണ്ടി ഭാഷയെ പരിഷ്ക്കരിക്കുകയല്ല വേണ്ടത്.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ മെഷീനുവേണ്ടി ഭാഷയെ പരിഷ്ക്കരിക്കുന്ന അർത്ഥത്തിലല്ല പറഞ്ഞത്. ഞാൻ പറഞ്ഞത് ഇന്നൊരു ആധുനിക

ഇലക്ട്രോണിക് ഭാഷയുണ്ട്. ആ ഭാഷയെ ചൈനയിൽ അവർ അവരുടെ ഭാഷയിലാക്കിയിരിക്കുകയാണ്. നമ്മൾ ഇവിടെ ഇംഗ്ലീഷിലാണ് ഇലക്ട്രോണിക് ഭാഷ കൈകാര്യം ചെയ്യുന്നത്. അത് മാറ്റി, നമ്മുടെ മാതൃ ഭാഷയിലാക്കിയാൽ മാത്രമേ ഇന്ന് ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായിരിക്കുന്ന, കമ്പ്യൂട്ടർ രംഗത്തുണ്ടായിരിക്കുന്ന, മെഡിക്കൽ സയൻസിലുണ്ടായിരിക്കുന്ന, അതുപോലെ മറ്റ് ശാസ്ത്ര രംഗത്തുണ്ടായിരിക്കുന്ന അറിവ് നമുക്ക് മന:പാഠമാക്കണമെങ്കിൽ, ഗ്രഹിക്കണമെങ്കിൽ സ്വാഭാവികമായി അതിനുവേണ്ടി ശ്രമം നടത്തണം. അത്തരം കാര്യങ്ങൾ ഈ യൂണിവേഴ്സിറ്റി യിൽ നമുക്ക് വളർത്തിയെടുക്കാൻ കഴിയണം. അതല്ലാതെ ആർക്കിയോളജി യെക്കുറിച്ചോ, മ്യൂസിയോളജിയെക്കുറിച്ചോ പഠിപ്പിക്കുന്ന ഒരു സർവകലാശാ ലയാക്കി വളർത്തുകയല്ല വേണ്ടത്.

<u>ശ്രീ. വി. റ്റി. ബൽറാം</u>: ഇംഗ്ലീഷിൽ പറയുന്നത് ട്രഡീഷണൽ ആർക്കിടെക്ച്ചറിനെ പ്രൊമോട്ട് ചെയ്യണമെന്നാണ്. എന്നാൽ അതിന്റെ മലയാള പരിഭാഷയിൽ വരുന്നത് പാരമ്പര്യ വാസ്തുവിദ്യയെ പ്രൊമോട്ട് ചെയ്യണമെന്നാണ്. ആ തർജ്ജമയിൽ ഒരു വലിയ അപകടം ഒളിഞ്ഞിരിപ്പുണ്ട്. പാരമ്പര്യ നിർമ്മാണ രീതികളെ പ്രോത്സാഹിപ്പിക്കുകയെന്നുപറയുന്നത് ശാസ്ത്രീയമായ കാഴ്ച്ചപ്പാടും വാസ്തുവിദ്യപോലുള്ള അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്നുപറയുന്നത് നമ്മുടെ പൊതുസമീപനത്തിൽ നിന്ന് വിരുദ്ധമായിട്ടുള്ള ആശയമായി താങ്കൾക്ക് തോന്നിയിട്ടില്ലേ?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: വാസ്തുവിദ്യ അന്ധവിശ്വാസമാണെന്ന അഭിപ്രായം താങ്കളെപ്പോലെ എനിക്കില്ല. അതിന് ശാസ്ത്രീയ വശങ്ങളുണ്ട്. അത് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. പലതും അന്ധവിശ്വാസമാ ണെന്നുപറഞ്ഞ് തള്ളിക്കളഞ്ഞവർപോലും ഇന്ന് അതിൽ അഭിമാനം

കൊള്ളുന്നു. എത്രയോ മന്ത്രിമാരുടെ അനുഭവങ്ങളുണ്ട്. പലരും മൻമോഹൻ മന്ദിരം ഉപേക്ഷിച്ചതും ഈ വാസ്തുവിന്റെ അടിസ്ഥാനത്തിലാണ്. ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലുള്ള ധീരരായ ആളുകൾ ഒരു വാസ്തുവിദ്യയും നോക്കാതെ ധൈര്യമായി അവിടെ താമസിക്കുന്നു. അത് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ കാര്യം. ശ്രീ. ആര്യാടൻ മുഹമ്മദിന് പല മുൻഗാമികളുമുണ്ടായിരുന്നു, മൻമോഹൻ മന്ദിരം റിനവേഷൻ നടത്തിയിട്ടും പല ആളുകളും അവിടെ നിന്ന് മാറിയതും അവിടെ പുതിയ ഡോറും വഴിയും വച്ചതും മറ്റും വാസ്തുവിദ്യയുടെ ആളുകൾ കൊടുത്ത ഉപദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.

ഡോ. കെ. ടി. ജലീൽ: അതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.യും വിദ്യുച്ഛക്തി വകുപ്പും ഇങ്ങനെ മോശമാകുന്നതെന്നൊരു സംസാരം അപ്പുറത്ത് വേറെയും നിലനിൽക്കുന്നുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഇതിൽ വിശ്വാസമില്ലാത്തതുകൊണ്ട് പറയുന്നതാണ്. ഞാൻ ശ്രീ. വി. ടി. ബൽറാം പറഞ്ഞ ഒരു അഭിപ്രായത്തോട് മാത്രം വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് മറ്റുകാര്യങ്ങളിൽ യോജിക്കുകയാണ്. ഈ ഉന്നതമായ സർവ്വകലാശാലയിൽ നമുക്ക് വാസ്തുവിനെക്കുറിച്ചും മറ്റുമൊക്കെ പഠിക്കാൻ....., അതൊന്നും അതിന്റെ പരിധിയിൽ വരുന്നില്ല, അത് പഠിക്കാൻ വേറെ എത്രയോ സ്ഥലങ്ങളുണ്ട്. പണ്ട് നമ്മുടെ നാട്ടിൽ എഞ്ചിനീയറിംഗിന് ആകെ 4 വിഭാഗങ്ങളേ ഉണ്ടായിരുന്നുള്ളൂ- സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കെമിക്കൽ എഞ്ചിനീയറിംഗ്. ഇന്ന് അതൊക്കെ മാറി, 120-ഓളം വിഭാഗങ്ങളുണ്ട്, അവസാനം എയ്റോസ്പേസിൽ വന്ന് നിൽക്കുകയാണ്. അതുപോലെ മലയാള സർവ്വകലാശാലയുടെ പരിധിയിൽ

കൊണ്ടുവന്ന് ആർക്കിയോളജിയെക്കുറിച്ചും ആർക്കിടെക്ടിനെക്കുറിച്ചും പഠിക്കണമെന്ന അഭിപ്രായമില്ല. അതൊക്ക എഞ്ചിനീയറിംഗ് വിഭാഗത്തിൽ കൊടുക്കാം. നമ്മുടെ മലയാള ഭാഷയ്ക്ക് അതിന്റേതായ ശൈലിയുണ്ട്. അങ്ങേയ്ക്കറിയാം, അങ്ങ് എത്രയോ പാട്ട് പാടിയിട്ടുണ്ട്. ഞാൻ അങ്ങേയ്ക്ക് വേണ്ടിയും എനിക്കുവേണ്ടിയും മലയാള ഭാഷയുടെ കാവ്യഭംഗിയെക്കുറിച്ച് മഹാകവി ചങ്ങമ്പുഴ കാവ്യനർത്തകി എന്നു പറയുന്ന കവിതയിൽ പറഞ്ഞിരിക്കുന്ന ഏതാനും കവിത ചൊല്ലി ഞാൻ അവസാനിപ്പിക്കാം.

*"കനകച്ചിലങ്ക കിലുങ്ങിക്കിലുങ്ങി*
*കാഞ്ചനകാന്തി കുലുങ്ങിക്കുലുങ്ങി*
*കടമിഴിക്കോണുകളിൽ സ്വപ്നം മയങ്ങി*
*കതിരുതിർ പൂപ്പുഞ്ചിരി ചെഞ്ചുണ്ടിൽത്തങ്ങി*
*ഒഴുകുമുടയാടയിൽ അലയൊലികൾ ചിന്നി*
*അഴകൊരുടലാർന്നപോലങ്ങനെ മിന്നി*
*മതിമോഹനശുഭനർത്തനമാടുന്നീ മഹിതേ*
*മമ മുന്നിൽ നിന്നു നീ മലയാള കവിതേ."*

ആ കവിതയിൽ ഉൾക്കൊള്ളുന്ന നമ്മുടെ മലയാള ഭാഷയുടെ ഭംഗി, അതിന്റെ ഉള്ളടക്കം, വ്യാപ്തി ഇതെല്ലാം ആവാഹിച്ചെടുത്ത് നമ്മുടെ പുതിയ തലമുറയ്ക്ക് മലയാളഭാഷയെക്കുറിച്ച് ആത്മാഭിമാനം ഉണ്ടാകത്തക്കരീതിയിൽ, ശുദ്ധമായ മലയാളഭാഷ പ്രയോഗിക്കാൻ കഴിയുന്ന രീതിയിൽ; അവന്റെ നാവുകളെ വളയ്ക്കത്തക്ക രീതിയിൽ; ലോകത്ത് വൈജ്ഞാനികരംഗത്തുണ്ടായിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾ മലയാള ഭാഷയിൽ ഉൾപ്പെടുത്തി മലയാളഭാഷയ്ക്ക് തത്തുല്യമായ പദങ്ങളുണ്ടാക്കിയും മലയാള ഭാഷയെ വളർത്തുന്നതിനും നവോത്ഥാന നായകന്മാർ സമൂഹത്തിന്

നൽകിയ ഉന്നതമായ സംഭാവനകളെക്കുറിച്ച് വരുന്ന തലമുറയ്ക്ക് അറിവ് പകർന്നുകൊടുക്കുന്നതിനുവേണ്ടിയുള്ള ഗവേഷണം നടത്താനും നമ്മുടെ മലയാള സർവ്വകലാശാലയ്ക്ക് സാധിക്കണം. അതല്ലെങ്കിൽ ഇതിനെക്കുറിച്ചൊന്നും ആരും അറിയുകയില്ല. നമ്മുടെ ചെറുപ്പകാലത്ത് ആശാൻ ആരാണെന്ന് ചോദിച്ചാൽ, നമ്മൾ ആദ്യം പറയുന്നത് കുമാരനാശാനെന്നാണ്. ഇപ്പോൾ ആശാനാരാണെന്ന് ചോദിച്ചാൽ ആശാനെ അറിയാത്ത ആളുകൾ, വള്ളത്തോളിനെ അറിയാത്ത ആളുകൾ, എഴുത്തച്ഛനെ അറിയാത്ത ആളുകളുണ്ട്. നമ്മുടെ പൂർവ്വപിതാക്കന്മാർ നമ്മുടെ മലയാളഭാഷയ്ക്ക് വേണ്ടി....

<u>ശ്രീ. ടി. വി. രാജേഷ്</u>: സർ, മലയാളഭാഷയുടെ കാര്യത്തിൽ നമുക്കാർക്കും വ്യത്യസ്ത അഭിപ്രായമില്ല. എന്നാൽ കേരളത്തിലെ ഒരു സി.ബി.എസ്.ഇ. സ്ക്കൂളുമായി ബന്ധപ്പെട്ട കേസ്സിൽ, കേരളത്തിലെ സി.ബി.എസ്.ഇ. സ്കൂളുകളിൽ മലയാളം പഠിക്കാതെയും സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കാൻ കഴിയുമെന്ന ദൗർഭാഗ്യകരമായ ഒരു ഹൈക്കോടതി വിധി വന്നിരിക്കുകയാണ്. ആ വിധിക്കെതിരായി ഇതുവരെ അപ്പീൽ പോകാൻ കേരളത്തിലെ ഗവൺമെന്റ് തയ്യാറായിട്ടില്ല. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, സി.ബി.എസ്.ഇ. സിലബസ്സിലല്ല, ഏത് സിലബസ്സിലും മലയാളം ഭാഷ പഠിപ്പിക്കാൻ പാടില്ല എന്ന് ആരെങ്കിലും നിയമമുണ്ടാക്കിയിട്ടുണ്ടെങ്കിൽ, ഏതു കോടതിയിൽപ്പോയാലും അതിനെ ചോദ്യം ചെയ്യണം, അത് മാറ്റണം. ഈ ഗവൺമെന്റ് അത് ചെയ്യുമെന്നതിന് ഏറ്റവും വലിയ തെളിവാണ് സ്ക്കൂളുകളിൽ മലയാളം നിർബന്ധമാക്കിയിരിക്കുന്നത്. ഇവിടെ സി.ബി.എസ്.ഇ. സിലബസിൽ ഏതെങ്കിലും കുട്ടികൾ മല

യാളം പഠിക്കേണ്ട, ഇംഗ്ലീഷ് പഠിച്ചാൽ മതിയെന്ന് പറഞ്ഞാൽ, കയ്യുംകെട്ടി നോക്കി നിൽക്കാൻ ഗവൺമെന്റിന് കഴിയില്ല. അതിനെതിരെ ശക്തമായ നട പടിയുണ്ടാകും. നമ്മളൊക്കെ ആഗ്രഹിക്കുന്ന, തുഞ്ചത്ത് എഴുത്തച്ഛന്റെ പേരിൽ തുടങ്ങാൻ പോകുന്ന ഈ മലയാളം സർവ്വകലാശാല മലയാള ഭാഷയ്ക്കും മലയാള സംസ്ക്കാരത്തിനും നമ്മുടെ അറിവിന്റെ ലോകത്തിനും ഒരു പുതിയ അദ്ധ്യായമായി മാറട്ടെ, അതിനുള്ള വാതിൽ തുറക്കപ്പെടട്ടെ എന്ന് ആശംസിച്ചുകൊണ്ട്, എന്റെ ഭേദഗതി ഒരിക്കൽ കൂടി അവതരിപ്പിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-04-2013-വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. ജനങ്ങൾക്ക് ഇടപെടാനുള്ള സ്വപ്നമാണ് സാക്ഷാത്ക്കരി ക്കാൻ പോകുന്നത്. അതുകൊണ്ടുതന്നെ ഭരണഭാഷയും കോടതിഭാഷയും മാതൃഭാഷയാക്കണം. അതിന് മലയാളഭാഷാ നിയമം കൊണ്ടുവരണം. എങ്കിൽ മാത്രമേ 2013-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പൂർണ്ണതയിലെത്തിച്ചേരുകയുള്ളൂ, അത് യാഥാർത്ഥ്യമാവുകയുള്ളൂ. മലയാള ഭാഷാനിയമം കൊണ്ടുവരാതെയുള്ള ഈ ബിൽ അവതരണം വെള്ള മില്ലാതെ തോണിയിറക്കുന്നതുപോലെയാണ്. ഒരു സർവ്വകലാശാല എന്നത് ഒരു വലിയ സങ്കല്പമാണ്. അത് ഒരു സർക്കാർ വകുപ്പാക്കി മാറ്റരുത്. സമസ്ത മേഖലകളിലും ഇടപെടുന്ന സാമൂഹ്യപ്രസ്ഥാനമാണ്, സ്വപ്നമാണ്, സങ്കല്പമാണ് മലയാള സർവ്വകലാശാല. ഈ സങ്കല്പത്തിന്റെ യാഥാർത്ഥ്യ വൽക്കരണമാണ് മലയാള സർവ്വകലാശാലയിലൂടെ നമ്മൾ കാണുന്നത്.

1956-ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപംകൊണ്ടപ്പോൾ മാതൃഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം വന്നു. പ്രാദേശിക മനുഷ്യസംസ്കാരത്തിന്റെ ഏറ്റവും വലിയ ഉപകരണമായ, മാതൃഭാഷാ സർവ്വകലാശാലയുടെ ബില്ലാണ് ഇന്നിവിടെ അവതരിപ്പിക്കുന്നത്. അത് വ്യത്യസ്തമാണ്. അതുകൊണ്ടു തന്നെ മലയാളം സർവ്വകലാശാല ഒരു ശാസ്ത്രത്തിന്റെയോ ചരിത്രത്തിന്റെയോ സർവ്വകലാശാല ആകരുത്. തമിഴ് സർവ്വകലാശാല, തെലുങ്ക് സർവ്വകലാശാല ഇതുപോലെ മലയാള സർവ്വകലാശാല എന്ന് മാത്രം പോരേ ഇതിന്റെ പേര്? മലയാളശ്രേഷ്ഠ ഭാഷാ പദവി ഈ സർക്കാരിന്റെ അഭിമാനമായി ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രേഷ്ഠഭാഷാ പദവിക്കുവേണ്ടി വലിയ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. 'കേരളത്തിന് ആകെ മലയാളം, നമ്മുടെ അഭിമാനം' എന്ന ഒരു സാംസ്കാരിക യാത്ര നടത്തിക്കൊണ്ട് സാഹിത്യ അക്കാദമിയുടെയും മറ്റു അക്കാദമികളുടേയും നേതൃത്വത്തിൽ ഒരു ബോധവത്ക്കരണം ആദ്യം നടത്തി. 2010 മേയ് 5, 6 തീയതികളിൽ ഡൽഹിയിൽ മലയാളം ശ്രേഷ്ഠഭാഷയാക്കണം എന്ന ദൗത്യവുമായി ഞാൻ കൺവീനറായ ഒരു സംഘം പോയി പ്രധാനമന്ത്രിക്ക് നിവേദനം നൽകി. അതിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനും മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബിയും ഇന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ പ്രതിപക്ഷ നേതാവുമായ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. ഒ. എൻ. വി. കുറുപ്പ്, ശ്രീമതി സുഗതകുമാരി, പ്രൊഫസർ പുതുശേരി, കവി സച്ചിദാനന്ദൻ, ശ്രീ. എൻ. എൻ. പിള്ള എന്നിവരും ഉണ്ടായിരുന്നു. ഇന്നത്തെ സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ സംഘത്തിലുണ്ടായിരുന്നുവെങ്കിലും പനിയായതുകൊണ്ട് അദ്ദേഹത്തിന് പങ്കെടുക്കാൻ കഴിഞ്ഞില്ല. ഏതാ

യാലും അത് ഒരു വലിയ സൂചന നമുക്ക് നൽകുകയുണ്ടായി. കാര്യങ്ങൾ വളരെ ഗൗരവത്തിൽ പ്രധാനമന്ത്രി കേൾക്കുകയും കേന്ദ്രസാഹിത്യ അക്കാദമിയെ ചുമതലപ്പെടുത്തുകയും അതിനുവേണ്ട ഡോക്യുമെന്റുകൾ തയ്യാറാക്കണമെന്ന് പറയുകയും ചെയ്തു. അങ്ങനെ വളരെ ശുഭാപ്തിവിശ്വാസത്തോടുകൂടിയാണ് ഞങ്ങൾ മടങ്ങിയത്. അതിന് തിരുവനന്തപുരത്ത് ഓഫീസ് കണ്ടെത്തുകയും ശ്രീ. പുതുശ്ശേരിയുടെയും ശ്രീ. ഒ. എൻ. വി. കുറുപ്പിന്റെയും നേതൃത്വത്തിൽ അതിനായി ഒരു വലിയ ഡോക്യുമെന്റ് തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്തു. അതിനുശേഷമുള്ള ഫോളോ അപ് ആണ് ഇങ്ങനെ ഒരു സർവ്വകലാശാല ലഭ്യമായതും ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതും. അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തന്നെ ദേശീയഭാഷാ സമ്മേളനം പ്ലാൻ ചെയ്തതാണ്. അത് നടക്കാതെ പോയത്, ശ്രേഷ്ഠഭാഷാ പദവി കിട്ടാതെ നടത്തുന്നത് ശരിയല്ല എന്നതുകൊണ്ടാണ്. മലയാളം മലയാളിയുടെ മാതൃഭൂമി എന്ന് നമ്മളെ ഓർമ്മിപ്പിച്ചത് കേരള സംസ്ഥാനത്തിന്റെ പ്രഥമ മുഖ്യമന്ത്രി ഇ.എം.എസ്. ആണ്. ഭാഷാ സ്നേഹം വൈകാരികമായി ചിന്തിക്കേണ്ട ഒന്നല്ല. എന്താണ് മാതൃഭാഷ? മനസ്സും മനസ്സും തമ്മിൽ ചിന്തകളും വികാരങ്ങളും തമ്മിൽ സംവേദിക്കുന്നതിനുള്ള ഒരു ആയുധമാണ്. ഭാഷയില്ലെങ്കിലും ഇത് സാധ്യമാകുമെന്ന് പഴയകാല യുദ്ധങ്ങളടക്കം തെളിയിച്ചതാണ്. എന്നാൽ ഭാഷ ഏറ്റവും ശക്തിയുള്ള വജ്രായുധമാകുന്നത് മാതൃഭാഷയിലൂടെയാണ്. ആ അർത്ഥത്തിൽ മാതൃഭാഷയെ നിലനിർത്തുക. സാധാരണ സർവ്വകലാശാലയുടെ ഭാഷയും സംസ്കാരവും ആകരുത് മലയാളം സർവ്വകലാശയ്ക്ക്. മാതൃഭാഷാ വികസനത്തിനുവേണ്ടിയുള്ള ഏകോപനമായി അത് മാറണം. ഭാഷയിൽ ധാരാളം അവാന്തര വിഭാഗങ്ങളുണ്ട്. പ്രത്യേകിച്ച് ദളിത് പിന്നോക്ക വിഭാഗങ്ങളുടെ ഭാഷ – ഗ്രാമീണഭാഷ. അത്

പ്രാകൃതമാണെന്ന് പറയുന്നതുതന്നെ ഫ്യൂഡൽ സൗന്ദര്യശാസ്ത്രമാണ്. വള്ളത്തോൾ, കുമാരനാശാൻ, ഉള്ളൂർ എന്നീ പ്രതിഭാശാലികളുടെ സംഭാവനകൾ ആദരിക്കുന്നു. എന്നാൽ അവരിൽ ഒതുങ്ങുന്നതാകരുത് ഭാഷാശൈലിയും അതിന്റെ പരിമിതിയും. ദളിത് ഭാഷയുടെ ശക്തിയും സൗന്ദര്യവുംകൂടി ഉൾക്കൊള്ളാൻ നമ്മൾ തയ്യാറാകണം. കലയും കയ്പും മധുരവും അനുഭവിച്ച ഒരു ജീവിതസംസ്ക്കാരത്തിന്റെ അവകാശികളായ ദളിത് വിഭാഗങ്ങളെ മറന്നുകൊണ്ടുള്ള ഒരു സ്ഥാപനമാകരുത് നിയുക്ത സർവ്വകലാശാല. അതേ സമയം വള്ളത്തോൾ ചെയർ ഇതിൽ ഉൾപ്പെട്ടിട്ടില്ല. അതുകൂടി പരിഹരിക്കണം. മലയാളഭാഷയുടെ തുടക്കത്തിനും വളർച്ചയ്ക്കും വേണ്ടിയുള്ള ഒരു സാംസ്കാരിക വിപ്ലവത്തിന് മഹാത്മാ അയ്യങ്കാളി ധീരമായ ഇടപെടലാണ് നടത്തിയത്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് പുതിയ ചിന്തയ്ക്ക് അത് തിരികൊളുത്തുകയും ചെയ്തു. ഞങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നില്ലെങ്കിൽ ഞങ്ങൾ വയലിൽ ഇറങ്ങില്ല എന്ന ധീരമായ പ്രഖ്യാപനം വർഗ്ഗപരമായി സംഘടിക്കുവാനുള്ള ഒരു സന്ദേശം കൂടിയായിരുന്നു. അത് മറക്കുന്നുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. ഈ ബില്ലിൽ നിരവധി കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് പറയുന്നുണ്ട്. ഇവിടെ ചില പരാമർശങ്ങളുണ്ടായി. ആർഷഭാരത സംസ്കാരത്തിന്റെ പ്രധാന ഉപകരണമായ ഇന്ത്യൻ ഭാഷയുടെ ചിഹ്നമായ സംസ്കൃതത്തെ വളർത്തുന്നതിനായി രൂപംനൽകിയ സംസ്കൃത സർവ്വകലാശാല ഗതിമാറിപ്പോയ ഒരു ഗതകാല ചരിത്രം നമുക്കുണ്ട്. ആ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം ഇങ്ങനെ ഒരു നിയമനിർമ്മാണം നടത്താൻ, ഈ മലയാളം സർവ്വകലാശാലയ്ക്ക് അസ്ഥിവാരമിടാൻ. ഇത് ശാസ്ത്രത്തിന്റെയോ ചരിത്രത്തിന്റെയോ സർവ്വകലാശാല അല്ല. ഭാഷാപരിപോഷണം എന്നത് ഡിഗ്രി ഉല്പാദിപ്പിക്കുന്ന കേന്ദ്രവുമല്ല. ബഹുധ്രുവലോക

ത്തെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. ബഹുധ്രുവലോകത്തിൽ ബഹുഭാഷാ ലോകം കാണണം. വിദേശഭാഷകളുടെ പഠനം വേണം. വികസനം മാതൃഭാഷയിലൂടെയാകണം അതാണ് ലക്ഷ്യം. ഈ ബില്ലിന്റെ പേജ് 10-ൽ, തർക്കം വന്നാൽ ചാൻസലർക്ക് വിടണോ എന്നതിനുപകരം വോട്ടെടുപ്പ് ആയിക്കൂടേ; എന്തിനാണ് തെരഞ്ഞെടുപ്പിനെ ഭയക്കുന്നത്? നിയമനങ്ങളെല്ലാം പി.എസ്.സി.-യിൽ കൂടിയാകണം. ഈ സർവ്വകലാശാലയ്ക്ക് ഭാഷാ ന്യൂനപക്ഷം തടസ്സമാകരുത്. ഭാഷാന്യൂനപക്ഷക്കാർക്ക് നിലവിൽ നിയമപരമായി നൽകുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും നിയമപരമായി സംരക്ഷിച്ചുകൊണ്ട് മലയാള ഭാഷ പുറകോട്ടുപോകാതെ സംരക്ഷിക്കാനുള്ള നിയമം ഉറപ്പുവരുത്തണം. ന്യൂനപക്ഷ അവകാശങ്ങൾ പരിഹരിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തണം. മലയാളം കൈവിട്ടുപോകരുത്. മലയാളഭാഷാ നിയമം കൊണ്ടുവരാതെയുള്ള ഈ ബിൽ അവതരണം ജനങ്ങളുടെ ചർച്ചയ്ക്ക് വിടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ നിർത്തുന്നു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു. ഇന്നൊരു ചരിത്ര ദിവസമാണ്. മലയാളത്തിലൊരു സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള നിയമസഭയിൽ വളരെ പ്രധാനപ്പെട്ട ഒരു ചർച്ച നടത്തുന്നുവെന്നത് ഒരു പക്ഷേ ഭാവി തലമുറ ഓർക്കാൻ പോകുന്ന ഒരു ദിവസത്തെയാണ് സൂചിപ്പിക്കുന്നത്. ഇതിന് മുന്നോട്ടുവന്ന ആദരണീയരായ മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും നമ്മുടെയൊക്കെ അഭിനന്ദനവും ആശംസകളും ന്യായമായും അർഹിക്കുന്നുണ്ട്. ഈ ആക്ടിന്റെ വിശദമായ ഓരോ വകുപ്പുകളിലേയ്ക്ക് കടക്കുന്നതിനുപകരം മലയാളം സർവ്വകലാശാല ബില്ലിന്റെ പ്രധാനപ്പെട്ട താത്പര്യങ്ങളെ

സംബന്ധിച്ച്, സർവ്വകലാശാല എങ്ങനെയാകണമെന്നതിനെ സംബന്ധിച്ച് ഇവിടെ സംസാരിച്ച എന്റെ ബഹുമാന്യരായിട്ടുള്ള സഹപ്രവർത്തകർ വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചത്. ഭാഷയും സംസ്കാരവും തമ്മി ലുള്ള ബന്ധമാണ് ഇതിന്റെ അടിസ്ഥാനപരമായ പ്രശ്നം. ആഗോള വത്കരണം പോലെയുള്ള പ്രതിഭാസങ്ങൾക്ക് വിധേയമായി ലോകത്താകെ ത്തന്നെ വലിയ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണ്. ആഗോളവത്കരണം കൊണ്ടുള്ള യഥാർത്ഥ അർത്ഥം ലോകം ഒന്നാകണമെന്നല്ല. ലോകം ഒന്നായി സമത്വം പുലരുകയാണെങ്കിൽ ആർക്കും വിയോജിപ്പുണ്ടാകേണ്ട കാര്യമില്ല. ലോകത്തുള്ളവരെയെല്ലാം തങ്ങളെപ്പോലെയാക്കണമെന്നാണ് ആഗോളവത്ക രണക്കാരുടെ ലക്ഷ്യം. എല്ലാവരും തങ്ങളെപ്പോലെ, തങ്ങൾ സംസാരിക്കുന്ന ഭാഷ സംസാരിക്കുക, തങ്ങളുടെ ഉടുപ്പ് അണിയുക, തങ്ങളുടെ ഭക്ഷണം എല്ലാവരും കഴിക്കുക ഇങ്ങനെ എല്ലാ രീതിയിലിലും ഒരു അച്ചിൽ വാർത്തതു പൊലെ, ബഹുസ്വരതയെ നിഷേധിക്കുന്ന ഒരു ബുൾഡോസർ മന:സ്ഥിതി യാണ് ഇന്ന് ലോകത്താകെ കാണാൻ സാധിക്കുന്നത്. ഈ ബുൾഡോസർ സംസ്കാരങ്ങളെ, ദേശീയതകളെ, ഉപദേശീയതകളെ, ഭാഷകളെയുൾപ്പെടെ പലതിനെയും തകർക്കുന്നു. അതിന് ഏറ്റവുമധികം ഇരകളായിക്കൊണ്ടിരി ക്കുന്നത് ഭാഷകളാണ്. പ്രാദേശിക ഭാഷകൾക്ക് അടുത്തകാലത്ത് ലോകത്തു ണ്ടായിട്ടുള്ള തകർച്ച ആഗോളവത്കരണ പ്രതിഭാസത്തിന്റെ ദുരന്ത ഫലങ്ങ ളോട് ചേർത്തുവച്ച് കാണണം എന്നാണ് എന്റെ അഭിപ്രായം. ഈ നിയമസഭ ഇത് ചർച്ച ചെയ്യുന്നതും ഇങ്ങനെ ഒരു സർവ്വകലാശാല കൊണ്ടുവരുന്നതും ഒരു ചെറുത്തുനിൽപ്പിന്റെ ഭാഗമാണ്. നമ്മുടെ ഭാഷയെ സംരക്ഷിക്കണം. ലോകത്തെല്ലാ ഭാഷകളും നിലനിൽക്കണം. നമുക്ക് ഒരു ഭാഷയോടും പരാതി യില്ല, പരിഭവമില്ല. മറ്റേതെങ്കിലും ഭാഷകളെ നശിപ്പിക്കാനല്ല. പക്ഷേ അവന

വന്റെ മാതൃഭാഷയെ സംരക്ഷിക്കുക എന്നത് ഏതൊരു മനുഷ്യന്റെയും അടിസ്ഥാനപരമായിട്ടുള്ള അവകാശമാണ്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് യുനെസ്കോ എല്ലാ ഫെബ്രുവരി 21-നും മാതൃഭാഷാ ദിനമായി ആചരിക്കണമെന്ന് തീരുമാനിച്ചത്. അത് വളരെ നിർണ്ണായകമായ തീരുമാനമാണ്. പ്രാദേശിക ഭാഷകൾക്കെതിരെ ആധുനിക യാന്ത്രിക ലോകത്തുണ്ടാകുന്ന കടന്നാക്രമണങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടാണ് ലോക സംഘടന ഇങ്ങനെ ഒരു തീരുമാനമെടുത്തത്. ഭാഷ കൂടാതെ സംസ്കാരത്തിന് ഭൂമിയിൽ നിലനിൽക്കാൻ കഴിയുകയില്ല. സംസ്കാരത്തിന്റെ നാവാണ് ഭാഷ. സംസ്കാരത്തിന്റെ ദർപ്പണമാണ്, അതിന്റെ വാഹനമാണ് ഭാഷ. ഭാഷയിൽനിന്നാണ് എല്ലാമുണ്ടായത്. ബൈബിളിൽ പറയുന്നത് ‘ആദിയിൽ വചനമുണ്ടായി’ എന്നാണ്. എന്നുവച്ചാൽ ഭാഷയുണ്ടായി എന്നാണ് അർത്ഥം. ദൈവം ആദ്യം സൃഷ്ടിച്ചത് ഭാഷയാണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. തത്തുല്യമായ പ്രസ്താവന ഖുറാനിലുണ്ട്. ദൈവം എന്തെങ്കിലും സൃഷ്ടിക്കാനുദ്ദേശിക്കുമ്പോൾ സൃഷ്ടിക്കുകയല്ല. ‘നീ ഉണ്ടാവുക’ എന്ന് ദൈവം പറയുകയാണ് ചെയ്യുന്നത്. ‘ഇദാ അറാദ ശൈഅൻ അൻ യക്കൂലലഹൂ കുൻ... ’ നീയുണ്ടാവുക എന്ന് ദൈവം പറയുന്നതോടെ ‘ഫ യക്കൂൻ’ അതുണ്ടായിക്കഴിഞ്ഞുവെന്നാണ്. അതുകൊണ്ട് ദൈവത്തിന്റെ വചനമാണ് സൃഷ്ടിപ്രക്രിയയുടെ പോലും പ്രാഥമികമായ ധർമ്മമായി നിർവ്വഹിക്കപ്പെടുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് മനസ്സിലാക്കാതെ പോകുന്നതാണ് നമ്മൾ അനുഭവിക്കുന്ന ഏറ്റവും വലിയ പരാധീനത. ഈ ലോകത്ത് ഭാഷണശേഷിയുള്ള ഏകജീവി മനുഷ്യനാണ്. ആശയവിനിമയം ലോകത്ത് എല്ലാ ജീവികൾക്കുമുണ്ട്. പൂച്ചക്കുട്ടി അതിന്റെ തള്ളയോട് സംവദിക്കുന്നുണ്ട്. അവിടെ

കമ്മ്യൂണിക്കേഷൻ നടക്കുന്നുണ്ട്, പക്ഷേ സംഭാഷണമില്ല. ലോകത്ത് എല്ലാ ജീവജാലങ്ങൾക്കും ഒരു രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിലുള്ള സംവേദന മാർഗ്ഗങ്ങളുണ്ട്. പക്ഷേ ഭാഷയില്ല, സംസാരമില്ല. അതുള്ളത് മനുഷ്യന് മാത്ര മാണ്. അതുകൊണ്ട് ഖുറാനിൽ മനുഷ്യനെക്കുറിച്ച് പറയുമ്പോൾ ദൈവം മനുഷ്യനെ സൃഷ്ടിച്ചു അവനെ ഭാഷണം പഠിപ്പിച്ചു എന്ന് പ്രത്യേകമായി പറയുന്നുണ്ട്. 'അല്ലമഹുൽ ബയാൻ' - അവനെ ഭാഷണം പഠിപ്പിച്ചു. ഈ ഭാഷണം അവന്റെ ആത്മാവിന്റെ ആവിഷ്കരണമാകുന്നത് മാതൃഭാഷയിൽ മാത്രമാണ്. ഭാഷയിൽ കവിതയും സാഹിത്യവുമൊക്കെ പിന്നെ വരുന്നതാണ്. ആദ്യമായി ഭാഷ മനുഷ്യന്റെ ആശയ പ്രകാശനത്തിനാണ്, സ്വത്വപ്രകാശന ത്തിനാണ്. വിശക്കുന്ന മനുഷ്യന് വിശക്കുന്നുവെന്ന് പറയാനാണ്. സങ്കട പ്പെട്ട് കരയുമ്പോൾ അവന്റെ ആത്മാവ് കൊണ്ട് കരയാനാണ്. അത് മാതൃഭാ ഷകൊണ്ടേ കഴിയൂ. മാതൃഭാഷയ്ക്ക് പകരം വേറൊരു ഭാഷയില്ല. അത് മന സ്സിലാക്കിക്കൊണ്ടാണ്

'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യന് പെറ്റമ്മ തൻ ഭാഷ താൻ' എന്ന് വള്ളത്തോൾ നാരായണ മേനോൻ വളരെ അർത്ഥഗർഭമായി ഗാനം ചെയ്തിട്ടുള്ളത്. അത് വളരെ അന്വർത്ഥമാണ്. മനുഷ്യന് മറ്റുള്ള ഭാഷകളൊക്കെ വേണം. ഒന്നും വേണ്ടെ ന്നല്ല. നമ്മുടെ കുട്ടികൾ മറ്റ് ഭാഷ പഠിക്കേണ്ടെന്ന അർത്ഥത്തിലല്ല മലയാള സർവ്വകലാശാല. ഗൾഫിലൊക്കെ പോകുന്ന നമ്മുടെ ചെറുപ്പക്കാർക്കുണ്ടായ ഒരുഗുണം, അവർ ചൈനയേപ്പോലും പിൻതള്ളുന്നത് ഇംഗ്ലീഷ് ഭാഷാ വിജ്ഞാനം കൊണ്ടാണ്, അതുണ്ടാകട്ടെ. ഇംഗ്ലീഷിനെ തള്ളിപ്പറയേണ്ട, ഒരു ഭാഷയെയും തള്ളിപ്പറയേണ്ട. പക്ഷേ മാതൃഭാഷയുടെ ചെലവിലാകരുത് ഒരു

ഭാഷയുടെയും അഭ്യാസമെന്നുള്ളതാണ് നമ്മൾ ഊന്നിപ്പറയുന്ന കാര്യം. ഭാഷയാണ് മനുഷ്യന്റെ എല്ലാം.

'കേയൂരാണിന ഭൂഷയന്തി പുരുഷം

ഹാരാന ചന്ദ്രോജ്ജല'. പുരുഷനെ സംബന്ധിച്ച് അവന്റെയെല്ലാം,

'ന സ്നാനം ന വിലേപനം ന കുസുമം നാലംകൃതോ മൂർദ്ധച'. മനുഷ്യൻ സ്നാനം ചെയ്തിട്ട് ദേഹത്ത് എന്തെങ്കിലും ലേപനം ചെയ്യുന്നു. പണ്ട് ലേപനം ചെയ്ത്, ഇന്ന് സുഗന്ധം പൂശി, അതുകഴിഞ്ഞ് പൂവും ചൂടി – ഈ സംസ്കൃത ശ്ലോകം എഴുതുന്നയാളുടെ കാലത്ത് പുരുഷൻമാരും കാതിൽ അലങ്കാരത്തിന് പൂ ചൂടുമായിരുന്നു. പിന്നീട് അത് സ്ത്രീകൾക്ക് മാത്രമായി. അതെല്ലാം പരിഗണിച്ചുകൊണ്ടാണ് കവി പറയുന്നത്

'ന സ്നാനം ന വിലേപനം ന കുസുമം

യ സംസ്കൃതാ ധാര്യതേ വാണ്യേഗാസമലംകരോതി

പുരുഷം യാ സംസ്കൃതാധാര്യതേ ക്ഷീയന്തേ

വിഭൂഷണാനി സതതം വാഗ്ഭൂഷണം ഭൂഷണം'. മനുഷ്യന്റെ വാക്കാണ് അവന്റെ അലങ്കാരം. ഈ വാക്ക് മാതൃഭാഷയിലൂടെ വരുമ്പോഴാണ് അത് മനുഷ്യന്റെ വളരെ പ്രധാനപ്പെട്ട വ്യക്തിത്വത്തിന്റെ ഒരു പ്രകാശനമായി തീരുന്നത്. നാം ഇന്നും അത് മനസ്സിലാക്കിയിട്ടില്ല. ഇന്ന് വലിയ കലാപം നടക്കുന്ന സിറിയയിൽ യേശുക്രിസ്തുവിന്റെ ഭാഷ സംസാരിക്കുന്ന രണ്ട് ഗ്രാമങ്ങളുണ്ട്. ഞാൻ അവിടെ പോയിട്ടുണ്ട്. സിറിയയിലെ ഔദ്യോഗിക ഭാഷ അറബിയാണെങ്കിലും ക്രിസ്തുവിന്റെ ഭാഷ നിലനിൽക്കാൻ വേണ്ടി ആ രണ്ട് ഗ്രാമങ്ങൾക്കും സിറിയൻ ഗവൺമെന്റ് പണം കൊടുത്ത് ആ

ഭാഷയെ സംരക്ഷിക്കുകയാണ്. ഭാഷ മാനവസമൂഹത്തിന്റെ പൊതുസമ്പത്താണ്. അതിന് യാതൊരു രീതിയിലുള്ള ക്ഷീണവും വരാൻ പാടില്ല. മനുഷ്യന്റെയും സമൂഹത്തിന്റെയും ഐശ്വര്യം ഭാഷയിലാണ്. അതുകൊണ്ട് മാതൃഭാഷയെ തിരസ്കരിച്ച ഒരു സമൂഹത്തിന്, അമ്മയെ നഷ്ടപ്പെട്ട ഒരു ജനത്തിന്റെ അല്ലെങ്കിൽ അമ്മയുടെ അമ്മിഞ്ഞപ്പാലിന്റെ രുചി മറന്ന തലതിരിഞ്ഞ സന്താനത്തിന്റെ അനുഭവമായിരിക്കും വരാൻ പോകുന്നത്. അമ്മയുടെ അമ്മിഞ്ഞപ്പാലാണ്, അമ്മതന്നെയാണ് മാതൃഭാഷ. അമ്മയെക്കൊണ്ടുപോയി വൃദ്ധസദനത്തിലാക്കുക, പ്രകൃതിയെ നശിപ്പിക്കുക, മാതൃഭാഷയ്ക്ക് പകരം മറ്റുഭാഷകൾ എടുക്കുക എന്നതൊക്കെ സാംസ്കാരികമായുള്ള ഏറ്റവും അപചയമാണ്. അങ്ങനെ വരുമ്പോൾ നമ്മൾ ഓരോ വാക്കിന്റെയും പ്രാധാന്യം കാണേണ്ടതായി വരും. നമുക്ക് ഇന്ന് സംഭവിച്ച ഒരു ദുരന്തം മലയാളിക്ക് മലയാളത്തോട് ഒരു അഭിമാനബോധമില്ല എന്നുള്ളതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: അങ്ങ് പറയുന്നതെല്ലാം നല്ല കാര്യങ്ങളാണ്. മാതൃഭാഷയെപ്പറ്റി ഗൗരവമായി ചർച്ച ചെയ്യുന്ന ഇക്കാലത്ത് കേരളത്തിൽ ഒരുപാട് സിനിമകൾ റിലീസ് ചെയ്യുന്നുണ്ട്. ആദ്യം കേരളത്തിൽ നിർമ്മിച്ച വിഗതകുമാരന്റെ പേരിൽ, അത് നിർമ്മിക്കാനും മറ്റും പ്രയാസപ്പെട്ട ജെ. സി. ഡാനിയലിന്റെ കഥയെ ആസ്പദമാക്കി എടുത്ത സിനിമ, അവാർഡിന് അർഹമായ ആ സിനിമയുടെ പേര് സെല്ലുലോയ്ഡ് എന്നാണ്. ഇപ്പോൾ ഇറങ്ങുന്ന മിക്കവാറും എല്ലാ സിനിമയുടെയും പേരുകൾ ഇംഗ്ലീഷിലാണ്. അതായത് നമ്മൾ ഇതെല്ലാം ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ, പൊതുസമൂഹത്തിൽ മലയാളത്തിന് വേണ്ടിയുള്ള ഒരു ഗദ്ഗദം ഒരു ഭാഗത്ത് നടക്കുമ്പോൾ, വേറൊരു ഭാഗത്ത് ശ്രേഷ്ഠഭാഷയാക്കാനുള്ള ആരവങ്ങൾ നടക്കുമ്പോൾ, മലയാളഭാഷയ്ക്കുവേണ്ടി തുഞ്ചത്ത് എഴുത്തച്ഛന്റെ

പേരിൽ സർവ്വകലാശാല സൃഷ്ടിക്കുമ്പോൾ മലയാളത്തിലെ കലയിലും സാഹിത്യത്തിലും സിനിമയിലുമെല്ലായിടത്തും ഇതിനോടുള്ള ഒരു പ്രതിപത്തിയും സ്നേഹവും ആദരവും രൂപപ്പെടേണ്ടതല്ലേ?

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: സർ, തീർച്ചയായും ഞാൻ ഇവിടെ പറയാനുദ്ദേശിച്ച ഒരു കാര്യത്തെക്കുറിച്ചാണ് എന്റെ ബഹുമാന്യ സുഹൃത്ത് ഇവിടെ വിരൽ ചൂണ്ടിയിരിക്കുന്നത്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സിനിമ എന്ന വാക്ക് മാറ്റി ചലച്ചിത്രം എന്ന് ഉപയോഗിക്കേണ്ടതാണ്. സിനിമ എന്ന വാക്ക് ഇംഗ്ലീഷ് പദമാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: മലയാളം സർവ്വകലാശാലയുടെ ഉദ്ഘാടന വേദിയിൽ സർവ്വകലാശാലയുടെ ലക്ഷ്യത്തെ സംബന്ധിച്ച ഒരു കൈപ്പുസ്തകം വിതരണം ചെയതിരുന്നു. ആ പുസ്തകത്തിലും അതിന്റെ വിശദീകരണത്തിന്റെ സന്ദർഭത്തിലും ഒരു കൾച്ചറൽ ആന്ത്രപ്പോളജി - സാംസ്കാരികമായ നരവംശ ശാസ്ത്രം - എന്ന ലക്ഷ്യം പ്രതിപാദിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ വകുപ്പ് 5-ൽ പറയുന്ന സർവ്വകലാശാലയുടെ ലക്ഷ്യങ്ങളിൽ കേരളീയ നവോത്ഥാനത്തെ സംബന്ധിച്ച് ഒരു വരിയുമില്ല. ഭാഷ എന്നുപറയുന്നത് സംസ്കാരത്തിന്റെ കൂടി പ്രതികമാണന്ന് നേരത്തെ ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞു. കേരളീയ സംസ്കാരം വളർന്നുവന്നതും അതിന്റെ നവോത്ഥാന കാലഘട്ടവും നവോത്ഥാന നായകരുടെ ചരിത്രവും പ്രധാനമാണ്. അത് ലക്ഷ്യം വയ്ക്കാതെ ഒരു സർവ്വകലാശാലാ സ്ഥാപിച്ച് ഭാഷാശാസ്ത്രത്തിന്റെയും ലിംഗ്വിസ്റ്റിക്കിന്റെയും മേഖലകളിലേയ്ക്ക് അത് കേന്ദ്രീകരിക്കുന്നത് ശരിയാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. എം. പി. അബ്ദുസമദ് സമദാനി</u>: സർ, ഞാൻ പറയാൻ ഉദ്ദേശിച്ച കാര്യം തന്നെയാണല്ലോ ബഹുമാനപ്പെട്ട സുഹൃത്തുക്കൾ ഇവിടെ സൂചിപ്പിച്ചത്. ഭാഷാപരമായ നവോത്ഥാനം തീർച്ചയായും നമ്മുടെ പാരമ്പര്യത്തിന്റെ ഒരു ഭാഗമാണ്. സംസ്ക്കാര കേന്ദ്രീകൃതമായി ഈ സർവ്വകലാശാലയെ പണിതുയർത്തണം, അതിനെ ഒരു ജനകീയ സർവ്വകലാശാലയാക്കണം. ഇത് വെറുമൊരു അക്കാദമിക കേന്ദ്രമാകരുത്. നവോത്ഥാന പ്രസ്ഥാനത്തിന്റെ പിന്തുണയോടെ ഒരു കാലത്ത് നമ്മുടെ നാട്ടിൽ പച്ചമലയാള പ്രസ്ഥാനമുണ്ടായി. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനായിരുന്നു പച്ചമലയാള പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രയോക്താവ്. മലയാളത്തിൽനിന്നും സംസ്കൃത സ്വാധീനത്തെ മോചിപ്പിക്കലായിരുന്നു അന്നത്തെ ലക്ഷ്യം. നമ്മുടെ സംസ്ക്കാരത്തിലും സാഹിത്യത്തിലും വളരെയേറെ വിജയിച്ച ഒരു ധാരയാണ് പച്ചമലയാള പ്രസ്ഥാനം. ഇവിടെ ചലച്ചിത്ര രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ചെല്ലാം പറയുകയുണ്ടായി. ഒരു കാലത്ത് നമ്മുടെ നാടിന്റെ ഏറ്റവും വലിയ സാഹിത്യ പാരമ്പര്യമായിരുന്നു ചലച്ചിത്ര ഗാന പാരമ്പര്യം. മലയാളികളുടെ ചരിത്രമാണ് ഇവിടത്തെ ചലച്ചിത്രഗാനം. പ്രേമമോ, ദുഃഖമോ, വിരഹമോ, മരണമോ ഒന്നുമല്ല, മലയാളിയുടെ രാഷ്ട്രീയ ചരിത്രംപോലും ചലച്ചിത്ര ഗാനങ്ങളിലൂടെ നമുക്ക് വായിച്ചെടുക്കാൻ സാധിക്കും. അത്രമാത്രം ധന്യമായ ഒരു പാരമ്പര്യം അതിനുണ്ടായിരുന്നു. പക്ഷേ സ്വന്തം ഭാഷയോടുള്ള പുച്ഛമാണ് ഇന്ന് മലയാളി സമൂഹത്തെ അലട്ടിക്കൊണ്ടിരിക്കുന്ന ഏറ്റവും വലിയ ദുർഗതി. ഡൽഹിയിലെ അയ്യപ്പ ക്ഷേത്രത്തിൽ തൊഴാൻ വന്ന ഒരു മലയാളി സ്ത്രീ തൊഴുതതിനുശേഷം

തിരിച്ചുപോകുമ്പോൾ അയ്യപ്പനോട് 'താങ്ക് യൂ, താങ്ക് യൂ' എന്ന് പറഞ്ഞത് താൻ കേട്ടുവെന്ന് മുകുന്ദൻ എഴുതിയിട്ടുണ്ട്. ആ രീതിയിലാണ് മലയാളി യുടെ സ്ഥിതി. ആർ. കെ. പുരത്തെ ഒരു ക്ഷേത്രത്തിൽ തനിക്കുണ്ടായ അനു ഭവമാണ് മുകുന്ദൻ വിവരിക്കുന്നത്. അതേസമയം ഡൽഹിയിൽ പോകു മ്പോൾ ശുദ്ധമലയാളത്തിൽ സംസാരിച്ചാൽപോലും ഡൽഹിക്കാർക്ക് മനസ്സി ലാകും. എന്തുകൊണ്ടെന്നാൽ ശുദ്ധമലയാളത്തിന് സംസ്കൃതപദവുമായി അത്രയധികം ബന്ധമുണ്ട്. മലയാളത്തിലെ ധാരാളം പദങ്ങൾ സംസ്കൃതമാ ണ്. ഒരിക്കൽ ഡൽഹിയിലെ കേരള ഹൗസിൽ ഒരു പരിപാടിയിൽ പങ്കെടു ത്തപ്പോൾ, ഈ മലയാള പ്രസംഗമെല്ലാം തനിക്ക് മനസ്സിലായെന്ന് ഡോ. കരൺസിംഗ് പറയുകയുണ്ടായി. കരൺസിംഗിന് മലയാളം അറിയുകയില്ല, പക്ഷേ അതല്ല ഇവിടത്ത പ്രശ്നം. അദ്ദേഹത്തിന് സംസ്കൃതം നന്നായി അറിയാം. ഹിന്ദിയും സംസ്കൃതത്തിന്റെ പുത്രിയാണ്. ഈ ഭാഷകൾ തമ്മി ലുള്ള ഒരു സംഘനൃത്തമുണ്ട്, സിംഫണി ഓഫ് ലാംഗ്വേജസ് - ഭാഷകളുടെ ഒരു സംഘ നടനം - അത് മനുഷ്യ സംസ്ക്കാരത്തിന്റെ ചരിത്രത്തിലെ വളരെ മനോഹരമായ ഒരു അദ്ധ്യായമാണ്. അത് മനസ്സിലാക്കിയാൽ ഭാഷ കൾക്കിടയിൽ ശത്രുതയുടെ ആവശ്യമില്ല. അത് മനസ്സിലാക്കാൻ മലയാളിക്ക് സാധിക്കണം. ഭാഷ മനുഷ്യനെ ഭിന്നിപ്പിക്കുകയല്ല ചെയ്യുന്നത്. നിങ്ങളുടെ നാവിന്റെ രുചി മാറിയതും നിങ്ങളുടെ ത്വക്കിന്റെ നിറം മാറിയതും ദൈവ ത്തിന്റെ ദൃഷ്ടാന്തമാണെന്നാണ് ഖുർ-ആൻ പറയുന്നത്. 'ഇഹ്ത്തിലാഫു അൽസിനെത്തിക്കും വ അൽവാനിക്കും' അതായത് നിങ്ങളുടെ നാവിന്റെ രുചി എന്നുപറയുമ്പോൾ അത് ഭാഷയാണ്. മനുഷ്യന്റ സംസാരവും, വർണ്ണവും മാറിയത്, അത് ഒരിക്കലും ഭിന്നിപ്പല്ല. ശ്രീനാരായണ ഗുരുവിന്റെ

വത്സലശിഷ്യനായ നടരാജഗുരു ഒരു സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ ഇപ്രകാരം പറയുകയുണ്ടായി - ഒരേ സമയം വിവിധ ഭാഷകളിൽ പ്രസംഗം തർജ്ജിമ ചെയ്ത് കേൾക്കാനുള്ള യന്ത്രസംവിധാനം കണ്ടപ്പോൾ ഞാൻ അവിടെയിരുന്ന് ഏകലോകം സ്വപ്നം കണ്ടു. വിവിധ ഭാഷകൾ ഒന്നിച്ച് മുഴങ്ങിയപ്പോൾ ഭാഷകൾ മനുഷ്യനെ ഏകലോകത്തേയ്ക്ക് നയിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, അങ്ങിവിടെ നമ്മുടെ ഭാഷയുടെ ശക്തിയും സൗന്ദര്യവും വിവരിക്കുകയാണ്. ഉച്ചാരണത്തിലുള്ള വേഗതയാണ് മലയാളഭാഷയുടെ ഏറ്റവും വലിയ പ്രത്യേകത. കൂടാതെ മലയാളികൾക്ക് മറ്റ് ഭാഷകൾ - അറബിയായാലും പാഴ്സിയായലും ഫ്രഞ്ചായാലും ജർമനായാലും - വളരെ വേഗത്തിൽ ഉച്ചരിക്കാൻ സാധിക്കും. കാരണം നമ്മുടെ ഭാഷയുടെ വേഗത, നാവിന്റെ ഉച്ചാരണ രീതിയിലുള്ള പ്രത്യേകത ഇതെല്ലാമാണ് അതിന് കാരണം. ഇത് പലപ്പോഴും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമല്ലേ?

<u>ശ്രീ. എം. പി. അബ്ദുസമദ് സമദാനി</u>: സർ, മലയാളികൾക്ക് ഏതു ഭാഷയും പെട്ടെന്ന് പഠിക്കാനും ഉച്ചരിക്കാനും സാധിക്കും. കാരണം മലയാളത്തിൽ എല്ലാ ഭാഷകളുടെയും പദങ്ങൾ സമൃദ്ധമാണ്. ഉദാഹരണമായി ഒരു ദിവസം രാവിലെ മുതൽ വൈകുന്നേരംവരെ മലയാളി ഉച്ചരിച്ചുതീർക്കുന്നതിൽ വിവിധ ഭാഷകളുണ്ട്. ഒരു ദിവസം തുടങ്ങുന്നത് ഇംഗ്ലീഷിലാണെന്ന് വേണമെങ്കിൽ പറയാം, അതിൽ തെറ്റില്ല. ബ്രഷ് എടുത്തിട്ടോ, പേസ്റ്റ് എടുത്തിട്ടോ സോപ്പ് എടുത്തിട്ടോ വൈകുന്നേരം സ്വിച്ച് ഓഫ് ആക്കിയിട്ടോ - അങ്ങനെ ഒരു ദിവസത്തെ ജീവിതം തുടങ്ങുന്നതും അവസാനിക്കുന്നതും ഇംഗ്ലീഷിലാണ്. ഇത് ഒരിക്കലും തെറ്റല്ല. മലയാളവത്ക്കരിക്കപ്പെട്ട ഇംഗ്ലീഷ്

പദങ്ങളെ ഇവിടെ മാറ്റി നിറുത്തേണ്ട കാര്യമില്ല. ഒരു ദിവസം രാവിലെ മുതൽ വൈകുന്നേരം വരെ നൂറുകണക്കിന് അറബ് പദങ്ങളാണ് പറയുന്നത്. വക്കീല്, വക്കാലത്ത്, ജാമ്യം, ഹർജി, അദാലത്ത്, ജില്ല, മുൻസിഫ്, തഹ സീൽദാർ, താലൂക്ക് ഇതെല്ലാം അറബി പദങ്ങളാണ്. കൂടതെ ഇഷ്ടം പോലെ പേർഷ്യൻ പദങ്ങളുമുണ്ട്. ബിരിയാണി, ബേജാറ്, ജോറായി - ജോറായി എന്നുപറഞ്ഞാൽ പേർഷ്യൻ പദമാണ്. ഇങ്ങനെ എല്ലാ ഭാഷകളെയും ഉൾക്കൊണ്ടുനിൽക്കണമെങ്കിൽ ഒരു ഭാഷയ്ക്ക് സമൃദ്ധിയും ആഴവും വിശാ ലതയും വേണം. അതുകൊണ്ട് മലയോളം ഉയരവും ആഴിയോളം ആഴവും പരപ്പുമുള്ള ഭാഷയാണ് നമ്മുടെ പ്രിയപ്പെട്ട മലയാളം.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, അങ്ങ് കേരളത്തിലെ ഏറ്റവും നല്ലൊരു പ്രഭാഷകനാണ്. അങ്ങ് മലയാള ഭാഷയിൽ പ്രസംഗിക്കുമ്പോൾ അതിൽ ഉറുദുവും സംസ്കൃതവും തമിഴും ഹിന്ദിയും ഉപയോഗപ്പെടുത്തി ക്കൊണ്ട് നന്നായി പ്രസംഗിക്കുന്ന ഒരു പ്രഭാഷകനാണ്. അങ്ങിവിടെ മല യാള ഭാഷയെക്കുറിച്ചും മലയാള ഭാഷയിലേയ്ക്ക് മറ്റ് ഭാഷകളിൽനിന്നുള്ള ധാരാളം വാക്കുകൾ കടമെടുത്തതിനെക്കുറിച്ചും പറയുകയുണ്ടായി. പക്ഷേ നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ അവർ എപ്പോഴും അവ രുടെ ഭാഷയോട് കാണിക്കുന്ന പ്രത്യേകമായ താൽപര്യം, 'തമിഴനെന്ന് പറ യെടാ, തല ഉയർത്തി നിൽക്കെടാ' എന്നുള്ള രീതിയിലാണ്. റോബോട്ടിനെ ക്കുറിച്ച് ഈയടത്ത് ഇറങ്ങിയ സിനിയമുടെ പേരുപോലും 'യന്തിരൻ' എന്നാണ്. ഇവിടെ നമ്മുടെ ഭാഷയെക്കുറിച്ചുള്ള ആത്മാഭിമാനബോധം കുറ യുന്നതുകൊണ്ടാണോ മറ്റ് ഭാഷകളിലെ വാക്കുകൾ ഉപയോഗിക്കാനുള്ള താൽപര്യം വരുന്നത്? മറ്റൊന്ന്, മലയാള സർവ്വകലാശാലയെക്കുറിച്ച് നമ്മൾ

പറയുമ്പോഴും കേരളത്തിൽ മലയാള ഭാഷ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നത് വളരെ ആശങ്കാജനകമായ ഒരു കാര്യമാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നുള്ള വിവരം അങ്ങയുടെ പ്രഭാഷണത്തിൽ സൂചിപ്പിച്ചാൽ നന്നായിരിക്കും.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അങ്ങ് മലയാള ഭാഷയിലേയ്ക്ക് മറ്റ് ഭാഷകൾ കടന്നുവരുന്നതിനെക്കുറിച്ചാണ് പറയുന്നത്. ഇവിടെ മലയാള ഭാഷയ്ക്കുതന്നെ വലിയ പരിണാമം സംഭിവിച്ചുകൊണ്ടിരിക്കുകയാണ്. മലയാള ഭാഷയിൽ കാലാനുസൃതമായ ധാരാളം പുതിയ വാചകങ്ങളും പദങ്ങളും കടന്നുവരികയാണ്. ഒരു നൂറ്റാണ്ട് പഴക്കമുള്ള മലയാളത്തിലുള്ള ആധാരം വായിക്കാൻ മലയാള ഭാഷ അറിയുന്നവർക്ക് സാധിക്കാതെ വരുന്നത് മനുഷ്യർക്ക് വേഷവിധാനത്തിൽ മാറ്റം വന്നതുപോലെ മലയാള ഭാഷയ്ക്കും വ്യതിയാനം സംഭവിച്ചതുകൊണ്ടാണ്. അതാത് കാലഘട്ടങ്ങളിൽ നടക്കുന്ന ഇത്തരം ഭാഷാ വ്യതിയാനത്തെക്കുറിച്ചുള്ള ഗവേഷണം നമുക്ക് ആവശ്യമാണെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, തീർച്ചയായും. ശ്രീ. വി.എസ്. സുനിൽകുമാറും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും സൂചിപ്പിക്കുന്നത് വളരെ പ്രധാനപ്പെട്ട നമ്മുടെ സാംസ്കാരിക തലങ്ങളുടെ മാനവികമായ ഐക്യവിതാനത്തിലേയ്ക്കാണ്. അടിയിലേയ്ക്ക് എത്തുമ്പോൾ എല്ലാം ഒന്നാണ്. സംസ്കൃതവും ഇംഗ്ലീഷും വളരെയധികം അന്തരമുള്ള ഭാഷയാണെന്നാണ് കേൾക്കുന്നത്. ഒന്ന് പൗരാണികമായ പൗരസ്ത്യ ഭാഷ, മറ്റൊന്ന് ആധുനികമായ പാശ്ചാത്യ ഭാഷ. പക്ഷേ ഇവിടെ രണ്ടും തമ്മിൽ വളരെ വലിയ ഐക്യമുണ്ട്. ഇംഗ്ലീഷിൽ ‘മദർ’ എന്നുപറയുന്ന

താണ് സംസ്കൃതത്തിലെ 'മാതൃ' ഇവിടെ ഒരു ദീർഘത്തിന്റെ വ്യത്യാസം മാത്രമേയുള്ളൂ. 'ഫാദർ' 'പിതൃ' ആയി, സഹോദരനെ 'ഭ്രാതൃ' എന്ന് സംസ്കൃതത്തിൽ പറയുമ്പോൾ 'ബ്രദർ' എന്ന് ഇംഗ്ലീഷിൽ പറയുന്നു. ഇവിടെ രണ്ടുംതമ്മിൽ വളരെ സാമ്യമാണ്. ഇതിന്റെ അർത്ഥമെന്താണ്? ഇന്ന് ഇംഗ്ലീഷ് സംസാരിക്കുന്നവരുടെയും സംസ്കൃതം സംസാരിക്കുന്നവരുടെയും പൂർവ്വ പിതാക്കൾ മധ്യ ഏഷ്യയിൽ ഒന്നിച്ച് പാർത്തവരാണ്. യഥാർത്ഥത്തിൽ ഭാഷയെന്ന് പറയുന്നത് മനവസമൂഹത്തിന്റെ ഐക്യത്തിന്റെ സൂചികയാണ്. ഭാഷയുടെ അഭിമാനത്തെക്കുറിച്ച് ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ സൂചിപ്പിക്കുകയുണ്ടായി. മതൃഭാഷയെ സംബന്ധിച്ചുള്ള അഭിമാനം ഏതൊരു സമൂഹത്തിനും ഒഴിവാക്കാൻ സാധിക്കാത്ത കാര്യമാണ്. പക്ഷേ ഇന്ന് മലയാളത്തിന്റെ പേരുപോലും മാറ്റി 'മലിയാലം' എന്നാണ് പറയുന്നത്. നമ്മൾ ഇന്ന് ഏതെങ്കിലും പരിപാടിക്ക് പോയാൽ അദ്ധ്യക്ഷനെപ്പോലും തട്ടിമാറ്റി ആംഗലേയ ഭാഷയിൽ അതിന്റെ അറിയിപ്പുകൾ നൽകുന്ന ചില അവതാരകന്മാരെയും അവതാരികമാരെയും കാണാം. ദൃശ്യ മാധ്യമങ്ങളിലും ഇത്തരത്തിൽ കാണാവുന്നതാണ്. ഇവിടെ മാതൃഭാഷയുടെ അന്തകാവതാരങ്ങളായി ഈ അവതാരകന്മാരും അവതാരികമാരും അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. 'മലിയാലത്തിൽ ഐഡിയാസ് എക്സ്പ്രസ് ചെയ്യാൻ ഡിഫിക്കൽറ്റി ഇല്ലാഞ്ഞിട്ടും.......' ഈ രീതിയിലാണ് ഓരോരുത്തരും സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതൊരു അഭിമാനമായിട്ടാണ് അവർ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഒരു കൊച്ചു വായനശാലയുടെ വാർഷികത്തിന് പോയാൽപ്പോലും ഇന്ന് അവതരകന്മാരെയും അവതാ

രികമാരെയും കാണാൻ സാധിക്കും. സിനിമയുടെ കാര്യം ഇവിടെ സൂചിപ്പി ക്കുകയുണ്ടായി. ചലച്ചിത്രം എന്നുപറഞ്ഞാൽത്തന്നെ അത് നമ്മുടെ ഭാഷ യെയും സാഹിത്യത്തെയും വളർത്തിയതാണ്. പക്ഷേ അടുത്ത കാലത്ത് പേരുപോലും മലയാളമല്ലാതായിത്തീരുന്ന വളരെ വലിയ ദൗർഭാഗ്യം സംഭവി ക്കുന്നുണ്ട്. അത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അധിനിവേശ ത്തിന്റെ, ആഗോളവത്ക്കരണത്തിന്റെ സംസ്ക്കാരമാണ്. അവനവന്റെ സംസ്ക്കാരത്തെപ്പോലും മറ്റുള്ളവന്റെ കണ്ണിലൂടെ കാണുക – അത് കാഴ്ച യിലെ അധിനിവേശമാണ്, മറ്റുള്ളവന്റെ കാതിലൂടെ കേൾക്കുക – അത് കേൾവിയിലെ അധിനിവേശമാണ്, മറ്റുള്ളവന്റെ ബുദ്ധിയിലൂടെ ചിന്തിക്കുക – അത് മസ്തിഷ്ക്കത്തിന്റെയും ധിഷണയുടെയും അധിനിവേശമാണ്. കഥ കളിത്തല വീടിന്റെ സ്വീകരണ മുറിയിൽ വയ്ക്കുമ്പോൾ, പഴയ ഭസ്മക്കുപ്പി പൊടിയെടുത്ത് അവതരിപ്പിച്ച് അലമാരയിൽ കൊണ്ടുവയ്ക്കുമ്പോൾ, ഓട്ടുരു ളിക്കും തുപ്പക്കോളാമ്പിക്കും പുതിയ പുനർജന്മങ്ങൾ ലഭിക്കുമ്പോൾ..... അത് നാട് കാണാൻ വരുന്ന ടൂറിസ്റ്റിന് ഇഷ്ടമായതുകൊണ്ടാണ് പലരും ചെയ്യു ന്നത്. അത് ആ ടൂറിസ്റ്റിന്റെ കണ്ണിലൂടെ അവനവന്റെ സംസ്ക്കാരത്തെ, അവ നവന്റെ ഗതകാല ചരിത്രത്തെ, അവനവന്റെ സാംസ്ക്കാരിക പൈതൃകത്തെ വിലയിരുത്തുന്നത് എറ്റവും വലിയ നിർഭാഗ്യമാണ്. ലോകത്ത് വിജയിച്ച രാജ്യങ്ങളെല്ലാംതന്നെ അവനവന്റെ സംസ്ക്കാരത്തിലും മാതൃഭാഷയിലും ഉറ ച്ചുനിന്നിട്ടാണ് മുന്നോട്ട് പോയത്. ഇതിനെക്കുറിച്ച് മഹാത്മാഗാന്ധിക്ക് നല്ല ധാരണയുണ്ടായിരുന്നു. അതുകൊണ്ടാണ് സ്വാതന്ത്ര്യാനന്തരം ജനങ്ങളുടെ ഭാഷയിൽ ഇവിടെ ഭരണം നടക്കണമെന്ന് മഹാത്മാഗാന്ധി എഴുതിയത്. ഇന്ത്യയുടെ ദേശീയ ഭാഷ ഏതാകണമെന്ന് ചോദിച്ചപ്പോൾ ഗാന്ധിജി പറ

ഞ്ഞത് ഉറുദുവും വേണ്ട, ഹിന്ദിയും വേണ്ട "ഹിന്ദോസ്ഥാനി" മതിയെന്നാണ്. ഹിന്ദോസ്ഥാനി എന്നുപറയുന്നത് ഇവിടത്തെ ജനങ്ങളുടെ നാട്ടുഭാഷയാണ്. അതിൽ ഹിന്ദിയും ഉറുദുവും ഉണ്ട്. രണ്ട് ഭാഷകളുടെ പക്ഷത്തും ഗാന്ധിജി നിന്നില്ല. ഇന്ത്യയിൽ ഇറങ്ങുന്ന പല ഹിന്ദി സിനിമകളുടെയും പേര് അറബി യിലാണ് - ഇഷ്ക്, മുഹബത്ത്, ജുനൂൻ, ദീവാന, ഷോലെ....... ഒരു കാലത്ത് ഇന്ത്യാ ഉപഭൂഖണ്ഡത്തെ പിടിച്ചുലച്ച ഹിന്ദി ചലച്ചിത്രകാവ്യമായ 'ഷോലെ' ഒരു അറബി പദമാണ്. അറബ് ഭാഷയിൽനിന്ന് കടമെടുത്തിട്ടുള്ളതാണ് ഈ പദങ്ങളെല്ലാം. അതിന്റെ ഒരു സൗന്ദര്യമെന്ന് പറയുന്നത്, 'മിലീ ജുലീ ഗംഗാ ജമുനി തഹസീബ്' എന്നാണ് പറയുന്നത് - അതായത് സമ്മിശ്ര ഹിന്ദു-മുസ്ലീം സംസ്ക്കാരം. നമ്മുടെ മൈത്രിയാണ് ഈ ഭാഷകളെല്ലാം നിർവ്വഹിച്ചുവന്നത്.

അതൊക്കെ മാറുകയും സംഗീതം ഇന്നൊരു അപസ്മാര കലയായി മാറുകയും ചെയ്തു. സാധാരണ അപസ്മാരമാണെങ്കിൽ ഇരുമ്പ് കയ്യിൽ കൊടുത്താൽ നിൽക്കും. ഇത് ഇരുമ്പ് കയ്യിൽ കൊടുത്താൽ നിൽക്കില്ലെന്ന് മാത്രമല്ല, ചാനൽ മാറ്റിയല്ലാതെ യാതൊരു നിവൃത്തിയുമില്ല. ആ അപസ്മാര മിളകലൊക്കെ ഭാഷയിൽ സംഭവിച്ചിട്ടുള്ള ഈ അധിനിവേശത്തിന്റെ ഭാഗമാ ണ്. എന്തൊരു നിർഭാഗ്യകരമായ അവസ്ഥയാണിത്. ഈ സർവ്വകലാശാല വരുന്നതോടുകൂടി ആ നിർഭാഗ്യം തിരുത്താൻ കഴിയണം. ഞാൻ ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. എന്റെ സുഹൃത്തു ക്കൾ ഒന്നുരണ്ട് കാര്യങ്ങൾ ഉന്നയിച്ചപ്പോൾ അതിനുകൂടി സമയം കണ്ടെത്തി യതാണ്. ഉൽപ്പന്നങ്ങൾ വാങ്ങുന്നവർ മലയാളി, വ്യവസായം ഇംഗ്ലീഷിൽ, ഉപഭോക്താവ് മലയാളി, വ്യാപാരം ഇംഗ്ലീഷിൽ, ഭരണീയൻ മലയാളി ഭരണ

യന്ത്രം തിരിക്കുന്നത് ഇംഗ്ലീഷിൽ, തെരഞ്ഞെടുപ്പ് മലയാളത്തിൽ, ഭരണം ഇംഗ്ലീഷിൽ ഇതാണ് ഇന്നിവിടെ നിലനിൽക്കുന്ന അവസ്ഥാവിശേഷം. ഇത് തിരുത്താനായിരിക്കണം മലയാള സർവ്വകലാശാല, അല്ലാതെ കുറേ ബിരുദ ദാനങ്ങൾക്കുവേണ്ടി മാത്രമായി സർവ്വകലാശാലകൾ ചുരുങ്ങരുതെന്നാണ് എന്റെ അഭിപ്രായം. ഈ അധിനിവേശമാണ് ഭാഷകൾ അടിച്ചേൽപ്പിച്ചത്. ഇന്ത്യയുടെ ചരിത്രത്തിൽ പാവപ്പെട്ട ജനങ്ങൾ മാതൃഭാഷയ്ക്കുവേണ്ടി സമരം ചെയ്തപ്പോൾ അവരെ വെടിവയ്ക്കാൻ വന്നവൻ വിളിച്ചത് 'fire' എന്ന ഇംഗ്ലീഷ് വാക്കായിരുന്നു. വെടിവയ്ക്കാൻപോലും ഇംഗ്ലീഷ് ഭാഷയാണ് ഉപയോഗിച്ചത്. ആ രീതിയിൽ വരുമ്പോൾ അവനവന്റെ നാവ് നഷ്ടപ്പെടും. സാമ്രാജ്യത്വത്തോടു കൂറുപുലർത്തി അവനവന്റെ നാവ് നഷ്ടപ്പെട്ട ജനസമൂഹങ്ങളെ ഗാർബിജ് പോപ്പുലേഷൻ എന്നാണ് വിളിക്കുന്നത്. ഗാർബിജ് പോപ്പുലേഷൻ, സ്വന്തം നാവില്ലാതെയായി. അതുകൊണ്ടാണ് കുഞ്ഞാലിമരയ്ക്കാർ മലയാള ഭാഷയുടെ സംരക്ഷകനാണ് എന്ന് ഡോ.കെ.കെ.എൻ. കുറുപ്പിനെപ്പോലുള്ള ചരിത്രകാരന്മാർ എഴുതിയത്. എങ്ങനെയാണ് കടലിൽ പട വെട്ടാൻ പോയ കുഞ്ഞാലിമരയ്ക്കാർ മലയാളത്തെ കാത്തത്. പോർച്ചുഗീസുകാർ വന്നു, പോർച്ചുഗീസുകാരുടെ വലിയൊരു പരിപാടി സാംസ്കാരിക അധിനിവേശമായിരുന്നു. അത് ഗോവയിൽ പോയി നോക്കിയാൽ കാണാം. ഗോവയിലെ ഭാഷ കലർന്നുപോയി. ആ ഭാഷയുടെ സംശുദ്ധി നഷ്ടപ്പെട്ടു. ഭാഷ ഒന്നുമല്ലാതായി. മലയാളത്തിന് ആ ഗതി വരാതിരുന്നത് സാമൂതിരിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ പടയാളികളായ കുഞ്ഞാലിമാർ കേരളത്തിന്റെ കടൽതീരത്തുതീർത്ത കനത്ത ചെറുത്തുനിൽപ്പാണ്. അത് വെറും രാഷ്ട്രീയമായ ചെറുത്തുനിൽപ്പല്ല. അതൊരു ഭാഷയുടെ സംരക്ഷണ

ത്തിലെത്തിച്ചു, നമ്മുടെ ഭാഷ നശിച്ചില്ല. അതുകൊണ്ട് ഇന്നത്തെ ദിവസം അവരെയൊക്കെ ഓർക്കണം. ഉള്ളം നിറയുന്ന കവിതയെഴുതിയ ഉള്ളൂരിനെയും, ആശയ ഗാംഭീര്യത്തോടെ കവനകൗമുദിയുടെ പ്രകാശത്തിൽ മലയാളികളെ കുളിപ്പിച്ച കുമാരാനാശാനേയും, പച്ച മലയാളത്തിൽ കവിതയെഴുതിയ ശ്രീനാരായണ ഗുരുവിനേയും ഓർമ്മിക്കണം. സാഹിത്യ അക്കാഡമി ഹാളിന്റെ ചുവരിൽ ശ്രീനാരായണഗുരുവിന്റെ ചിത്രം ഇല്ലായിരിക്കാം. പക്ഷേ, എന്റെ കണ്ണിൽ ഈ നാടുകണ്ട ഏറ്റവും വലിയ മഹാകവി ശ്രീനാരായണഗുരുവാണ്. ഒരുപാട് കാലം മുമ്പുവരെ ചിത്രമുണ്ടായിരുന്നില്ല ഇപ്പോൾ ഉണ്ടെങ്കിൽ ഞാൻ തിരുത്തി. കാരണം, ശ്രീനാരായണഗുരുവിനെ ഒരു കവിയായി അംഗീകരിക്കാൻ ഒരുപക്ഷേ, സാഹിത്യത്തിൽ അരമന കാത്തുസൂക്ഷിപ്പുകാർക്ക് കഴിയണമെന്നില്ല. പക്ഷേ, ഈ നാട്ടിലെ ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ഏറ്റവും ആഴമുള്ള ദാർശനിക സമസ്യകൾ അനാവരണം ചെയ്ത് അതിന്റെ <u>പൂരണം</u> കാട്ടിയ മഹാത്മാവാണ് ശ്രീനാരായണ ഗുരു. "ഒരു ജാതി ഒരുമതം"-എന്നതിൽ "ഒരു" എന്ന് ശ്രീനാരായണഗുരു പ്രയോഗിക്കുമ്പോൾ അതിന്റെ ശക്തി എത്രയാണ്. അതാണ് മലയാളത്തിന്റെ ശക്തി. എന്നതുപോലെ ശ്രീനാരായണഗുരു "അവനിവനെന്നറിയുന്നതൊക്കെ ഓർത്താൽ"- ശ്രീനാരായണഗുരു ആവർത്തിച്ച് ഉപയോഗിക്കുന്ന ഒരു വാക്കാണ് "ഓർത്താൽ". ഈ ഓർത്താൽ, ഈ ഓർമ്മ തന്നെയാണ് നമുക്കിന്ന് വേണ്ടത്. നമുക്ക് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തം മറവിയാണ്. ഒരു വ്യക്തിക്ക് ഓർമ്മ അവന്റെ സ്വകാര്യ സ്വത്തായിരിക്കാം; അവന്റെ ആത്മനിഷ്ഠമായ അനുഭൂതിയായിരിക്കാം പക്ഷേ ഒരു സമൂഹത്തിന്റെ ഓർമ്മ സമൂഹത്തിന്റെ ചരിത്രമാണ്. സോഷ്യൽ മെമ്മറി എന്നുപറയുന്നതാണ്

ഹിസ്റ്ററി. ആ സാമൂഹിക ചരിത്രമാണ് ഇന്ന് എല്ലാവരും മറക്കുന്നത്. മലയാളികൾക്ക് ഇന്ന് അൽഷിമേഴ്സ് രോഗം ബാധിച്ചിരിക്കുകയാണ്. എല്ലാം മറന്നിരിക്കുന്നു. പഴയതൊന്നും ഓർമ്മയില്ല, അച്ഛനെയോ അമ്മയെയോ മാതൃഭാഷയെയോ ഓർമ്മയില്ല, അച്ഛനെ കെട്ടിയിടുന്നു ഇതൊക്കെയാണ് ഇന്ന് ദൃശ്യമാധ്യമങ്ങളിലൂടെ നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഓമനമക്കളെ കാണുമ്പോൾ കാമമിളകുന്നു. അങ്ങനെപഴയ സാംസ്കാരിക മൂല്യങ്ങളൊക്കെ മറന്നുകൊണ്ടുള്ള പല രീതിയിലുമുള്ള ഒരവസ്ഥാവിശേഷം ഇന്ന് കാണാൻ സാധിക്കും. ഒരിക്കൽ അമർത്യസെന്നുമായി സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ മകൾ ഒപ്പമുണ്ടായിരുന്നു. മകളോട് ബംഗാളിയിലാണ് സംസാരിക്കുന്നത്, നമ്മോട് ഇംഗ്ലീഷിൽ സംസാരിക്കുന്ന അമർത്യസെൻ കൂടെയുള്ള മകളോട് ബംഗാളിയിൽ സംസാരിക്കുന്നു. ഇതാണ് നമ്മൾ മനസ്സിലാക്കേണ്ട സംഗതി. മറഡോണ കണ്ണൂരിൽ വന്നപ്പോൾ ഞാനും ആ ചടങ്ങിൽ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന് ഇംഗ്ലീഷിൽ ആശംസ പറയാൻപോലും അറിയില്ല. അതിമനോഹരമായി മറഡോണ കണ്ണൂരിലെ ജനങ്ങളെ കയ്യിലെടുക്കുകയും അവിടത്തെ ജനങ്ങളോടുള്ള സ്നേഹവായ്പ് പ്രകടിപ്പിക്കുകയും ചെയ്തു. പക്ഷേ, ശുഭാശംസകളെന്ന് അവിടെ കൂടിയ തന്റെ ആരാധകരോട് പറയാനുള്ള ഇംഗ്ലീഷ് വാക്കുപോലും മറഡോണയ്ക്ക് വശമില്ലാതിരുന്നിട്ടുപോലും ലോക ഫുട്ബോളിന്റെ ഉച്ചിയിലെത്താൻ ഒരു തടസ്സവും അദ്ദേഹത്തിനുണ്ടായില്ല. അതാണ് നമ്മൾ തിരിച്ചറിയേണ്ടത്. അതുപോലെതന്നെ നിത്യചൈതന്യയതി എന്നോടൊരു സംഭവം പറഞ്ഞു. ഞാൻ ഒരുപാട് കാലം ഗുരുവിനോടൊപ്പമുണ്ടായിരുന്നു. ഒരിക്കൽ ഗുരു എന്നോടു പറഞ്ഞു, ഞാൻ ഒരിക്കൽ ഫ്രാൻസിലൂടെ യാത്ര ചെയ്തുപോകുമ്പോൾ തീവണ്ടിയിൽ നിന്ന് ഇറങ്ങിയാൽപ്പിന്നെ പോകേണ്ട സ്ഥലമറിയില്ല. അപ്പോൾ കൂടെയുണ്ടായിരുന്ന

ആളോട് വഴി ചോദിച്ചു. എത്ര ചോദിച്ചിട്ടും തീവണ്ടിയിലുണ്ടായിരുന്ന സഹയാത്രികൻ വഴി പറഞ്ഞുതരുന്നില്ല. തീവണ്ടിയിൽ നിന്ന് ഇറങ്ങിയതിനുശേഷം മൗനിയായിരുന്ന സഹയാത്രികൾ നന്നായി സംസാരിക്കാൻ തുടങ്ങി. ലോകം മുഴുവൻ സഞ്ചരിച്ച അപൂർവ്വ സന്യാസിയായിരുന്നു. കലാകാരനായ സന്യാസിയായിരുന്നു ഗുരു നിത്യൻ, ഈ നാടുകണ്ട, ഈ മലയാളത്തിലും അദ്ദേഹത്തിന്റെ ധാരാളം കൃതികളുണ്ട്. ആശാന്റെ നളിനിയെക്കുറിച്ചുള്ള ഒന്നാംതരം പുസ്തകം ഗുരുവിന്റെ നിരൂപണമാണ്. അദ്ദേഹം സാഹിത്യകാരനുംകൂടിയായിരുന്നു. തീവണ്ടിയിൽ നിന്നിറങ്ങിയതിനുശേഷം ഇത്രയേറെ സ്നേഹത്തോടുകൂടി പെരുമാറിയ ഈ സഹയാത്രികനോട് അദ്ദേഹം ചോദിച്ചു, നിങ്ങളുടെ പെരുമാറ്റമെന്നെ അത്ഭുതപ്പെടുത്തുന്നു. തീവണ്ടിയിലുണ്ടായിരുന്ന നിങ്ങളോട് വഴിചോദിച്ചപ്പോൾ നിങ്ങൾ ഒന്നും പറഞ്ഞില്ല. ഇപ്പോൾ നിങ്ങൾ എന്നോട് വളരെ സൗഹൃദത്തോടുകൂടി സംസാരിക്കുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു, അതാണോ കാര്യം നിങ്ങൾ എന്നോടു ചോദിച്ച സമയത്ത് തീവണ്ടി ഫ്രാൻസിന്റെ അതിർത്തികൾക്കകത്തുകൂടി കടന്നു പോവുകയായിരുന്നു; ഫ്രഞ്ചുകാർ ഫ്രാൻസിനുള്ളിൽ ഇംഗ്ലീഷ് സംസാരിക്കാറില്ല. ഇപ്പോൾ ഫ്രഞ്ച് അതിർത്തിവിട്ടതുകൊണ്ടാണ് നിങ്ങളോട് ഇംഗ്ലീഷിൽ സംസാരിക്കുന്നത്. ഇതാണ് ലോകത്ത് മാതൃഭാഷയോട് എല്ലാ ജനതയും കാട്ടുന്ന വികാരം– ചൈനയിലും ജപ്പാനിലും തായ്‌വാനിലും കൊറിയയിലും വിയറ്റ്നാമിലുമൊക്കെ അങ്ങനെയാണ്. മറ്റ് പല രാജ്യങ്ങളുടെയും സ്ഥിതി വ്യത്യസ്തമായിരിക്കാം; അതുകൊണ്ട് അവർക്കൊന്നും യാതൊരു രീതിയിലുള്ള തടസ്സവുമുണ്ടായിട്ടില്ല. അതുകൊണ്ടാണ് വള്ളത്തോൾ പറഞ്ഞത്–

"എൻ മകനേതു വിദേശത്തു വാഴ്കിലും,

നിൻ മനക്കാമ്പിലോർമ്മ വേണം എന്നുടെ,

ഭാഷതാനെൻ തറവാട്ടമ്മ,

അന്യയാം ഭാഷ വിരുന്നുകാരി- ഇന്ന് വിരുന്നുവന്നയാൾ നാളെ പോകും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): ഹം ഇദർ ഹിന്ദി മേം..........

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: "മറ്റുള്ള ഭാഷകൾ കേവലം ധാത്രി മാർ, മർത്യന്നു പെറ്റമ്മതൻ ഭാഷതാൻ" എന്നും വള്ളത്തോൾ പറഞ്ഞു. ഈ രീതിയിൽ,..........ഗുരു നിത്യചൈതന്യയതിയുടെ ഒരു തീവണ്ടി യാത്രയാണ് ഇവിടെ ഓർത്തത്. നിയമസഭാ സമ്മേളനം കഴിഞ്ഞുപോകുമ്പോൾ കഴിഞ്ഞ ദിവസം ഇതുപോലൊരനുഭവമുണ്ടായി. തീവണ്ടിൽ സീറ്റിൽ ഒപ്പമിരിക്കുന്ന ചെറുപ്പക്കാരിയായ ഒരമ്മ, മടിയിലിരിക്കുന്ന കുഞ്ഞിനോട് കുഞ്ഞിന്റെ കണ്ണി ലേയ്ക്ക് ചൂണ്ടി......eye,......eye.....എന്ന് പറയുകയാണ്.... മലയാളിയായ ഒരമ്മ കണ്ണ് എന്ന് മലയാളത്തിൽ പറയുന്നില്ല. ഞാൻ ഇത് അടുത്തിരുന്ന് കാണുകയാണ്. എന്തൊരു നിർഭാഗ്യകരമായ ഒരവസ്ഥയാണ്. കുട്ടികൾ ആദ്യം ഭാഷ പഠിക്കുന്നത്, ശരീരത്തിലെ ഓരോരോ അവയവങ്ങൾ ചൂണ്ടി ക്കാട്ടിയാണ്. ഇതെന്റെ കണ്ണ്, ഇതെന്റെ നെറ്റി, ഇതെന്റെ മുഖം, ഇതെന്റെ കൈ, ഇതെന്റെ കാൽ അങ്ങനെയൊക്കെ പറഞ്ഞാണ്, ഭാഷയുടെ പ്രാഥമിക മായൊരു പഠനമാണത്. മാതാവിന്റെ ഭാഷയായതുകൊണ്ടാണ് ഇത് മാതൃഭാ ഷയാകുന്നത്. ഇത് അമ്മിഞ്ഞപ്പാൽ തന്നെയാണ്. കൊച്ചുകുഞ്ഞിന്റെ കിളിച്ചു ണ്ടിൽ തത്തിക്കളിക്കുന്ന അമ്മയുടെ അമ്മിഞ്ഞപ്പാലിന്റെ നറുമണവുമായി വരുന്ന പദങ്ങളുടെ വിശുദ്ധിയാണ് മലയാള ഭാഷ. ആ മാതൃഭാഷയെ തിരിച്ച

റിയാൻ കഴിയാതെപോകുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത് വളരെ ഉന്നതമായിട്ടുള്ളൊരു ഭാഷയാണ്. വർഷങ്ങൾക്കുമുമ്പ്.............., കോട തിഭാഷയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. പാവപ്പെട്ട വ്യവഹാരി മലയാ ളത്തിലാണ്, അയാളെ ശിക്ഷിച്ചതെന്തിനാണെന്ന് അറിയാനുള്ള അവകാശമെ ങ്കിലും അയാൾക്കുകൊടുക്കണ്ടേ; നമ്മൾ അറിയാനുള്ള അവകാശത്തെപ്പറ്റി യാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇംഗ്ലീഷിൽ എഴുതിയുണ്ടാക്കിയ വിധി യിൽ നിന്ന് എങ്ങനെയാണ് ഒരു വ്യവഹാരി "തന്നെയെന്തിന് ശിക്ഷിച്ചു, താൻ ചെയ്ത തെറ്റിനെ കോടതി എങ്ങനെ കണ്ടു," എന്ന് മനസ്സിലാക്കുന്നത്. അതുകൊണ്ട് കോടതി ഭാഷ മലയാളവത്കരിക്കുകയെന്നത് ഈ നാടിന്റെ ഏറ്റവും പ്രധാപ്പെട്ടൊരാവശ്യമാണ്. ഈ ഭാഷകളെ ജനകീയവത്കരിക്കു മ്പോൾ സർവ്വകലാശാല കക്ഷി-രാഷ്ട്രീയത്തിൽ നിന്നും മുക്ത മായി.....................

<u>ശ്രീ. തോമസ് ചാണ്ടി</u>: കോടതി ഭാഷ മലയാളത്തിലാക്കിയാൽ കേസു കൾ ഹൈക്കോടതിയിൽ നിന്ന് സുപ്രീം കോടിതിയിലേയ്ക്ക് പോകുമ്പോൾ ഇതുമുഴുവൻ വീണ്ടും ട്രാൻസ്ലേറ്റ് ചെയ്യേണ്ടിവരില്ലേ; അങ്ങനെയൊരു പ്രാക്ടിക്കൽ ബുദ്ധിമുട്ടിനെപ്പറ്റി ചോദിച്ചുവെന്നേയുള്ളൂ.

<u>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി</u>: പരിഭാഷപ്പെടുത്താമല്ലോ; അതിനെന്താണ് കുഴപ്പം? കേരളത്തിനകത്ത് മലയാളത്തിൽ വാദം നടക്കട്ടെ. പുറത്തേയ്ക്ക് പോകുമ്പോൾ അതായത് സുപ്രീം കോടതിയിലും അതുപോ ലെയുള്ള കോടതികളിലുമൊക്കെ പോകുമ്പോൾ അതിനനുസരിച്ചുള്ള ഭാഷ വരട്ടെ. ഇവിടെ റൈറ്റ് റ്റു ഇൻഫർമേഷൻ എന്നുപറയുന്ന അറിയാനുള്ള അവകാശത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു താൽപ്പര്യം അവനവന്റെ ഭാഷ

യിൽ അവനവന് അതായത് കോടതിയിലെ ഒരു വ്യവഹാരിക്ക് മനസ്സിലാക്കാൻ കഴിയുക എന്നത്. ഭാഷ നിർമ്മിക്കുന്നതും നവീകരിക്കുന്നതുമൊക്കെ ജനങ്ങളാണ് ഏതെങ്കിലും സർക്കാരുകളുടെ തിട്ടൂരമല്ല, വിളംബരങ്ങളുമല്ല. ജനങ്ങൾ ഭാഷ നിർമ്മിക്കുമ്പോഴും അവർ വാക്കുണ്ടാക്കുന്നത് വളരെ അത്ഭുതകരമായ രീതിയിലാണ്. നിഘണ്ടുവിൽ കാണാത്ത വാക്കുകൾ പോലും ചിലപ്പോൾ കാണാൻ സാധിക്കും. ഇവിടെ അഭിവന്ദ്യനായ അംഗം പരിഭാഷയുടെ കാര്യം പറഞ്ഞു. പരിഭാഷയ്ക്ക് വഴങ്ങാത്ത വാക്കുകളുമുണ്ടാകും. 'ഭഗീരഥപ്രയത്നം' എന്ന് പറയുമ്പോൾ ആ പദത്തിന് ഒരു ചരിത്രമുണ്ട്. 'ചന്ദ്രഹാസമിളക്കി' എന്നത് അതുപോലെയുള്ള മറ്റൊരു വാക്കാണ്. ഇവിടെ നേരത്തെ എന്റെ സുഹൃത്ത് ഡോ. കെ. ടി. ജലീൽ സംസാരിച്ചപ്പോൾ 'ചക്രശ്വാസമെന്ന്' പറഞ്ഞു. ചക്രശ്വാസമെന്നുള്ള വാക്കിന് മലയാളത്തിൽ ഒരു പരിഭാഷ കണ്ടെത്താൻ കഴിയില്ല. ഏത് ഭാഷയ്ക്കുമുണ്ടാകും അങ്ങനെ ഓരോരോ പദങ്ങൾ. 'എന്റെ പൊന്നുമോനെ' എന്ന് അമ്മ മകനെ വിളിക്കുന്നു. അങ്ങനെ വിളിക്കുന്നതിനെ 'my golden son' എന്ന് പരിഭാഷപ്പെടുത്തിയാൽ അത് ശരിയാകുകയില്ല. മാതൃഭാഷയ്ക്ക് മാത്രമേ മനുഷ്യന്റെ വികാരങ്ങളുടെ വാഹനമാകാൻ കഴിയുകയുള്ളൂ. മലപ്പുറത്ത് ഒരു പദമുണ്ട്. **'ജ്ജ് കുണാപ്പിക്കണ്ട'** എന്ന് പറയും. എന്തോ ഒരു പ്രാകൃതമായ പദമാണെന്ന് ഇത് കേട്ടാൽ തോന്നും. ഇതൊരു ബ്രിട്ടീഷ് ഓഫീസറായ **'ക്ണാപ്പ് '**എന്ന വ്യക്തിയെ പരിഹസിക്കാൻ വേണ്ടി മാപ്പിളമാരുണ്ടാക്കിയ ഭാഷയാണ്. നീ **കുണാപ്പിക്കണ്ട** എന്നുപറഞ്ഞാൽ, നീ **കുണാപ്പാകേണ്ട,** നീ എന്നെ മോശമാക്കേണ്ടെന്നാണ് ഇതിന്റെ അർത്ഥം. ഒരാളെ വളരെയധികം പരിഹസിക്കുന്ന

ഒരു പദമാണ് അത്. സാമ്രാജ്യത്വവിരുദ്ധ വികാരത്തിൽ നിന്നുപോലും ഭാഷ ഉണ്ടായതിന്റെ ഏറ്റവും വലിയ തെളിവാണ് അതിൽ കാണാൻ സാധിക്കുന്നത്. അതാണ് ഇവിടെ നേരത്തെ സൂചിപ്പിച്ച ഭാഷകളുടെ വൈവിധ്യം. ആറ് നാട്ടിൽ നൂറ് മലയാളമെന്നാണ് കുഞ്ഞുണ്ണി മാഷ് പറഞ്ഞത്. ഈ ആറു നാട്ടിൽ നൂറ് മലയാളമെന്ന് കുഞ്ഞുണ്ണി മാഷ് പറയുന്നത് തീർച്ചയായും ഈ ഒരു വികാരത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ ബില്ലിലെ ചില പദങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എല്ലാ പദങ്ങളും മലയാളത്തിലേയ്ക്ക് കൊണ്ടുവരാൻ ബുദ്ധിമുട്ടുണ്ടാകും. അതിന് ധാരാളം ഗവേഷണങ്ങൾ ഇനിയും നടക്കണം. ആ ഗവേഷണങ്ങളൊക്കെ സർവ്വകലാ ശാലകളിൽ നടക്കണം. എങ്കിലും കുറച്ച് ആംഗലേയവൽക്കരണം വന്നിരിക്കു ന്നതായി എനിക്ക് തോന്നി. ഉദാഹരണമായി 'റെഗുലേഷനുകൾ മലയാളം മീഡിയത്തിൽ', 'മലയാളം മീഡിയത്തിൽ' എന്ന് പറയേണ്ട, 'മലയാളം അധ്യ യന മാധ്യമമാക്കി' എന്നുപറഞ്ഞാൽ മതി. മലയാളം മീഡിയത്തിൽ എന്ന് സർവ്വകലാശാല ബില്ലിൽ പറയേണ്ട കാര്യമില്ല. അക്കാഡമിക് പ്രവർത്തന ങ്ങൾ എന്നൊക്കെ പറയുന്നുണ്ട്. 'അക്കാഡമിക് ' എന്ന ഇംഗ്ലീഷ് പദം മല യാളവൽക്കരിച്ച് 'അക്കാദമിക' എന്നാക്കിയിട്ടുണ്ട്. അത് അക്കാദമിക പ്രവർത്തനങ്ങൾ എന്നാക്കിയാൽ മലയാളം പോലെയായി. കടുത്ത ആംഗലേ യവൽക്കരണത്തെ തടയാൻ കഴിയണമെന്നാണ് എന്റെ അഭിപ്രായം. തീർച്ച യായും ഇതൊരു നവജാഗരണത്തിന് വഴിയൊരുക്കട്ടെ. മലയാളത്തിന്റെ നവ ജാഗരണത്തിന്, മലയാളിയുടെ നവജാഗരണത്തിന് രണ്ട് മഹാ വ്യക്തികളെ ഓർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഒന്ന്,

കേശവശാസ്ത്രികളെ, 1937-ൽ പ്രജാസഭയിൽ ആദ്യമായി മലയാളം സർവ്വകലാശാലയ്ക്കുവേണ്ടി വാദിച്ചത് കേശവശാസ്ത്രികളാണ്. മറ്റൊന്ന്, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്. മദിരാശി നിയമസഭയിൽ ആദ്യമായി മലയാളത്തിൽ സംസാരിച്ചത് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബാണ്. അബ്ദുറഹിമാൻ സാഹിബ് സംസാരിക്കാനായി എണീറ്റപ്പോൾ ചെയറിൽ നിന്ന് വലിയ തടസ്സമുണ്ടായി. ഞാൻ എന്റെ മലയാളത്തിൽ സംസാരിക്കുമെന്ന് പറഞ്ഞ് ശക്തമായി എല്ലാ അർത്ഥത്തിലും പോരാളിയായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് അതിനുവേണ്ടി നടത്തിയ പോരാട്ടം, ഈ പോരാട്ടങ്ങളുടെയൊക്കെ ചരിത്രത്തിന്റെ പരിണാമഗുപ്തിയായി നമ്മുടെ സംസ്കാരത്തിലേയ്ക്കുള്ള തിരിച്ചുപോക്കിന്റെ കേന്ദ്രമായി നമ്മുടെ സംസ്കാരത്തിന്റെ സൗരഭ്യ പ്രസാരണ കേന്ദ്രമായി ഈ സർവ്വകലാശാല വരുംതലമുറയ്ക്ക് തീർച്ചയായും വഴികാട്ടും. അതിന് മുൻകൈ എടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും അഭിവന്ദ്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഹൃദയപൂർവ്വം ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഇതൊരു സാംസ്കാരികമായിട്ടുള്ള നവോത്ഥാനത്തിന്റെ കാഹളമാണ് എന്നുംകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ടി. ജലീൽ, 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ നിരാകരിക്കണമെന്ന പ്രമേയം അങ്ങ് പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.ടി. ജലീൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിച്ചിരിക്കുന്നു. ശ്രീ. കെ. രാജു, (Not in the seat.)

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (2) 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ അങ്ങേയ്ക്ക് അവതരിപ്പാക്കുവുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: ഭരണഘടനാപരമായോ നിയമസഭാ ചട്ടപ്രകാരമോ ഈ ബിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരധികാരവുമില്ല. ഇവിടെ തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിന്റെ കാലാവധി ഒരു വർഷമെന്നുള്ളത് രണ്ട് വർഷമാക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിനെ പിരിച്ചുവിട്ട് നോമിനേറ്റഡ് സിൻഡിക്കേറ്റാക്കിയത് 2011 സെപ്റ്റംബർ മാസം 22-നാണ്. ചെയർ ഇതൊന്ന് പ്രത്യേകം ശ്രദ്ധിക്കണം. ഇതിന്റെ കാലാവധി പരമാവധി ഒരു വർഷമായിരുന്നു. അതുപ്രകാരം 2012 സെപ്റ്റംബർ 21-ന് കാലാവധി കഴിഞ്ഞു. ഈ നോമിനേറ്റഡ് സിൻഡിക്കേറ്റിന് വീണ്ടും ഒരു വർഷം കൂടി നീട്ടിക്കൊടുക്കാനാണ് ഈ ഓർഡിനൻസ് കൊണ്ടുവരുന്നത്. ഓർഡിനൻസ് കൊണ്ടുവന്നത് സെപ്റ്റംബർ മാസം 30-ാം തീയതിയാണ്. സിൻഡിക്കേറ്റ് ഇല്ലാതായി 8 ദിവസം കഴിഞ്ഞതിനു

ശേഷമാണ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. റിട്രോസ്പെക്റ്റീവ് ഇഫക്ട് കൊടുത്ത് ഒരു രൂപത്തിലും പുനരുജ്ജീവിപ്പിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അധികാരമില്ല. ഇന്റർപ്രെട്ടേഷൻ ഓഫ് സ്റ്റാറ്റ്യൂട്ട് പ്രകാരം കാലഹരണപ്പെട്ട ഒരവകാശം പുനരുജ്ജീവിപ്പിക്കാൻ പാടില്ല. ഭരണ ഘടന 372 പ്രകാരം ഇന്റർപ്രെട്ടേഷൻ ഓഫ് സ്റ്റാറ്റ്യൂട്ടിന്റെ ഭാഗമായി ഒരു രൂപ ത്തിലും ഇത് നീട്ടിക്കൊടുക്കാനുള്ള അധികാരമില്ല. 8 ദിവസം ഇവിടെ ബ്രേക്കായി. 8 ദിവസം ബ്രേക്കായി എന്നുപറഞ്ഞാൽ നിലവിലുള്ള സിൻഡി ക്കേറ്റില്ല. ഇല്ലാത്ത ഒരു സിൻഡിക്കേറ്റിന് ഒരു വർഷം നീട്ടിക്കൊടുക്കുകയാ ണ്. എന്ത് നിയമവും ഇവിടെ ഏത് രൂപത്തിലും കൊണ്ടുവരാമെന്നുള്ളതിന്റെ നിർലജ്ജമായിട്ടുള്ള നിയമനിഷേധമാണ് ഇവിടെ കാണുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യം പ്രത്യേകിച്ചൊന്ന് പരിശോധിക്കണം. ഞാൻ പലപ്പോഴും സാറിനെ വന്ന് കാണാറും പറയാറുമുണ്ട്. ഇല്ലാത്ത ഒരു സിൻഡിക്കേറ്റിന്റെ കാലാവധി എങ്ങനെയാണ് നീട്ടിക്കൊടുക്കുന്നത്? 22-ാം തീയതി മുതൽ 30-ാം തീയതിവരെ സിൻഡിക്കേറ്റില്ല. ഇല്ലാത്തൊരു സിൻഡിക്കേറ്റിന് ഒരു വർഷം നീട്ടിക്കൊടുക്കുകയാണ്. ഇത് ബഹുമാനപ്പെട്ട ചെയർ തന്നെ പ്രത്യേ കമായി പരിശോധിക്കണം. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അദ്ദേഹത്തിന്റേ തായ ന്യായങ്ങളുണ്ടാകും. പക്ഷേ അങ്ങനെയല്ലല്ലോ. നമ്മൾ നിയമം നോക്ക ണം. നാളെയും മറ്റന്നാളുമൊക്കെ ഈ സഭ കൊണ്ടുപോകണ്ടേ? എല്ലാം നിയ മനിഷേധമായിട്ട് കൊണ്ടുവരുന്നത് ശരിയല്ല. ഇല്ലാത്ത ഒരു സിൻഡിക്കേറ്റിന്റെ കാലാവധി നീട്ടിക്കൊടുക്കുന്ന ഈ ഭേദഗതിയെ ഒരു രൂപത്തിലും ഇവിടെ അവതരിപ്പിക്കാൻ പറ്റില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഒരു വ്യവ സ്ഥയ്ക്ക് മുൻകാല പ്രാബല്യം നൽകുമ്പോൾ കാലഹരണപ്പെട്ട ഒരവകാശം

പുന:സ്ഥാപിക്കുന്നതായി കരുതാൻ പാടില്ലെന്നാണ് മാക്സ്വെല്ലിന്റെ ഇന്റർപ്രെട്ടേഷൻ ഓഫ് സ്റ്റാറ്റ്യൂട്ടിൽ പറയുന്നത്. മുൻകാല പ്രാബല്യം നൽകി യതുകൊണ്ടുമാത്രം കാലഹരണപ്പെട്ട അവകാശം പുനരുജ്ജീവിപ്പിക്കുകയില്ല എന്നതുകൊണ്ടാണ് ബില്ലിലെ 3-ാം ഖണ്ഡമായി പ്രത്യേക സാധൂകരണ വ്യ വസ്ഥ കൊണ്ടുവന്നിട്ടുള്ളത്. ഈ വ്യവസ്ഥയുള്ളതിനാൽ കാലാവധിക്കു ശേഷം നാമനിർദ്ദേശം ചെയ്യപ്പെട്ട സിൻഡിക്കേറ്റ് തുടരാവുന്നതും അവരുടെ കാലാവധി പുനർജ്ജനിച്ചതായി കരുതാവുന്നതുമാണ്.

ശ്രീ. എ.കെ. ബാലൻ: .......not be constitute so as to revive or recreate a right which had expired before it was passed**.** ഇതാണ് മാക്സ് വെല്ലിന്റെ ഇന്റർപ്രെട്ടേഷൻ ഓഫ് സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 8 സെക്ഷൻ (viii)-ൽ ഉള്ളത്. കൊണ്ടുവരാനേ പാടില്ലെന്നുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചത് ഏത് മാക്സ്വെല്ലിൽ നിന്നെടുത്തതാണ്? മന്ത്രി വായിച്ചതിലുള്ളത് തന്നെയാണ് ഞാൻ പറയുന്നത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: അതിലുള്ള കാര്യം തന്നെയാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ.കെ. ബാലൻ: സെപ്റ്റംബർ 22-ന് ശേഷം സിൻഡിക്കേറ്റില്ലല്ലോ? നിങ്ങൾ ഒരു കൊല്ലത്തേയ്ക്ക് കൂട്ടിക്കൊടുക്കാൻ കൊണ്ടുവന്നോളൂ. അത് നിയമപരമായി നിൽക്കും. പിരിച്ചുവിട്ട ഒരു സിൻഡിക്കേറ്റ്, ഇല്ലാത്ത ഒരു സിൻഡിക്കേറ്റിന് നിങ്ങൾ എങ്ങനെയാണ് ഒരു വർഷം കൂട്ടിക്കൊടുക്കുന്നത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: മാക്സ്വെല്ലിന്റെ ഇന്റർപ്രെട്ടേഷൻ ഓഫ് സ്റ്റാറ്റ്യൂട്ടിലുള്ളത് പറയുന്നതോടൊപ്പംതന്നെ ബില്ലിന്റെ 3-ാം ഖണ്ഡമായി പ്രത്യേക സാധൂകരണ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളത് അതിനുവേണ്ടിയാണ്.

<u>ശ്രീ. എ.കെ. ബാലൻ</u>: റിട്രോസ്പെക്റ്റീവ് എഫക്ട് കൊടുക്കാൻ പാടില്ല.

<u>മി. സ്പീക്കർ</u>: ഇക്കാര്യത്തിൽ എന്തെങ്കിലും പ്രീസിഡന്റ് ഉണ്ടോ എന്ന് നോക്കാം. കോഴിക്കോട് സർവ്വകലാശാലയിലൂടെ നോമിനേറ്റ് ചെയ്ത സിൻഡിക്കേറ്റിന്റെ കാലാവധി 22-09-2012-ൽ അവസാനിച്ചുവെങ്കിലും 22-09 -2012 മുതൽ 2012-ലെ 55-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ച 30-09-2012 വരെയുള്ള കാലയളവിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത നടപടി യോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്ടിലെ വ്യവ സ്ഥകൾ പ്രകാരം സാധുതയോടെ എടുത്തതായി കരുതണമെന്ന സാധൂക രണ വകുപ്പ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഈ ബിൽ ആക്ട് ആകുന്ന സാഹചര്യത്തിൽ അതിന് സെപ്റ്റംബർ 22-09-2012 മുതൽ പ്രാബല്യവും നൽകിയിട്ടുണ്ട്. ഇതി നുമുമ്പും ഈ സഭ പരിഗണിച്ച് പാസ്സാക്കിയ കേരള ഗ്രന്ഥശാല സംഘം മാനേജുമെന്റ് ഏറ്റെടുക്കൽ ഭേദഗതി ബില്ലിലും ബോർഡ് ഓഫ് കൺട്രോ ളിന്റെ കാലാവധി അവസാനിച്ചിരുന്നുവെങ്കിലും അതിന്റെ കാലാവധി നീട്ടിയ പ്പോൾ പിൻകാല പ്രാബല്യം നൽകിയതായി കാണുന്നു. ഈ സാഹചര്യ ത്തിലും മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ബഹുമാനപ്പെട്ട എ.കെ. ബാലന്റെ തടസ്സവാദം ചെയർ നിരാകരിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്)</u>: സർ, 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനു ണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പു റത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2013-ലെ കോഴിക്കോട് സർവ്വകലാശാല ഭേദഗതി ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, കോഴിക്കോട് സർവ്വകലാശാലയുടെ 22-09-2011-ലെ ഇ.എൽ.ഇ.സി. 2/2011 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കോഴിക്കോട് സർവ്വകലാശാല ആക്ട് സെക്ഷൻ 7(4) പ്രകാരം നിലവിലുള്ള സിൻഡിക്കേറ്റ് അംഗങ്ങളെ പിരിച്ചുവിടുകയും ചാൻസിലർ നാമനിർദ്ദേശം ചെയ്ത അംഗങ്ങൾ ചുമതലയേൽക്കുകയും ചെയ്തു. കോഴിക്കോട് സർവ്വകലാശാല നിയമം 1975-ലെ ചാപ്റ്റർ 3 (7) 4(ബി)-യിലെ പ്രൊവിഷൻ താഴെപ്പറയും പ്രകാരമാണ്. "Provided that the nominated authority shall not, in any case, continue in Office for a period exceeding one year. ഇതനുസരിച്ച് നിലവിലുള്ള അംഗങ്ങളുടെ കാലാവധി 2012 സെപ്തംബറിൽ 23-ന് അവസാനിക്കുകയായിരുന്നു. സെനറ്റിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കുറഞ്ഞത് ആറുമാസമെങ്കിലും വേണ്ടിവരും. സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനും നിലവിലുള്ള അംഗങ്ങളുടെ

കാലാവധി നീട്ടേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ നാമ നിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെ കാലാവധി നിലവിലെ ഒരു വർഷ ത്തിൽനിന്ന് രണ്ടുവർഷമായി ഉയർത്തുന്നതിനായി കാലിക്കറ്റ് യൂണിവേ ഴ്സിറ്റി ആക്ട് 1975 ചാപ്റ്റർ 3 (7) 4 (ബി) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്. "Provided that the nominated authority shall not, in any case, continue in Office for a period exceeding two years. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി 2013 ഫെബ്രുവരി 27-ന് ബഹുമാനപ്പെട്ട കേരള ഗവർണ്ണർ 2013-ലെ ഓർഡിനൻസ് നമ്പർ 30 പ്രകാരം കോഴിക്കോട് സർവ്വക ലാശാല (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഓർഡിനൻസിന് പകരമായുള്ള 199-ാം നമ്പർ ഭേദഗതി (ബിൽ) നിയമസഭ യുടെ പരിഗണനയ്ക്കായി ഞാൻ അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ, അങ്ങേയ്ക്ക് 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, I move that-"This House resolves to disapprove The Calicut University (Amendment) Ordinance, 2013 (Ordinance No. 30 of 2013)". കോഴിക്കോട് സർവ്വകലാശാല നിയമത്തിൽ ഇപ്പോൾ ഭേദഗതി കൊണ്ടുവരുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അവത രിപ്പിച്ച ബിൽ അവതരിപ്പിച്ച് പാസ്സാക്കാനേ പാടില്ലായെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നേരത്തെ അത് ബഹുമാനപ്പെട്ട മെമ്പർ എ. കെ. ബാലൻ ഉന്ന യിച്ചിട്ടുള്ള കാര്യമാണ്. അങ്ങ് റൂളിംഗ് നൽകിയെങ്കിൽപ്പോലും യഥാർത്ഥ

ത്തിൽ ഈയൊരു നിയമം സഭ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് അംഗീകരിക്കുകയാണെങ്കിൽ അത് നമ്മുടെ നിയമസഭയുടെ നിയമനിർമ്മാണ ചരിത്രത്തിലെത്തന്നെ ഒരു കറുത്ത ഏടായി നിൽക്കും. ഒരു തരത്തിൽ പറ ഞ്ഞാൽ ലെജിസ്ലേറ്റീവ് അബ്യൂസാണ് ഇവിടെ നടക്കാൻ പോകുന്നത്. ഈ നിയമത്തിലെ ഏഴാം വകുപ്പിനൊരു ഭേദഗതി വളരെ നിസ്സാരമായിട്ടുള്ള കാര്യ മെന്ന നിലയിലാണ് ഈ അമെന്റ്മെന്റ് അവതരിപ്പിച്ചിട്ടുള്ളത്. ഒരു വർഷമെന്ന തിനുപകരം രണ്ടുവർഷമെന്നുള്ള വാക്ക് മാറ്റിയാൽ മതി. ഇവിടെ അന്വേഷി ക്കേണ്ടത്, ഈ ഭേദഗതിക്ക് പിന്നിലുള്ള ദുഷ്ടലാക്കാണ്. അവിടെ ഇപ്പോൾ നോമിനേറ്റഡ് സിൻഡിക്കേറ്റ് എന്നനിലയിൽ പ്രവർത്തിക്കുന്നവരുടെയും അവർക്ക് പിന്തുണ നൽകുന്ന സർക്കാരിന്റെയും ദുഷ്ടലാക്ക് ഈ സഭ എങ്കിലും മനസ്സിലാക്കേണ്ടതാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തും വ്യത ്യാസമൊന്നുമില്ലാതെ പലർക്കും ഞാൻ പറയുന്ന കാര്യത്തോട് യോജിപ്പുണ്ടാ കുമെന്നാണ് കരുതുന്നത്. തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിനെ ഡിസ്മിസ് ചെയ്തത് ഏത് സാഹചര്യത്തിലായിരുന്നു? ഇപ്പോഴും ഒരു വർഷത്തേയ്ക്ക് നോമിനേറ്റഡ് സിൻഡിക്കേറ്റിനെ അവിടെ അധികാരത്തിൽ തുടരുവാൻ സൗകര്യം ചെയ്തുകൊടുത്തത് വീണ്ടും ഇപ്പോൾ അവർക്ക് ഒരു വർഷംകൂടി വർദ്ധിപ്പിച്ചുകൊടുക്കുന്നത് എന്തിനുവേണ്ടിയാണ്? ഈ ഗവൺമെന്റുകൂടി ഇടപെട്ടുകൊണ്ട് വിചിത്രമായ ഒരുപാട് സംഭവങ്ങൾ ഇതിന് തൊട്ടുമുമ്പ് അവിടെ ഉണ്ടായിട്ടുണ്ട്. പുതിയ വൈസ് ചാൻസിലർ ഓഗസ്റ്റ് 12-ാം തീയതി അവിടെ ചാർജ്ജെടുക്കുന്നു. 19-ാം തീയതി ആ വൈസ് ചാൻസിലർ ഇല ക്ടഡ് സിൻഡിക്കേറ്റും സെനറ്റും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നു, നിയ മവിരുദ്ധമായ നടപടികൾ കൈക്കൊള്ളുന്നു, സർവ്വകൊള്ളരുതായ്മയു

ടെയും കൂടാരമാണെന്ന് പറഞ്ഞുകൊണ്ട് ഒരു റിപ്പോർട്ടുണ്ടാക്കി ചാൻസിലർക്ക് കൊടുക്കുകയാണ്. ഒരു വൈസ് ചാൻസിലർ വന്ന് ചാർജ്ജെടുത്ത് ഏതാണ്ട് ഒരാഴ്ചയ്ക്കുള്ളിൽ ഒരു പഠനവും നടത്താതെ എങ്ങനെയാണ് അദ്ദേഹത്തിന് തെരഞ്ഞെടുക്കപ്പെട്ട സിൻഡിക്കേറ്റിനെക്കുറിച്ച് അങ്ങനെയൊരു നിഗമനത്തിലെത്താൻ സാധിക്കുന്നത്. ഞങ്ങളൊക്കെ മനസ്സിലാക്കിയതനുസരിച്ച് ചാൻസിലറുടെതന്നെ നിയമോപദേശകർ ഇങ്ങനെ പിരിച്ചുവിടുന്നതിനൊക്കെ എതിർത്തു. പക്ഷേ പിന്നീട് ഗവൺമെന്റിന്റെ രാഷ്ട്രീയ ഇടപെടലിന്റെ ഭാഗമായി പരാതിക്കാരനായ വൈസ് ചാൻസിലറും സർക്കാരിന്റെ അഡ്വക്കേറ്റ് ജനറലും പരസ്പരം കൺസൾട്ട് ചെയ്ത് ചില പ്രൊപ്പോസലുകൾ ഉണ്ടാക്കുന്നു, പുതിയ നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ പാനൽ ഉണ്ടാക്കുന്നു. അതെല്ലാംകൂടി ചാൻസിലർക്ക് കൊടുത്ത് രാഷ്ട്രീയ സമ്മർദ്ദത്തിലൂടെ.......... അത് എങ്ങനെയാണെന്ന് നമുക്കറിയാം. അതിന്റെ പ്രക്രിയയൊക്കെത്തന്നെ അംഗീകരിച്ചുവരുന്ന സാഹചര്യമുണ്ടാകുകയാണ്. അത് ഇല്ലീഗലായി പ്രവർത്തിക്കുന്നതാണ്, നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതാണ്, എല്ലാ കൊള്ളരുതായ്മയുടെയും കേന്ദ്രമാണെന്നൊക്കെയാണ് അന്നത്തെ ഇലക്ടഡ് സിൻഡിക്കേറ്റിനെ സംബന്ധിച്ച് ഇപ്പോൾ ഇരിക്കുന്ന വൈസ് ചാൻസിലർ പറഞ്ഞത്. ഇപ്പോഴത്തെ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ സിൻഡിക്കേറ്റിലെ അംഗമായിരുന്നു. അങ്ങ് ആ സിൻഡിക്കേറ്റിലെ അംഗമായിരുന്നില്ലേ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>): സർ, അല്ലായിരുന്നു.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, അങ്ങ് ഉണ്ടായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. നേരത്തെ ഇലക്ടഡ് സിൻഡിക്കേറ്റിലുണ്ടായിരുന്നതാണ്. ഇല്ലെങ്കിൽ വേണ്ട. എന്തായാലും അങ്ങ് ഉൾപ്പെടെ പ്രതിനിധാനം

ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയൊക്കെ ആൾക്കാരൊക്കെ അതിനകത്തുണ്ടായിരുന്നു. എല്ലാ പാർട്ടിക്കാരുമുണ്ടായിരുന്നു. അദ്ധ്യാപകരുടെ പ്രതിനിധികളുണ്ടായിരുന്നു. അവർ ആരെങ്കിലും പഴയ ഇലക്ടഡ് സിൻഡിക്കേറ്റിൽ............

ശ്രീ. പി. കെ. അബ്ദുറബ്ബ്: ഇലക്ടഡ് സിൻഡിക്കേറ്റ് ഉണ്ടായിരുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. അതിൽ ഞാനും അംഗമായിരുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, അതെ. ഞാൻ അതാണ് പറഞ്ഞത്. ഡോ. കെ. ടി. ജലീൽ ഒക്കെയുണ്ടായിരുന്നു. ഈ വൈസ് ചാൻസിലർ ആ സിൻഡിക്കേറ്റിനെ സംബന്ധിച്ച് കൊടുത്ത ഒരു റിപ്പോർട്ടുണ്ട്. ഇതെല്ലാം ഇല്ലീഗലായി പ്രവർത്തിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞതാണ്. അങ്ങ് ഉൾപ്പെടെ ഭാഗഭാക്കായിരുന്ന സിൻഡിക്കേറ്റിനെക്കുറിച്ചാണ് പറഞ്ഞത്. അങ്ങ് മാത്രമല്ല, ഡോ. കെ. ടി. ജലീലും ഉണ്ടായിരുന്നു. ഇത് എല്ലാ കൊള്ളരുതായ്മകളുടെയും കേദാരമായ സിൻഡിക്കേറ്റാണെന്ന് നിങ്ങൾ എല്ലാവരുമുള്ള സിൻഡിക്കേറ്റിനെക്കുറിച്ച് ചാർജ്ജെടുത്ത ഒരാഴ്ചകൊണ്ട് വൈസ് ചാൻസിലർ പറയുകയാണ്. ഇതിനെ പിരിച്ചുവിടണമെന്ന് പറയുകയാണ്. അങ്ങ് എപ്പോഴെങ്കിലും അത് ഉന്നയിച്ചിരുന്നോവെന്ന് എനിക്കറിയില്ല. അങ്ങനെയൊരു സിൻഡിക്കേറ്റിലെ എല്ലാ കൊള്ളരുതായ്മയ്ക്കും അങ്ങ് കൂട്ടുനിൽക്കുകയായിരുന്നോ; ഇതിനുമുമ്പുള്ള സിൻഡിക്കേറ്റിലൊക്കെയുള്ള ഈ പറഞ്ഞ എല്ലാ നിയമ വിരുദ്ധപ്രവർത്തനങ്ങൾക്കും നിങ്ങൾ കൂട്ടുനിൽക്കുകയായിരുന്നോ? ആരും അങ്ങനെ പറഞ്ഞിട്ടില്ലല്ലോ. പക്ഷേ ഇങ്ങനെയൊക്കെയുള്ള റിപ്പോർട്ടിനെ ബേസ് ചെയ്തുകൊണ്ടാണ് ഈ സിൻഡിക്കേറ്റിനെ പിരിച്ചുവിടുന്ന ഒരു സാഹചര്യത്തിലേയ്ക്ക് എത്തിയത്. ചാൻസിലർ, പിരിച്ചുവിടുന്നു. പിരിച്ചുവിട്ടതനുസരിച്ച് പുതിയ നോമിനേറ്റഡ് സിൻഡിക്കേറ്റ്

കൊണ്ടുവരുന്നു. ആ സമയത്തെ ചാൻസിലറുടെ ഉത്തരവിൽ അത് പറഞ്ഞിട്ടുണ്ട്. യൂണിവേഴ്സിറ്റി ആക്ടുപ്രകാരം പുതിയൊരു സിൻഡിക്കേറ്റ് തെരഞ്ഞെടുക്കപ്പെട്ട് വരുന്നതുവരെയോ അല്ലെങ്കിൽ പരമാവധി ഒരു വർഷം വരെയോ ആണ് ഈയൊരു താൽക്കാലിക സംവിധാനം നിലനിൽക്കുന്നത്. അത് അങ്ങനെയേ പാടുള്ളൂ. അതിനാണ് ഇപ്പോൾ വീണ്ടും ഭേദഗതി കൊണ്ടു വരുന്നത്. യൂണിവേഴ്സിറ്റി ആക്ടനുസരിച്ച് യഥാർത്ഥത്തിൽ ഇതിനെ നോമി നേറ്റഡ് സിൻഡിക്കേറ്റെന്നുപോലും വിളിക്കാൻ പാടില്ല. ഒരു താൽക്കാലിക സംവിധാനം മാത്രമായിട്ടാണ് അതിനെ കാണേണ്ടത്. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി അന്നുതന്നെ ചാൻസിലർ പറഞ്ഞിരിക്കുന്ന കാര്യം, ഈ താൽക്കാലിക സംവിധാനത്തിന് യൂണിവേഴ്സിറ്റി സെനറ്റോ സിൻഡിക്കേറ്റോ നേരത്തെ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളൊന്നുംതന്നെ റിവ്യൂ ചെയ്യാൻ അധികാരമില്ല എന്നാണ്. നയപരമായ തീരുമാനം, അക്കാദമികമായ സുപ്ര ധാന തീരുമാനം എന്നിവയൊന്നും എടുക്കാൻ പാടില്ല. ഒരു കെയർ ടേക്കർ ഗവൺമെന്റിന്റെ ധർമ്മം മാത്രമേ ഈ താൽക്കാലിക സംവിധാനം നിർവ്വഹി ക്കാൻ പാടുള്ളൂ. ഇത് നമ്മുടെ യൂണിവേഴ്സിറ്റി ആക്ട് പ്രകാരമുള്ള വ്യവ സ്ഥയാണ്. ഉത്തരവിറക്കുന്ന സമയത്ത് ചാൻസിലർപോലും അനുസ്മരിപ്പിച്ച താണ്. എന്നാൽ ഇപ്പോഴുള്ള നോമിനേറ്റഡ് സിൻഡിക്കേറ്റ് ചെയ്തത് എന്താണ്? അവിടെ തെരഞ്ഞെടുക്കപ്പെട്ട പൂർണ്ണ സിൻഡിക്കേറ്റുപോലും ചെയ്യാൻ മടിക്കുന്ന കാര്യങ്ങൾ, അധാർമ്മികമായ സർവ്വ ഇടപാടുകളും ഈ സിൻഡിക്കേറ്റിരുന്ന് അവിടെ നടത്തുകയാണ് ചെയ്തത്. അതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. എല്ലാം ഈയൊരു സന്ദർഭത്തിൽ വിസ്തരിക്കുന്നില്ല.

ഒരുപക്ഷേ, സർവ്വകലാശാലകളുടെ ഇതുവരെയുള്ള ചരിത്രത്തിൽ ആദ്യമായിട്ടാണ് കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസിലറും സിൻഡിക്കേറ്റംഗങ്ങളും നിരവധി വിജിലൻസ് കേസ്സുകളിൽ പ്രതിയായി നിൽക്കുന്നത്. വൈസ് ചാൻസിലർ ഇപ്പോൾ ആറു വിജിലൻസ് കേസ്സുകളിൽ പ്രതിയാണ്, നിങ്ങൾ നിയമിച്ച ആളാണ്, നേരത്തെ മുസ്ലീം ലീഗിന്റെ പഞ്ചാ യത്ത് നേതാവിനെ വി.സി.യാക്കാൻ നോക്കിയത് വിവാദമായപ്പോൾ കൊണ്ടു വന്ന ആളാണ്. ഇതിനേക്കാൾ ഭേദം അതായിരുന്നു. നാട്ടിൽ ജനങ്ങളുടെ ഇട യിൽ പ്രവർത്തിച്ചതിന്റെ ഒരു മനുഷ്യപ്പറ്റെങ്കിലുമുണ്ടാകുമായിരുന്നു. മുസ്ലീം ലീഗിന്റെ പഞ്ചായത്ത് പ്രസിഡണ്ടിനെ വി.സി.യാക്കാൻ ശ്രമിച്ചപ്പോൾ അത് വിവാദമായി. അത് കഴിഞ്ഞ് അതിനേക്കാൾ മികച്ച, നിങ്ങളുടെ ഏറ്റവും വിശ്വസ്ത ഭൃത്യനായ ഒരാളെ കൊണ്ടുവന്ന് അവിടെ സ്ഥാപിച്ചു. കോഴി ക്കോട് യൂണിവേഴ്സിറ്റിയുടെതന്നെ വൈസ് ചാൻസിലറർമാരായി സേവനമ നുഷ്ഠിച്ച മഹാൻമാരായ ആളുകളുണ്ട്. ശ്രീ. ടി. എൻ. ജയചന്ദ്രനും ജലീൽസാറും അങ്ങനെ പ്രഗല്ഭരായ ഒരുപാട് ആളുകൾ ഇരുന്ന സ്ഥാന ത്താണ് ഇപ്പോൾ ഇതുപോലുള്ള ഒരു വൈസ്ചാൻസിലറെ നിങ്ങൾ നിയമി ച്ചത്. വൈസ് ചാൻസിലർ എന്നു പറയുന്ന പദവിയുടെ മഹത്വം നമ്മളെ ബോദ്ധ്യപ്പെടുത്തിയത് കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രിയായ ഇ.എം.എസ്. ആണ്. ഞങ്ങൾ പറഞ്ഞു കേട്ടതാണ്, വായിച്ചറിഞ്ഞതാണ്. അന്നത്തെ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലറായിരുന്ന ഡോ. ജോൺ മത്തായി മുഖ്യ മന്ത്രിയെ കാണുന്നതിന് അപ്പോയിന്റ്മെന്റ് ചോദിച്ചു. വൈസ് ചാൻസി ലറാണോ, അദ്ദേഹത്തിന്റെ സമയം ചോദിക്കൂ, ഞാൻ അങ്ങോട്ടുപോയിക്കാ ണാമെന്ന് ഇ.എം.എസ്. പറഞ്ഞു. അങ്ങനെ അദ്ദേഹം വൈസ് ചാൻസിലറെ അങ്ങോട്ടുപോയി കണ്ടു. നിങ്ങൾ നിയോഗിച്ച വൈസ് ചാൻസിലർ ചാർജ്ജെ

ടുക്കുന്നതിനുമുമ്പ് ബഹുമാന്യനായ പാണക്കാട് തങ്ങളുടെ അടുക്കൽപോയി അനുവാദം വാങ്ങിച്ചു, അദ്ദേഹം എന്റെ ആത്മീയാചാര്യനാണെന്ന് പരസ്യ മായി പറഞ്ഞു. അതൊക്കെ അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യങ്ങളാണ്. പക്ഷേ വൈസ് ചാൻസിലർ സ്ഥാനത്തിരിക്കുന്ന ആളുകൾ അങ്ങനെ ചെയ്യേണ്ട കാര്യമുണ്ടോ? ആരുടെ വിശ്വസ്തഭൃത്യനാണ് താനെന്ന് തെളിയി ക്കുന്ന നിലയിലാണ് അദ്ദേഹം പെരുമാറിയത്. പിന്നീട് ഈ പറയുന്ന സംവി ധാനം, താല്ക്കാലികബോഡിയായ സിൻഡിക്കേറ്റിനെ ഉപയോഗിച്ചു കൊണ്ട്.....

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിന്റെ മദർ സർവ്വകലാശാലയായ കേരള സർവ്വകലാശാലയുടെ വൈസ് ചാൻസിലറായി കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് ഇൻഡ്യയിലെ പ്രഗല്ഭനായ ഭരണാധികാരിയും അക്കാഡമീഷ്യനുമായ ഡോ. ജോൺ മത്തായിയെ അങ്ങോട്ടുപോയി ക്ഷണി ക്കുകയായിരുന്നു. ഇൻഡ്യയുടെ ചരിത്രത്തിൽ ഒരിക്കൽ മാത്രമേ യൂണിയൻ റെയിൽവേ ബഡ്ജറ്റ് വാചാ ആയി അവതരിപ്പിച്ചിട്ടുള്ളൂ. വാചാ ആയി ബഡ്ജറ്റ് അവതരിപ്പിച്ച് റെക്കോർഡിട്ട അതിപ്രശസ്തനായ ഡോ. ജോൺ മത്തായിയെ അങ്ങോട്ടുപോയി ക്ഷണിച്ച പാരമ്പര്യമാണ് കേരളത്തിനുള്ളത്. എന്നാൽ ഇപ്പോൾ വൈസ് ചാൻസിലർമാരെ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി എടുക്കുകയാണ്. ഇങ്ങനെ വരുമ്പോൾ പ്രാപ്തിയുള്ള, കഴിവുള്ള, അക്കാഡമിക് രംഗത്ത് സ്വന്തമായി ഇടമുള്ള ഏതെങ്കിലുമൊരാൾ ക്യൂവിൽ നിന്ന് വൈസ് ചാൻസിലറാകാൻ തയ്യാറാകുമോ; എന്താണ് ആ കാര്യത്തിൽ അങ്ങയുടെ അഭിപ്രായം.

ശ്രീ. എ. പ്രദീപ്കുമാർ : എനിക്ക് അതിനോട് പൂർണ്ണമായി യോജിപ്പില്ല. അന്ന് അങ്ങോട്ടുപോയി ക്ഷണിച്ചെങ്കിലും ഇപ്പോൾ മെരിറ്റടിസ്ഥാനത്തിൽ

ആപ്ലിക്കേഷൻ ക്ഷണിച്ച് ശരിയായ മെരിറ്റ് ഇവാലുവേറ്റ് ചെയ്ത് ഏറ്റവും യോഗ്യരായ ആളുകളെ കണ്ടെത്തുകയാണെങ്കിൽ പിശകുണ്ടാകില്ല. പക്ഷേ ഇത് അങ്ങനെയുള്ള ഒരു യോഗ്യതയുടെ അടിസ്ഥാനത്തിലല്ല. ലീഗിന്റെ പഞ്ചായത്ത് പ്രസിഡന്റിനെ തീരുമാനിക്കാൻ പോയി വിവാദമായപ്പോൾ പിന്നീട് ഇപ്പോൾ തീരുമാനിച്ചിട്ടുള്ള ആളെ നിയമിച്ചു..

ശ്രീ. വർക്കല കഹാർ : സർ, സി.പി.ഐ.(എം)-ന്റെ വഞ്ചിയൂർ ലോക്കൽ കമ്മിറ്റിയംഗവും അവിടത്തെ ബ്രാഞ്ച് കമ്മിറ്റിയംഗവുമായ ഡോ. ഇക്ബാൽ കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസിലറായതും പിന്നീട് പല ദിവസവും എ.കെ.ജി. സെന്ററിൽ ഉറങ്ങുകയും ചെയ്ത കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എ. പ്രദീപ്കുമാർ : ഡോ. ഇക്ബാൽ എന്നു പറഞ്ഞാൽ കേരളത്തിനകത്ത് മാത്രമല്ല ഇൻഡ്യയിലാകെയും ഇൻഡ്യയ്ക്ക് പുറത്തും അറിയപ്പെടുന്ന ഏറ്റവും പ്രശസ്തനായ ഡോക്ടർ മാത്രമല്ല നമ്മുടെ ധൈഷണിക മണ്ഡലത്തിൽ സമുജ്ജ്വല സംഭാവന നൽകിയ പശ്ചാത്തലമുള്ള മഹത്വ്യക്തിയാണ്. അത് സമൂഹം അംഗീകരിച്ചതാണ്. അങ്ങയെപ്പോലുള്ള ആളുകൾക്ക് അത് മനസ്സിലാക്കാനാവില്ല. പക്ഷേ, പുസ്തകങ്ങൾ വായിക്കുന്ന, അറിവിന്റെ ലോകത്ത് വ്യാപരിക്കുന്ന ആളുകൾക്ക് ഡോ. ഇക്ബാൽ ആരാണെന്ന് മനസ്സിലാകും. നമ്മളെവിടെയും കേൾക്കാത്ത ആളാണ് ഞാൻ ഈ പറഞ്ഞ പാണക്കാട് പോയി സമ്മതം വാങ്ങി വൈസ് ചാൻസിലർ പദവി ഏറ്റെടുക്കുകയും.......

ശ്രീ. വർക്കല കഹാർ : ഇനി മുതൽ വായിക്കുന്നത് അങ്ങയെകൂടി ബോദ്ധ്യപ്പെടുത്താം.

ശ്രീ. എ. പ്രദീപ്കുമാർ: എന്നെ ബോദ്ധ്യപ്പെടുത്തേണ്ടതില്ല. അങ്ങേയ്ക്ക് സമയം കിട്ടുമ്പോൾ ഉറങ്ങാൻവേണ്ടിയെങ്കിലും എന്തെങ്കിലും എടുത്തു വായിക്കുന്നത് നല്ലതാണ്. ഡോ. ഇക്ബാലിനെപോലെയുള്ള ആളെ ഇത്രയും കാലമായി സഭയിൽ വന്നിരിക്കുന്ന അങ്ങേയ്ക്ക് മനസ്സിലായില്ല എന്നു പറഞ്ഞാൽ അത് വളരെ ഖേദകരമാണ്. അതുകൊണ്ടാണ് പറഞ്ഞത്. ഓരോരുത്തരും ഓരോരുത്തരുടെ രീതിയിൽ മനസ്സിലാക്കും. അങ്ങേയ്ക്ക് മനസ്സിലാക്കാവുന്ന രീതി അതായിരിക്കും. പക്ഷേ പൊതുസമൂഹം മനസ്സിലാക്കുന്ന രീതിയാണ് ഞാൻ പറഞ്ഞത്. കോഴിക്കോട് സർവ്വകലാശാലയിൽ നിങ്ങളുടെ ഗവൺമെന്റ് ഒരു വൈസ് ചാൻസിലറെ നിയോഗിച്ചുകൊണ്ട് കൊണ്ടുചെന്നെത്തിച്ചിട്ടുള്ള പതനത്തിൽ നിന്നും ആ സർവ്വകലാശാലയെ രക്ഷപ്പെടുത്താൻ നിങ്ങൾക്ക് ഇങ്ങനെയുള്ള വിദണ്ഡവാദങ്ങൾ പറഞ്ഞതുകൊണ്ടൊന്നും കഴിയില്ല. അതിനാവശ്യമായ മാറ്റം അവിടെയുണ്ടാക്കുകയാണ് വേണ്ടത്. ഈ വൈസ് ചാൻസിലറുടെ പേരിൽ ആറ് വിജിലൻസ് കേസ്സുകളാണുള്ളത്. ഈ ആറു കേസ്സിലും പ്രധാന പ്രതി അദ്ദേഹം തന്നെയാണ്. കേസ്സുകൾ ഓരോന്നിലും പരാതി കൊടുത്ത ആളുകളുടെ വാദം കേട്ട് അതിൽ പ്രാഥമികമായി കഴമ്പുണ്ടെന്ന് കണ്ടിട്ടാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ വിജിലൻസ് കോടതി ഉത്തരവിട്ടത്. അതിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണനടപടികളിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. ഇതിൽ നാലു കേസ്സുകളും അവിടത്തെ ഭൂമിദാനവുമായി ബന്ധപ്പെട്ടതാണ്. ഭൂമിദാനപ്രശ്നം പലവട്ടം ഇവിടെ ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. എങ്കിൽപ്പോലും ബഹുമാന്യനായ പഞ്ചായത്ത് മന്ത്രി ഡോ. എം. കെ. മുനീർ കഴിഞ്ഞ ദിവസം ഇവിടെ ഇടപെട്ട് സംസാരിക്കുമ്പോൾ, സി.എച്ച്. മുഹമ്മദ് കോയ ആ യൂണിവേഴ്സിറ്റിക്കുവേണ്ടി 600 ഏക്കറിലധികം ഭൂമി ഏറ്റെടുക്കുന്നതിന് നേതൃത്വം കൊടുത്തയാ

ളാണെന്നും സി.എച്ച്. ചെയറിന്റെ പേരിൽ ഞങ്ങൾ കൊടുത്ത അപേക്ഷയനുസരിച്ച് ആവശ്യമായ ഭൂമിപോലും, ഇ.എം.എസ്. ചെയറിനും, ഗാന്ധിജി ചെയറിനും കൊടുത്തതുപോലെ കിട്ടിയിട്ടില്ല. എന്നിട്ടാണ് ഈ ആക്ഷേപം പറയുന്നത് എന്ന് പറഞ്ഞു.

ഡോ. കെ. ടി. ജലീൽ: കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ സിൻഡിക്കേറ്റുള്ള സമയത്താണ് സി.എച്ച്.മുഹമ്മദ് കോയ സാഹിബിന്റെ പേരിൽ ഒരു ചെയറുണ്ടാക്കണമെന്ന് പറഞ്ഞ് ആദ്യത്തെ അപേക്ഷ വരുന്നത്. അന്നത്തെ സിൻഡിക്കേറ്റ് മീറ്റിംഗ് അടുത്ത ഒരു സിൻഡിക്കേറ്റിലേയ്ക്ക്പോലും നീക്കിവയ്ക്കാതെ അങ്ങനെ ഒരു ചെയർ സ്ഥാപിക്കാൻ മറ്റു ചെയറുകൾക്ക് നൽകിയതുപോലെയുള്ള സൗകര്യങ്ങൾ നൽകാൻ തീരുമാനിക്കുകയാണ് ചെയ്തത്. സിൻഡിക്കേറ്റിന്റെ ആ തീരുമാനം അംഗീകരിക്കാതെ ഇപ്പോൾ ഇങ്ങനെയൊരു കാര്യം ചെയ്യുകയാണ് ബന്ധപ്പെട്ടവർ ചെയ്തതെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: തീർച്ചയായും. ബഹുമാന്യനായ സി.എച്ച്. മുഹമ്മദ് കോയയുടെ പേരിൽ ഒരു ചെയർ അനുവദിക്കുന്നതിന് ആരാണ് എതിരു നിൽക്കുന്നത്. ഞങ്ങളെല്ലാം ഒരേ മനസ്സോടുകൂടി, നിങ്ങളേക്കാൾ ശക്തമായി അതിനുവേണ്ടി വാദിക്കുന്നവരാണ്. ആ ചെയറിനാവശ്യമായ ഭൂമി അനുവദിക്കുകതന്നെ വേണം. പക്ഷേ, നിങ്ങൾ നോമിനേറ്റ് ചെയ്ത വൈസ് ചാൻസിലറും സംഘവും ചെയ്യുന്നതിന് പിന്തുണ കൊടുക്കുന്ന നിങ്ങളുടെ ഗവൺമെന്റ് സ്വീകരിക്കുന്ന ഈ നിലപാട് സി.എച്ച്. ഒരിക്കലും സ്വീകരിച്ചിട്ടില്ല. ഞങ്ങൾക്ക് രാഷ്ട്രീയമായി അഭിപ്രായ വ്യത്യാസമൊക്കെ അദ്ദേഹവുമായുണ്ടെങ്കിലും അദ്ദേഹത്തെക്കുറിച്ചൊന്നും ഇങ്ങനെയൊരു ആക്ഷേപം ഒരിക്കലും ഞങ്ങൾക്കാർക്കും പറയേണ്ടിവന്നില്ല. അതിന് അദ്ദേഹം

ഇടനൽകിയിട്ടില്ല. അദ്ദേഹം അത് ചെയ്തിരുന്നുവെങ്കിൽ, നിങ്ങൾ ഇന്ന് ചെയ്യുന്ന രീതിയിൽ അന്ന് മഹാനായ സി.എച്ച്. ചെയ്തിരുന്നുവെങ്കിൽ ഡോ. എം. കെ. മുനീറിന്റെ പേരിൽ 50 ഏക്കർ എഴുതിവച്ചിട്ടുണ്ടാകുമായിരുന്നു. അദ്ദേഹം എഴുതി വച്ചിട്ടില്ലല്ലോ, ഞാനെടുത്ത ഭൂമിയാണെന്ന് പറഞ്ഞ് അങ്ങ യുടെ പേരിൽ എഴുതി വച്ചിട്ടില്ലല്ലോ. അദ്ദേഹം അങ്ങനെ ചെയ്തില്ല. രാഷ്ട്രീയമായും നയപരമായും അദ്ദേഹത്തോട് നമുക്ക് അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u>: ഇതിന് മുമ്പ് ഒരു വി.സി.യെ പ്രൊപ്പോസ് ചെയ്തിരുന്നല്ലോ. അദ്ദേഹത്തിന്റെ അക്കാഡമിക് ക്വാളിഫിക്കേഷൻ എന്തായി രുന്നു?

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: അത് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു. ലീഗിന്റെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു എന്നുള്ളതാണ് അദ്ദേഹത്തിന്റെ യോഗ്യത. എന്തൊക്കെ പറഞ്ഞാലും മാനദണ്ഡമനുസരിച്ച് വൈസ് ചാൻസിലറാകാനുള്ള യോഗ്യതയില്ലെങ്കിൽപ്പോലും, നാട്ടിൽ പൊതുപ്ര വർത്തനം നടത്തി മനുഷ്യനുമായി ബന്ധമൊക്കെയുള്ള ലീഗ് പഞ്ചായത്ത് പ്രസിഡന്റ്, കാരുണ്യമില്ലാത്ത നിലപാടുമായി ആ യൂണിവേഴ്സിറ്റിയിൽ നട ക്കുന്ന സർവ്വ കൊള്ളരുതായ്മയുടെയും ചുക്കാൻ പിടിക്കുന്ന ഇന്നത്തെ വൈസ് ചാൻസിലറെക്കാളും ഭേദമാകുമായിരുന്നുവെന്നാണ് ഇപ്പോൾ ഞങ്ങൾക്ക് തോന്നുന്നത്. ഞാൻ പറഞ്ഞുവന്നത്, ഇതിനകത്ത് ഇപ്പോഴത്തെ സിൻഡിക്കേറ്റ് സ്വീകരിച്ചിട്ടുള്ള നിലപാടാണ്, ആർക്കൊക്കെയാണ് ഭൂമി കൊടുത്തത്? സി.എച്ച്. ചെയറിന് കിട്ടിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. സി.എച്ച് ചെയറിനുവേണ്ടി കൊടുത്ത അപേക്ഷ സമർത്ഥമായി പിൻവലിച്ചതാണ്. എന്നിട്ട് ഈ വൈസ് ചാൻസില

റുടെകൂടി പ്രേരണയ്ക്ക് വിധേയമായി സി.എച്ച്. മുഹമ്മദ് കോയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് എന്നു പറഞ്ഞ് ഒരു സ്വകാര്യ ട്രസ്റ്റുണ്ടാക്കി, ബഹുമാന്യനായ പാണക്കാട് തങ്ങൾ ചെയർമാനായിട്ടുള്ള ആ ട്രസ്റ്റിന്റെ പേരിൽ അപേക്ഷ കൊടുത്തപ്പോൾ ആ സ്വകാര്യ ട്രസ്റ്റിന് 10 ഏക്കർ ഭൂമി അപ്പോൾത്തന്നെ പാസ്സാക്കുകയല്ലേ സിൻഡിക്കേറ്റ് ചെയ്തത്. നിങ്ങൾ മനസ്സിലാക്കേണ്ടത് നയപരമായി തീരുമാനങ്ങൾ എടുക്കാൻ അവകാശമില്ലാത്ത......

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): അങ്ങ് സിൻഡിക്കേറ്റിന്റെ ട്രസ്റ്റിന്റെ കാര്യമാണ് പറയുന്നതെങ്കിലും സിൻഡിക്കേറ്റിന്റെ തീരുമാനമാണ് ഞാൻ പറയുന്നത്. സിൻഡിക്കേറ്റിന്റെ തീരുമാനം വായിച്ചു നോക്കിയപ്പോൾ അതിൽ പറഞ്ഞിരിക്കുന്നത് ഈ ഭൂമി ആർക്കും നൽകില്ല അവിടെയൊരു കെട്ടിടം ഈ ട്രസ്റ്റ് ഉണ്ടാക്കികൊടുക്കണമെന്നുമാണ്. ആ കെട്ടിടമടക്കം യൂണിവേഴ്സിറ്റിയുടെ അധീനതയിലായിരിക്കുമെന്നും അത് നിയന്ത്രിക്കുന്നത് വി.സി. അടക്കമുള്ളവരായിരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ അർത്ഥം ഞാനന്ന് സൂചിപ്പിച്ചതുപോലെ പത്ത് ഏക്കർ ഭൂമി കൊടുക്കുന്നില്ല എന്നുമാത്രമല്ല, ഈ ഒരു കെട്ടിടം യൂണിവേഴ്സിറ്റിക്ക് അങ്ങോട്ട് കൊടുക്കണമെന്ന് ട്രസ്റ്റിനോട് ആവശ്യപ്പെടുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. എ. പ്രദീപ്കുമാർ : അങ്ങ് പറഞ്ഞത് ശരിയല്ല. ഈ ട്രസ്റ്റിന് എന്തിനാണ് പത്ത് ഏക്കർ ഭൂമി കൊടുക്കുന്നത്? എന്തായിരുന്നു അതിന്റെ പ്രോജക്ട്? അതിനെക്കുറിച്ച് എവിടെയെങ്കിലും ചർച്ച ചെയ്ത് അംഗീകരിച്ചതാണോ? ട്രസ്റ്റിന് അപേക്ഷ വരുന്നു. അപേക്ഷ വന്നതുതന്നെ എന്നാണെന്ന് അറിയില്ല. ഭൂമി കൊടുക്കാനുള്ളത് തത്വത്തിൽ അംഗീകരിച്ചിട്ടാണ് അപേക്ഷയൊക്കെ വാങ്ങി വയ്ക്കുന്നത്. എന്തായാലും അതിന് പത്തേക്കർ ഭൂമി

കൊടുക്കുന്നു. സർവ്വകലാശാലയുടെ ഭൂമി ഈ ട്രസ്റ്റിന് കൊടുക്കുന്നതിന് എന്തവകാശമാണ് താൽക്കാലിക സംവിധാനമായ ട്രസ്റ്റിനുള്ളത്? അതായത് നയപരമായിട്ടുള്ള അല്ലെങ്കിൽ അക്കാദമികമായിട്ടുള്ള സുപ്രധാനമായ തീരുമാനങ്ങൾ കൈകൊള്ളാൻ അവകാശമില്ലാത്ത....

മി. സ്പീക്കർ : ശ്രീ. പ്രദീപ്കുമാർ 18 മിനിട്ട് കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ : ഞാൻ പറയട്ടെ .....

മി. സ്പീക്കർ : ഞാൻ നേരത്തെ ഒരു കാര്യം പറഞ്ഞതാണ്.

ശ്രീ. എ. പ്രദീപ്കുമാർ : നേരത്തെ ഒരുപാട് സമയമെടുത്തു.

മി. സ്പീക്കർ : അത് ഒറിജിനൽ ബില്ലായിരുന്നു.

ശ്രീ. എ. പ്രദീപ്കുമാർ : അങ്ങ് ഇടപെടുമ്പോഴാണ് പിന്നെയും സമയം വൈകുന്നത്.

മി. സ്പീക്കർ : ഇടപെടുന്നില്ല. ഇടയ്ക്ക് ഒരു വാചകം ഞാൻ പറയണ്ടേ?

ശ്രീ. എ. പ്രദീപ്കുമാർ : എനിയ്ക്ക് പറയുവാനുള്ളത് പരമാവധി വേഗം പറഞ്ഞുകൊള്ളാം.

മി. സ്പീക്കർ : പറയാനുള്ളത് എല്ലാം പറയാൻ സാധിക്കുകയില്ല.

ശ്രീ. എ. പ്രദീപ്കുമാർ : കുറച്ചു കാര്യം സംസാരിക്കാം.

മി. സ്പീക്കർ : നമുക്കൊരു ധാരണ വേണം.

ശ്രീ. എ. പ്രദീപ്കുമാർ : ഈ പ്രശ്നത്തിൽ സഭ ചർച്ചയിലൂടെ അംഗീകരിക്കാൻ പോകുന്ന നിയമം, ആ നിയമത്തിന്റെ ഭാഗമായി നിങ്ങളൊരു സിൻഡിക്കേറ്റിന് ആയുസ്സ് നീട്ടിക്കൊടുക്കുകയാണ്. അവർ ചെയ്ത കാര്യങ്ങൾ ചർച്ച ചെയ്തതിനുശേഷം എന്തെങ്കിലും മനംമാറ്റം ഉണ്ടായി ഈ ബിൽ

പിൻവലിക്കട്ടെ എന്നു വിചാരിച്ചാണ് ഞാൻ ഈ ആർഗ്യുമെന്റ് പറയുന്നത്. സി.എച്ച്-ന്റെ പേരിലുള്ള ട്രസ്റ്റിന് ഭൂമി കൊടുത്തതു മാത്രമല്ല പ്രശ്നം. 50 ഏക്കർ ഭൂമി ഗ്രീൻ സ്പോർട്സ് കോംപ്ലക്സിനും മൂന്ന് ഏക്കർ ഒരു ബാഡ്മിന്റൺ അസോസിയേഷനും കൊടുക്കാൻ തീരുമാനിച്ചതാണ്. ഈ അപേക്ഷകർക്കെല്ലാം ഭരണകക്ഷി നേതാക്കന്മാരും മന്ത്രിമാരുമൊക്കെയായി കുടുംബ ബന്ധമാണുള്ളത്. ഞാൻ ഓരോന്ന് എടുത്തു പറയുന്നില്ല. ഏറ്റവും ഒടുവിൽ എൻ.സി.സി.ക്ക് കൊടുത്തതുതന്നെ വിവാദമായിരിക്കുന്നു. യൂണിവേഴ്സിറ്റിക്ക് ഇല്ലാത്ത അധികാരം ഉപയോഗിച്ചുകൊണ്ട്, എൻ.സി.സി. ഇപ്പോൾ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരു സംവിധാനമല്ല. ഈ ആക്ഷേപത്തിൽ കഴമ്പുണ്ടെന്ന് കണ്ടതിനുശേഷമാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്. ഈ മൂന്നു ഇടപാടും റദ്ദു ചെയ്തു. ഇത് തെറ്റായ നടപടി യായതുകൊണ്ടാണ് യൂണിവേഴ്സിറ്റിക്കെതിരെ വലിയ ജനകീയ പ്രക്ഷോഭം ഉയർന്നു വന്നപ്പോൾ ആ തീരുമാനം റദ്ദ്ചെയ്യേണ്ടിവന്നത്. ആ സമയത്ത് വലിയ വിവാദമുണ്ടായപ്പോൾ തടി രക്ഷപ്പെടുത്താൻ വേണ്ടി അവർ റദ്ദുചെ യ്യുകയാണുണ്ടായത്. പക്ഷേ, അങ്ങനെ റദ്ദു ചെയ്തുകഴിഞ്ഞാൽ തെറ്റായ ചെയ്തികൾക്കു നേതൃത്വം നൽകിയിട്ടുള്ള വൈസ്ചാൻസലറുടെയും സിൻഡിക്കേറ്റിന്റെയും പേരിൽ നടപടിയെടുക്കാനുള്ള ഉത്തരവാദിത്തം ചാൻസലർക്കും പ്രോ-വൈസ് ചാൻസലർക്കുമാണ്. ഗവൺമെന്റ് ഈ പ്രശ്ന ത്തിലിടപെടേണ്ടതല്ലേ? അതുചോദിക്കുമ്പോൾ പറയുന്നത് ഭൂമി കൊടുത്തെ ങ്കിലും ഭൂമി തിരച്ചു കിട്ടിയെന്നാണ്. തൊണ്ടിമുതൽ തിരിച്ചു കിട്ടിയാൽ കുറ്റ വാളിയെ വെറുതെവിടാമോ? തൊണ്ടിമുതൽ തിരിച്ചു കിട്ടിയെന്നുള്ളതു കൊണ്ട് കുറ്റവാളിയെ വെറുതെ വിടാമെങ്കിൽ ഇപ്പോൾ ചേരാമ്പ്ര ബാങ്കിൽ

കവർച്ച ചെയ്തിട്ടുള്ള മുതലെല്ലാം കിട്ടി ബാങ്കിൽതന്നെ കൊടുക്കുവാൻ പറഞ്ഞു. അതുകൊണ്ട് കുറ്റവാളികളെ വിടാൻ സാധിക്കുമോ? ആ സമീപനം നമുക്ക് ഒരിക്കലും സ്വീകരിക്കുവാൻ കഴിയുന്നതല്ല. അതുകൊണ്ട് നമ്മുടെ സർവ്വകലാശാലയുടെ സൽപ്പേരിന് കളങ്കം വരുത്തിയിട്ടുള്ള സിൻഡിക്കേറ്റ് അംഗങ്ങൾക്കും അതിന് നേതൃത്വം കൊടുത്ത വി.സി.-യുടെ പേരിലും നടപടി സ്വീകരിക്കുകയാണ് വേണ്ടത്.

ഡോ. കെ. ടി. ജലീൽ : കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ഉത്ഘാടന ചടങ്ങിൽ പങ്കെടുത്തുകൊണ്ട് അന്ന് മഹാനായ സി.എച്ച്. മുഹമ്മദ്ക്കോയ സായിബ്ബ് പറഞ്ഞ ഒരു വാക്കുണ്ട്. This University is my Child. ഈ സർവ്വകലാശാല എന്റെ കുട്ടിയാണ്. ആ കുട്ടിയുടെ കയ്യും കാലുമാണ് ഈ വൈസ് ചാൻസലർ വെട്ടിമുറിച്ചു വിൽക്കാൻ ശ്രമിച്ചത്. സി. എച്ച്. ജീവിച്ചിരുന്നെങ്കിൽ ഈ വൈസ് ചാൻസലറെ ചമ്മട്ടികൊണ്ട് അടിച്ച് ആട്ടിയോടിക്കുമായിരുന്നു എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ : സർ, സി.എച്ച് മുഹമ്മദ് കോയ ജീവിച്ചിരുന്നെങ്കിൽ ഇതുപോലുള്ള ഒരാൾ വൈസ് ചാൻസിലർ സ്ഥാനത്ത് വരുമായിരുന്നില്ല. അദ്ദേഹമില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഈ വൈസ് ചാൻസിലർ ചെയ്ത കാര്യങ്ങൾ സൂചിപ്പിക്കുവാനുണ്ട്. അവിടത്തെ പ്രോവൈസ് ചാൻസലറുടെ മകൾക്കുവേണ്ടി പ്രത്യേകമായി ബി.ടെക് പരീക്ഷ നടത്തി. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ശ്രദ്ധിക്കേണ്ടതും ഇടപെടേണ്ടതുമായ ഒരു വിഷയമാണ്. പ്രോ-വൈസ്ചാൻസലറുടെ മകൾക്കുവേണ്ടി പ്രത്യേകമായി ബി.ടെക് പരീക്ഷ നടത്തുകയും റിസൽട്ടുണ്ടാക്കുകയും പാസ്സാകാത്ത കുട്ടിയെ പാസ്സാക്കി മാർക്ക്ലിസ്റ്റും കൊടുത്തു.

അവിടത്തെ കൺട്രോളർ ഓഫ് എക്സാമിനേഷൻ-പരീക്ഷാ കൺട്രോളർ, എക്സാമിനേഷൻ ബോർഡിന്റെ ചെയർമാൻ, സിൻഡിക്കേറ്റിന്റെ പരീക്ഷ സംബന്ധിച്ച ഉപ സമിതി അംഗങ്ങൾ തുടങ്ങിയവർ ഇതു ശരിയല്ലെന്നും ഇങ്ങനെ ചെയ്യരുതെന്ന് രേഖമൂലം എതിർപ്പ് പ്രകടിപ്പിച്ചിട്ടും ഈ വൈസ് ചാൻസലർ അദ്ദേഹത്തിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ചു കൊണ്ട് ഈ പ്രോ വൈസ് ചാൻസലറുടെ മകൾക്ക് പ്രത്യേക പരീക്ഷ നടത്തി പാസ്സാക്കികൊടുക്കുന്നതിന് നേതൃത്വം നൽകുകയാണ് ചെയ്തത്. ഈ നിലയിൽ അവിടെ മാർക്കുദാനവും അഴിമതിയും നടക്കുന്നു. ഇതി നൊക്കെ കാരണം ഈ വൈസ്ചാൻസലർതന്നെയാണ്. ഇതുപോലുള്ള ഒരു വൈസ്ചാൻസലർ ഇവിടെ ഉണ്ടായിട്ടില്ല. ഞാൻ ഇപ്പോൾ പറഞ്ഞുവരുന്ന സമയത്ത് ഏറ്റവും നല്ലതെന്നുവച്ചാൽ നേരത്തെ പറഞ്ഞതുപോലെ ഇദ്ദേഹം ഒരു ക്ണാപ്പൻ*******വൈസ്ചാൻസലറാണ്. നേരത്തെ ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി [1]പറഞ്ഞതാണ്. ******അവിടത്തെ ഒരു നാടൻ പ്രയോഗമാണ്. കേൾക്കുമ്പോൾ എന്തോ മോശമാണെന്നു തോന്നും. വളരെ നല്ല പ്രയോഗമാണെന്നാണ് അദ്ദേഹം പറഞ്ഞത്.

<u>മി. സ്പീക്കർ</u> : പാർലമെന്ററിയാണല്ലോ അല്ലേ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, പാർലമെന്ററിയാണ്. സമദാനി പറയു മ്പോൾ പാർലമെന്ററിയും.......

<u>മി. സ്പീക്കർ</u> : അതാണോ എന്നുള്ളത് സീനിയറായിട്ടുള്ളവർ പറയട്ടെ.

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : അദ്ദേഹം പറഞ്ഞതിനോട് യോജിച്ചുകൊണ്ട് പറഞ്ഞതാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അങ്ങയേപ്പോലുള്ളവർ മന്ത്രിയായിരിക്കുമ്പോൾ വൈസ് ചാൻസലറായി തുടരേണ്ട ആളല്ല ഇദ്ദേഹം.

---

[1] എക്സ്പഞ്ച്

അതുപോലെ ഇക്കാര്യം പരിശോധിക്കാൻവേണ്ടിയാണ് പറയുന്നത്. അതു പോലെ മഞ്ചേരിയിൽ, ആലിബാബ ഹാജിക്ക് ഒരു കോളേജ് കൊടുക്കുന്ന കാര്യത്തിൽ ക്രമം വിട്ടാണ് കോളേജ് അനുവദിച്ചതെന്നുള്ള ആക്ഷേപം വന്നു. കോൺഗ്രസ്സുകാരായിട്ടുള്ള സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെടെ അതിനോട് എതിർപ്പ് പ്രകടിപ്പിച്ചു. അവിടെ ഇൻസ്പെക്ഷൻ ചെയ്തപ്പോൾ ഒരു കോളേജിന് അംഗീകാരം കൊടുക്കുവാനുള്ള യാതൊരു മാനദണ്ഡവും ....

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ

ശ്രീ. വി. ഡി. സതീശൻ : ഇത് നിയമസഭയ്ക്ക് പ്രത്യേകമായ പ്രിവിലേജും അധികാരങ്ങളുമുണ്ട്. പക്ഷേ, ഒരു സർവ്വകലാശാല വൈസ്ചാൻസലറെക്കുറിച്ച് ഇങ്ങനെയൊരു പദപ്രയോഗം സഭയുടെ റിക്കാർഡിൽ കിടന്നാൽ അത് സഭയുടെ അന്തസ്സിന് ചേരുന്നതല്ല. അങ്ങാണ് തീരുമാനമെടുക്കേണ്ടത്. അതു ശരിയല്ല. ഒന്നുകിൽ ബഹുമാനപ്പെട്ട മെമ്പർ പിൻവലിക്കണം. ഞാൻ വൈസ്ചാൻസലറെന്ന വ്യക്തിയെക്കുറിച്ചല്ല പറയുന്നതെന്ന്. ആ സ്ഥാനത്തിനൊരു മഹിമയുണ്ട്. ഇവിടെ പണ്ട് മുഖ്യമന്ത്രിമാർ അപ്പോയിന്റ്മെന്റ് ചോദിച്ച് പോയി കണ്ടിരുന്ന വൈസ്ചാൻസലർമാരുണ്ടായിട്ടുള്ള നാടാണ് കേരളം. അങ്ങനെയുള്ള വൈസ്ചാൻസലർമാരാണ് ഇരിക്കുന്നതെന്ന് ഞാൻ പറയുന്നില്ല. സഭയിലെ ചർച്ചാവേളയിൽ ഒരു വൈസ്ചാൻസലറെക്കുറിച്ച് അങ്ങനെ ഒരു പദപ്രയോഗം നടത്തുന്നത് ഈ സഭയുടെ അന്തസ്സ് ഇടിച്ചു താഴ്ത്തും എന്നുപറയാൻ ആഗ്രഹിക്കുന്നു. അങ്ങ് തീരുമാനമെടുക്കണം.

മി. സ്പീക്കർ : നേരത്തെ ബഹുമാനപ്പെട്ട അംഗം ഇവിടെ ഇതേ വാക്ക് ക്വാട്ട് ചെയ്ത് പറഞ്ഞപ്പോൾ ഇത് ഒരു നാടൻഭാഷയിലുള്ളതാണെന്ന് പറഞ്ഞ

പ്പോൾ ഞാനും ഇത്തരത്തിലേയ്ക്ക് പോയില്ല. അദ്ദേഹം വീണ്ടും അത് ക്വാട്ട് ചെയ്തപ്പോൾ ഇത് പാർലമെന്ററി ആണോയെന്നു ചോദിച്ചു.........

ശ്രീ. എം. ഉമ്മർ : ഒരാളുടെ വ്യക്തിത്വത്തെ സംബന്ധിച്ച് ഉപയോഗിക്കുന്ന ഒരു വാക്കല്ല ******അതുപയോഗിക്കാൻ പാടില്ല.

മി. സ്പീക്കർ : അതുപാടില്ല. .......ആയിക്കോട്ടെ യെസ്....യെസ്... നമുക്ക് ഒരു കാര്യം ചെയ്യാം. എല്ലാം ജനാധിപത്യമാണ്. ഞാനൊന്ന് ശ്രദ്ധിച്ചപ്പോൾ ...... ഞാനായിട്ട് ഒരു പ്രശ്നം .......ഏതായാലും ഇതിനകത്തൊരു അസ്വസ്ഥത പൊതുവെ സഭ കാണിക്കുന്നു. രണ്ടുപേരുടെയും ഇതിനകത്തെ പരാമർശം സഭാ രേഖകകളിൽ നിന്നും നീക്കം ചെയ്യുന്നു. സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യുന്നു. ......ഒരു കാര്യം ചെയ്യാം. നിങ്ങൾക്ക് അനിഷ്ടമായ പ്രവർത്തനം നടത്തിയ ഒരു വ്യക്തിയെക്കുറിച്ച് പറയാൻ മലയാള ഭാഷയിൽ എത്രയോ പദങ്ങളുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ : നമുക്കറിയാവുന്ന പദാവലികളിൽ മലയാളഭാഷയുടെ പദസമ്പത്തിലേയ്ക്ക് പുതിയതൊന്ന് ബഹുമാനപ്പെട്ട സമദാനി സംഭാവന ചെയ്തപ്പോൾ വൈസ്ചാൻസലറുടെ കർമ്മങ്ങളൊക്കെ കണ്ടുവന്നപ്പോൾ ഏറ്റവും യോജ്യമായത് അതാണെന്നുതോന്നി. പക്ഷെ, അതും പാർലമെന്ററി അല്ലെങ്കിൽ ഞാനത് മാറ്റാം. ഏറ്റവും യോഗ്യമായത് അതാണെന്ന് തോന്നി. പക്ഷേ, എങ്കിലും ഞാനത് പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ : രേഖയിൽ ഉണ്ടായിരിക്കുന്നതല്ല.

ശ്രീ. എ. പ്രദീപ് കുമാർ: സർ, അങ്ങനെയുള്ള അളാകരുത് നമ്മുടെ വൈസ്ചാൻസലർ എന്ന് ആഗ്രഹിക്കുന്ന ആളാണ് ഞാൻ. അലിബാബ ഹാജിക്ക് കോളേജ് കൊടുത്ത വിഷയമാണ് ഞാൻ പറഞ്ഞുവന്നത്. ഒരു കോളേജ് അനുവദിക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളേയും കാറ്റിൽ പറ

ത്തിക്കൊണ്ട് കോളേജ് അനുവദിച്ചു. അവിടെയും പ്രതിസന്ധാനത്ത് ഈ വൈസ് ചാൻസലർ ആണ്. ഈ വൈസ് ചാൻസലർ വിജിലൻസ് അന്വേഷണം നേരിടുകയാണ്. ഒരു കാര്യംകൂടി ഞാൻ പറയട്ടെ.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ ഒരു മിനിട്ട്. ശ്രീ. എം. ഉമ്മർ, എന്താണ്?

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരിയിലെ ഈ കോളേജ് എന്റെ നിയോജകമണ്ഡലത്തിലാണ്. ഞാൻ ആ കോളേജ് പോയിക്കണ്ടിട്ടുണ്ട്. 100 ഏക്കറോളം സ്ഥലമുണ്ട്. വളരെ മനോഹരമായ കെട്ടിടങ്ങളുമുണ്ട്. വെറെ എന്ത് മാനദണ്ഡമാണ് അവിടെ പാലിക്കപ്പെടാത്തതെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് എനിക്ക് മനസ്സിലാകുന്നില്ല. എല്ലാ ഭൗതിക സാഹചര്യങ്ങളും അവിടെയുണ്ട്. മാത്രമല്ല ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ചിട്ടുമുണ്ട്.

മി. സ്പീക്കർ: ശ്രീ. ഉമ്മർ, ഓരോ വാചകത്തിലും നമ്മൾ കയറിപിടിക്കണ്ട, അതിങ്ങനെ പറഞ്ഞുപോകുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ പറഞ്ഞുവന്നത്, അതിനെ സംബന്ധിച്ചുള്ള എല്ലാ രേഖകളും എന്റെ കയ്യിലുണ്ട്. അതായത്, സമയത്തിന് അപേക്ഷ കൊടുക്കാത്തതുമുതലുള്ള പ്രശ്നങ്ങളുണ്ട്. കോളേജിന്റെ നോംസ് പറയുന്നതിൽ അവർക്ക് ഇന്നിയിന്ന യോഗ്യതകളുണ്ട്, ഇന്നയിന്ന ഇൻഫ്രാസ്ട്രക്ച്ചറുണ്ട് എന്ന് സ്ഥാപിക്കാൻ വേണ്ടി അവരുടെ മാനേജുമെന്റിന്റെ ഉടമസ്ഥതയിലുള്ളതല്ലാത്ത, ഷൊർണ്ണൂരിലുള്ള കോളേജിന്റെ പേരുൾപ്പെടെ ചേർത്തിട്ടുണ്ട്.

മി. സ്പീക്കർ: ദയവ് ചെയ്ത് അങ്ങ് കൺക്ലൂഡ് ചെയ്യണം. 25 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഞാൻ പറഞ്ഞോട്ടെ.........

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, കാലിക്കട്ട് സർവ്വകലാശാല വൈസ് ചാൻസലർ വിമാനയാത്രയിൽ ഒരു ഇന്റർവ്യൂ നടത്തിയത് അങ്ങയുടെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എന്തായിരുന്നു യോഗ്യത.

<u>മി. സ്പീക്കർ</u>: അത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, വിമാനയാത്രയിൽ ഇന്റർവ്യൂ ഉൾപ്പെടെ മറ്റ് പല കാര്യങ്ങളും നടത്താൻ പ്രാപ്തിയുള്ള ആളാണ് എന്ന് പറയുന്നത് കേട്ടിട്ടുണ്ട്. ഇവിടെ മഹത് വ്യക്തിയെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാട് പറഞ്ഞു. ഈ മഹത് വ്യക്തിയെക്കുറിച്ച് നമ്മുടെ വൈസ് ചാൻസലർക്ക് ഒരു കാഴ്ചപ്പാ ടുണ്ട്. ഇവിടത്തെ ഏറ്റവും വലിയ ബ്ലേഡ് കമ്പനിയായിരുന്ന മുത്തൂറ്റ് ഗ്രൂപ്പിലെ ജോർജ് മുത്തൂറ്റ്- അദ്ദേഹം ഇപ്പോഴില്ല, അദ്ദേഹത്തിന്റെ കുടുംബ മാണ് നടത്തുന്നത്. ഇ.എം.എസ് ചെയർ, ഗാന്ധി ചെയർ, സി.എച്ച് ചെയർ എന്നുപറയുന്നതുപോലെ ജോർജ് മുത്തൂറ്റിന്റെ പേരിലുള്ള ഒരു ചെയർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ അവിടെ ചെന്നു. ആ സമയത്ത് നമ്മുടെ വൈസ് ചാൻസലർ മുത്തൂറ്റ് കമ്പനിക്ക് കത്തെഴുതുകയാണ്. എന്താണ് അതിനകത്ത് പറയുന്നത്. **The chair is not enough for the stature of the person like Sri. George Muthoot**. ജോർജ് മൂത്തൂറ്റിനെപ്പോലെ യുള്ള ഒരു മഹത് വ്യക്തിയുടെ **സ്ട്രാച്ചറിന്** യോജിച്ചതല്ല ചെയർ. അതു കൊണ്ട് അതിനെക്കാൾ വലിയ സംവിധാനം അദ്ദേഹത്തിന്റെ പേരിൽ ഇവിടെ തുടങ്ങണം. നമ്മുടെ യൂണിവേഴ്സിറ്റിയിൽ ഇൻഫർമേഷൻ & കമ്മ്യൂണി ക്കേഷൻ സിസ്റ്റം വേണ്ട നിലയിലില്ല. അപ്പോൾ ആ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ സിസ്റ്റം എസ്റ്റാബ്ലിഷ് ചെയ്യാനുള്ള വലിയ സംവിധാനം

മുത്തൂറ്റ് കമ്പനി ചെയ്യണം എന്നുള്ള നിലയിലാണ് വൈസ് ചാൻസലർ കത്തെഴുതുന്നത്. അപ്പോൾ നമ്മുടെ മഹാത്മാഗാന്ധി, ഇ.എം.എസ്, സി. എച്ച് എന്നിവരുടെ കാറ്റഗറിയിൽപ്പെടുന്ന ആളല്ല ജോർജ് മുത്തൂറ്റ് എന്നാണ്. ഇത് വൈസ് ചാൻസലർ എഴുതിയ കത്താണ് (കത്ത് ഉയർത്തിക്കാണിച്ചു) ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങ് നിയോഗിച്ച വൈസ് ചാൻസലർ എഴുതിയ ഈ വസ്തുത നിഷേധിക്കാനാകുമോ? ഇങ്ങനെയാണ് അവിടെ ഓരോ കാര്യങ്ങളും ചെയ്യുന്നത്. ഇപ്പോൾ അവിടത്തെ സർട്ടിഫി ക്കറ്റ് വെരിഫിക്കേഷൻ, വിദേശത്ത്പോയിട്ടുള്ള ആൾക്കാരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിക്കൊടുക്കുന്നത് സ്വകാര്യവത്ക്കരിച്ചിരിക്കുകയാണ്. ഇപ്പോൾ ചെന്നൈ ആസ്ഥാനമായ 'My Easy.Com' എന്ന കമ്പനിയെ ഏല്പ്പിച്ചിരിക്കുകയാണ്. ഈ കമ്പനി 2000 രൂപവീതം വാങ്ങിയാണ് സർട്ടി ഫിക്കറ്റ് വെരിഫൈ ചെയ്തുകൊടുക്കുന്നത്. വിദേശത്ത് ഒരാൾ പോയ്ക്കഴി ഞ്ഞാൽ ഏത് ഫ്രോഡ് സർട്ടിഫിക്കറ്റും കൊണ്ടുപോയി വെരിഫിക്കേഷൻ നടത്തി കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ഔദ്യോഗിക അംഗീകാരമുള്ള സർട്ടിഫിക്കറ്റാക്കി മാറ്റാൻ കഴിയുന്ന നിലയുണ്ടാക്കിയത് ഈ വൈസ് ചാൻസലറാണ്. അതുപോലെതന്നെ പരീക്ഷാ നടത്തിപ്പ് സ്വാശ്രയ കോളേ ജുകളെയും പാരലൽ കോളേജുകളെയും ഏല്പിക്കുന്ന സിസ്റ്റം അവിടെ നട പ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ യു.ജി.സി ഏറ്റവുമൊടുവിൽ പ്രഖ്യാപിച്ചിട്ടുള്ള ക്വാളിഫിക്കേഷൻ നോംസൊന്നും അംഗീകരിക്കാത്ത ഇന്ത്യ യിലെ ഏക യൂണിവേഴ്സിറ്റി കാലിക്കട്ട് യൂണിവേഴ്സിറ്റിയാണ് ഇവിടെ പി. എച്ച്.ഡി രജിസ്ട്രേഷന് 55% മാർക്ക് വേണമെന്ന യു.ജി.സി-യുടെ നിബ ന്ധന 50% ആക്കി കുറച്ചത് തന്നെപ്പോലുള്ള ആളുകൾക്ക് ഗവേഷണം

നടത്തി ഡോക്ടറേറ്റ് കിട്ടുന്നതിനുവേണ്ടി വൈസ് ചാൻസലർ മുൻകയ്യെടുത്ത് ചെയ്ത കാര്യമാണ്. അതുപോലെതന്നെ അവിടത്തെ കോൺഗ്രസ്സ് യൂണിയന്റെ നേതാവായിരുന്ന ആർ.എസ്.പണിക്കർ നോമിനേറ്റഡ് സിൻഡിക്കേറ്റിലെ അംഗമായിരുന്നു. ഞങ്ങൾ വിദ്യാർത്ഥി സംഘടന പ്രവർത്തനം നടത്തുന്ന സമയത്ത് അദ്ദേഹം സംഘടന ശക്തിപ്പെടുത്തുന്നതിൽ സജീവമായി പങ്കുവഹിച്ച ആളായിരുന്നു. ആ സർവ്വകലാശാലയുടെ അന്തസ്സുയർത്തിപ്പിടിക്കാൻ യൂണിയൻ നേതാവെന്ന നിലയിൽ വളരെയധികം പങ്കുവഹിച്ച ആളായിരുന്നു. അദ്ദേഹം സിൻഡിക്കേറ്റിലിരിക്കാൻ യോഗ്യതയുള്ള ആളാണെന്നുതന്നെയാണ് ഞങ്ങളൊക്കെ മനസ്സിലാക്കിയത്. അദ്ദേഹം ഈ വൈസ് ചാൻസലറും അദ്ദേഹത്തിന് കൂട്ടുനില്ക്കുന്ന സിൻഡിക്കേറ്റ് അംഗങ്ങളും ചെയ്യുന്ന പല കാര്യങ്ങളിലും ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തി. അങ്ങനെ വിയോജിപ്പ് രേഖപ്പെടുത്തിയതുകൊണ്ട് കോൺഗ്രസ്സ് നേതാവായ, പി.എസ്.സി മെമ്പറായിരുന്ന ആർ.എസ് പണിക്കരെ അവിടത്തെ ഫിനാൻസ് കമ്മിറ്റിയുടെ കൺവീനർ സ്ഥാനത്തുനിന്നും പുറത്താക്കി. അതിനുപോലും ധൈര്യമുള്ള ആളുകളാണ്. ഭരണകക്ഷിയിലെതന്നെ പ്രധാനകക്ഷിയായ കോൺഗ്രസ്സിന്റെ നേതാവിനെപ്പോലും പുറത്താക്കാനുള്ള ധൈര്യമുണ്ടായി. ഞാൻ മനസ്സിലാക്കിയത് ഇവിടെയുള്ള ഈ നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ ആയുസ്സ് നീട്ടിക്കൊടുക്കണമെന്ന പ്രശ്നം വന്നപ്പോൾ പുതിയ സിൻഡിക്കേറ്റിൽ അദ്ദേഹത്തെ ഉൾപ്പെടുത്താതിരിക്കാനുള്ള നീക്കവും ഈ വൈസ് സാൻസലറും സംഘവും നടത്തുന്നുണ്ട്. ഞാൻ പറഞ്ഞത് നിങ്ങളിപ്പോൾ ഈ സിൻഡിക്കേറ്റിന് ആയുസ്സ് നീട്ടിക്കൊടുത്താൽ ഈ വൈസ് ചാൻസലർക്കും അദ്ദേഹത്തിന്റെ സകല കൊള്ളരുതായ്മകൾക്കും കൂട്ടുനില്ക്കുന്ന കൊള്ളസംഘത്തിനും ആയുസ്സ് നീട്ടിക്കൊടുക്കു

ന്നതാണ് ഫലത്തിൽ ഇവിടെ സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് ഈ ബില്ലിനെ ഒരു പ്രമേയമാക്കിമാറ്റണമെന്നാണ് എന്റെ അഭിപ്രായം. അങ്ങ് കോഴിക്കോട് സർവ്വകലാശാല രക്ഷപ്പെടണമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ, ഈ വൈസ് ചാൻസലറിനേയും വൈസ് ചാൻസലർക്ക് കൂട്ടുനിന്നിട്ടുള്ള സിൻഡിക്കേറ്റ് അംഗങ്ങൾക്കുമെതിരായുള്ള പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കണം. ആ പ്രോസിക്യൂഷൻ നടപടി ആരംഭിക്കണമെന്നുള്ളത് ബില്ലിനുപകരം പ്രമേയമായി സഭ പാസ്സാക്കണമെന്നാണ് എന്റെ അഭിപ്രായം. ഒരു കാരണവശാലും ദയവുചെയ്ത് ഇവർക്ക് ആയുസ്സ് നീട്ടിക്കൊടുക്കാൻ തയ്യാറാകരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ഇ.കെ. വിജയൻ: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. സമീപ കാലത്ത് കോഴിക്കോട് സർവ്വകലാശാല ഉൾപ്പെടെയുള്ള മറ്റ് സർവ്വകലാശാലകളെക്കുറിച്ച് വിവിധ പത്രങ്ങളിൽ പ്രമാദമായ വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. ‘സർവ്വകലാശാല നേതൃത്വം ചെല്ലം ചുമട്ടുകാരായി മാററുത്, നേരത്തെ ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ചതുപോലെ , കാലിക്കട്ട് സിൻഡിക്കേറ്റിൽ പോര് മൂത്തു- അഴിമതിക്കഥകൾ പുറത്തേയ്ക്ക്, എഞ്ചിനീറിംഗ് തോറ്റവർക്ക് ഫലം പ്രഖ്യാപിച്ചതിനുശേഷം മോഡറേഷൻ’,.............

മി. സ്പീക്കർ: ശ്രീ. ഇ.കെ. വിജയൻ, ഇതെല്ലാം നമ്മൾ വായിച്ചതാണ്.

ശ്രീ. ഇ.കെ. വിജയൻ: സർ, മലയാള മനോരമയിലെ മുഖപ്രസംഗമാണ്. □സർവ്വകലാശാലകളിലെ പ്രതിസന്ധി തീർക്കണം എന്നത് സംബന്ധിച്ച് പ്രതിപക്ഷം ഗവർണ്ണർക്ക് നിവേദനം നൽകി. സി.എച്ച് സെന്ററിന് രണ്ടര ക്കോടി രൂപ നല്കാൻ ഉത്തരവ്, ഭൂമിദാനം മന്ത്രിയുടെ അറിവോടെ, കേരള

സർവ്വകലാശാലയിൽ അനധികൃത പണപ്പിരിവ്– തട്ടിപ്പിനിരയാകുന്നത് എം. ബി.എ വിദ്യാർത്ഥികൾ, ഭൂമിദാനം സർക്കാരിന് വിജിലൻസ് നോട്ടീസ്, ഉമ്മൻചാണ്ടി– മാണി തർക്കം– വി.സി നിയമനം, വിയോജനക്കുറിപ്പ് ഗവർണ്ണറിൽനിന്നും മറച്ചുവയ്ക്കുന്നു. സമീപകാലത്തൊന്നും കേരളത്തിലെ യൂണിവേഴ്സിറ്റികളെക്കുറിച്ചൊന്നും ഇങ്ങനെ വാർത്തകൾ വന്നിരുന്നില്ല. കോഴിക്കോട് സർവ്വകലാശാല 1968– ൽ സ്ഥാപിച്ചതാണ്. കഴിഞ്ഞ കാലങ്ങളിൽ മികച്ച ഭരണാധികാരികളെ കണ്ടുപിടിച്ചാണ് വി.സി മാരാക്കിയിരുന്നത്. അത്തരമൊരു പാരമ്പര്യം നമുക്കുണ്ട്. സർവ്വകലാശാല എന്നത് എത്ര അന്വർത്ഥമായ മലയാള വാക്കാണ്. നമ്മുടെ ഓർമ്മയിൽ വരുന്നത് നളന്ദയും തക്ഷശിലയുമാണ്. എല്ലാതരം അറിവിന്റേയും ഒത്തുചേരൽ, അറിവിന്റെ ഉത്പാദനവും അറിവിന്റെ വിനിമയവും നടക്കുന്ന കേന്ദ്രമാണ് സർവ്വകലാശാല. നളന്ദ സർവ്വകലാശാല ലോകത്തിനുമുമ്പിൽ വെളിച്ചമായിരുന്നു. ക്രിസ്തുവർഷം ആരംഭിക്കുന്നതിനുമുമ്പ് ആരംഭിച്ച് 8000 വിദ്യാർത്ഥികളും 2000 അദ്ധ്യാപകരും ഒരുമിച്ച് താമസിച്ച ഇടമായിരുന്നു അത്. മറ്റ് സർവ്വകലാശാലകൾ വന്നപ്പോഴും നളന്ദ സർവ്വകലാശാലയ്ക്ക് സമാനതകളില്ലായിരുന്നു എന്നാണ് നാം മനസ്സിലാക്കിയിട്ടുള്ളത്. ദാനത്തിൽ മതിവരാത്തത് എന്നാണ് നളന്ദയുടെ അർത്ഥം. അറിവിനെയും അതിന്റെ വിനിമയത്തേയുംകുറിച്ചുള്ള ആദർശമാണെന്ന് മഹാനായ ടാഗോർ അഭിപ്രായപ്പെട്ടു. അങ്ങനെയാണ് വിശ്വഭാരതി സർവ്വകലാശാല തുടങ്ങിയത്. കലുഷ്യമില്ലാത്ത സ്നേഹ സൗഹാർദ്ദപരമായ കിളിക്കൂടായി ലോകത്തേയും ജീവിതത്തേയും മാറ്റിയെടുക്കാനുള്ള പ്രേരണയാവുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ അവസാന ലക്ഷ്യമെന്ന് മാഹാനായ ടാഗോർ എഴുതി. ടാഗോറിന്റെ 150–ാമത് വാർഷികം ആഘോ

ഷിക്കുമ്പോൾ കാലിക്കട്ട് സർവ്വകലാശാലയിൽനിന്നും പുറത്തുവരുന്ന വാർത്തകൾ ആശങ്കയുളവാക്കുന്നതാണ്. ഇന്ത്യയിൽ പ്രത്യേകിച്ച് കേരള ത്തിൽ സർവ്വകലാശാല ഭരണം ഇന്ന് നേരിടുന്നത് ഗുരുതരമായ പ്രതിസന്ധി കളെയാണ്. സർവ്വകലാശാല നേരിടുന്ന പ്രതിസന്ധി സർവ്വകാലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്ത അക്കാദമിക് ജീവിത ത്തിൽ സ്വന്തമായ ഇടമോ വൈജ്ഞാനിക മേഖലയിൽ സ്വന്തം സംഭാവന കളോ ഇല്ലാത്ത പലരും ജാതി-മത-രാഷ്ട്രീയ പരിഗണനകൾക്ക് മാനദണ്ഡ മായി സർവ്വകലാശാല അധികാരികളായി വരുന്നു. വളരെ ഗൗരവപൂർവ്വം കാണേണ്ട വിഷയമല്ലേ ഇത്? നമ്മുടെ പാരമ്പര്യം എന്തായിരുന്നു; രാജ്യഭ രണത്തലവന്മാരെക്കാൾ ദാർശനികരായിരുന്നു സർവ്വകലാശാലയുടെ വി.സി-മാർ. ഭരണാധിപന്മാർ തേടിപ്പിടിച്ച് വി.സി-മാരാകാൻ അപേക്ഷിക്കുകയായി രുന്നു. അവർ ഭരണാധിപന്മാരുടെ മുമ്പിൽ ഓച്ഛാനിച്ച് നില്ക്കേണ്ടവരോ ആശ്രിതരോ ആയിരുന്നില്ല. ഉദാഹരണമായി നേരത്തെ ഇവിടെ സൂചിപ്പിച്ചു, 1958-ൽ ഡോ. ജോൺ മത്തായിയെ കാണാൻ അന്നത്തെ മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും അങ്ങോട്ട് പോകുകയാണുണ്ടായത്. ബഹുമാന്യനായ ജോൺ മത്തായി റെയിൽവെ -ധനകാര്യ വകുപ്പുമന്ത്രിയായിരു ന്നു. അദ്ദേഹം വാചാ പുസ്തകം നോക്കാതെയാണ് അന്ന് ബഡ്ജറ്റ് അവത രിപ്പിച്ചത്. അദ്ദേഹം നമ്മുടെ കേരള സർവ്വകലാശാലയുടെ വി.സി. ആയി. അന്ന് കാലിക്കട്ട് സർവ്വകലാശാല ഇല്ല. തുടർന്ന് കോഴിക്കോട് സർവ്വകലാശാ ലയുടെ വൈസ്-ചാൻസലർമാരായിരുന്നവർ അത്തരക്കാരായിരുന്നില്ലേ? ഉദാഹരണങ്ങളുടെ പട്ടിക ഞാൻ അവതരിപ്പിക്കുന്നില്ല. എന്നാൽ ഇന്നത്തെ അവസ്ഥയെന്താണ്? മറ്റിതര ജോലികൾക്ക് ആളെയെടുക്കുന്നതുപോലെ

വൈസ്-ചാൻസലർമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുകയാണ്. അതിന്റെ ഭാഗമായി മന്ത്രിയേയും പാർട്ടികളെയും ഓച്ഛാനിച്ചു നിൽക്കുന്ന വരെ തെരഞ്ഞെടുക്കുന്ന സമീപനത്തിലേക്ക് മാറുകയല്ലേ ചെയ്യുന്നത്. എന്തൊരു ഗതികേടാണ്? ഇതിന്റെ ഭാഗമായി യൂണിവേഴ്സിറ്റിയെ ഒരു ഡിപ്പാർട്ടുമെന്റാക്കാനാണ് ശ്രമിക്കുന്നത്. ഇതിനെ നമുക്ക് അംഗീകരിച്ചു കൊടുക്കാൻ കഴിയുമോ? അക്കാഡമിക് തകർച്ചയാണ് കാണുന്നത്. സമൂഹ ത്തിന്റെ കോർ സെന്റർ ആകണം, സമൂഹത്തിന്റെ പരിച്ഛേദമാകണം യൂണി വേഴ്സിറ്റികൾ എന്നാണ് കോത്താരി കമ്മീഷൻ സൂചിപ്പിച്ചത്, ബഹുമുഖവൈദഗ്ദ്ധ്യം തെളിയിച്ചവരായിരിക്കണം വൈസ്ചാൻസലർമാരായി വരേണ്ടത്. എന്നാലേ അക്കാഡമിക് നിലവാരമുയർത്താനും അതിന്റെ നടത്തിപ്പും ഭംഗിയായി നിർവ്വഹിക്കാനും കഴിയുകയുള്ളൂ. വൈസ് ചാൻസലർമാർ വിലപേശി വിൽക്കപ്പെടുന്നുവെന്നും അവയൊക്കെ മോശ മല്ലാത്ത ലാഭകേന്ദ്രങ്ങളാണെന്നുമുള്ള ചർച്ചകൾ നടക്കുന്നുണ്ടെന്നുള്ള വാർത്തകളും വന്നിരിക്കുകയാണ്. സർവ്വകലാശാലയുടെ ജനാധിപത്യസ്വ ഭാവത്തെ ഹനിക്കുകയല്ലേ? നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനെക്കുറിച്ചാണ് ഭേദഗതി. ഇന്ത്യയിൽ ജവഹർലാൽ നെഹ്റു കോൺഗ്രസ്സിന്റെ ഏറ്റവും വലിയ ജനാധിപത്യവാദിയായിരുന്നു. നെഹ്റു സർവ്വകലാശാല വിഭാവനം ചെയ്തത് സ്വതന്ത്ര ചിന്തയാണ്. യാതൊരു തടസ്സവുമില്ലാത്ത നിലയ്ക്ക് സർവ്വകലാശാല എന്നും ചർച്ചാവേദികളാക്കി മാറ്റണം അല്ലാത്തപക്ഷം അത് ചോർന്നുപോകു മെന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നു. അതേപോലെയാണ് ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി (ജെ.എൻ.യു.) ഇപ്പോൾ പ്രവർത്തിക്കുന്നത്. കോഴിക്കോട് സർവ്വകലാശാലയിൽ വനിതകൾക്കുണ്ടായ അനുഭവം ഇവിടെ നേരത്തെ ബഹുമാനപ്പെട്ട ഡോ. കെ. ടി. ജലീൽ സൂചിപ്പിച്ചു. ഒപ്പം ഡോ. കെ. എം.

പണിക്കർ, ഉന്നതനായ ഒരു വിദ്യാഭ്യാസ വിചക്ഷണൻ അവിടെ ഒരു സെമിനാറിലേക്ക് പോയപ്പോൾ  തടയുന്ന സാഹചര്യമാണുണ്ടായത്. എന്ത് ജനാധിപത്യത്തെക്കുറിച്ചാണ് നമുക്ക് പറയാൻ കഴിയുക? എത്ര ദു:ഖകരമാണ് സർവ്വകലാശാലയിലെ ഗവേഷകർ സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്ത് സംസാരിക്കാനെത്തിയ ഡോ. കെ. എം. പണിക്കർക്ക് ഉണ്ടായ അനുഭവം. നെഹ്റു സർവ്വകലാശാല സ്വതന്ത്രചിന്തയും ചർച്ചയും സെമിനാറും പ്രോത്സാഹിപ്പിക്കുമ്പോൾ കോഴിക്കോട് സർവ്വകലാശാലയുടെ സമീപനം മാറ്റേണ്ടതല്ലേ? ഉദാരവത്ക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ പ്രധാന  ലക്ഷ്യമാണ് സമരങ്ങൾ ഇല്ലാതാക്കുക, പ്രതിഷേധിക്കാനുള്ള അവസരം തടയുക എന്നത്. അതാണ് കോഴിക്കോട് സർവ്വകലാശാല പൂർണ്ണയർത്ഥത്തിൽ നടപ്പിലാക്കുന്നത്. സിൻഡിക്കേറ്റിനെക്കുറിച്ച് ബഹുമാന്യനായ മെമ്പർ എ. പ്രദീപ്കുമാർ ഇവിടെ സൂചിപ്പിച്ചു. ഞാൻ ആ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. അതുപോലെ വൈസ്ചാൻസിലർമാർ വിജിലൻസ് അന്വേഷണത്തെ നേരിടുന്ന അനുഭവവും ദുരനുഭവവും നമ്മുടെ കേരളത്തിൽ ആദ്യമായല്ല വരുന്നത്. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ മാത്രം അനുഭവമല്ല. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലർ നിമയനത്തെക്കുറിച്ചും പ്രമാദമായ തർക്കമുണ്ടായതാണ്. യോഗ്യതയില്ലാത്ത യു.ജി.സി. മാനദണ്ഡംവച്ച് 10 വർഷത്തെ പ്രൊഫസർഷിപ്പില്ലാത്ത ആളെ നിയമിക്കാൻ തീരുമാനിച്ചപ്പോൾ ഡോ. അനന്തകൃഷ്ണൻ അതിനെ തടയാൻ ശ്രമിച്ചു. എന്നാൽ അതിൽനിന്ന് പിന്തിരിയാൻ യൂണിവേഴ്സിറ്റിയോ അല്ലെങ്കിൽ മന്ത്രിയോ തയ്യാറായില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് ഒടുവിൽ അദ്ദേഹത്തെ നിയമിക്കുന്നത്. ഞാൻ വളരെ ചുരുക്കി ഈ നിരാകരണപ്രമേയം അവതരിപ്പിക്കണമെന്ന്

ആഗ്രഹിക്കുകയാണ്. രജനി എസ്. ആനന്ദ് എന്ന ഒരു വിദ്യാർത്ഥിനി മരിച്ചപ്പോൾ ബഹുമാന്യനായ ഒ.എൻ.വി. പെട്ടെന്നെഴുതിയ കവിതാശകലം എന്റെ ഓർമ്മയിലുണ്ട്. ആ കവിത ഞാൻ ഇവിടെ വായിക്കാം.

'കനിവിൻ അമൃതാംശം ഇല്ലാത്തൊരറിവിന്റെ

കനികൾ കായ്ക്കും തൈകൾ

ധനത്താൽ നേടും ജ്ഞാനം

ധനമായി മാറ്റും രാസവിദ്യതൻ

വളം ചേർത്ത് നട്ടുവളർത്താനത്രേ

ഉന്നത കലാലയങ്ങൾ

കുറ്റിക്കാടുകൾ നിൻനിസ്സ്വാർത്ഥയവയന്യം'

ഉന്നത കലാലയങ്ങൾ അവിടെ അറിവിന്റെ കനികൾ കായ്ക്കുന്നു. അതിൽ വിളയുന്ന അറിവിൽ കനിവിന്റെ അമൃതാംശമില്ല. ഇത്തരമാരു അറിവ് വിളയി ച്ചെടുക്കാൻ നൽകുന്ന വളത്തിന് ഒരു പ്രത്യേകതയുണ്ട്. ധനം കൊണ്ട് നേടുന്ന ജ്ഞാനത്തെ വിറ്റ് വീണ്ടും ധനമുണ്ടാക്കുന്ന രാസവിദ്യ ഉപയോഗി ച്ചാണ് ഈ വളമുണ്ടാക്കുന്നത്. അങ്ങനെ കനിവില്ലാത്ത അറിവിനെ വളർത്തി യെടുക്കുന്ന കലാലയങ്ങളായി, നമ്മുടെ കലാലയങ്ങളെ മാറ്റാതിരിക്കാൻ പരിശ്രമിക്കണം. ഈ ഗവൺമെന്റ് ആ നിലയിലേക്ക് തിരിയണം. അങ്ങനെ തിരിയുന്നില്ലായെന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച ഈ നിരാകരണപ്രമേയത്തെ ശക്തിയായി ഞാൻ പിന്താങ്ങുകയാണ്.

മി. ചെയർമാൻ: ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിക്ക് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കോഴിക്കോട് സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് മെമ്പറിനെ നോമിനേറ്റ് ചെയ്ത അംഗങ്ങളുടെ കാലാവധി നീട്ടികൊടുക്കുന്നതുസംബന്ധിച്ചുള്ള ഈ ബില്ലിന്റെ അവതരണത്തിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷത്തുനിന്നു സംസാരിച്ച ശ്രീ. എ. പ്രദീപ് കുമാർ ഉൾപ്പെടെയുള്ള ആളുകൾ കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ തകർച്ചയെക്കുറിച്ചാണ് ഉത്ക്കണ്ഠപ്പെട്ടത്. ശരിയാണ്. കോഴിക്കോട് യൂണിവേഴ്സിറ്റി മാത്രമല്ല, കേരളത്തിലെ യൂണിവേഴ്സിറ്റികൾ ആകെ വലിയ മൂല്യച്യുതി അനുഭവിക്കുന്നുണ്ട് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ആർക്കുമില്ല. നമ്മുടെ സർവ്വകലാശാലകൾ ഗവേഷണത്തിന്റെ കേന്ദ്രങ്ങളായി മാറേണ്ടതുണ്ട്. പക്ഷേ അത് വേണ്ടത്ര നടക്കുന്നില്ല. വിദേശ സർവ്വകലാശാലകളെല്ലാംതന്നെ ഗവേഷണങ്ങൾക്ക് പാറ്റന്റുകൾ വാരിക്കൂട്ടുമ്പോൾ അത്തരം നേട്ടങ്ങളൊന്നും കൈവരിക്കാൻ കഴിയുന്നില്ലായെന്നുമാത്രമല്ല റിസർച്ചിനൊന്നും വേണ്ടത്ര കുട്ടികളെ ആകർഷിക്കാൻ സാധിക്കുന്നില്ലായെന്ന് കാണാൻ കഴിയും. ഇത് എന്തുകൊണ്ട് സംഭവിച്ചുവെന്നുള്ളതാണ് നാം അന്വേഷിക്കേണ്ടത്. ഇപ്പോൾ വന്ന വൈസ്ചാൻസലർ മാത്രമല്ല, അതിനു കുറേക്കാലത്തേക്കുമുമ്പുതന്നെ കണ്ണൂർ യൂണിവേഴ്സിറ്റിയിലായാലും കേരള യൂണിവേഴ്സിറ്റിയിലായാലും ഈ ഒരു

പ്രതിസന്ധിയുടെ മർമ്മം അന്വേഷിക്കേണ്ടതുണ്ട്. ലോകത്തിലാദ്യമായി ഒരു യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥി പ്രാതിനിധ്യം ആരംഭിച്ചത് കേരളത്തിൽ നിന്നാണെന്നാണ് ഞങ്ങൾ അഭിമാനത്തോടുകൂടി പറയാറുള്ളത്. അതിന്റെ ഫലമായി യൂണിവേഴ്സിറ്റികളിൽ കക്ഷിരാഷ്ട്രീയത്തിന്റെ അധിപ്രസരം നമ്മുടെ അക്കാഡമിക് നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോയെന്നുള്ള ഒരു അന്വേഷണം സ്വയം വിമർശനപരമായി നടത്തേണ്ടതുണ്ട്. ഇപ്പോൾ കോഴിക്കോട് സർവ്വകാലശാലയിൽ സിൻഡിക്കേറ്റ് പിരിച്ചുവിട്ടത് ഒരു ഡോ. മുഹമ്മദ്, രജിസ്ട്രാറിനെതിരെ നടന്ന കോലാഹലങ്ങൾ എന്തൊക്കെയായി രുന്നു? അവസാനം അദ്ദേഹം ഹൈക്കോടതിയിൽ പോയി ചാൻസലർ ആയി വീണ്ടും വന്നതും, അങ്ങനെ ഒട്ടനവധി തർക്കങ്ങളും പ്രശ്നങ്ങളും ആ യൂണിവേഴ്സിറ്റിയിലുണ്ടായിരുന്നു. കേരള സർവ്വകലാശാലയും കോഴിക്കോട് സർവ്വകലാശാലയും ഉൾപ്പെടെ നേരിടുന്നൊരു പ്രധാനപ്രശ്നം പരീക്ഷകൾ കൃത്യമായി നടക്കുന്നില്ലായെന്നുള്ളതാണ്. മൂന്ന് വർഷ എൽ.എൽ.ബി. കോഴ്സ് പരീക്ഷ പാസ്സായി നാലര വർഷം കഴിഞ്ഞാണ് കുട്ടികൾ പുറത്തു വരുന്നത്. എഞ്ചിനീയറിംഗ് കോഴ്സും ഇതുപോലെയാണ്. പരീക്ഷകൾ കൃത്യമായി നടത്താൻ സാധിക്കാത്ത അവസ്ഥ സൃഷ്ടിച്ചതിന്റെ കാരണം സർവ്വകലാശാലകളുടെ പരീക്ഷാഭവനുകൾ ആധുനികവത്ക്കരിച്ചില്ല, കമ്പ്യൂട്ടർവത്ക്കരണം നടത്തിയില്ലായെന്നുള്ളതാണ്. അവിടത്തെ യൂണിയനിസം ശക്തമായി ഇതിനെതിരാണ്. അത് യു.ഡി.എഫ്./എൽ.ഡി. എഫ്. വ്യത്യാസമില്ലാതെ, അവിടത്തെ യൂണിയൻകാർ കമ്പ്യൂട്ടർവത്ക്കരണ ത്തിനും പ്രൊമോഷനും സേവന-വേതന വ്യവസ്ഥകളുടെ ഫലമായി ലോകത്തിൽ ഒരു സ്ഥലത്തുമില്ലാത്ത വിധത്തിൽ കുട്ടികളുടെ ഭാവി പ്രതിസന്ധിയിലാക്കുന്ന വിധത്തിലാണ് ഉന്നതവിദ്യാഭ്യാസ മേഖലയിലെ

സ്ഥിതിവിശേഷമെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഈ വിധത്തിൽ ഒട്ടനവധി രാഷ്ട്രീയ അതിപ്രസരത്തിന്റെ പ്രശ്നങ്ങൾ കേരളത്തിലെ യൂണിവേഴ്സിറ്റി കളെ ബാധിച്ചിട്ടുണ്ട് എന്നുകൂടി ഈ ഘട്ടത്തിൽ ചർച്ചയ്ക്ക് വിധേയമാക്കേ ണ്ടതാണ്. ലോകത്തിലെ യൂണിവേഴ്സിറ്റികളുടെ വളർച്ച പൊതുവേ നോക്കി ക്കഴിഞ്ഞാൽ കാണാൻ കഴിയും, യൂണിവേഴ്സിറ്റിയുടെ മാത്രമല്ല ഉന്നത വിദ്യാഭ്യാസ രംഗത്ത് കാണുന്നൊരു പ്രവണതയെന്നുപറയുന്നത് ആധുനികവത്ക്കരണത്തിന്റെ ഭാഗമായി സ്വകാര്യപങ്കാളിത്തത്തോടു കൂടിയുള്ള വികസനമാണ് പല സ്ഥലത്തും കാണുന്നത്. ഇപ്പോൾ അതിന്റെ ഭാഗമായാണ് സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ എന്ന ആശയ മൊക്കെ വളരെ വൈകിയാണെങ്കിലും രൂപപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഓട്ടോണമസ് പദവിയുടെ കാലമാണ്. അഥവാ കോളേജുകൾക്ക് ഓട്ടോണമസ് പദവി ഡീംഡ് യൂണിവേഴ്സിറ്റിയിലേക്കും, കോളേജുകൾക്ക് തന്നെ യൂണിവേഴ്സിറ്റി പദവി കൊടുക്കുന്ന ഒരു കാഴ്ച്ചപ്പാടിലേക്കും ലോകം പൊയ്ക്കൊണ്ടിരിക്കുകയാണ്. ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പു മന്ത്രിയായിരുന്ന കാലത്ത് വേൾഡ് ബാങ്ക് നല്ല ഇൻസ്റ്റിറ്റ്യൂഷൻസിനെ അവരുടെ ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിനും അവരുടെ കോഴ്സിന്റെ പുരോഗതിക്കുവേണ്ടി കോടിക്കണക്കിന് രൂപയുടെ ഗ്രാന്റും ധനസഹായവും പ്രഖ്യാപിച്ചു. നിരവധി യൂണിവേഴ്സിറ്റികളിലും എഞ്ചിനീയറിംഗ് കോളേജുക ളിലും പോളിടെക്നിക്കുകളിലും ഒരുപാട് കെട്ടിടങ്ങളും നല്ല ലബോറട്ടറി കളുമൊക്കെ ഉണ്ടായത് വേൾഡ് ബാങ്കിന്റെ ഗ്രാന്റും ധനസഹായവും ലഭിച്ചതുമൂലമാണ്. അതിന്റെ രണ്ടാംഘട്ട സഹായം തരാമെന്നാണ് വേൾഡ് ബാങ്ക് പറയുന്നത്.  അതിന് അവർ ഒരു കണ്ടീഷൻ പറഞ്ഞിരിക്കുകയാണ്. ഓട്ടോണമസ് പദവി കൊടുക്കണമെന്ന് വേൾഡ് ബാങ്ക് പറഞ്ഞിരിക്കുക

യാണ്. കേരളത്തെ സംബന്ധിച്ചുള്ള സമീപനം എന്താണ്? നമുക്ക് ഒരു രാഷ്ട്രീയസമവായമുണ്ടാക്കാൻ സാധിച്ചിട്ടില്ല. ഓട്ടോണമസ് പദവി കൊടുത്തുകഴിഞ്ഞാൽ തിരുവനന്തപുരത്തെ ഒരു എഞ്ചിനീയറിംഗ് കോളേജിന് 100 കോടി രൂപ വേൾഡ് ബാങ്കിന്റെ സഹായം ലഭിക്കും. ചിലപ്പോൾ ഒരു പതിറ്റാണ്ടോ അര പതിറ്റാണ്ടോ കഴിഞ്ഞതിനുശേഷം നമ്മൾ നയം മാറ്റിയേക്കാം. അപ്പോൾ ഈ സ്കീം ഉണ്ടാകുകയില്ല. ഈ വിധത്തിൽ സ്വകാര്യപങ്കാളിത്തത്തോടുകൂടിയും ഇതുപോലെയുള്ള ഏജൻസികളുടെ പങ്കാളിത്തത്തോടുകൂടിയും ഓട്ടോണമസ് പദവികളെല്ലാം കൊടുത്ത് നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനെ സംബന്ധിച്ചുള്ള നയപരമായ തീരുമാനം കാലോചിതമായി ആവിഷ്ക്കരിക്കേണ്ടതുണ്ട്. ലോകത്തിലെ ഏറ്റവും നല്ല ബിസിനസ്സ് സ്കൂളുകളുടെ കൂട്ടത്തിൽ ഹൈദരാബാദിലെ ഒരു ഇൻസ്റ്റിറ്റ്യൂട്ട് 13-ാം സ്ഥാനത്ത് നിൽക്കുന്നുണ്ട്. ഇപ്പോൾ ലോകത്തിലെ ഏറ്റവും നല്ല ബിസിനസ്സ് സ്കൂളുകളുടെ കൂട്ടത്തിൽ ഹൈദരാബാദിലെ Indian School of Business (ISB) എന്ന ഇൻസ്റ്റിറ്റ്യൂട്ട് പതിമൂന്നാം സ്ഥാനത്തുണ്ട്. ആ സ്ഥാപനത്തിൽ ഞാനും ശ്രീ. റ്റി. എ. അഹമ്മദ് കബീറും ശ്രീ. സണ്ണി ജോസഫുമൊക്കെ ഒരു ഷോർട്ട് ടേം കോഴ്സിന് പോയിരുന്നു. ഞങ്ങൾ അവിടെ ചെന്നപ്പോൾ മനസ്സിലായത് ഇന്ത്യയിലെ കോർപ്പറേറ്റുകൾ ഇൻവെസ്റ്റ് ചെയ്ത് നടത്തുന്ന ലോകോത്തര നിലവാരമുള്ള ആ സ്ഥാപനത്തിന് ഒരു യൂണിവേഴ്സിറ്റിയുടെയും അംഗീകാരമില്ല എന്നാണ്. പക്ഷേ ആ സ്ഥാപനത്തിൽനിന്ന് എം.ബി.എ. കഴിഞ്ഞ് വരുന്നവർക്കാണ് ലോക മാർക്കറ്റിൽതന്നെ ഏറ്റവും കൂടുതൽ മൂല്യമുള്ളത് എന്ന് കേൾക്കുമ്പോൾ നമ്മൾ അത്ഭുതപ്പെടും. അങ്ങനെയു

ളള്ളൊരു കാലത്താണ് വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. 204 ഏക്കറിൽ അഞ്ഞൂറോളംപേരെ ഒരുമിച്ച് ഒരു വർഷത്തെ എം.ബി.എ. കോഴ്സ് പഠിപ്പിക്കുന്ന ആ സ്ഥാപനത്തിൽ ലോകത്തിലെ പല രാജ്യങ്ങളിൽനിന്നും പഠിക്കാനായി ആളുകൾ വരുന്നു. എന്നാൽ ഒരു യൂണിവേഴ്സിറ്റിയുടെയോ എ.ഐ.സി.റ്റി.ഇ.യുടെയോ അംഗീകാരം ആ സ്ഥാപനത്തിനില്ല. അവർ തന്നെ കോഴ്സ് നടത്തുകയും പരീക്ഷ നടത്തുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. പക്ഷേ പതിനഞ്ച് വർഷംകൊണ്ട് ലോകത്തിലെ ബിസിനസ്സ് സ്കൂളുകളിൽ 13-ാം സ്ഥാനത്തേക്ക് ഒരു ഇന്ത്യൻ സ്ഥാപനം ഉയർന്നുവന്നിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ താജ്മഹലെന്ന് ആ സ്ഥാപനം കണ്ടാൽ തോന്നും. അവിടെ സ്റ്റുഡന്റ്സ് ഫ്ളാറ്റുണ്ട്, ഫാക്കൽറ്റി വില്ലയുണ്ട്, അക്ഷരാർത്ഥത്തിൽ ഒരു വലിയ വിഭ്യാഭ്യാസ കേന്ദ്രമാണ്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഇത്തരം വികസനങ്ങൾ കേരളത്തിന്റെ അയൽസംസ്ഥാനത്തുപോലും നടക്കുമ്പോൾ കേരളം വിദ്യാഭ്യാസ രംഗത്തെ, സർവ്വകലാശാലയുടെ ആധുനികവൽക്കരണത്തിന്, ഓട്ടോണമസ് പദവികൾ സംബന്ധിച്ചുപോലും പോസിറ്റീവായ സമീപനമെടുക്കുന്നില്ലെന്നതാണ് ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രതിസന്ധിയായി കാണേണ്ടത്. കൂടാതെ അമിതമായ രാഷ്ട്രീയ അതിപ്രസരത്തിന്റെ പ്രശ്നങ്ങളും യൂണിയനിസത്തിന്റെ പ്രശ്നങ്ങളുമുണ്ട്. ട്രേഡ് യൂണിയനിസം പേടിയൂണിയനിസമായി മാറുന്ന പ്രശ്നങ്ങളുമുണ്ട്. ഈ വിധത്തിൽ നയപരമായ ചില വ്യതിയാനങ്ങളിലൂടെ കേരളത്തിലെ വിദ്യാഭ്യാസത്തെ രക്ഷിക്കുന്നില്ലെങ്കിൽ നമ്മുടെ സർവ്വകലാശാലകളിൽ ആരുംവരാത്ത സ്ഥിതിവിശേഷമുണ്ടാകും. ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി നമ്മുടെ സമൂഹം ആലോചിക്കേണ്ടതാണ്. കേരളത്തിൽ വിദ്യാഭ്യാസ

രംഗത്തെ ഏറ്റവും വലിയ പ്രതിസന്ധി വിഭവപ്രതിസന്ധിയാണ്. അതു കൊണ്ടാണ് സ്വകാര്യ പങ്കാളിത്തത്തോടുകൂടി വിദ്യാഭ്യാസ പുരോഗതി എന്ന ആശയം നമ്മുടെ രാജ്യത്ത് ന്യൂ എഡ്യൂക്കേഷൻ പോളിസിയുടെ ഭാഗമായി വന്നത്. 30 വർഷം മുമ്പ് 1956 കാലയളവിൽ കെ. കരുണാകരനാണ് ആ ആശയം കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിച്ചത്. അദ്ദേഹം അങ്കമാലി ലിറ്റിൽ ഫ്ളവർ കണ്ണാശുപത്രിയിൽ ഒഫ്താൽമോളജി പി.ജി. കോഴ്സും 15 പോളി ടെക്നിക്കുകളും സ്വകാര്യ മേഖലയിൽ ആരംഭിക്കാൻ തീരുമാനിച്ചു. പക്ഷേ കേരളം അതിനെതിരെ ശക്തമായി പ്രതിരോധിച്ചതിനാൽ ആ നയം പരാജയപ്പെട്ടു. പക്ഷേ പതിറ്റാണ്ടുകൾ കഴിഞ്ഞ് രണ്ട് സ്വാശ്രയ കോളേജുകൾ സമം ഒരു സർക്കാർ കോളേജ് എന്ന ആശയത്തിലേക്ക് നമ്മൾ എത്തിച്ചേർന്നു. അപ്പോഴേക്കും കേരളത്തിന്റെ അയൽസംസ്ഥാനത്തുളള കോളേജുകളെല്ലാം ഡീംഡ് യൂണിവേഴ്സിറ്റികളായി. കേരളത്തിലെ പുതിയ തലമുറ വിദ്യാഭ്യാസത്തിനുവേണ്ടി ഐ.എസ്.ബി.-യിലേക്കും മറ്റ് സംസ്ഥാന ങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും പോകുന്നു. ഏറ്റവും ക്രീമായിട്ടുള്ള തലമുറയെ നമ്മുടെ യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും ആകർഷിക്കാൻ പറ്റുന്നില്ലായെന്നുള്ളതാണ് കേരളത്തിന്റെ വികസനത്തിന് മോഡലെന്ന് നമ്മൾ കൊട്ടിഘോഷിക്കപ്പെടുന്ന ഉന്നത വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ പ്രതിസന്ധി. ഇതെന്തുകൊണ്ട് എന്നതുകൂടി നമ്മൾ വളരെ ഗൗരവത്തോടുകൂടി ഈ ബില്ലിന്റെ ചർച്ചയുടെ ഭാഗമാക്കണം എന്നുപറഞ്ഞു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാലകളെയും സർവ്വകലാശാലകളുടെ പ്രവർത്തനത്തെയും എത്ര ഊർജ്ജസ്വലമായി സംഘടിപ്പിക്കണമെന്നതുസംബന്ധിച്ച വ്യത്യസ്തമായ അഭിപ്രായങ്ങളാണ് ചർച്ചയിൽ വന്നുകൊണ്ടിരിക്കുന്നത്. മലയാളം സർവ്വകലാശാലയ്ക്ക് ജന്മം കൊടുക്കുന്ന കേരള ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു ദിവസം കൂടിയാണിന്ന്. അനർഗളായ പ്രവാഹത്തിലൂടെ ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി ഇവിടെ ഒരു പ്രസംഗം നടത്തുകയുണ്ടായി. ഭാഷയുടെയും സംസ്കാരത്തിന്റെയും പ്രാധാന്യം വിവിധ ഭാഷകളുടെ സഹായത്തോടുകൂടി അദ്ദേഹം വിശദീകരിച്ചു. വാക്കുകൾ എന്നുപറയുന്നത് കേവലം വായുവിൽ വിലയം ചെയ്യാനുള്ള സംഗതി മാത്രമല്ല, അത് ആശയങ്ങൾ കൂടിയാണ്. അദ്ദേഹം മുന്നോട്ടുവച്ച ആശയങ്ങൾ ഇന്നത്തെ കേരളീയ സാഹചര്യത്തിൽ ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്നത് പരിശോധിക്കണം. കേരളത്തിലെ സർവകലാശാലകളെ സർവ്വകലാപശാലകളാക്കി മാറ്റുന്ന പ്രവർത്തനമാണ് കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ ഇവിടെ നടന്നത്. നിലവാരശൂന്യമായ അന്തസ്സറ്റ സ്തുതിപാഠക സംഘത്തിന്റെ കൂത്തരങ്ങായി സർവ്വകലാശാലകളെല്ലാം മാറി. ഇത് വിദ്യാഭ്യാസ കച്ചവടക്കാരുടെ വിഹാര രംഗമായി മാറുകയും ചെയ്തു. അതിന്റെ ഭാഗമായി കോഴിക്കോട് സർവ്വകലാശാലയിലെ തെരഞ്ഞെടുത്ത സിൻഡിക്കേറ്റിനെ പിരിച്ചുവിട്ടു. ഒരു വർഷം നോമിനേറ്റഡ് സിൻഡിക്കേറ്റ് അധികാരം കൈകാര്യം ചെയ്യുകയും അത് വീണ്ടും നീട്ടിക്കൊണ്ടുപോകാൻ നിയമ

വിരുദ്ധമായി ഒരു ഓർഡിനൻസിറക്കുകയും ചെയ്തു. ആ ഓർഡിനൻസിനെ സാധൂകരിക്കാനുള്ള ബില്ലാണ് ഇപ്പോൾ ഈ സഭയിൽ കൊണ്ടു വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ എന്താണ് ഒരു സർവ്വകലാശാല; ആരാണ് സർവ്വകലാശാലയുടെ ഭരണം നടത്തേണ്ടത്; അത് യുവസമൂഹത്തിന് നൽകുന്ന സംഭാവന എന്താണ്? ഇത്തരം കാര്യങ്ങളെ സംബന്ധിച്ചെല്ലാം, പ്രാഥമികമായ മര്യാദ, ആധുനിക സമൂഹത്തിൽ പ്രത്യേകിച്ച് നിയമനിർമ്മാണ സഭയിൽ ധാരണയുണ്ടാകേണ്ടതാണ്. കാരണം ഒരു സർവ്വകലാശാലയെ ക്കുറിച്ചുള്ള ബിൽ അവതരിപ്പിച്ച ദിവസം കൂടിയാണിന്ന്. മാനവികത, സഹിഷ്ണുത, യുക്തിബോധം, ജ്ഞാനതൃഷ്ണ, സത്യാന്വേഷണം ഇതിന്റെ യെല്ലാം കേന്ദ്രമായിരിക്കണം സർവ്വകലാശാലയെന്ന് നെഹ്റു അഭിപ്രായ പ്പെടുകയുണ്ടായി. നാടിന്റെ സാംസ്കാരിക വികാസത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ട മനനമാണ് സർവ്വകലാശാലയിൽ നടക്കേണ്ടത്. യഥാർത്ഥത്തിൽ സർവ്വകലാശാലയിൽ സാംസ്കാരികമായ പ്രകോപനം (രൗഹഢൗൃമഹ ു്ീീരമശേീി), ചിന്താപരമായ പ്രകോപനം ഇവയൊക്കെയാണ് നടക്കേണ്ടത്. സാംസ്കാരികമായ പ്രകോപനം നടക്കേണ്ട കേരളത്തിലെ സർവ്വകലാശാലകളിൽ ഇപ്പോൾ കമ്മ്യൂണൽ പ്രോവോക്കേഷനാണ് നടക്കുന്നത്. ഇത് കേവലമായ ഒരു സ്ഥിതിയിലേക്ക് വരികയാണ്. കേരള ത്തിലെ സർവ്വകലാശാലകളുടെ ഇന്നത്തെ അവസ്ഥ ഇതാണ്. വിശ്വപ്രസിദ്ധ നായ തത്വചിന്തകൻ സോക്രട്ടീസിനെക്കുറിച്ചുള്ള ആക്ഷേപം അദ്ദേഹം യുവാക്കളെ വഴിതെറ്റിക്കുന്ന ആളാണ് എന്നായിരുന്നു. **എമിറ്റസ്** എന്ന തുകൽ കച്ചവടക്കാരൻ പറഞ്ഞു സോക്രട്ടീസിനെ നോക്കൂ, അദ്ദേഹം എന്റെ യുവാവായ ചെറുപ്പക്കാരനെ വഴിതെറ്റിച്ച് അവനെ തത്വശാസ്ത്രത്തി ലേക്ക് ആകർഷിച്ചില്ലേ. സോക്രട്ടീസിനെക്കുറിച്ചുള്ള കുറ്റപത്രത്തിൽ പറയു

ന്നത് അദ്ദേഹം കുറ്റവാളിയാണ്, നിലവിലുള്ള ദൈവങ്ങളെയെല്ലാം നിഷേധിച്ച് അദ്ദേഹം പുതിയ ദൈവങ്ങളെ അവതരിപ്പിച്ചു, അദ്ദേഹം യുവാക്കളെ വഴിതെറ്റിക്കുന്നവനാണ് എന്നാണ്. യുവസമൂഹത്തെ വഴിതെറ്റിക്കുന്ന പ്രകോപനമുണ്ടാക്കുന്ന ചിന്താപ്രകോപനത്തിന്റെ ബൗദ്ധിക കേന്ദ്രങ്ങളായിരിക്കണം സർവ്വകലാശാലകൾ. യുവാക്കൾക്കുവേണ്ടത് ഫിലോസഫിയാണ്, നല്ല ആശയങ്ങളാണ്. ആശയങ്ങളിലൂടെ പ്രചോദിതമായ യുവസമൂഹമാണ് ലോകത്തെ മുഴുവൻ നയിച്ചുകൊണ്ടിരിക്കുന്നത്. ലോകത്താകമാനമുള്ള രാഷ്ട്രീയ സാമൂഹ്യ ചലനങ്ങളുടെ പിറകിൽ സർവ്വകലാശാലകൾ കേന്ദ്രീകരിച്ചുവരുന്ന ചിന്താപ്രകോപനത്തിന്റെയും സാംസ്കാരിക പ്രകോപനത്തിന്റയും ഭാഗമായിട്ടാണ് സംഭവിക്കുന്നത്. പക്ഷേ ഇവിടെ നടക്കുന്നത് ഒന്നാന്തരം കമ്മ്യൂണൽ പ്രകോപനമാണ്. മതനിരപേക്ഷ സമൂഹത്തിന്റെ കാവൽവിളക്കായി പ്രശോഭിക്കേണ്ട നമ്മുടെ സർവ്വകലാശാലകളിൽ എന്താണ് നടക്കുന്നത്? കേരളത്തിലെ സർവ്വകലാശാലകളിലെ വൈസ്ചാൻസലറെ നിയമിക്കാൻ ഈ ഗവൺമെന്റിനുമുന്നിലുള്ള മാനദണ്ഡം എന്താണ്? കാര്യക്ഷമത, ആർജ്ജവം, ധാർമ്മികത, സ്ഥാപനത്തോടുള്ള കൂറ് എന്നിവയിൽ ഉയർന്ന നിലവാരം പുലർത്തുന്ന വ്യക്തികളെയാണ് വൈസ്ചാൻസലർമാരായി നിയമിക്കേണ്ടത്. ആദരണീയമായ അക്കാഡമിക് പാണ്ഡിത്യവും ഒപ്പം സർവ്വകലാശാലാ സംവിധാനത്തിൽ പ്രൊഫസറായി പത്ത് വർഷത്തെ പരിചയമോ പ്രശസ്തമായ ഏതെങ്കിലും ഗവേഷണ സ്ഥാപനത്തിലോ അല്ലെങ്കിൽ അക്കാഡമിക് ഭരണനിർവഹണ സമിതികളിലോ പത്ത് വർഷം തത്തുല്യമായ പദവിയിലിരുന്ന പരിചയമോ വൈസ്ചാൻസലറായി നിയമിക്കപ്പെടുന്ന ആൾക്ക് ഉണ്ടാകേണ്ടതാണ്. ഇതാണ് യു.ജി.സി.-യുടെ ചട്ടം. ഈ ചട്ടത്തെ സംബന്ധിച്ചുള്ള പ്രാഥമിക

മായ മര്യാദപോലും പാലിക്കാൻ ഇന്ന് കേരളത്തിലെ സർവ്വകലാശാലകളിൽ സാധിക്കുന്നുണ്ടോ? ജാതീയവും മതപരവുമായി പരിഗണിക്കുന്ന അപമാനക രമായ സ്ഥിതിയിലേക്ക്........... കേരളത്തിലെ സർവ്വകലാശാലകളെ കമ്മ്യൂണൽ പ്രൊവോക്കേഷന്റെ കേന്ദ്രങ്ങളാക്കി മാറ്റി. പ്രിൻസിപ്പൽ അക്കാഡമിക് ആന്റ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കണം വൈസ് ചാൻസലർ. സർവ്വകലാശാലയുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരൻ, സുപ്രധാന വ്യക്തി, കിംഗ് പിൻ വൈസ് ചാൻസലറെക്കുറിച്ച് 1948 മുതലുള്ള നമ്മുടെ സങ്കല്പമാണിത്. രാധാകൃഷ്ണൻ കമ്മീഷൻ നിർവചനമാണ്. മനസ്സാക്ഷി സൂക്ഷിപ്പുകാരനിപ്പോൾ വിദ്യാഭ്യാസ കച്ചവടക്കാരുടെ മടിശ്ശീല കാവൽക്കാര നാകുന്ന സ്ഥിതിയിലേക്കാണ് പോകുന്നത്. ആരാണ് വിദ്യാഭ്യാസ കച്ചവട ക്കാരന്റെ മടിശ്ശീല കാവൽക്കാരനാകാൻ പറ്റിയത്, അവരെ വൈസ് ചാൻസല റാക്കുക. ഇത്തരം അപമാനകരമായ സ്ഥിതി കേരളത്തിലെ സർവ്വകലാശാല കളിൽ ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? ജാതി-വർഗ്ഗീയ ശക്തികളുടെ കൈകളി ലേക്ക് ഇത് കൈമാറി. ജാതി-വർഗ്ഗീയ പരിഗണനകൾ മാത്രം വച്ചുകൊണ്ട് വൈസ്ചാൻസലറെ നിയമിക്കുകയാണ്. എന്താണ് എം.ജി. യൂണിവേഴ്സിറ്റിയിലെ വൈസ്ചാൻസലറുടെ നിയമനത്തിലുള്ള തർക്കം. സർ, രണ്ട് സമുദായങ്ങൾ തമ്മിലുള്ള തർക്കമായി അത് വികസിച്ചു. അതിൽ കേരളത്തിലെ ഭരണമുന്നണിയിലെ ഒരു ഘടകകക്ഷി പരസ്യമായി കക്ഷി ചേർന്ന് മാണി കോൺഗ്രസ്സിന്റെ രാഷ്ട്രീയ പ്രമേയം പുറത്തുവന്നു. കത്തോലിക്കാ സഭയ്ക്ക് വൈസ് ചാൻസലർ സ്ഥാനം നൽകി. വൈസ് ചാൻസലർ സ്ഥാനം നൽകുന്നത് ഇങ്ങനെയാണോ? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽമാത്രമല്ല മറ്റ് മൂന്ന് സർവ്വകലാശാലകളിലും ഈ

ജാതീയമായ അടിസ്ഥാനത്തിലും ജാതി പരിഗണനകളുടെയും മാനദണ്ഡ ങ്ങളുടെയും അടിസ്ഥാനത്തിലുമാണ് കാര്യങ്ങൾ ചർച്ചചെയ്യപ്പെടുന്നതും തീരുമാനിക്കാൻ പോകുന്നതും എന്നുള്ളത് അങ്ങാടിപ്പാട്ടാണ്. യു.ജി.സി. യുടെ പ്രതിനിധി ഡോ.അനന്തകൃഷ്ണൻ ഈ നോമിനികളെ നിശ്ചയിച്ചതി ലുള്ള അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് വിയോജിപ്പ് രേഖപ്പെടുത്തുകയു ണ്ടായി. ആ വിയോജനക്കുറിപ്പ് പൂഴ്ത്തിവയ്ക്കുന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചു. മഹാരാഷ്ട്രയിൽ 21 സർവ്വകലാശാലകളുണ്ട്. മഹാരാഷ്ട്ര യഥാർത്ഥത്തിൽ കേരളത്തെപ്പോലെ നവോത്ഥാനത്തിന്റെ പാരമ്പര്യം തുടരാൻ കഴിയാത്തൊരു സംസ്ഥാനമാണ്. ഇൻഡ്യയിൽ ഏറ്റവും ജാതീയമായ വിവേചനങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും നിലനിൽക്കുന്ന ഗ്രാമങ്ങളാണ് മഹാരാഷ്ട്രയിലു ള്ളത്. പക്ഷെ ആ മഹാരാഷ്ട്രാ ഗവൺമെന്റുപോലും വൈസ്ചാൻസലർ നിയമനത്തിന് വിരമിച്ച ഹൈക്കോടതി ജഡ്ജിമാരുടെ നേതൃത്വത്തിലുള്ള ഒരു സെലക്ഷൻ പാനൽ രൂപീകരിക്കുകയുണ്ടായി. ആ സെലക്ഷൻ പാനലിന്റെ നേതൃത്വത്തിൽ മെറിറ്റ് അടിസ്ഥാനത്തിലാണ് നിയമനം നടന്നത്. ആ മാതൃക പ്പോലും ഇവിടെ സ്വീകരിക്കുന്നില്ല. വൈസ്ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ തുടങ്ങിയിട്ടുള്ള സർവ്വകലാശാലകളുടെ നേതൃത്വ ത്തിൽ ഇരിക്കേണ്ട മുഴുവൻ ആളുകളുടെയും നിയമനത്തിൽ ഏകപക്ഷീയ മായ ജാതി പരിഗണനകളും സ്വാർത്ഥ താൽപ്പര്യങ്ങളും സ്വജന പക്ഷ പാതവും അടിച്ചേൽപ്പിക്കുന്ന കേരള ചരിത്രത്തിലെ ആദ്യത്തെ അനുഭവമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. എം.ജി. യൂണിവേഴ്സിറ്റി രജിസ്ട്രാർ ലോകായുക്തയുടെ അന്വേഷണത്തിലാകുന്ന സ്ഥിതി വരികയാണ്.

കോഴിക്കോട്, കണ്ണൂർ, മഹാത്മാഗാന്ധി തുടങ്ങി എല്ലാ സർവ്വകലാശാല കളിലും ഇതിന്റെ ഭാഗമായി എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? കുറെ കാര്യങ്ങളിവിടെ വിശദീകരിക്കപ്പെട്ടു. കോഴിക്കോട് സർവ്വകലാശാലയിൽ നോമിനേറ്റഡ് സിൻഡിക്കേറ്റ് ആ സർവ്വകലാശാലയുടെ അക്കാഡമിക് വളർച്ചയ്ക്ക് എന്തുസംഭാവനയാണ് നൽകിയത്; എന്ത് കാര്യത്തിനാണ് ആ സർവ്വകലാശാല സിൻഡിക്കേറ്റിന്റെ കാലാവധി രണ്ടുവർഷത്തേക്കുകൂടി നീട്ടിക്കൊടുത്തത്? മലബാറിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഇത്രമാത്രം ഇടപെടൽ നടത്തിയ മലബാറിലെ വിദ്യാഭ്യാസ രംഗത്ത് എല്ലാകാലത്തും പ്രതീക്ഷയർപ്പിക്കുന്ന ഒരു സ്ഥാപനം ഇത്രമാത്രം അപമാനകരമായ നിലയിൽ നയിക്കുന്ന സിൻഡിക്കേറ്റിനെ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ടോ; ഞാൻ അതിന്റെ എല്ലാ കാര്യവും പറയുന്നില്ല. അവിടെ വൈസ്ചാൻസലറും സിൻഡിക്കേറ്റുംകൂടി പ്രതിഷേധ പ്രകടനങ്ങൾ നിരോധിക്കുകയാണ് ആദ്യം ചെയ്തത്. ലോകത്ത് ഏതെങ്കിലും സർവ്വകലാശാലയിൽ പ്രതിഷേധ പ്രകടന ങ്ങൾ പാടില്ലെന്ന് പറഞ്ഞിട്ടുണ്ടോ? ഞാനതാണ് പറഞ്ഞത് ചിന്താപ്രകോപന ത്തിന്റെയും ആശയസംവാദത്തിന്റേയും കേന്ദ്രമാണ് സർവ്വകലാശാല. അതെങ്ങനെ സ്വകാര്യവൽക്കരിക്കാമെന്നാണ് ഇപ്പോൾ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ആലോചിക്കുന്നത്. സർവ്വകലാശാല സ്വകാര്യവൽക്കരി ച്ചാൽ എന്താകുമെന്നതിന്റെ തെളിവ് ഹിമാചൽ പ്രദേശിലുണ്ട്. ഹിമാചൽ പ്രദേശിൽ ഇപ്പോൾ നടത്തുന്ന സർവ്വകലാശാലകളുടെ സ്ഥിതി, പരീക്ഷ പോലും എഴുതാതെ എസ്.എസ്.എൽ.സി. പാസ്സാകാതെ എം.ഫിൽ. വാങ്ങിയ വരുടെ ഡീറ്റെയിൽസ് ഒക്കെ പുറത്തുവരികയാണ്. സ്വകാര്യവൽക്കരിച്ച് എങ്ങനെ രക്ഷപ്പെടുത്താം എന്നല്ല ആലോചിക്കേണ്ടത്. പ്രതിഷേധ പ്രകടന ങ്ങൾ അവിടെ നിരോധിച്ചു. യോഗങ്ങൾ പാടില്ല, അപ്രഖ്യാപിതമായ ഒരു

അടിയന്തരാവസ്ഥ ക്യാമ്പസിൽ പ്രഖ്യാപിച്ചു. ജീവനക്കാർക്കും വാഹനങ്ങൾക്കും വിലക്ക്, ക്യാമ്പസിൽ എല്ലാ സന്ദർഭത്തിലും അടിയന്തരാവസ്ഥയാണ്. പരീക്ഷാഭവനിലേക്ക് ഇഷ്ടംപോലെ ജീവനക്കാരെ ഡിപ്ലോയ് ചെയ്യുകയും തിരിച്ചുവിളിക്കുകയും ചെയ്യുന്നു. ഡിപ്ലോയ്മെന്റിന്റെ സാഹചര്യമെന്താണെന്ന് അറിയില്ല. പരീക്ഷാഭവന്റെ വിവിധ ബ്രാഞ്ചുകൾ വീതംവച്ച് സിൻഡിക്കേറ്റ് അംഗങ്ങൾ ഏറ്റെടുക്കുകയാണ്. അവർക്ക് കടന്നുചെല്ലാനാവകാശവും അധികാരവുമില്ലാത്ത സർവ്വകലാശാലയിലെ പരീക്ഷാഭവനിലെ ഡിപ്പാർട്ട്മെന്റുകൾ സിൻഡിക്കേറ്റ് അംഗങ്ങൾ വീതംവച്ച് എടുക്കുന്നു. അറിവില്ലായ്മ ഒരു തെറ്റല്ല, പക്ഷെ സ്വന്തം അറിവില്ലായ്മ പുറത്ത് പ്രകടിപ്പിക്കാതിരിക്കാനുള്ള സാമാന്യമായ മര്യാദയെങ്കിലും ഉന്നത വിദ്യാഭ്യാസമേഖലയുടെ തലപ്പത്തിരിക്കുന്നവർക്ക് ഉണ്ടാകേണ്ടതല്ലേ. പരീക്ഷാഭവനിൽചെന്നിട്ട് സിൻഡിക്കേറ്റ് അംഗങ്ങൾ വിവിധ ഡിപ്പാർട്ടുമെന്റുകളും സെക്ഷനുകളും കൈകാര്യം ചെയ്യുന്നിടത്തേക്ക് കാര്യങ്ങളെത്തുകയാണ്. പ്രൊബേഷൻ-പ്രൊമോഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായും നിഷേധിക്കുകയാണ്. എല്ലാ യൂണിയൻ ഭാരവാഹികളെയും അറസ്റ്റ് ചെയ്യിപ്പിക്കുകയാണ്. ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ തടയുക, കള്ളക്കേസ് വിധിയായിട്ടും പ്രൊമോഷൻ കൊടുക്കുന്നില്ല, സർവ്വകലാശാലയുടെ ചരിത്രത്തിലൊരു വൈസ്ചാൻസലർക്കെതിരെ നാല് വിജിലൻസ് അന്വേഷണം, കോഴിക്കോട് സർവ്വകലാശാലയിലാണ് ഇതെല്ലാം നടക്കുന്നത്. വൈസ്ചാൻസലർ സർവ്വകലാശാലയിലെ മനോഹരമായ ഹരിതഭംഗി മുഴുവൻ നശിപ്പിച്ച് കാടുവെട്ടി കപ്പ നടുകയുണ്ടായി. പരീക്ഷകൾ നടത്താൻ സ്വാശ്രയ കോളേജുകൾക്ക് സ്വതന്ത്രമായ അനുമതി കൊടുത്തു. മൂല്യനിർണ്ണയത്തിന് പാരലൽ കോളേജ് അദ്ധ്യാപകരെ

ഏൽപ്പിച്ചു. സർവ്വകലാശാലയിൽ പട്ടയമേള സംഘടിപ്പിച്ചു. പട്ടയമേള നടത്താൻ റവന്യൂ വകുപ്പ് അധികൃതരുണ്ട്. സർവ്വകലാശാലാ ആസ്ഥാനത്ത് പട്ടയമേള സംഘടിപ്പിച്ച് ഭൂമിയില്ലാത്തവർക്ക് ഭൂമി വീതംവച്ചുകൊടുക്കുന്ന സ്ഥിതിയുണ്ടായി. സ്വന്തക്കാർക്കും അപേക്ഷിക്കാത്തവർക്കും കോളേജ് അനുവദിച്ചു. അതാണ് നേരത്തെ ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ സൂചിപ്പിച്ചത്. പ്രോ-വൈസ്ചാൻസലറുടെ പി.എ.യുടെ മകൾക്കായി പ്രത്യേക പരീക്ഷ, കൺവോക്കേഷന്റെ പേരിൽ പണപ്പിരിവ്, അക്കാഡമിക് കൗൺസിലുകളെ നോക്കുകുത്തിയാക്കിയുള്ള പരീക്ഷാ പരിഷ്കരണം, സെക്ഷൻ ബ്രാഞ്ചുകളൊക്കെ പിരിച്ചുവിട്ടു, പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്യാൻ യോഗ്യതാ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതില്ല എന്ന തീരുമാനം വന്നു, നിയമനങ്ങളിൽ കോഴയാണ് നടക്കുന്നത്. കഴിഞ്ഞ ഒന്നര വർഷത്തി നിടയിൽ ഈ സിൻഡിക്കേറ്റ് വന്നതിനുശേഷം നടത്തിയ നിയമനങ്ങളി ലെല്ലാം വ്യാപകമായ കോഴയാണെന്ന് ഞങ്ങളല്ല ആക്ഷേപിച്ചത്, കോൺഗ്രസ്സ് സംഘടനാ നേതാവായ ശ്രീ. ആർ. എസ്. പണിക്കരാണ് പത്രസമ്മേളനം നടത്തി പറഞ്ഞത്. അദ്ദേഹം പറഞ്ഞത് ‘സാമാന്യ മര്യാദയുടെയും മുന്നണി മര്യാദയുടെയും പേരിൽ ഞാൻ ഒരുപാട് നിശബ്ദത പാലിച്ചു. പക്ഷെ എല്ലാ അതിരുകളും കടന്ന സാഹചര്യത്തിൽ ഇത് പുറത്തുപറയാതിരിക്കാൻ നിവർത്തിയില്ല’ എന്ന് ശ്രീ. ആർ. എസ്. പണിക്കർ കോഴിക്കോട് പത്ര സമ്മേളനം നടത്തി പറഞ്ഞു. ഭൂമിദാനം, കോളേജ് ദാനം, മാർക്ക് ദാനം ഇതെല്ലാമവിടെ നടക്കുകയാണ്. മാർക്ക് ലിസ്റ്റ് പരിശോധന, നേരത്തെ യിവിടെ സൂചിപ്പിച്ചു. സർവ്വകലാശാലയുടെ മാർക്ക്ലിസ്റ്റ് ലെജിറ്റിമൈസ്ഡ് ആണോ നിയമാനുസൃതമാണോ അതിൽ വല്ല വ്യാജനുമുണ്ടോ എന്ന്

പരിശോധിക്കാനുള്ള അധികാരം ഒരു സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ചിരിക്കുകയാണ്. ആ സ്വകാര്യ ഏജൻസിയുടെ പേര് 'Web Innovations Private Limited' എന്നാണ്. Web Innovations Private Limited-ലേക്ക് ഓൺലൈനിൽ ഉദ്യോഗാർത്ഥികൾ, പരീക്ഷാർത്ഥികൾ, വിദ്യാർത്ഥികൾ തുടങ്ങിയവരെല്ലാം അപേക്ഷ കൊടുക്കണം. അപേക്ഷകൾ ഏജൻസി പരിശോധിക്കുകയും സ്ക്രൂട്ടിനി നടത്തുകയും ചെയ്യും. 1500 രൂപ ഫീസിൽ 500 രൂപ അവർക്ക് കിട്ടും. അങ്ങനെയൊരു പ്രൈവറ്റ് ഏജൻസി സർവ്വകലാശാലയുടെ സർട്ടിഫിക്കറ്റിനെയും മാർക്ക് ലിസ്റ്റിനെയും ശരിവയ്ക്കണമെന്നുള്ള സ്ഥിതിയാണുള്ളത്. ആളുകൾക്ക് വേണ്ടത് സർവ്വകലാശാലയുടെ സർട്ടിഫിക്കറ്റാണ്, സ്വകാര്യ ഏജൻസിയുടേതല്ല എന്നുപറഞ്ഞ് മടക്കുന്ന സ്ഥിതിയുണ്ടാവുകയാണ്. ഒരു സർവ്വകലാശാലയിൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കാൻ പറ്റാത്ത അവിശ്വസനീയമായ പരിപാടികളാണ് കോഴിക്കോട് സർവ്വകലാശാലയിൽ ഈ നിലയിൽ നടന്നുക്കൊണ്ടിരിക്കുന്നത്. ഏതാണ്ട് ഇതേ സമീപനംതന്നെയാണ് കണ്ണൂർ യൂണിവേഴ്സിറ്റിയിലും. നോമിനേറ്റഡ് സിൻഡിക്കേറ്റ് അവിടത്തെ ബഹുമാന്യനായ വിദ്യാഭ്യാസ വിചക്ഷണൻ ശ്രീ. മൈക്കിൾ തരകൻ ഓടി രക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് അദ്ദേഹം പോയി. കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റിലേക്ക് വന്ന ആളുകളുടെ പ്രധാനപ്പെട്ട പ്രശ്നം, സിൻഡിക്കേറ്റിലൊക്കെ വരേണ്ടത് ഉന്നതമായ വിദ്യാഭ്യാസ പാരമ്പര്യവും അക്കാഡമിക് താൽപ്പര്യവുമുള്ള ആളുകളാണ്. അവിടെ മറ്റ് സ്ഥാനങ്ങളിലൊന്നും ലാവണങ്ങൾ കിട്ടാത്ത ആളുകൾ സിൻഡിക്കേറ്റിൽ എത്തിപ്പെട്ടപ്പോൾ അവരുടെ സിറ്റിംഗ്ഫീസ് മതിയാകുന്നില്ലെന്ന് അവർക്ക്

തോന്നി. അവർ ആദ്യത്തെയോ രണ്ടാമത്തെയൊ യോഗത്തിൽ തീരുമാനമെടുത്തത് അവരുടെ സിറ്റിംഗ് ഫീസ് 100 രൂപയിൽ നിന്ന് 750 രൂപയാക്കി വർദ്ധിപ്പിക്കുകയെന്നതായിരുന്നു. സിറ്റിംഗ് ഫീസ് വർദ്ധിപ്പിക്കുകയും ബാക്കി അവർ ആഗ്രഹിക്കുന്നനിലയിൽ പകൽകൊള്ള നടത്താൻപറ്റുന്ന അന്തരീക്ഷമുണ്ടാക്കുകയും ചെയ്യണമെങ്കിൽ വിദ്യാർത്ഥികളെ പിഴിയണം. മലയാള മനോരമ പത്രത്തിൽ വന്ന വാർത്തയിൽ സിൻഡിക്കേറ്റിന്റെ കീശ വീർപ്പിക്കാൻ പകൽകൊള്ള. മലയാള മനോരമ പത്രത്തിലെ റിപ്പോർട്ടാണ്. ഒരു സർവ്വകലാശാലയെക്കുറിച്ചല്ല, സർവ്വകലാശാലയിൽ നിങ്ങൾ നിയോഗിച്ച നോമിനേറ്റഡ് സിൻഡിക്കേറ്റ് കീശ വീർപ്പിക്കാൻ നടത്തുന്ന പകൽകൊള്ള യെക്കുറിച്ച് മലയാള മനോരമയിൽ വന്നതാണിത്. അവിടെ തസ്തികകളിൽ നിയമനം നടക്കുന്നില്ല. കലാകായിക വിജയികൾക്ക് ഗ്രേസ് മാർക്കെന്നു പറയുന്നത് ഈ സമൂഹം അവർക്ക് നൽകുന്ന ഒരംഗീകാരമാണ്. വിദ്യാഭ്യാസ കാലഘട്ടത്തിൽ സർഗ്ഗപ്രവർത്തിയിലേർപ്പെടുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കാനാണ് ഗ്രേസ് മാർക്ക് കൊടുക്കുന്നത്. ആ ഗ്രേസ് മാർക്ക് കൊടുക്കുന്നത് ഒരു ദിവസം വൈകിയാൽ ആ കുട്ടികളിൽനിന്ന് 1000 രൂപ അധിക ഫീസ് വാങ്ങാൻ സിൻഡിക്കേറ്റ് തീരുമാനിച്ചു. ഡിഗ്രി കോഴ്സിൽ 200 രൂപ 300 രൂപയാക്കി വർദ്ധിപ്പിച്ചു. എം.ഫിൽ കോഴ്സിന് 200 രൂപയായിരുന്നത് 1000 രൂപയാക്കി. പി.എച്ച്.ഡി.ക്ക് 300 രൂപയുണ്ടായിരുന്നത് 2000 രൂപയാക്കി വർദ്ധിപ്പിച്ചു. കൺസോളിഡേറ്റഡ് മാർക്ക്‌ലിസ്റ്റിന് 150 രൂപയിൽ നിന്ന് 200 രൂപയാക്കി. റീവാല്യുഷേൻ ഫീസ് 250 രൂപയിൽനിന്ന് 500 രൂപയായി. പ്രൊഫഷണൽ മേഖലയിലെ റീവാല്യുവേഷന് 500 രൂപയിൽനിന്ന് 1000 രൂപയാക്കി. റിവൈസ്ഡ് മാർക്ക് ലിസ്റ്റിന് 100 രൂപയിൽനിന്ന് 200 രൂപ

യാക്കി. കോൺഫിഡൻഷ്യൽ മാർക്ക് ലിസ്റ്റിന് 150 രൂപയെന്നുള്ളത് 300 രൂപ യാക്കി. അൺക്ലെയിംഡ് മാർക്ക് ലിസ്റ്റിന് 150 രൂപയിൽനിന്ന് 300 രൂപയാക്കി. എഴുന്നൂറിരട്ടി ഫീസ് വർദ്ധന അടിച്ചേൽപ്പിച്ച് സർവ്വകലാശാല വലിയ ഭാരം വിദ്യാർത്ഥികളുടെ തലയിൽവച്ചുകൊടുക്കുകയാണ്. ആ ഭാരത്തിന്റെ പങ്കുപറ്റി സിൻഡിക്കേറ്റ് അംഗങ്ങൾ സിറ്റിംഗ് ഫീസ് കൂടുതൽ എഴുതി യെടുത്തിട്ട് ആസ്വദിക്കുന്നതിനെതിരെ പ്രക്ഷോഭം നടത്തിയ വിദ്യാർത്ഥികളെ ഭീകരമായി അടിച്ചമർത്തുക. വിദ്യാർത്ഥികൾ അനിശ്ചിതകാല നിരാഹാര സമരത്തിലേക്ക് പോകുകയാണ്. ഇതേ സ്ഥിതി കേരളാ യൂണിവേഴ്സിറ്റി യിലും കാണാൻ സാധിക്കും. കേരളത്തിലെ സർവ്വകലാശാലകളിലെല്ലാം ഈയൊരു അവസ്ഥ നിലനിൽക്കുകയാണ്. സിൻഡിക്കേറ്റിൽനിന്ന് പുറത്താ ക്കുന്നതിനുവേണ്ടിയിട്ടുള്ള പരിപാടികളാണ് ആലോചിച്ചത്. ഐ.റ്റി.ബി.റ്റി. പ്രതിനിധകൾ ഇനി വേണ്ട. സർവ്വകലാശാലയ്ക്കെതിരായി കഴിഞ്ഞ അഞ്ച് വർഷം സ്വാശ്രയമാനേജ്മെന്റുകൾക്കുവേണ്ടി വാദിച്ചിരുന്ന അഡ്വക്കേറ്റ് ജോർജ്ജ് പൂന്തോട്ടത്തിനെ സ്റ്റാന്റിംഗ് കൗൺസിൽ അംഗമാക്കി മാറ്റി. കേരളാ സർവ്വകലാശാലയിലെ സെനറ്റ് ഇതിനെതിരെ പ്രമേയം പാസ്സാക്കി. ആ പ്രമേയം നിലവിലുള്ളപ്പോൾ അഡ്വക്കേറ്റ് ജോർജ്ജ് പൂന്തോട്ടത്തെ തുടരാൻ അനുവദിച്ചുകൊണ്ടുള്ള നിലപാട് സ്വീകരിച്ചു. താൽക്കാലിക ജീവനക്കാരുടെ ആധിക്യംകൊണ്ട് കേരള സർവ്വകലാശാലയിൽ വഴിനടക്കാൻ പറ്റാത്ത സ്ഥിതിയായിരിക്കുകയാണ്. വൻതോതിലുള്ള അഴിമതി നിയമനമാണ് നടന്നിട്ടുള്ളത്. എം.ജി. യൂണിവേഴ്സിറ്റിയിലും ഇതേ സ്ഥിതി തന്നെയാണ്. വി.സി. നിയമനത്തിന്റെപേരിൽ കോൺഗ്രസ്സുകാർതന്നെ

കേസ്സ് കൊടുത്തു. പി.വി.സി. നിയമനം നടക്കുന്നില്ല. സിൻഡിക്കേറ്റ്തന്നെ പലതട്ടിലാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സർവ്വകലാശാലയുടെ അഴിമതികളെക്കുറിച്ച് അങ്ങ് പറയുന്നല്ലോ, കേരളാ സർവ്വകലാശാലയിൽ 40000 വിദ്യാർത്ഥികളെഴുതിയ പരീക്ഷ, അസിസ്റ്റന്റ് നിയമനം – അതിൽ ലോകായുക്ത ക്രമക്കേട് കണ്ടെത്തി. അതിനെതിരെ കേസ്സിന് പോകാൻവേണ്ടി സർവ്വകലാശാലയുടെ ഫീസ് വർദ്ധിപ്പിച്ചു. അങ്ങനെ ഹൈക്കോടതിയിൽ കേസ്സിനുപോയി. ഹൈക്കോടതിയും ഇവിടെ ക്രമക്കേട് നടത്തിയിട്ടുണ്ടെന്ന് കണ്ടെത്തി. ഉത്തരക്കടലാസ്സ് കണ്ടെത്താൻ പറഞ്ഞു, ക്രൈംബ്രാഞ്ച് അന്വേഷിച്ചു. 40000 പേർ എഴുതിയ ഉത്തരക്കടലാസ്സ് അന്തരീക്ഷത്തിൽ ആവിയായിപ്പോയതിൽ വളരെ ഉത്തരവാദിത്വപ്പെട്ട സി.പി.ഐ.(എം)-ന്റെ നേതാക്കൾ സിൻഡിക്കേറ്റ് മെമ്പർമാരായി ഇരുന്ന് ഹൈക്കോടതി പറഞ്ഞ പ്രകാരം ക്രൈംബ്രാഞ്ച് അന്വേഷണം നേരിടുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരള ഹൈക്കോടതിയിലിപ്പോൾ സർവ്വകലാശാല അങ്ങനെയൊരു ക്രമക്കേട് നടന്നുവെന്ന് അഫിഡവിറ്റും കൊടുത്തിരിക്കുകയാണ്. 40000 വിദ്യാർത്ഥികളുടെ ഭാവി ആവിയായി അന്തരീക്ഷത്തിൽ പോയതിനെക്കുറിച്ച് ഒരു യുവജനനേതാവായ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> സർ, ചിലത് കേൾക്കുമ്പോൾ ചെവി അടയ്ക്കുകയും ചിലത് കേൾക്കുമ്പോൾ ചെവി തുറക്കുകയും ചെയ്യുന്ന അങ്ങയുടെ പ്രാഗത്ഭ്യമാണ് അങ്ങയെ നേതൃസ്ഥാനത്തേയ്ക്ക് എത്തിച്ചത്. അരിയെത്ര എന്ന് ചോദിക്കുമ്പോൾ പയറഞ്ഞാഴി എന്ന് അങ്ങ് പറയും. ഞാൻ

ഇവിടെ കൂറേ കാര്യങ്ങൾ ചോദിച്ചു. അങ്ങയുടെ നേതാവ് ശ്രീ. ആർ. എസ്. പണിക്കരുടെ പത്രസമ്മേളനത്തെക്കുറിച്ച് പറഞ്ഞത് അങ്ങ് കേട്ടിട്ടുണ്ടോ? അദ്ദേഹത്തിന്റെ ആരോപണമാണ് ഞാൻ പറഞ്ഞത്. അങ്ങയുടെ നേതാവ് ശ്രീ. ആർ. എസ്. പണിക്കരാണ് പറഞ്ഞത്. നിങ്ങൾ അതൊന്നും കേൾക്കാതെ ഇത് ചോദിക്കേണ്ട.

ശ്രീ. ബെന്നി ബെഹനാൻ: അങ്ങ് പറഞ്ഞത് ഒരു ചോദ്യം കേട്ടില്ല, ഒരു ചോദ്യം കേട്ടു എന്നാണ്. അങ്ങ് പറഞ്ഞ ശ്രീ. ആർ.എസ് പണിക്കരുടെ പ്രസ്താവന ശ്രീ. പി. സി. വിഷ്ണുനാഥ് കേട്ടു. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ കാര്യം അങ്ങ് കേട്ടെങ്കിൽ അതിനെക്കുറിച്ച് മറുപടി പറഞ്ഞാൽ കൊള്ളാം.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: അത് ആരുടെ കാലത്താണ് നടന്നതെന്ന് നിങ്ങൾ അന്വേഷിക്ക്. അതിനെക്കുറിച്ചുള്ള നിയമാനുസൃതമായ നടപടി നട ക്കുന്നുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: കേരള സർവ്വകലാശാല ഈ വിവാദമായ പരീക്ഷ നടത്തുമ്പോൾ ആരായിരുന്നു സിൻഡിക്കേറ്റ് എന്നുള്ള കാര്യം ബഹുമാന പ്പെട്ട അംഗത്തിനറിയാമോ? അന്ന് യു.ഡി.എഫ്. സിൻഡിക്കേറ്റാണ് ഈ പരീക്ഷ നടത്തിയത്. യു.ഡി.എഫ്. സിൻഡിക്കേറ്റിനാണ് അതിന്റെ ഉത്തരവാദിത്വമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: മടിയിൽ കനമുള്ള ആളുകൾക്കേ വഴി യിൽ പേടിക്കേണ്ടതുള്ളൂ. നിങ്ങളാണ് പേടിക്കേണ്ടത്. നിങ്ങൾ അന്വേ ഷിക്ക്. ഇപ്പോൾ നിങ്ങളല്ലേ ഭരിക്കുന്നത്. ഇവിടെ ആർക്കും തടസ്സമില്ല. സർവ്വകലാശാലയ്ക്കെതിരെ സ്വാശ്രയ കോളേജുകൾക്കുവേണ്ടി 5 വർഷം

കേസ് വാദിച്ച ശ്രീ. ജോർജ് പൂന്തോട്ടത്തെ നിങ്ങൾ ലീഗൽ കൗൺസിലാക്കി യിട്ട് സെനറ്റ് പ്രമേയം എതിരെ പാസ്സാക്കിയിട്ട് അദ്ദേഹത്തിനെ തുടരാനനുവദിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; അതിൽ എന്ത് ധാർമ്മികതയാണുള്ളത്?

<u>ശ്രീ. സാജു പോൾ</u>: സർ, ഇവിടെ നമുക്ക് അന്ധമായ രാഷ്ട്രീയ വിരോധത്തോടെയുള്ള ചർച്ചകളല്ല വേണ്ടത്. ഇവിടെ മുമ്പ് ബഹുമാനപ്പെട്ട ഒരംഗം സംസാരിക്കുമ്പോൾ ഇപ്പോൾ ഈ സ്വാശ്രയ കോളേജുകൾ വന്നതു പോര ഇനി ഓട്ടോണമസ് പദവികൂടി അവർക്ക് കൊടുത്ത് വിദ്യാഭ്യാസ മേഖ ലയെ മെച്ചപ്പെടുത്തണമെന്ന് പറഞ്ഞു. ഇപ്പോൾ ഏതാനും മണിക്കൂറു കൾക്കുമുമ്പ് ഇടുക്കിയിലെ രാജക്കാട്ട് എന്ന സ്ഥലത്ത് തിരുവനന്തപുരം സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് പോയ ഒരു ബസ് മറിഞ്ഞ് 7 വിദ്യാർത്ഥികൾ മരണപ്പെട്ടിരിക്കുകയാണ്. ഇത് യാദൃശ്ചികമായി ഞാൻ ടി.വി.യിൽ കണ്ടതാ ണ്. ആ കോളേജ് അധികൃതർ പറയുന്നത് ഞങ്ങളറിയാതെയാണ് ഈ കുട്ടി കൾ അങ്ങോട്ട് പോയതെന്നാണ്. .പരീക്ഷ നടത്തിപ്പിലുൾപ്പെടെ അക്കാദമിക് കാര്യങ്ങളിലും ഗവേഷണ പ്രവർത്തനങ്ങളിലും യാതൊരുത്തരവാദി ത്വവുമില്ലാതെ മുന്നോട്ടു പോകുന്ന ഒരു വിദ്യാഭ്യാസ മേഖലയെ ......... (തടസ്സം)........ ഞാൻ പറഞ്ഞത് ഒരു സ്വാശ്രയ സ്ഥാപനത്തിലെ വിദ്യാർത്ഥി കൾ പോയത് അതിന്റെ ഉത്തരവാദിത്വപ്പെട്ട ആളുകൾ അറിയാതെയാണ് എന്നുപറയുമ്പോൾ ഇങ്ങനെയൊരു ഗുരുതരമായ അവസ്ഥ........ ഇപ്പോൾ മോട്ടോർ സൈക്കിൾ അപകടങ്ങളിൽ ധാരാളം വിദ്യാർത്ഥികൾ മരണമടയു ന്നു. കേരളത്തിലെമ്പാടും യാതൊരു നിയന്ത്രണവും ഈ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്കുമേലോ മറ്റ് സംവിധാനങ്ങളിലോ ഇല്ലായെന്നുള്ള ഗുരുത

രാവസ്ഥ വീണ്ടും വഴിതെറ്റിപോകുന്ന സ്ഥിതിയിലേയ്ക്ക് കൊണ്ടുപോകണമെന്നുള്ളതല്ലേ? സ്വാശ്രയ സ്ഥാപനങ്ങൾ ഏറെ വന്നുവെന്നുപറഞ്ഞ് നമ്മൾ മേനിനടിക്കുകയാണല്ലോ. പക്ഷേ ആ സ്ഥാപനങ്ങളിൽ നടക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് ആർക്കും ഒരു നിയന്ത്രണവുമില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, അതാണ് ഞാൻ പറഞ്ഞത് സ്വാശ്രയ കോളേജുകൾക്ക് സ്വതന്ത്രമായി പരീക്ഷ നടത്തുവാനും അവർ നടത്തിയ പരീക്ഷയുടെ മാർക്ക് യൂണിവേഴ്സിറ്റിയുടെ സൈറ്റിലേയ്ക്ക് അപ്പ്ഡേറ്റ് ചെയ്യുവാനുമുള്ള അധികാരം കൊടുത്ത സിൻഡിക്കേറ്റാണ് കോഴിക്കോട്ട് സർവ്വകലാശാലയിലുള്ളത്. കേരളത്തിലെ സർവ്വകലാശാലകളുടെ നിലവാരത്തെ ഇത്രയധികം തകർക്കുന്ന മറ്റൊരു നിലപാടുണ്ടാകുമോ? സ്വാശ്രയ കോളേജുകൾ സ്വന്തം പരീക്ഷ നടത്തി ആ പരീക്ഷയുടെ റിസൽട്ട് അപ്പ്ഡേറ്റ് ചെയ്യാൻ അവർക്കുതന്നെ അധികാരം കൊടുക്കുന്നതിലൂടെ ഏറ്റവും അവിശ്വസനീയമായ തീരുമാനമെടുക്കുകയാണ്. ഇതെല്ലാ സർവ്വകലാശാലയിലും നടക്കുകയാണ്. സ്വാശ്രയ സ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു ഭാഗത്ത് പറയുമ്പോൾ ത്രിശങ്കുവിലാണ് എം.ജി. യൂണിവേഴ്സിറ്റി. ബി.എസ്.സി. നഴ്സിംഗ്, എം.എൽ.റ്റി. വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രകളിൽ പ്രാക്ടിക്കൽ നടത്താനുള്ള ഒരു കരാർ സർവ്വകലാശാലയും സർക്കാരും തമ്മിൽ ഉണ്ടാക്കിയിരുന്നു. അതിതുവരെ പുതുക്കിയിട്ടില്ല. അത് പുതുക്കാത്തതിന്റെ ഭാഗമായി ഈ കോഴ്സുകൾക്ക് നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കാത്തതിന്റെ പ്രശ്നവുമുണ്ട്. ഇത് രണ്ടും ചേർന്ന് ഈ കുട്ടികൾ ത്രിശങ്കുവിലാണ്. ഈ കുട്ടികൾക്ക് ചേരാൻകഴിയാത്ത സ്ഥിതി ആ മേഖലയിലുണ്ടാവുകയാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്, കേരളത്തിലെ എല്ലാ

സർവ്വകലാശാലകളും യഥാർത്ഥ ഉത്തരവാദിത്വത്തോടുകൂടി നയിക്കാൻ കഴിയുന്ന ആളുകളില്ലാതെ അപമാനകരമായ സ്ഥിതിയിലേയ്ക്ക് പോകുന്നുവെന്ന്. അത് അരാജകത്വത്തിലേയ്ക്ക് നയിക്കുന്നു. സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരുടെയും പ്രോ-വൈസ് ചാൻസലർമാരുടെയും രജിസ്ട്രാർമാരുടെയും നിയമനം ഏകപക്ഷീയമായി ജാതിപ്രമാണിമാരുടെ കൈകളിലേയ്ക്ക് കൈമാറിക്കൊടുക്കുന്നു. വർഗ്ഗീയമായ പ്രകോപനത്തിന്റെ കേന്ദ്രങ്ങളായി സർവ്വകലാശാലകൾ മാറുന്നു. സാംസ്കാരികമായ പ്രകോപനത്തിനുപകരം ഇത്തരം ഒരു നിലപാടാണ് സ്വീകരിക്കുന്നത്. ഇതെല്ലാം ആരംഭിച്ചത് കോഴിക്കോട് സർവ്വകലാശാലയിൽനിന്നാണ്. മുസ്ലീം ലീഗിലെ എന്റെ സുഹൃത്തുക്കൾ അതിൽ വിഷമിക്കരുത്. ഇങ്ങനെ ഒരു സമീപനം നിങ്ങൾ സ്വീകരിക്കാൻ പാടുണ്ടായിരുന്നോ? ഇത് ശരിയാണോ? സർവ്വകലാശാലയുടെ ആസ്ഥാനം എവിടെയാണോ നിൽക്കുന്നത് ആ സ്ഥലത്തിന്റെ പാർട്ടി സ്വാധീനത്തിനനുസരിച്ച് അതിന്റെ നേതൃത്വം തീരുമാനിക്കാൻ പാടുണ്ടോ? അങ്ങനെ ഒരു സമീപനം സ്വീകരിച്ചാൽ മറ്റെല്ലാ മേഖലയിലും അങ്ങനെ നടക്കില്ലേ. കണ്ണൂർ സർവ്വകലാശാല നയിക്കാൻ കണ്ണൂരിലെ സി.പി.ഐ.(എം) ന്റെ ലോക്കൽ കമ്മിറ്റിയെ ഏൽപ്പിക്കാൻ കഴിയുമോ? നിങ്ങൾ കോഴിക്കോട് സർവ്വകലാശാലയെ നയിക്കാൻ തേഞ്ഞിപ്പാലത്തേയും പള്ളിക്കൽ ബസാറിലുമുള്ള പ്രാദേശിക നേതാക്കളുടെ ഇഷ്ടത്തിനനുസരിച്ചും ഇച്ഛയ്ക്കനുസരിച്ചും വിട്ടുകൊടുക്കാൻ പാടുണ്ടോ? അങ്ങനെ വന്നപ്പോൾ സ്വാഭാവികമായിട്ടും ആ ശൈലി കേരളത്തിലാകെ പകർത്താനുള്ള പരിശ്രമമാണിപ്പോൾ നടക്കുന്നത്. ഇതേ ശൈലി കോട്ടയത്തെ എം.ജി. സർവ്വകലാശാലയിലും തിരുവനന്തപുരത്തെ കേരള യൂണിവേഴ്സിറ്റിയിലും കുസാറ്റിലും നടക്കണം. ആർക്കാണോ സാധ്യതയുള്ളത് ആർക്കാണോ അവിടെ

പ്രവേശനമുള്ളത് ആ നിലയിൽ ഘടകകക്ഷികൾ വീതംവയ്ക്കുന്ന ഏർപ്പാടായി ഇത് പോകുകയല്ലേ; ഇത് അപമാനകരമായ ഒരു സ്ഥിതി നാട്ടിലുണ്ടാക്കുകയല്ലേ? ലീഗിന്റെ ഈ ശൈലിയാണ് അപമാനകരമായ രീതിയിലേയ്ക്ക് കാര്യങ്ങളെത്തിച്ചത്. ഇങ്ങനെയൊരു സ്ഥിതി ആത്മീയമായ തങ്ങളുടെ സാധ്യതകളെ രാഷ്ട്രീയത്തിലേയ്ക്ക് ഉപയോഗിക്കുന്ന ഹിന്ദുത്വത്തിനെ നിങ്ങൾക്കെങ്ങനെ എതിർക്കാൻ കഴിയും. കുംഭമേളയിലെ നഗ്നസന്യാസിമാരുടെ ആത്മീയപ്രഭാവത്തെ ഉപയോഗിക്കുന്ന ഹിന്ദുത്വ രാഷ്ട്രീയവും നിങ്ങളുടെ ഈ സമീപനവും തമ്മിൽ എവിടെയാണ് വേറിട്ടുനിൽക്കുന്നത്. ഞങ്ങൾ വർഗ്ഗീയപാർട്ടിയല്ല എന്നുള്ള നിലപാട് ഒരുഭാഗത്ത് സ്വീകരിക്കുകയും വ്യത്യസ്തമായ നിലകളിൽ വർഗ്ഗീയ പ്രകോപനത്തിന് സഹായകരമായ സമീപനങ്ങൾ നിങ്ങൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.. വർഗ്ഗീയമായ വിഭജനം നാട്ടിൽ നടന്നാൽ ഞങ്ങൾക്കതിൽനിന്നും നേട്ടം കിട്ടുമെന്നുള്ള ധാരണയിൽ മുന്നോട്ടുപോകുന്നത് ശരിയല്ല. ആ ദിശയിൽ മുന്നോട്ടുപോയാൽ എന്താണ് സംഭവിക്കുകയെന്നത് ഗുജറാത്തിൽ നമ്മുടെ മുന്നിലുള്ള ഒരു പാഠമുണ്ടെന്നുള്ളത് ലീഗ് സുഹൃത്തുക്കൾ മനസ്സിലാക്കണം. ഗാന്ധിജിയുടെ ഗുജറാത്ത് ഇന്ന് ശ്രീ. നരേന്ദ്ര മോഡിയുടെ ഗുജറാത്തായി. പക്ഷേ ആ മോഡിയുടെ ഗുജറാത്തിനെ സംബന്ധിച്ച് ഒരു പരാതിയുമില്ലാത്ത ഒരു രാഷ്ട്രീയ നേതാവ് നമ്മുടെ സഭയിലുണ്ട്. XXXXXXXXXX........ (തടസ്സം)....... ഞാൻ പറഞ്ഞ് പൂർത്തിയാക്കിതിനുശേഷം നിങ്ങൾക്ക് ചോദിക്കാം. XXXXXXXXXX വികസന പദ്ധതികളെ പുകഴ്ത്തികൊണ്ട് ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി കുറേ പ്രസംഗങ്ങൾ നടത്തി. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി പ്രസംഗിക്കുന്നത് വയറ്റിപ്പിഴപ്പിനുവേണ്ടിയാ

ണെന്ന് നമുക്ക് മനസ്സിലാക്കാം. കാരണം അദ്ദേഹം ഒരു രാഷ്ട്രീയ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് മുതലാളിത്ത വികസന നയങ്ങളെ പ്രോത്സാഹിപ്പിക്കാൻ.....

ശ്രീ. കെ. എം. ഷാജി: സർ, പോയിന്റ് ഓഫ് ഓർഡർ. ഇത് എന്നെക്കുറിച്ച് അവാസ്തവമായി ഈ സഭയിൽ പറയുകയാണ്. ഞാൻ ശ്രീ. പി. ശ്രീരാമകൃഷ്ണനോട് ഒരു കാര്യം പറയാം. സഭയ്ക്കകത്തും പുറത്തും ശ്രീ. പി. ശ്രീരാമകൃഷ്ണനടക്കം ശ്രീ. കോടിയേരി ബാലകൃഷ്ണനടക്കം പറയുന്ന കാര്യങ്ങൾക്ക് എന്തെങ്കിലും ഒരു തെളിവുതന്നാൽ ഞാൻ എന്റെ എം.എൽ.എ. സ്ഥാനം രാജിവയ്ക്കും. നിയമസഭയുടെ അകത്ത് വച്ച് ഞാൻ പറയുകയാണ്. XXXXXXXXXX ഞാൻ ന്യായീകരിച്ചുവെന്ന് തെളിയിച്ചാൽ ഞാൻ രാജിവയ്ക്കാൻ തയ്യാറാണ്. അല്ലായെങ്കിൽ ശ്രീ. പി. ശ്രീരാമകൃഷ്ണൻ രാജിവയ്ക്കാൻ തയ്യാറാകുമോ? ധൈര്യമുണ്ടെങ്കിൽ അതാണ് പറയേണ്ടത്.

ശ്രീ. റ്റി. വി. രാജേഷ്: ശ്രീ. കെ. എം. ഷാജിയുടെ പ്രസ്താവന കേരളത്തിലെ എല്ലാ ദൃശ്യമാധ്യമങ്ങളിലും പത്ര മാധ്യമങ്ങളിലും വന്നിട്ടുണ്ട്. XXXXXXXXXX ശ്രീ. കെ. എം. ഷാജി പറഞ്ഞത്. XXXXXXXXXX വികസന മാതൃക പ്രശംസനീയമാണെന്ന് പറയുകയുണ്ടായി. അങ്ങനെയാണെങ്കിൽ എന്തുകൊണ്ട് ആ ചാനലുകൾക്കും പത്രത്തിനുമെതിരെ മാന നഷ്ടക്കേസു കൊടുക്കാൻ ശ്രീ. കെ. എം. ഷാജി തയ്യാറാകുന്നില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ശ്രീ. കെ.എം. ഷാജി പ്രകോപിതനായിട്ട് കാര്യമില്ല. കേരളത്തിലെ പ്രധാനപ്പെട്ടൊരു ദൃശ്യമാധ്യമം ശ്രീ. കെ. എം. ഷാജിയുടെ ശബ്ദത്തിൽ അദ്ദേഹം നടത്തിയ പ്രസംഗങ്ങളെക്കുറിച്ച് പറഞ്ഞത് XXXXXXXXXX........(ബഹളം)....... ശ്രീ. കെ. എം. ഷാജിക്ക് ഇക്കാര്യ

ത്തിൽ ഉറച്ച നിലപാടുണ്ടെങ്കിൽ ഇത് പുറത്തുവിട്ട ദൃശ്യമാധ്യമത്തിനെതിരായി കേസ് എടുക്കാൻ തയ്യാറാകണം. കൈരളി ടി.വി.ക്കെതിരായി കേസ് കൊടുക്കണം. ശ്രീ. കെ. എം. ഷാജിക്ക് ഇക്കാര്യത്തിൽ ആത്മാർത്ഥമായ സമീപനമുണ്ടെങ്കിൽ ഈ വാർത്ത പുറത്തുവിട്ട, അദ്ദേഹത്തിന്റെ പ്രസംഗം പുറത്തുവിട്ട കൈരളി ടി. വി. ക്കെതിരെ മാനനഷ്ടത്തിന് കേസ് കൊടുക്കട്ടെ. .......(ബഹളം)......

<u>ശ്രീ. ആർ. രാജേഷ്</u>: ശ്രീ. കെ. എം.ഷാജിയുടെ പ്രസംഗം അദ്ദേഹത്തിന്റെ നേതാവ് ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിയാണ് തിരുത്തിയത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, മുസ്ലീംലീഗ് തിരുത്തും. മുസ്ലീം ലീഗിൽ കടന്നുകയറിയിട്ടുള്ള ഇത്തരം പുഴുക്കുത്തുകൾ എവിടെനിന്നാണ് വരുന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ഇത് ശ്രീ. കെ. എം. ഷാജിക്ക് പറ്റിയ വ്യക്തിപരമായ പ്രശ്നമായി ഞാൻ കാണുന്നില്ല. വർഗ്ഗീയ രാഷ്ട്രീയത്തെ കൂട്ടുപിടിക്കുന്ന സമീപനം സ്വീകരിക്കുമ്പോൾ, ബി.ജെ.പി. അധികാരത്തിൽ വന്നാൽപ്പോലും വിരോധമില്ലായെന്ന സമീപനത്തിലേക്ക് മാറുന്നതിന്റെ രാഷ്ട്രീയമായ അപചയത്തിന്റെ പ്രഖ്യാപനമാണിത്. കണ്ണൂർ ജില്ലയിൽ സി. പി.എം.-ന്റെ ചോര കൊതിക്കുന്ന ആർ.എസ്.എസ്.-ന്റെ വോട്ട് കിട്ടുന്നതിനുവേണ്ടിയുള്ള ഗൂഢമായ, കുടിലമായ നീക്കത്തിന്റെ ഭാഗമാണിതെന്ന് ഞാൻ ആരോപിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ഞാൻ ഇവിടെനിന്നുകൊണ്ട് വെല്ലുവിളിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടും വീണ്ടും വീണ്ടും ആക്ഷേപം ഉന്നയിക്കുന്നത് സഭാ രേഖകളിലുണ്ടാകാൻ പാടില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ദൃശ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച പ്രസംഗത്തെക്കുറിച്ചാണ് പറഞ്ഞത്. ഈ ആക്ഷേപം എന്റേതല്ല. കേരള ത്തിലെ ഒരു ദൃശ്യമാധ്യമം എത്രയോ ദിവസങ്ങളോളം പ്രസിദ്ധീകരിച്ച ഒരു വാർത്ത ഞാൻ ക്വാട്ട് ചെയ്യുകയാണ് ചെയ്തത്. അദ്ദേഹത്തിന്റെ ദൃശ്യം കാണിച്ച് ഒരു ദൃശ്യമാധ്യമം പ്രസിദ്ധീകരിച്ച ഒരു വാർത്ത ക്വാട്ട് ചെയ്യുക യാണ് ഞാൻ ചെയ്തത്. ഞാൻ കരുതുന്നത്......,

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഈ സഭയിലുള്ള ശ്രീ. കെ. എം. ഷാജിയുടെ ഒരു പ്രസംഗത്തെ ആസ്പദമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട പൊന്നാനി അംഗം ഒരു ആക്ഷേപം ഉന്നയിച്ചു. ബഹുമാനപ്പെട്ട അംഗം തന്നെ ഈ സഭയിലിരുന്നുകൊണ്ട് ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലായെന്നും, പറഞ്ഞുവെന്ന് പറയുന്നത് തെറ്റാണെന്ന് പറയുകയും അത് രേഖയിൽ നിന്നും നീക്കം ചെയ്യണമെന്ന് പറയുകയും ചെയ്തു. അത് പറഞ്ഞതിനു ശേഷം വീണ്ടും ശ്രീ. പി. ശ്രീരാമകൃഷ്ണൻ ആവർത്തിച്ചുപറയുന്നത് ഓർഡ റിലല്ല. അതുകൊണ്ട് വീണ്ടും വീണ്ടും ആവർത്തിച്ചുപറയുന്നത് സഭാരേഖക ളിൽ നിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: സഭയിലുള്ള ഒരംഗത്തിനെതിരായി അവാസ്തവമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ രേഖയിലുണ്ടാവുകയില്ല. അങ്ങ് കൺക്ലൂഡ് ചെയ്യ ണം. 25 മിനിട്ടായി.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഇതിൽ പ്രകോപിക്കേണ്ട കാര്യമില്ല. പറ്റിയ തെറ്റ് തെറ്റാണെന്ന് പറയാനുള്ള ആർജ്ജവമുണ്ടായാൽ മതി. കണ്ണൂരിൽ സി.പി.എം.-ന്റെ ചോരയ്ക്കുവേണ്ടി ശ്രമിക്കുന്ന ആർ.എസ്.എസ്.-ന്റെ വോട്ട് ഭാവിയിൽ കിട്ടാൻവേണ്ടി ശ്രമി ക്കുന്ന കുടിലമായ നീക്കമാകരുത്. അത് തെറ്റാണെങ്കിൽ തെറ്റാണെന്ന് പറ

യാനുള്ള ധൈര്യമുണ്ടായാൽ മതി. ഈ പ്രസംഗം നടത്തിയ സ്ഥലമെവിടെ യാണെന്നുള്ളത് നമ്മൾ മനസ്സിലാക്കണം, പാനൂരിനടുത്ത് പോയാണ് പ്രസം ഗിച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഞാൻ അവ സാനിപ്പിക്കുകയാണ്, കേരളത്തിലെ സർവ്വകലാശാലകളെ ചിന്താ പ്രകോപന ത്തിന്റെയും സാംസ്ക്കാരിക പ്രകോപനത്തിന്റെയും കേന്ദ്രങ്ങളാക്കുന്നതിനു പകരം സമൂഹത്തെ വർഗ്ഗീയ പ്രകോപനത്തിലേക്ക് നയിക്കുന്ന കേന്ദ്രങ്ങ ളാക്കി മാറ്റുന്നതിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രീ, അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, ഒന്നും സംസാരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 2013-ലെ കോഴി ക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........,

പ്രതികൂലിക്കുന്നവർ.........,

പ്രമേയം സഭ തള്ളിയിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, നോട്ട് ഇൻ ദ സീറ്റ്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയുടെ ദേദഗതി സഭ തള്ളിയിരിക്കുന്നു.

2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (3) 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

മി. ചെയർമാൻ: കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ, അങ്ങേയ്ക്ക് 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ, അങ്ങേയ്ക്ക് 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാ

ശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രീ, അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, സർവ്വകലാശാലാ ആക്ടിലെ സെക്ഷൻ 57(7) ഭേദഗതി ചെയ്ത് വിരമിക്കൽ പ്രായം 56 വയസ്സായി തീരുമാനിക്കണമെന്നതിലേയ്ക്കാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. എല്ലാ സർക്കാർ ജീവനക്കാരുടെയും വിരമിക്കൽ പ്രായം 56 വയസ്സാക്കിയതുകൊണ്ട് സർവ്വകലാശാലാ ജീവനക്കാരുടെയും വിരമിക്കൽ പ്രായം 56 വയസ്സാക്കുന്നതിനാണ് ഈ ദേദഗതി.

മി. ചെയർമാൻ: ശ്രീ. കെ. അജിത്, അങ്ങേയ്ക്ക് 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

Shri K. Ajith: Sir, I move that –

"This House resolves to disapprove The Kerala Veterinary and Animal Sciences University (Amendment) Ordinance, 2013 (Order No.26 of 2013)."

ഈ സർവ്വകലാശാല സ്ഥാപിക്കണമെന്നത് കേരളത്തിന്റെ ഒരു വലിയ ആഗ്രഹമായിരുന്നു. പക്ഷേ, അത് സ്ഥാപിച്ചശേഷം ഇതിന്റെ ഉദ്ദേശലക്ഷ്യ ങ്ങളും ഉദ്ദേശശുദ്ധിയും പരിശോധിക്കുമ്പോൾ.............., ഇവിടെ കഴിഞ്ഞ ദിവ സങ്ങളിലുണ്ടായ വിവാദപരമായ പ്രശ്നങ്ങൾക്ക് കാരണമായത് പെൻഷൻ പ്രായവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. പങ്കാളിത്ത പെൻഷൻ നടപ്പാക്കി യതിനുപിന്നാലെ പെൻഷൻ പ്രായവും ഉയർത്തിക്കൊണ്ടാണ് മാണി സാറിന്റെ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. തീർച്ചയായും കേരള ത്തിലെ ജനങ്ങൾ ഈ വിഷയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അവരുടെ പൊതുവായ അഭിപ്രായങ്ങൾ രേഖപ്പെടുത്തും. സഭയ്ക്കുള്ളിൽ ഞാൻ എന്റെ അഭിപ്രായം രേഖപ്പെടുത്തുകയാണ്. നമ്മുടെ നാട്ടിൽ കന്നുകാലി കളെ വളർത്തുകയും പരിപാലിക്കുകയും ചെയ്യുകയെന്ന ഉദ്ദേശലക്ഷ്യമാണ് ഈ സർവ്വകലാശാലക്കുള്ളത്. പെൻഷൻ പ്രായം ഉയർത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ജനാധിപത്യ രീതിയിലല്ല അതിന്റെ പ്രവർത്തന ങ്ങൾ ഉണ്ടായത്. അതുകൊണ്ടുതന്നെയാണ് വിരമിക്കൽ പ്രായം 55 വയസ്സ് എന്നുള്ളത് 56-ലേയ്ക്ക് ഉയർത്തുമ്പോൾ ഞാൻ എന്റെ നിരാകരണം രേഖ പ്പെടുത്തുന്നത്. ഒരു ജനാധിപത്യ സംവിധാനത്തിൽ കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ടുവേണം ഇതുപോലെ

യുള്ള പ്രക്രിയകൾ നടപ്പിലാക്കേണ്ടത്. ഇത് ഏകപക്ഷീയമായ ഒരു നിലപാടാണ്. പെൻഷൻ പ്രായപരിധി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ജനങ്ങൾക്ക് ആശങ്ക നിൽക്കുന്നു എന്നതാണ് ഇതിലെ പ്രധാനപ്പെട്ട വിഷയമായി സൂചിപ്പിക്കുന്നത്. കന്നുകാലി പരിപാലനവുമായി ബന്ധപ്പെട്ട് ഈ വെറ്ററിനറി കോളേജ് 2005-ലാണ് സ്ഥാപിക്കപ്പെട്ടത്. അതിന്റെ പ്രവർത്തനങ്ങൾക്ക് വളരെ നല്ലരീതിയിൽ തുടക്കംകുറിച്ചുവെങ്കിൽപ്പോലും പിന്നീട് അത് നിലയ്ക്കുന്ന സാഹചര്യമാണുണ്ടായത്. 2010-ൽ സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ വന്ന ഗവൺമെന്റ്, സഖാവ് സി. ദിവാകരൻ മന്ത്രിയായിരുന്ന സമയത്താണ് അതൊരു സർവ്വകലാശാലയായി ഉയർത്തിക്കൊണ്ട് നല്ല രീതിയിലേക്ക് കൊണ്ടുവന്നത്. സർവ്വകലാശാലയ്ക്കായി ഒരുപാട് വികസനപ്രവർത്തനങ്ങളും നവീകരണ പ്രവർത്തനങ്ങളും നടത്തിയെങ്കിൽപ്പോലും ഇപ്പോഴും കോളേജിന്റെ മറ്റുകാര്യങ്ങൾ മുന്നോട്ട് പോകാൻ കഴിയാതെ പ്രത്യേക താൽപ്പര്യങ്ങളുടെ പുറത്ത് നിൽക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വൈസ് ചാൻസലറായി നിയമതിനായ ശ്രീ. അശോകൻ എന്നയാളുടെ വളരെ സംശുദ്ധിയോടുള്ള പ്രവർത്തനത്തെ രാഷ്ട്രീയവത്ക്കരിച്ചുകൊണ്ട് അദ്ദേഹത്തെ പുറത്താക്കുന്ന നടപടിയാണ് പിന്നീടുവന്ന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്. തീർച്ചയായും ഇതെല്ലാം ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നന്മയ്ക്കും അതിന്റെ പ്രവർത്തനങ്ങൾക്കും അനുയോജ്യമായ രീതിയിലുള്ള പ്രവർത്തനങ്ങളല്ല. പൂക്കോട് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ ഉദ്ദേശവും ലക്ഷ്യവും കേരളത്തിന്റെ കന്നുകാലി സമ്പത്തിനെ കൂടുതൽ മെച്ചപ്പെടുത്തുകയും കന്നുകാലി വളർത്തലിലൂടെ സാമ്പത്തിക വർദ്ധനവ് ഉണ്ടാക്കുകയെന്നതുമാണ്.

ഇത്തരം പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്ന രീതിയിലാണ് ഇപ്പോഴത്തെ അതിന്റെ പ്രവർത്തനങ്ങൾ. മന്ത്രിയാണെങ്കിലും ഡിപ്പാർട്ടുമെന്റാണെങ്കിലും അതിന്റെ ഭാഗത്ത് ഒരു ശ്രദ്ധയും കാണിക്കാത്ത അവസ്ഥയിലാണ്. അവിടെ രാഷ്ട്രീയ വൈരത്തോടെ ഉദ്യോഗസ്ഥൻമാർ പെരുമാറുന്നു. പൂക്കോട് ആ സ്ഥാപനത്തെ നിലനിർത്താൻ കഴിയാത്ത തരത്തിലാണ് അവിടെ പ്രവർത്തനം നടക്കുന്നത്. അതുകൊണ്ടുതന്നെ ഇതിന് ലഭ്യമാകുന്ന സാമ്പത്തിക ശ്രോതസ്സുകളും ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളുമൊന്നും തന്നെ ആ സ്ഥാപനത്തിലേയ്ക്ക് എത്തിപ്പെടുന്നില്ല. ഇതിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുപോകണമെങ്കിൽ ഗവൺമെന്റ് ഉദ്ദേശിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കണം. നമ്മുടെ കന്നുകാലി മേഖലയുമായി ബന്ധപ്പെട്ടുവരുന്ന പ്രധാന വിഭാഗം ക്ഷീരകർഷകരാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആൾക്കാർ എല്ലാ ദിവസവും രാത്രിയും പകലുമെന്നില്ലാതെ ജോലിചെയ്യുന്നവരാണ്. വലിയൊരു തൊഴിൽ മേഖല തന്നെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും കേരളത്തിന്റെ ആരോഗ്യമേഖലയെ സംരക്ഷിച്ചുകൊണ്ടിരിക്കുകയും പുതിയ തലമുറയെ ഊർജ്ജസ്വലരാക്കുകയും ശക്തീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു വിഭാഗമാണ് ക്ഷീര കർഷകർ. അവരുടെ ക്ഷേമ പ്രവർത്തനങ്ങളും ജീവിത രീതികളും നല്ല രീതിയിലേയ്ക്ക് കൊണ്ടു വരാനുള്ള ഒരു പദ്ധതിയും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല. ഗവൺമെന്റ് പല പദ്ധതികളും പ്രഖ്യാപിക്കുകയും എന്നാൽ അത് കർഷകരിലേയ്ക്ക് എത്താൻ വളരെ താമസിക്കുകയും എത്തിയാൽ തന്നെ അത് അർഹതപ്പെട്ട സമയത്തുമല്ല എത്തുന്നത്. അവരുടെ ഉത്പന്നത്തിന് വില വർദ്ധനവ് ഉണ്ടാകുന്നില്ല. കാലിത്തീറ്റയ്ക്ക് ക്രമാതീതമായ വിലവർദ്ധനവ് ഉണ്ടാകുന്നു. ഇന്നത്തെ മാർക്കറ്റ് വിലയല്ല നാളെയുണ്ടാകുന്നത്. ക്ഷീര

കർഷകർ ആ മേഖലയിൽനിന്ന് മാറിപ്പോകുന്ന ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് കേരളത്തിലെ ക്ഷീരമേഖല എത്തിയിരിക്കുകയാണ്. നമുക്കാവശ്യമുളള പാലിനും മറ്റ് ഉത്പന്നങ്ങൾക്കുംവേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചു പോകാതെ ഈ മേഖലയിൽ നമ്മുടെ ക്ഷീരകർഷകരെ പിടിച്ചുനിർത്താനുളള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നതാണ് എനിക്ക് സൂചിപ്പിക്കാനുളളത്. ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിക്കുന്ന നടപടിയുണ്ടാകണമെന്ന് നമ്മുടെ ബഹുമാനപ്പെട്ട ക്ഷീര വകുപ്പുമന്ത്രി ആവശ്യപ്പെടുകയും എന്നാൽ കേന്ദ്രമന്ത്രി ഉൾപ്പെടുത്താൻ സാധിക്കുകയില്ലെന്ന് പറഞ്ഞ് തർക്കമുണ്ടാവുകയും ചെയ്തുവെന്ന് നമ്മൾ പത്രങ്ങളിൽ വായിച്ചു. ഇന്നത്തെ പത്രത്തിൽ ബഹുമാന്യനായ പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. ആന്റണി പറഞ്ഞിരിക്കുന്നത് അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചുളള രീതിയിൽ കേരളത്തിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നില്ല എന്ന് പറഞ്ഞിരിക്കുന്നു. ഒരു കേന്ദ്ര മന്ത്രി തന്നെ കേരളത്തിന്റെ അവസ്ഥയെ ഇങ്ങനെ ഒരു സംശയാവസ്ഥയിൽകൊണ്ടെത്തിച്ചു നിൽക്കുന്ന അവസ്ഥ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിരിക്കും. ഒരേ പാർട്ടിയിൽപ്പെട്ട, ഒരേ വിഭാഗത്തിൽപെട്ട ആൾക്കാർ....... ഇവിടുത്തെ വികസന പ്രക്രിയയിൽ കേരളം ആവശ്യകത പ്രകടിപ്പിക്കുന്നില്ലായെന്നും അതിന് ആവശ്യമായ രീതിയിലുളള മുന്നേറ്റമല്ല ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതെന്നും കേന്ദ്ര മന്ത്രി സംസ്ഥാനത്തെ കുറ്റപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം സൂചിപ്പിക്കുന്നത് നമ്മൾ അയൽ സംസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ കണ്ടുപഠിക്കണമെന്നാണ്. അയൽ സംസ്ഥാനങ്ങളിലെ ഓരോ വികസനപ്രക്രിയയിലും റെയിൽവേ, ഇൻഡസ്ട്രി, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ ഇവയിലെല്ലാം തന്നെ കൂട്ടായ പ്രവർത്തനങ്ങൾ

നടക്കുന്നു. എന്നാൽ ഇവിടെ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പ്രതിപക്ഷത്തിന്റെ സഹായം സ്വമേധയാ തരാമെന്ന് പറഞ്ഞിട്ടുപോലും പ്രതിപക്ഷത്തെ ആശ്രയിക്കാതെയും അവരുടെ വാക്കുകളെ മുഖവിലക്കെടുക്കാതെയുമാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിതന്നെ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് പറയുകയും പ്രതിപക്ഷം അതിന് സന്നദ്ധമാകുമ്പോഴും ഗവൺമെന്റ് നാടിനെ ക്ഷേമ പ്രവർത്തിയിൽ കൊണ്ടെത്തിക്കാനുള്ള അവസ്ഥയിലേക്കല്ല പോകുന്നത്. അതുകൊണ്ടുതന്നെയാണ് മറ്റു സംസ്ഥാനങ്ങൾ ആശ്രയിക്കുംപോലെ നമ്മുടെ ഗവൺമെന്റും ആശ്രയിക്കണമെന്ന് കേന്ദ്രമന്ത്രി സൂചിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് അരിയുടെയും വൈദ്യുതിയുടേയും പ്രശ്നം ഉണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ ഭരണപക്ഷത്തുണ്ടായിരുന്ന എല്ലാ എം.എൽ.എ.മാരും എം.പി. മാരും ജനപ്രതിനിധികളും ഡൽഹിയിൽ പ്രധാനമന്ത്രിയുടെ വസതിക്കടുത്ത് സമരം ചെയ്തുകൊണ്ട് കേരളത്തിന്റെ ആവശ്യതകൾ അറിയിക്കുകയും കുറച്ചൊക്കെ കാര്യങ്ങൾ നേടിയെടുക്കുകയും ചെയ്തു. അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയെയും കക്ഷിനേതാക്കളെയും ഡൽഹിയിൽ കൊണ്ടുപോയി നമ്മുടെ ആവശ്യങ്ങൾ അറിയിക്കുകയും കുറെയൊക്കെ നേടിയെടുക്കുകയും ചെയ്തു. കേരളത്തിലും കേന്ദ്രത്തിലും ഒരേ പാർട്ടി ഭരിച്ചുകഴിഞ്ഞാൽ ഇവിടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഒരുപാട് സഹായങ്ങൾ ഉണ്ടാകുമെന്നാണ് പൊതുവേ പറയുന്നത്. എന്നാൽ ആ വാദം പൊളിഞ്ഞു എന്നതാണ് കഴിഞ്ഞ കുറേ നാളുകളായി കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ റെയിൽവെയുടെ വികസനത്തിനായാലും കെ.എസ്.ആർ.ടി.സി.യുടെ വിഷയത്തിലായാലും വൈദ്യുതിയുടെ

വിഷയത്തിലായാലും കേരളത്തോട് വിമുഖത കാണിക്കുന്ന ഒരു ഭരണ നേതൃത്വമായി കേന്ദ്രം ഇന്ന് മാറിയിരിക്കുന്നു. കേരളത്തിന്റെ ഒരു വാദത്തെയും സംരക്ഷിക്കുവാനോ ഒരേ മുന്നണിയിൽപ്പെട്ടവരെ സംരക്ഷിക്കുവാനോ അതുപോലെ കേരളത്തിലെ ജനങ്ങളെ വിശ്വാസത്തിലെടുക്കുവാനോ കേന്ദ്രം ഇന്ന് ശ്രമിക്കുന്നില്ല എന്നതാണ് ഇതിലൂടെ തെളിഞ്ഞ് വരുന്നത്. ഗവൺമെന്റിന് കേരളത്തിലെ ക്ഷേമ പ്രവർത്തനങ്ങൾക്കോ വികസന പ്രവർത്തനങ്ങൾക്കോ ജനപക്ഷത്ത് നിൽക്കുന്ന പ്രവർത്തനങ്ങൾക്കോ ഒന്നിനും താത്പര്യമില്ല എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. ഗവൺമെന്റ് ചില പ്രഖ്യാപനങ്ങളിലൂടെ ചില വൻകിട പദ്ധതികളുടെ ആവിർഭാവത്തോടെ മുന്നോട്ട് പോകുന്നുവെന്നല്ലാതെ അതൊന്നും യാഥാർത്ഥ്യമാക്കുന്ന പ്രവർത്തനങ്ങളിലേക്ക് പോകുന്നില്ല. വെറ്ററിനറി സർവകലാശാലയുടെ ബില്ലുമായി ബന്ധപ്പെട്ട്, നമ്മുടെ ജന്തുവിഭാഗമായ ആട്, കോഴി, താറാവ് ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും അതിന്റെ സമ്പന്നത വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ ജനതയെ പുതിയ തൊഴിലിടങ്ങളിൽ കൊണ്ടെത്തിക്കാനുമുള്ള ശ്രമത്തിന് പിന്തുണ നൽകുന്ന സ്ഥാപനമാണിത്. ഈ സർവകലാശാല വന്നാലുണ്ടാകുന്ന മാറ്റങ്ങൾ നമുക്കെല്ലാവർക്കുമറിയാം. കേരളത്തിലാദ്യമായാണ് ഇതുപോലൊരു സർവകലാശാല വരുന്നത്. വിരമിക്കൽ പ്രായം 55 വയസ്സ് എന്നത് 56 വയസ്സാക്കി ഉയർത്തിക്കൊടുക്കണമെന്നതാണ് ഈ ബില്ലിന്റെ മുഖ്യമായ ഉദ്ദേശലക്ഷ്യം. ജനങ്ങൾ അത് സംശയത്തിന്റെ ദൃഷ്ടിയിലാണ് കാണുന്നത്. വളരെ പ്രായമുള്ള മാണിസാർ വളരെ കിതക്കലോടെ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ എല്ലാവരും ഓർത്തത് വാർദ്ധക്യത്തിന്റെ അവസ്ഥയിലെ ക്ഷീണംകൊണ്ടാണെന്നാണ്. പക്ഷേ അത് തന്ത്രപൂർവ്വം പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഒരു ഹിഡൻ അജണ്ട വച്ചു

കൊണ്ട് അദ്ദേഹം പെരുമാറിയതായിരുന്നു. 2013-നുശേഷം ജോലിയിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് ചെറുപ്പക്കാരെല്ലാം വളരെ ആശങ്കയോടെയാണ് കാണുന്നത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): വാർദ്ധക്യത്തെക്കുറിച്ച് പറഞ്ഞ പരാമർശം ശരിയല്ല.

ശ്രീ. കെ. അജിത്: വാർദ്ധക്യം എന്ന് പറഞ്ഞെന്നേയുള്ളൂ. അങ്ങനെ പറഞ്ഞുവെങ്കിൽ പിൻവലിക്കുന്നു. എ.എസ്. കിട്ടാൻ വേണ്ടി പ്രത്യേകിച്ചൊന്നുമില്ല. കോട്ടയം ജില്ലയിലെ വൈക്കത്ത് ഒന്നും തന്നില്ല. സഹികെട്ട് പറഞ്ഞു പോയതാണെന്ന് കൂട്ടിക്കോളൂ. ബഹുമാനമുള്ളതുകൊണ്ട് ഞാൻ പറഞ്ഞത് പിൻവലിക്കുന്നു. കേരളത്തിലെ ചെറുപ്പക്കാർ പെൻഷൻ പ്രായം വർദ്ധനവുമായി ബന്ധപ്പെട്ട് വളരെ വലിയ ആശങ്കയിലാണ്. നിലവിലുള്ള ജീവനക്കാരുടെ പെൻഷൻ പ്രായവുമായി ബന്ധപ്പെട്ട് ഒരു വ്യക്തമായ ധാരണയിലേയ്ക്ക് ഗവൺമെന്റ് വരുന്നില്ല. ഇതുമാത്രമല്ല കേരളത്തിലെ എല്ലാ വിഷയങ്ങളിലും വ്യക്തമായ ഒരു ധാരണയില്ലാതെ ഈ ഗവൺമെന്റ് ഇരുട്ടിൽ തപ്പി മുന്നോട്ട് പോകുകയാണ്. അതുകൊണ്ടാണ് ഞാൻ ഈ ബില്ലിനെ എതിർക്കുന്നത്. ഞാൻ ദീർഘമായ പ്രസംഗത്തിലേക്ക് പോകുന്നില്ല. 2013 -ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, നിരാകരണ പ്രമേയത്തെ പിൻതാങ്ങുന്നു. ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്. കേരളത്തിൽ ഏറ്റവും

അവസാനമായി രൂപീകൃതമായ സർവകലാശാലയിൽ ഒന്നാണ് കേരള വെറ്ററി നറി ജന്തുശാസ്ത്ര സർവകലാശാല. ഈ മേഖലയുടെ സംരക്ഷണത്തിനും ഉന്നമനത്തിനും അഭ്യുന്നതിക്കും വേണ്ടിയാണ് സർവകലാശാല കൊണ്ടു വന്നിട്ടുള്ളത്. എന്നാൽ ഇന്ന് ആ സർവകലാശാലയെ ശരിയായ ദിശാബോധ ത്തോടെ നയിക്കാൻ ഈ സർക്കാരിന് കഴിയുന്നില്ല. സർവകലാശാല രൂപം കൊണ്ടതിനുശേഷം വിവാദങ്ങളാണ് അവിടെ അരങ്ങ് തകർത്തുകൊണ്ടിരി ക്കുന്നത്. അതുകൊണ്ട് ആ സർവകലാശാലയെ അതിന്റെ ഉദ്ദേശ്യലക്ഷ്യ ങ്ങൾക്കനുസൃതമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയേണ്ടതായിട്ടുണ്ട്. പെൻഷൻ പ്രായം ഒരുവർഷം വർദ്ധിപ്പിക്കാൻ, 55 വയസ്സ് എന്നത് 56 വയ സ്സാക്കി ഉയർത്തുന്നതിന് വേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരായ യുവജനങ്ങളോടുള്ള ഒരു കൊടുംപാതകമാണ്. കേരളത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽരഹി തർക്ക് വളരെ പരിമിതമായ അവസരങ്ങൾ മാത്രമാണുള്ളത്. കേരളത്തിലെ ഏറ്റവും വലിയ തൊഴിൽ ദാതാവ് കേരളത്തിലെ സർക്കാരാണ്. നമ്മുടെ പ്രാഥമിക ദ്വിതീയ മേഖലകൾ, കാർഷിക വ്യാവസായിക മേഖലകൾ കേരള ത്തിൽ വേണ്ടത്ര വികസിച്ചിട്ടില്ല. പി.എസ്.സി. പരീക്ഷയെഴുതാൻ ദശലക്ഷ ക്കണക്കിന് അഭ്യസ്തവിദ്യരായ യുവജനങ്ങൾ കാത്തുകെട്ടിക്കിടക്കുന്ന അസാധാരണമായ ഒരു സ്ഥിതിവിശേഷമാണ് കേരളത്തിൽ കാണാൻ കഴിയു ന്നത്. പി.എസ്.സി.-യിൽ ഈ വർഷം ആകെ ലഭിച്ച അപേക്ഷകരുടെ എണ്ണം 79 ലക്ഷമാണ്. പെൻഷൻ പ്രായം ഉയർത്തണമെന്ന് പറയുന്നവർ മറ്റു സംസ്ഥാനങ്ങളെയാണ് പലപ്പോഴും ഇതിനുവേണ്ടി ക്വാട്ട് ചെയ്യാറുള്ളത്. എന്നാൽ അത് ശരിയല്ല. ഇത്രയും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരുള്ള

മറ്റൊരു സംസ്ഥാനം ഇന്ത്യാരാജ്യത്തുണ്ടാകില്ല. അതുകൊണ്ട് ഈ തീരുമാനത്തിൽ നിന്ന് സർക്കാർ പിന്മാറണം എന്ന് ആവശ്യപ്പെടുകയാണ്. ശ്രീ. കെ. എം. മാണി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് 2013 ഏപ്രിൽ 1 മുതൽ സർവ്വീസ്സിൽ പ്രവേശിക്കുന്നവർക്ക് പെൻഷൻ പ്രായം 60 ആക്കി ഉയർത്തിയിരിക്കുകയാണ്. ആ ഭാഗം വളരെ ബോധപൂർവ്വം സഭയിൽ വായിക്കാതിരിക്കുകയാണ് ചെയ്തത്. അതിന്റെ പിന്നിൽ വലിയൊരു ഗൂഢാലോചനയുണ്ട് എന്ന് ന്യായമായും കേരളത്തിലെ തൊഴിൽരഹിതരായ യുവജനങ്ങൾ സംശയിക്കുകയാണ്. അവരുടെ സംശയത്തെ കൂടുതൽ ദൃഢപ്പെടുത്തുകയും ഫലപ്പെടുത്തുകയും ചെയ്യുന്ന നിലപാടുകളും അഭിപ്രായങ്ങളുമാണ് കേരള സർക്കാരിന്റെയും യു.ഡി.എഫ്. നേതൃത്വത്തിന്റെയും ഭാഗത്ത് നിന്ന് വന്നുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ മാർച്ച് 14-ാം തീയതി പൊതുഭരണ വകുപ്പ് ഒരു ഓർഡർ ഇറക്കിയിരിക്കുകയാണ്, ആ ഓർഡറിൽ പറയുന്നത് ഇനി മുതൽ കേരളത്തിലെ സർക്കാർ സർവ്വീസിൽ ഡ്രൈവർ എന്ന തസ്തികയുണ്ടായിരിക്കുകയില്ല. ആ തസ്തിക ഡ്രൈവർ-കം-ഓഫീസ് അസിസ്റ്റന്റ് എന്നാക്കി പുനർനാമകരണം ചെയ്തിരിക്കുകയാണ്. കേരളത്തിൽ പോലീസ്, ഫയർഫോഴ്സ്, ടൂറിസം, ഫോറസ്റ്റ് തുടങ്ങിയിട്ടുള്ള വകുപ്പുകൾ മാറ്റിനിർത്തിയാൽ ആകെ 2750 ഡ്രൈവർമാരാണുള്ളത്. ഈ തസ്തിക ഇനി ഇല്ലാതാകുകയാണ്. കേരളത്തിലെ സർക്കാർ സർവ്വീസിൽ അഞ്ചുലക്ഷത്തോളം വരുന്ന ജീവനക്കാരിൽ 10%-വും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരാണ്. ഡ്രൈവർ-കം-ഓഫീസ് അസിസ്റ്റന്റ് എന്നു പറയുമ്പോൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, ആ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ എണ്ണത്തിലും കുറവ് വരാൻ പോകുകയാണ്. ഇതൊരു തുടക്കമാണ്. പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റി

യുടെയും ധനകാര്യ വകുപ്പുമന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതിയുടേയും തീരുമാനം, കേരളത്തിലെ സർക്കാർ മേഖലയിലെ തസ്തികകളുടെ എണ്ണം കുറയ്ക്കണമെന്നുള്ളതാണ്. അതിൽ പറഞ്ഞിരിക്കുന്നത് ഒന്നുകിൽ ഡിപ്ലോയ് ചെയ്യുക അല്ലെങ്കിൽ അബോളിഷ് ചെയ്യുക എന്നുള്ളതാണ്. അതിന്റെ അർത്ഥം ഈ സർക്കാർ കേരളത്തിലെ സർക്കാർ സർവ്വീസ് ഡൗൺസൈസ് ചെയ്യാൻ പോകുന്നു എന്നാണ്. ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്ക് കടുത്ത നിരാശയുളവാക്കുന്ന തീരുമാനമാണ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ പെൻഷൻ പ്രായം ഉയർത്താനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിന്മാറണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ ബില്ലിനെ ശക്തമായി എതിർക്കുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, 2013-ലെ കേരള വെറ്ററിനറിയും ജന്തു ശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ കാർഷിക സർവ്വകലാശാല ട്രൈഫർക്കേറ്റ് ചെയ്ത് മൂന്ന് സർവ്വകലാശാലകളായി നിലവിൽ വന്നു. അതിന്റെ ഭാഗമായി കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി നിലവിൽ വന്നതിനുശേഷം, സംസ്ഥാനത്തെ പെൻഷൻ പ്രായം 55 വയസ്സിൽ നിന്നും 56 വയസ്സാക്കി ഉയർത്തിയതുമായി ബന്ധപ്പെട്ട് പ്രസ്തുത സർവ്വകലാശാല നിയമത്തിലും അതിനനുയോജ്യമായ ഭേദഗതി വരുത്തുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ മൂവ് ചെയ്തിട്ടുള്ളത്. ഈ സർവ്വകലാശാല നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു സർവ്വകലാശാലയാണ്. ഇതിന്റെ പരിധിയും

പ്രവർത്തനവും ഗവേഷണ സംവിധാനങ്ങളും പരിശീലന സംവിധാനങ്ങളുമെല്ലാം ഒരു അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയാൽ, സംസ്ഥാനത്തെ ഏറ്റവും താഴെത്തട്ടിലുള്ള സാധാരണക്കാരായ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള ഏറ്റവും നല്ല ഉപകരണമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. സംസ്ഥാനത്ത് പാലിന്റെയും മുട്ടയുടേയും ഇറച്ചിക്കോഴിയുടേയും ഉല്പാദനം വർദ്ധിപ്പിച്ചാൽ അതിന്റെ ഏറ്റവും വലിയ ഗുണഭോക്താക്കളായി മാറുന്നത് സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള സാധാരണക്കാരായ ജനങ്ങളാണ്. ആ സർവ്വകലാശാല ഇന്ന് നേരിടുന്ന ഏറ്റവും വലിയ ഭീഷണി കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും മാർക്കറ്റിലുള്ള ഉയർന്ന വിലയാണ്. ആധുനിക സങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട്, ഏറ്റവും വിലകുറഞ്ഞ രീതിയിലുള്ളതും എന്നാൽ സമീകൃതവുമായ കാലിത്തീറ്റയും കോഴിത്തീറ്റയും കന്നുകാലികൾക്കും കോഴികൾക്കും നൽകുന്നതിന് വേണ്ടിയുള്ള ഗവേഷണങ്ങൾ ഈ സർവ്വകലാശാലയെ അടിസ്ഥാനമാക്കി നടത്തേണ്ടതുണ്ട്. ഈ സർവ്വകലാശാലയിൽ നടത്തുന്ന ഗവേഷണങ്ങൾ കേരളത്തിലെ പാലിന്റെയും മുട്ടയുടേയും ഉല്പാദനം വർദ്ധിപ്പിക്കുകയും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇത്തരം വസ്തുക്കൾ കടത്തിക്കൊണ്ടുവരുകയും ചെയ്യുന്ന അവസ്ഥയ്ക്ക് വിരാമമിടുകയും ചെയ്യും. അത് സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുകയും സാധാരണക്കാരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്യും. ആ തരത്തിൽ വേണം ഈ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ വിഭാവനം ചെയ്യേണ്ടത്. അനിമൽ സയൻസുമായി ബന്ധപ്പെട്ട കോഴ്സുകൾ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇന്നു നമ്മുടെ സംസ്ഥാനത്തില്ല. കേരളത്തിലെ ഇൻഡോ-നോർവീജിയൻ പ്രോജക്ടിലെ പ്രബലരായ സയന്റിസ്റ്റുകൾ മുഴു

വൻ കേരളത്തിന് പുറത്തും പോയി പഠിച്ചു വന്നിട്ടുള്ള ആളുകളാണ്. അവർ ഗവേഷണത്തിനും പരിശീലനത്തിനുമായി പോകുന്നത് ഇന്ത്യക്ക് പുറത്താണ്. എന്നാൽ ഇങ്ങനെ ഒരു സർവ്വകലാശാല രൂപീകരിച്ചുകഴിഞ്ഞാൽ **രൂപപ്പെട്ട പ്പോൾ** നമ്മുടെ സംസ്ഥാനത്ത് മികച്ച ശാസ്ത്രജ്ഞന്മാരെ സൃഷ്ടിച്ചെടുക്കു ന്നതിന് ഈ സർവ്വകലാശാലയെ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയും. 200 കോടിയോളം രൂപയുടെ ഗവേഷണ സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേ ണ്ടിയുള്ള ശ്രമങ്ങൾ സർവ്വകലാശാലയുടെ മണ്ണുത്തി, പൂക്കോട് തുടങ്ങിയ ക്യാമ്പസുകളിൽ തുടങ്ങേണ്ടതുണ്ട്. അതിന്റെ നടപടിക്രമങ്ങൾ നമുക്ക് വളരെ വേഗത്തിലാക്കി മാറ്റണം. ഈ സർവ്വകലാശാല കേരളത്തിലെ ഇതര കോളേജുകളിൽ വെറ്ററിനറി സയൻസ്, അനിമൽ സയൻസ് എന്നീ അനു ബന്ധ വിഷയങ്ങളിൽ ആധുനികങ്ങളായ 11 വ്യത്യസ്ത കോഴ്സുകൾ നട ത്താനുള്ള ശ്രമത്തിലാണ്. അഫിലിയേഷൻ ഉൾപ്പെടെയുള്ള നടപടിക്രമ ങ്ങൾ പൂർത്തിയാക്കാൻ സർവ്വകലാശാലയെ സഹായിച്ചാൽ കേരള ത്തിലേയക്ക് 2000-ത്തോളം വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ രംഗ ത്തേയ്ക്ക് കടന്നുവരുന്നതിന് അവസരമുണ്ടാക്കാൻ നമുക്ക് കഴിയും. അതേ അവസരത്തിൽ തന്നെ ഈ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ള വയനാട് ജില്ല, ഏറ്റവും വലിയ കാർഷിക മേഖലയാണ്. വയനാട് ജില്ലയുടെ സമഗ്രമായ വികസനത്തിന് ഈ സർവ്വകലാശാലയെ പ്രയോജനപ്പെടുത്താൻ നാം ശ്രമി ക്കേണ്ടതുണ്ട്. കാർഷിക മേഖലയുടെ അനുബന്ധ ഘടകങ്ങളായ പാലി ന്റെയും മുട്ടയുടെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കൃഷിക്കാരെ സഹായിക്കുന്നതിന് കഴിയും. അനിമൽ സയൻസുമായി ബന്ധപ്പെട്ട വിഷയ ങ്ങൾ പൗൾട്രി സയൻസിലും ബെയ്സിക് സയൻസിലും വ്യത്യസ്തമായ

ഫാക്കൽറ്റികൾ രൂപീകരിക്കാൻ വേണ്ടിയിട്ടുള്ള നടപടികൾ കൂടി സർവ്വകലാശാല തീരുമാനിക്കേണ്ടതുണ്ട്. വിദേശസർവ്വകലാശാലകളുമായി ബന്ധപ്പെട്ട് കാനഡയിലേയും എഡിൻബെറോയിലേയും പ്രശസ്ത യൂണിവേഴ്സിറ്റികളുമായി ചേർന്ന് ലബോറട്ടറി മെഡിസിനിലും കൺസർവേഷൻ മെഡിസിനിലും ബിരുദാനന്തരബിരുദ കോഴ്സുകൾ തുടങ്ങാൻ സർവ്വകലാശാലയ്ക്ക് ആഗ്രഹമുണ്ട്. അതിന്റെ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. എത്തനോഫാർമത്തോളജി, കോട്ടയ്ക്കൽ ആര്യവൈദ്യശാലയുമായി ചേർന്നുള്ള ഒരു ബിരുദാനന്തര കോഴ്സ് ഇതെല്ലാം സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽപ്പെട്ടതാണ്. അതെല്ലാം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ അവിടെ ഏർപ്പെടുത്തിക്കൊടുക്കാനുള്ള ചുമതല തുടക്കമെന്നുള്ള നിലയിൽ ഗവൺമെന്റിനുണ്ട് എന്ന് ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇത്തരം ആധുനികങ്ങളായ വികസനപരിപാടികൾ നടത്തേണ്ടുന്ന ഈ സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ ഇനിയും അംഗീകരിക്കേണ്ടതായിട്ടുണ്ട്. അംഗീകരിച്ച സ്റ്റാറ്റ്യൂട്ട് പ്രകാരം ഭരണസമിതി വിപുലീകരിക്കേണ്ട ആവശ്യവും ബഹുമാനപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സർവ്വകലാശാലയിലെ ജീവനക്കാരുടെ സ്ഥിതി വളരെ ശോചനീയമാണ്. അവിടെ 335 അദ്ധ്യാപകർ ആദ്യമുണ്ടായിരുന്നു. ധാരാളം പേർ റിട്ടയർ ചെയ്തുപോയി. ഇപ്പോൾ 176 അദ്ധ്യാപകർ മാത്രമാണുള്ളത്. ക്വാളിഫൈഡായിട്ടുള്ള 32-ഓളം ആളുകൾ അവിടെ കോൺട്രാക്ട് ബെയ്സിലാണ് പ്രവർത്തിക്കുന്നത്. 486 നോൺ ടീച്ചിംഗ് സ്റ്റാഫ് ഉണ്ടായിരുന്ന സ്ഥലത്ത് 220 പേരാണ്

ഇപ്പോഴുള്ളത്. 110 പോസ്റ്റുകൾ ഹെഡ്ക്വാർട്ടേഴ്സിലേയ്ക്ക് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നെങ്കിലും ഇതുവരെ ഒരാളെപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വകലാശാലയിൽ നിന്ന് റിട്ടയർ ചെയ്ത ആളുകൾക്ക് റിട്ടയർമെന്റ് ബെനിഫിറ്റ് കൊടുക്കാനും കഴിഞ്ഞിട്ടില്ല. സർവ്വകലാശാലയുടെ വികസന പദ്ധതികൾക്കുവേണ്ടി കൊടുത്ത 25 കോടി രൂപയിൽ നിന്നാണ് കുറച്ച് പെൻഷനറി ബെനിഫിറ്റുകൾ വിതരണം ചെയ്തത്. യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിനു മുമ്പ് ഒമ്പതും പത്തും വർഷമായി ജോലി ചെയ്തുവരുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിലാളികൾ അവിടെയുണ്ട്. അവരുടെ നിയമനങ്ങളും ആനുകൂല്യങ്ങളും കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൂടി ഗവൺമെന്റ് സ്വീകരിക്കണം. ബയോപാർക്ക് മാതൃകയിൽ ഒരു ലൈവ് സ്റ്റോക്ക് പാർക്ക് കൂടി യൂണിവേഴ്സിറ്റിയുടെ ഭാഗമായി കൊണ്ടുവരണം. സർവ്വകലാശാലകളിൽ നിന്ന് പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്തതിലെ പ്രധാന intention സർവ്വകലാശാലകളെ റിസർച്ച് ഓറിയന്റഡായി മാറ്റുക എന്നുള്ളതാണ്. ദൗർഭാഗ്യവശാൽ കേരളത്തിലെ സർവ്വകലാശാലകൾക്കൊന്നും ആ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സർവ്വകലാശാലകളിലെ രാഷ്ട്രീയ അതിപ്രസരവും ഭരണതലത്തിലുള്ള കുറവുകളും ഇന്നും നമ്മുടെ സർവ്വകലാശാലകളുടെ പ്രവർത്തനങ്ങളെ ഗൗരവതരമായി ബാധിക്കുകയാണ്. നമ്മൾ ആഗ്രഹിക്കുന്ന തരത്തിൽ ഗവേഷണം നടത്താൻ കഴിയുന്ന ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ ഇന്ത്യയിൽ തന്നെ ഉണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മാത്രമല്ല, വിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന ബീഹാറിൽ പോലും വ്യത്യസ്ത വിഷയങ്ങളിൽ പഠനം നടത്താൻ സഹായിക്കുന്ന തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്.

നമ്മുടെ രാജ്യം ലോകത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഡെസ്റ്റിനേഷൻ പോയിന്റായി ഇന്ന് മാറിയിരിക്കുകയാണ്. അമേരിക്കയിൽ നിന്നുപോലും വിദ്യാർത്ഥികൾക്ക് ഇന്ത്യയിൽ വന്ന് വിദ്യാഭ്യാസം നടത്താൻ കഴിയുന്ന തരത്തിൽ ഉയർന്ന നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ രാജ്യത്ത് ഓരോ വർഷവും പുതിയതായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ദൗർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗവും ഗവേഷണ രംഗവും തിരിച്ചുപോക്കിലാണ്. 25 വർഷക്കാലത്തിന് പുറകിലാണ് നമ്മുടെ ഗവേഷണരംഗം നിൽക്കുന്നത്. പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്ത കാലത്ത് സർവ്വകലാശാലകളെക്കുറിച്ചുള്ള പ്രധാനപ്പെട്ട ലക്ഷ്യം അത് റിസർച്ച് ഓറിയന്റഡാക്കി മാറ്റുക എന്നുള്ളതായിരുന്നു. അതിൽ നമുക്ക് വിജയിക്കാൻ കഴിഞ്ഞിട്ടില്ല. പ്രീ-ഡിഗ്രി  നിലിനിന്നിരുന്ന കാലത്തുള്ള പരീക്ഷ നടത്തിപ്പും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും സിൻഡിക്കേറ്റിലെ രാഷ്ട്രീയവും എല്ലാം കൂടി കെട്ടുപിണഞ്ഞുകിടക്കുന്ന നമ്മുടെ സർവ്വകലാശാലകൾ അതിൽനിന്നും ഇതുവരെ മോചിതമായിട്ടില്ലായെന്ന് നമുക്കറിയാം. ഗവൺമെന്റുകൾ മാറിമാറി ഭരിച്ചിട്ടും സർവ്വകലാശാലകളുടെ സ്ഥിതി തിരുനക്കരത്തന്നെയാണെന്ന് നമുക്ക് എല്ലാവർക്കുമറിയാം. വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി പുതിയതായി രൂപീകരിക്കപ്പെട്ട യൂണിവേഴ്സിറ്റിയാണ്. കാർഷിക സർവ്വകലാശാലയും ഫിഷറീസ് യൂണിവേഴ്സിറ്റിയും വെറ്ററിനറി യൂണിവേഴ്സിറ്റിയുമെല്ലാം ആദ്യത്തെ കാർഷിക സർവ്വകലാശാല ട്രൈഫർക്കേറ്റ് ചെയ്തുവന്നതാണ്. ഈ മൂന്ന് സ്ഥാപനങ്ങളിലെങ്കിലും തുടക്കത്തിലെ തന്നെ അനാവശ്യപ്രവണതകൾ തലപൊക്കാതിരിക്കുന്നതിനും ഗവേഷണ രംഗത്ത് കൂടുതലായി പ്രാധാന്യം കൊടുക്കുന്നതിനും ശ്രദ്ധിക്കണം. ആനിമൽ

സയൻസുമായും വെറ്ററിനറി സയൻസുമായും ബന്ധപ്പെട്ട് ലോകത്തിലെ പ്രശസ്തമായ യൂണിവേഴ്സിറ്റികളിൽ നടക്കുന്ന പ്രധാനപ്പെട്ട കോഴ്സുകളേയും സിലബസുകളേയും സംബന്ധിച്ച് അറിയുക എന്നത് ഇന്ന് പ്രയാസമുള്ള കാര്യമല്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ യൂണിവേഴ്സിറ്റികളിലെ ആധുനികമായ രീതിയിലുള്ള കോഴ്സുകളും സിലബസ്സുകളും ഏതൊക്കെയാണെന്ന് മനസ്സിലാക്കി നമ്മുടെ വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ അത്തരം കോഴ്സുകൾ കൊണ്ടുവന്ന് ഏറ്റവും പ്രധാനപ്പെട്ട സർവ്വകലാശാലയാക്കി മാറ്റാനും അതുവഴി പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകളുടെ ജീവിതത്തിൽ മാറ്റം ഉണ്ടാക്കാനുംവേണ്ടി സർവ്വകലാശാലയെ പ്രയോജനപ്പെടുത്തണം. ഒരുകാര്യം മാത്രം ഞാൻ ഓർമ്മിപ്പിക്കുന്നു. തമിഴ്നാടിന്റെ കാർഷിക പുരോഗതിക്ക് നിർണ്ണായകമായ പങ്കുവഹിച്ച ഒരു സർവ്വകലാശാലയും ഗവേഷണ സ്ഥാപനവുമാണ് തമിഴ്നാട് കാർഷിക സർവ്വകലാശാല. തമിഴ്നാടിന്റെ കാർഷിക പുരോഗതിക്ക് ഇന്നും നിർണ്ണായകമായ സംഭാവനകൾ നൽകുന്നതും പുതുമകൾ അവതരിപ്പിക്കുന്നതും ഇന്നോവേറ്റീവായി കാര്യങ്ങൾ ചെയ്യുന്നതിന് നേതൃത്വം കൊടുക്കുന്നതും തമിഴ്നാട്ടിലെ കാർഷിക സർവ്വകലാശാലയാണ്. തൊട്ടടുത്തു കിടക്കുന്ന സംസ്ഥാനത്തെ സർവ്വകലാശാലയ്ക്ക് ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തും ഗവേഷണ രംഗത്തും ഉയർന്ന നിലയിൽ പ്രവർത്തിക്കാമെങ്കിൽ സർവ്വകലാശാലകളുടെ എണ്ണം കൂട്ടുകയല്ല കേരളത്തിന് അഭികാമ്യമായ കാര്യം, ഉള്ള സർവ്വകലാശാലകളെ നിലവാരമുള്ള സർവ്വകലാശാലകളാക്കി മാറ്റി അവിടെ ഗവേഷണത്തിന് കൂടുതൽ പ്രാമുഖ്യം നൽകുകയാണ് വേണ്ടത്. ഇപ്പോൾ നമ്മുടെ സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണങ്ങളെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. അവിടെ മറ്റ് പല കാര്യ

ങ്ങളിലുമാണ് ഗവേഷണങ്ങൾ നടക്കുന്നത്, പറയാൻ പ്രയാസമുണ്ട്. പ്രധാന പ്പെട്ട ഈ സർവ്വകലാശാലകളെയെങ്കിലും സാധാരണക്കാരന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ കഴിയുന്ന, കേരളത്തിന്റെ അഭിമാനകരമായ ഗവേഷണ സ്ഥാപനങ്ങളാക്കി മാറ്റാൻ കഴിയണണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, എനിക്ക് ഒന്നുരണ്ട് കാര്യങ്ങൾ മാത്രമേ പറ യാനുള്ളൂ. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ച തുപോലെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതോടൊപ്പംതന്നെ നിലവാര മുള്ള കോഴ്സുകളും അദ്ധ്യയനവുമാണ് ഈ യൂണിവേഴ്സിറ്റിയിൽ നടന്നു കൊണ്ടിരിക്കുന്നത്. അതോടൊപ്പംതന്നെ ഒമ്പത് കോടി രൂപയോളം ആഭ്യന്തര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടാണ് യൂണിവേഴ്സിറ്റി മുന്നോട്ട് പോകുന്നത്. അക്കാദമിക് കാര്യങ്ങളിലും അതുപോലെത്തന്നെ ഇൻഫ്രാസ്ട്രക്ച്ചർ രംഗത്തും വളരെ പുരോഗതി കൈവരിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന യൂണി വേഴ്സിറ്റിയാണ്. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വിഭജിച്ച് KVASU(Kerala Veterinary and Animal Sciences University)-ഉം KUFOS (Kerala University of Fisheries and Ocean Studies)-ഉം ആയതി നുശേഷം, KVASU ലെ ജീവനക്കാർക്ക് 56 വയസ്സ് ആക്കാനുള്ള അമെന്റ്മെന്റ് മാത്രമാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണ നയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. അജിത്, 2013-ലെ 26-ാം നമ്പർ ഓർഡിനൻസായ 2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ പ്രസ്സ് ചെയ്യുന്നുണ്ടോ;

ശ്രീ. കെ. അജിത്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. അജിത് അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സഖാവ് പി. തിലോത്തമൻ എം.എൽ.എ.യുടെ ഭേദഗതി ഉണ്ടായിരുന്നു. ശ്രീ. പി. തിലോത്തമൻ എം.എൽ.എ.യുടെ ഭേദഗതിക്ക് പകരമായി ഞാൻ സംസാരിക്കണമെന്ന് പറഞ്ഞ് എന്നെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കത്ത് രാവിലെ നൽകിയിരുന്നു. എന്നാൽ എന്നെ ഒഴിവാക്കി ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.യെ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കുന്നതിനുവേണ്ടി വിളിക്കുകയാണ് ചെയ്തത്. അതിനുശേഷം എനിക്കൊരു അവസരം വേണമെന്ന് പറഞ്ഞ് എഴുതി തന്നിട്ടുപോലും അവിടെ നിന്ന് എന്നെ വിളിക്കുന്നതിനുള്ള മനസ്സ് കാണിച്ചില്ല. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ മറുപടി പറയണം.

മി. സ്പീക്കർ: സാധാരണഗതിയിൽ അങ്ങനെ എഴുതിത്തന്നിട്ടുണ്ടെങ്കിൽ ഉടനെതന്നെ മാർക്ക് ചെയ്യും. ശ്രീ. പി. തിലോത്തമന്റെ പേരിന് പകരമായി ശ്രീമതി ഇ. എസ്. ബിജിമോളെ ചുമതലപ്പെടുത്തിയതായി ഇവിടെ മാർക്ക് ചെയ്തിട്ടുമില്ല, എഴുതിയിട്ടുമില്ല. ഇവിടെ ശ്രീ. വി. ഡി. സതീശൻ സംസാരിച്ചത് ശ്രീ. പി. തിലോത്തമന് പകരമല്ല, അത് ശ്രീ. പി. എ. മാധവന് പകരമായിട്ടാണ് സംസാരിച്ചത്. ശ്രീമതി ഇ. എസ്. ബിജിമോളെ ചുമതലപ്പെടു

ത്തിക്കൊണ്ടുള്ള കത്ത് ഇപ്പോഴാണ് ഇവിടെ കിട്ടിയത്. എവിടെയാണ് error സംഭവിച്ചതെന്ന് നോക്കാം. സാധാരണഗതിയിൽ ചോദ്യം ഉന്നയിക്കുന്ന സമയത്താണെങ്കിലും ബില്ലുകളുടെ ചർച്ചയിലാണെങ്കിലും പകരം എഴുതിത്തരുന്ന ആളിനെ വിളിക്കുകയാണ് ചെയ്യുന്നത്. അതിനാൽ അതൊന്നും ഒരു തർക്കമുള്ള വിഷയമല്ല.

ശ്രീ. സാജുപോൾ: സർ, ഇവിടെ ബഹുമാന്യനായ ശ്രീ. പി. എ. മാധവന് പകരമാണ് ശ്രീ. വി. ഡി. സതീശൻ സംസാരിച്ചതെന്ന് പറഞ്ഞു. പക്ഷേ അദ്ദേഹം ഈ സഭയിൽത്തന്നെ ഇരിക്കുകയായിരുന്നു. അങ്ങനെ ആരെയും ചുമതലപ്പെടുത്താറില്ല. ഒരു മെമ്പർക്ക് അസൗകര്യമുണ്ടെങ്കിൽ സഭയിൽ ഇരിക്കുമോ?

മി. സ്പീക്കർ: ശ്രീ. പി. തിലോത്തമന് പകരം ശ്രീ. ഇ. എസ്. ബിജിമോൾ സംസാരിക്കുന്നതാണെന്നുള്ള കുറിപ്പ് ഇപ്പോൾ കിട്ടിയതാണ് ഇതിനു മുമ്പ് കിട്ടിയിട്ടില്ല. രേഖ പരിശോധിച്ചാൽ മാത്രമേ എന്താണെന്ന് അറിയാൻ സാധിക്കുകയുള്ളു. അതുകൊണ്ട് രേഖ പരിശോധിക്കണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 2 (ബി) ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും കേരള സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ............ഓർഡർ.............സഭ ഇപ്പോൾ പിരിയുന്നതും 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 -ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 മാർച്ച് മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.51-ന് പിരിഞ്ഞു.)

@@@@@@@